ഹയർ സെക്കന്ററി കോഴ്സ്

# തത്ത്വചിന്ത

## ക്ലാസ് - XII

കേരളസർക്കാർ

**പൊതുവിദ്യാഭ്യാസ വകുപ്പ്**

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi

© Department of Education, Government of Kerala

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പൊതു സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

ഇന്ത്യയിൽ തന്നെ പാഠപുസ്തകവിവർത്തന രംഗത്ത് നടന്ന വലിയൊരു കാൽവെപ്പായിരുന്നു ഇത്. പ്രഥമ സംരംഭമെന്ന നിലയിൽ ചില പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

## പരിഭാഷ ശില്പശാലയിൽ പങ്കെടുത്തവർ

**ശ്രീ. ദിലീപ് ആർ.**
അസിസ്റ്റന്റ് പ്രൊഫസർ
ഫിലോസഫി വിഭാഗം
ഗവ. ബ്രണ്ണൻ കോളേജ്
തലശ്ശേരി, കണ്ണൂർ

**ഡോ. ജയകുമാർ ബി.**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.)
ഫിലോസഫി വിഭാഗം
ഗവ. വിമൻസ് കോളേജ്
തിരുവനന്തപുരം

**ഡോ. എം. ശ്രീകുമാർ**
അസിസ്റ്റന്റ് പ്രൊഫസർ
ഫിലോസഫി വിഭാഗം
ഗവ. വിമൻസ് കോളേജ്
തിരുവനന്തപുരം

**ശ്രീ. ആന്റണി ദാസ് എം.**
എച്ച്.എസ്.എസ്.റ്റി. ഫിലോസഫി,
ജി.ജി.എച്ച്.എസ്.എസ്. കായംകുളം

**ശ്രീമതി. ബിനു എൻ.എസ്.**
എച്ച്.എസ്.എസ്.റ്റി. ഫിലോസഫി,
സെന്റ് പോൾസ് എച്ച്.എസ്..എസ്.
കൊഴിഞ്ഞാമ്പാറ, പാലക്കാട്

**ശ്രീ. രാജേഷ് കെ. കെ.**
എച്ച്.എസ്.എസ്.റ്റി. ഫിലോസഫി,
കെ.കെ.എം. ജി.എച്ച്.എസ്.എസ് ഓർക്കട്ടേരി, കോഴിക്കോട്

**ശ്രീമതി. ജ്യോതി ആർ.ജെ.**
എൻ.വി.റ്റി. ഇംഗ്ലീഷ്
ജി.വി.എച്ച്.എസ്.എസ്. പിരപ്പൻകോട്
തിരുവനന്തപുരം

**ഡോ. കെ. ബീന**

## അക്കാദമിക് കോഡിനേറ്റർ

**ശ്രീമതി. വി.എസ്. ലിജിയ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

J9D9Y5

# ഉള്ളടക്കം


| | | |
|---|---|---|
| 1. | തത്ത്വചിന്താവൽക്കരണം | 7 |
| 2. | പ്രസ്ഥാനത്രയം | 23 |
| 3. | ദർശനങ്ങൾ | 39 |
| 4. | ആധുനിക ഇന്ത്യയിലെ തത്ത്വചിന്തകന്മാർ | 67 |
| 5. | ഗ്രീക്ക് ദർശനം | 86 |
| 6. | ആധുനിക പാശ്ചാത്യ തത്ത്വചിന്ത | 100 |
| 7. | തത്ത്വചിന്തയിലെ സമീപകാല പ്രവണതകൾ | 120 |
| 8. | നീതിശാസ്ത്രം | 136 |
| 9. | പ്രയുക്ത നൈതിക തത്ത്വചിന്ത | 153 |
| 10. | മത – തത്ത്വചിന്ത | 172 |

# 1 തത്ത്വചിന്താവൽക്കരണം

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാക്കുമ്പോൾ പഠിതാവ് ആർജ്ജിക്കുന്ന പഠനനേട്ടങ്ങൾ:

- നിത്യജീവിത സാഹചര്യങ്ങളിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി തത്ത്വചിന്താവൽക്കരിക്കുന്നു.
- തത്ത്വചിന്തയിലേർപ്പെടുന്നതിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.
- താത്ത്വികാശയങ്ങളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു.
- തത്ത്വചിന്ത പഠിക്കാനാവശ്യമായ ശേഷികൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിയുന്നു.
- തത്ത്വചിന്തപഠനത്തിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുന്നു.
- തത്ത്വചിന്തപഠനത്തിന്റെ ഉപയോഗം വ്യക്തമാക്കുന്നു.

S2H1C1

## പ്രധാനാശയങ്ങൾ

1. 1 തത്ത്വചിന്തയിലേർപ്പെടൽ

1. 2 താത്ത്വിക ആശയങ്ങളുടെ സവിശേഷതകൾ

1. 3. തത്ത്വചിന്തപഠനം

- തത്ത്വചിന്തപഠനത്തിന്റെ മാനദണ്ഡങ്ങൾ
- തത്ത്വചിന്തപഠനത്തിന്റെ ഉപയോഗങ്ങൾ

## ആമുഖം

തത്ത്വചിന്താവൽക്കരണം എന്ന ഈ അധ്യായത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമത്തെ ഭാഗം തത്ത്വചിന്തയിലേർപ്പെടലും രണ്ടാമത്തെ ഭാഗം തത്ത്വചിന്തപഠനവുമാണ്. വിദ്യാർഥികൾ തത്ത്വചിന്തയിലേർപ്പെടുന്നതിലൂടെ വ്യക്തിസ്വാതന്ത്ര്യം, സ്വത്വം മുതലായവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും ആശയങ്ങളെയും മനസ്സിലാക്കാൻ സാധിക്കുന്നതോടൊപ്പം താത്ത്വിക ആശയങ്ങളുടെ സ്വഭാവം തിരിച്ചറിയാനും കഴിയുന്നു. 'തത്ത്വചിന്ത പഠനം' എന്ന പാഠഭാഗത്തിൽ തത്ത്വചിന്തയിൽ പാണ്ഡിത്യം നേടാൻ വേണ്ട കാര്യങ്ങൾ. തത്ത്വചിന്ത പഠനത്തിന്റെ മാനദണ്ഡങ്ങൾ, തത്ത്വചിന്തപഠനം കൊണ്ടുള്ള നേട്ടങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് ചർച്ച ചെയ്യുന്നു.

## 1.1 തത്ത്വചിന്തയിലേർപ്പെടൽ

തത്ത്വചിന്തയിലേർപ്പെടുന്നത് ബോധപൂർവ്വമായ ഒരു പ്രവൃത്തിയാണ്. താത്ത്വികപ്രശ്നങ്ങളിലും ചർച്ചകളിലും അന്തർലീനമായിരിക്കുന്ന ആശയങ്ങളെ തിരിച്ചറിയുന്നതാണ് തത്ത്വചിന്തയിലേർപ്പെടുന്നതിന്റെ ആദ്യപടി.

നമുക്ക് തത്ത്വചിന്തയിലേർപ്പെടാം.

തത്ത്വചിന്തയിലേർപ്പെടാൻ ഒരുവൻ പ്രശ്നങ്ങൾ ഉന്നയിച്ചിരിക്കണം. ഒരു താത്ത്വികാന്വേഷണത്തിൽ ഉന്നയിക്കപ്പെടുന്ന യുക്തമായ പ്രശ്നമായിരിക്കും അതിനെ മുന്നോട്ട് നയിക്കുന്നത്.

ഗ്രീക്ക് തത്ത്വചിന്തകനായിരുന്ന സോക്രട്ടീസ് പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തിയിരുന്നത് നിരന്തരം ചോദ്യങ്ങളുന്നയിക്കുന്നതിലൂടെയാണ്. പ്രശ്നം ഉന്നയിക്കുന്ന വ്യക്തിയോട് അദ്ദേഹം തിരിച്ച് പ്രശ്നങ്ങളുന്നയിച്ച് സ്വയം ഉത്തരം കണ്ടെത്താൻ അവരെ സഹായിക്കുമായിരുന്നു.

താത്ത്വികമാനങ്ങളുള്ള ചില പ്രശ്നങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. അവയ്ക്ക് 'അതെ' എന്നോ 'അല്ല' എന്നോ ഉത്തരം ഉണ്ടായേക്കാം. എന്നിരുന്നാലും അവയുടെ ഉത്തരങ്ങൾ ചർച്ചാപ്രക്രിയയെ സജീവമാക്കും.

- സമ്പത്തിന്റെ അതിതീവ്രമായ വിതരണവ്യത്യാസം അനീതിയാണോ? അങ്ങനെയാണെങ്കിൽ വ്യക്തിക്ക് കൈവശം വച്ചനുഭവിക്കാവുന്ന സമ്പത്തിന്റെ പരിധിയെ സംബന്ധിക്കുന്ന നിയമങ്ങൾ അനിവാര്യമാണോ?
- ഞാനാരെയൊക്കെ ബഹുമാനിക്കണം? എന്തുകൊണ്ട്?
- ജനാധിപത്യ ഭരണകൂടമാണോ എല്ലായ്പ്പോഴും നല്ലത്?
- സഹിഷ്ണുത ഒരു മൂല്യമാണോ?
- കൃഷിക്ക് കീടനാശിനി അനിവാര്യമാണോ?
- എനിക്ക് സ്വാതന്ത്ര്യമുണ്ടോ?
- ഞാൻ ചെയ്യുന്ന പ്രവർത്തികൾക്ക് ഞാൻ ഉത്തരവാദിയാണോ?
- എന്നെ 'ഞാനാ'ക്കുന്നതെന്ത്?

സമാനമായ പ്രശ്നങ്ങൾ കൂട്ടിച്ചേർക്കാമോ?

- മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലുമൊരു പ്രശ്നം തിരഞ്ഞെടുത്ത് അതിലുള്ള താത്ത്വികമായ ആശയം കണ്ടെത്തുക.
- തത്ത്വചിന്തയിലേർപ്പെടാൻ നമുക്ക് ചെറുസംഘങ്ങൾ രൂപീകരിക്കാം. ഓരോ സംഘവും തിരഞ്ഞെടുത്ത പ്രശ്നങ്ങളെ ആസ്പദമാക്കിയായിരിക്കണം തത്ത്വചിന്തയിലേർപ്പെടേണ്ടത്.

തത്ത്വചിന്തയിലേർപ്പെടുന്ന രണ്ട് ഉദാഹരണങ്ങൾ നമുക്ക് വായിക്കാം.

### ഉദാഹരണം 1

ഒരു ഗുരുവും ശിഷ്യനും തമ്മിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് താത്ത്വിക സംവാദത്തിലേർപ്പെടുന്നതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

ശിഷ്യൻ : ഗുരോ, ഞാനാഗ്രഹിക്കുന്നവയൊക്കെ ചെയ്യാൻ എനിക്ക് സ്വാതന്ത്ര്യമുണ്ടോ?

ഗുരു : നീ എന്തിനെ കുറിച്ചാണ് സംസാരിക്കുന്നത്?

ശിഷ്യൻ : എന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും എന്റെ ആഗ്രഹത്തെക്കുറിച്ചുമാണ് ഞാൻ സംസാരിക്കുന്നത്.

ഗുരു : സ്വാതന്ത്ര്യം, ആഗ്രഹം എന്നിവ കൊണ്ട് നീ അർഥമാക്കുന്നതെന്താണ്?

ശിഷ്യൻ : ഞാനുദ്ദേശിക്കുന്നവയെല്ലാം പ്രവർത്തിക്കാൻ സാധിക്കുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം; എന്റെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ഇച്ഛയാണ് ആഗ്രഹം.

ഗുരു : ശരി, അപ്പോൾ നിന്റെ സ്വാതന്ത്ര്യവും നിന്റെ ആഗ്രഹവും മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെയും ആഗ്രഹത്തെയും ബാധിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. നീ സ്വതന്ത്രനായിരിക്കുന്നത് പോലെ മറ്റുള്ളവരും സ്വതന്ത്രരാണ്, നിനക്ക് ആഗ്രഹങ്ങളുള്ളത് പോലെ മറ്റുള്ളവർക്കും ആഗ്രഹങ്ങളുണ്ട്, ശരിയല്ലേ?

ശിഷ്യൻ : അതെ, തീർച്ചയായും.


ഗുരു : എന്നാൽ പറയൂ, നീ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാനുള്ള സ്വാതന്ത്ര്യം നിനക്കുണ്ടോ?

ശിഷ്യൻ : ഗുരോ, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്ത രീതിയിലുള്ള സ്വാതന്ത്ര്യം മാത്രമേ എനിക്കുള്ളൂ എന്ന് ഞാനിപ്പോൾ തിരിച്ചറിയുന്നു.

### ഉദാഹരണം 2

'എന്നെ ഞാനാക്കുന്നതെന്ത്?' എന്ന പ്രശ്നത്തെക്കുറിച്ചുള്ള തത്ത്വചിന്താവൽക്കരണത്തിൽ നമുക്ക് ഏർപ്പെടാം.

തോമസ്സ് ഹോബ്സ് എന്ന ബ്രിട്ടീഷ് തത്ത്വചിന്തകനാണ് 'തെസേവൂസിന്റെ കപ്പലിനെ' ചിത്രീകരിച്ചു കൊണ്ട് തത്ത്വചിന്തയിലേർപ്പെടാനുള്ള പരീക്ഷണം നടത്തിയത്. റോമൻ തത്ത്വചിന്തകനായ പ്ലൂട്ടാർക്കിന്റെ കഥയിൽ നിന്നാണ് അദ്ദേഹം ഈ ഉദാഹരണം കണ്ടെത്തിയത്. ഗ്രീക്ക് ഇതിഹാസത്തിലെ ഒരു കഥാപാത്രമാണ് തെസേവൂസ്.



തെസേവൂസ് തന്റെ സ്വന്തം കപ്പലിൽ വർഷങ്ങളോളം ലോകം ചുറ്റി സഞ്ചരിക്കുകയായിരുന്നു. സുദീർഘവും അപകടകരവുമായ ഈ കപ്പൽ യാത്രയിൽ തന്റെ കപ്പലിന് ഒട്ടനവധി അഴിച്ചുപണികൾ വേണ്ടിവന്നു. കപ്പലിന്റെ ഓരോ ഭാഗവും ഇത്തരത്തിൽ മാറ്റി വയ്ക്കേണ്ടി വന്നു. അയാൾ മടങ്ങിയെത്തിയപ്പോൾ ഒരു പുതിയ കപ്പലുമായെത്തിയെന്നാണ് കരയിൽ നിന്നവർ കരുതിയത്.

തെസേവൂസ് തിരിച്ച് കൊണ്ടുവന്നത് അദ്ദേഹം കൊണ്ടുപോയ അതേ കപ്പലോ, അതോ മറ്റൊരെണ്ണമോ?

മറ്റൊരെണ്ണമാണെങ്കിൽ, ആ കപ്പൽ ഏത് ഘട്ടത്തിലാണ് അപ്രകാരമായി മാറിയത്?

ചുവടെ തന്നിരിക്കുന്ന പത്രവാർത്ത വായിക്കുക.

**ബിനോയിയുടെ കൈ മനുവിന് വേണ്ടി എഴുതുന്നു**
**ജനു.: 31, 2015**

കൊച്ചി: റെയിൽ അപകടത്തിൽ ഇരുകൈകളും നഷ്ടമായ മനുവിന് പുതിയ രണ്ട് കൈകളുമായി പുതുജീവൻ ലഭിച്ചിരിക്കുന്നു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലെ ഒരു സംഘം ഡോക്ടർമാരാണ് വിജയകരമായ കൈമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്.


ബൈക്കപകടത്തിൽ കൊല്ലപ്പെട്ട ബിനോയിയുടെ കൈകളാണ് റെയിലപകടത്തിൽ ഇരുകൈകളും നഷ്ടമായ മനുവിന് കൈമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ഉപകരിച്ചത്. ഇരുവരുടെയും രക്തഗ്രൂപ്പുകൾ തമ്മിൽ ചേർച്ചയുണ്ടായിരുന്നു.

ജനുവരി 13 നാണ് വൈദ്യശാസ്ത്രത്തിലെ നാഴികക്കല്ലായ ഈ ശസ്ത്രക്രിയ 16 മണിക്കൂറുകളെടുത്ത് പൂർത്തിയാക്കിയത്.


മനുവിന് തന്റെ പുതിയ കരങ്ങളുപയോഗിച്ച് എഴുതുക, ചെറിയ വസ്തുക്കൾ മാറ്റി വയ്ക്കുക തുടങ്ങിയ ലഘു പ്രവർത്തികൾ ചെയ്യുവാൻ കഴിയും.

ഒരാളുടെ കരങ്ങൾക്ക് പകരം മറ്റൊരാളുടെ കരങ്ങൾ വച്ച് പിടിപ്പിക്കുന്നതു പോലുള്ള മാറ്റങ്ങൾ ആ വ്യക്തിയെ മറ്റൊരു വ്യക്തിയാക്കി മാറ്റുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

ഗാന്ധിജിയുടെ വ്യത്യസ്ത ചിത്രങ്ങൾ നോക്കൂ.







ഇവർ വ്യത്യസ്ത വ്യക്തികളാണോ?

ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ഓരോ ഏഴു വർഷമോ മറ്റോ കഴിയുമ്പോൾ നമ്മുടെ കോശങ്ങളെല്ലാം പുതുതായി മാറുന്നു. ഓരോ ഏഴു വർഷം കൂടുന്തോറും നാം വ്യത്യസ്ത വ്യക്തികളായി മാറുന്നു എന്നാണോ ഇതുകൊണ്ടർഥമാക്കുന്നത്? അഥവാ വ്യത്യസ്ത കാലങ്ങളിലും നമ്മെ തനതായി നിലനിർത്തുന്നതെന്താണ്?

അവ,


- ഓർമ
- ചിന്ത
- 
- 

ഇതിനെക്കുറിച്ച് ചിന്തിക്കുക, ചർച്ചചെയ്യുക.

‘എന്നെ ഞാനാക്കുന്നതെന്ത്?’ എന്ന പ്രശ്നത്തെക്കുറിച്ച് വ്യത്യസ്ത കാലദേശങ്ങളിലെ ദാർശനികർ തത്ത്വചിന്തയിലേർപ്പെട്ടിട്ടുണ്ട്. ‘ആത്മാവ്’ അഥവാ ‘അഹം’ എന്നതാണ് അവരുടെ ഉത്തരം. ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന അടിസ്ഥാനതത്ത്വമാണിത്. തെസേവൂസിന്റെ കപ്പലിനെയും ഗാന്ധിജിയുടെ രൂപത്തെയും പോലെ ഭൗതികാവസ്ഥയ്ക്ക് നിരന്തരം മാറ്റങ്ങളുണ്ടാവും. എന്നാൽ ‘അഹം’ ഒരു മാറ്റവുമില്ലാത്ത യാഥാർഥ്യമാണ്.

ചിത്രകല, സംഗീതം, സാഹിത്യം മുതലായ കലാരൂപങ്ങളും തത്ത്വചിന്തയിലേർപ്പെടാൻ നമ്മെ സഹായിക്കും. അവ ശേഖരിച്ച് തത്ത്വചിന്തയിലേർപ്പെടുക.

**നമുക്ക് പരിശോധിക്കാം**



- എഡ്വാർഡ് മഞ്ച് എന്ന കലാകാരന്റെ വിഖ്യാതമായ ഒരു ചിത്രമാണ് *(The Scream)* ഇവിടെ തന്നിരിക്കുന്നത്. ചിത്രം നിരീക്ഷിച്ച് തത്ത്വചിന്തയിലേർപ്പെടുക. കൂടാതെ, അതിന്റെ ആശയം കണ്ടെത്തുക.
- തത്ത്വചിന്തയിൽ ഏർപ്പെടാൻ തന്നിട്ടുള്ള ഉദാഹരണങ്ങളെയും ചിത്രത്തെയും കുറിച്ചുള്ള നമ്മുടെ ബോധ്യങ്ങളെ ആത്മപരിശോധന നടത്താം:


| പാഠഭാഗം | എനിക്ക് തത്ത്വചിന്തയിൽ ഏർപ്പെടാൻ കഴിഞ്ഞു; അതിന്റെ ആശയം.... | എനിക്ക് തത്ത്വചിന്തയിൽ ഏർപ്പെടാൻ കഴിഞ്ഞില്ല, കാരണം ..... |
|---|---|---|
| ഉദാഹരണം 1 | | |
| ഉദാഹരണം 2 | | |
| ചിത്രം | | |

## 1.2 താത്ത്വിക ആശയങ്ങളുടെ സവിശേഷതകൾ

**സാമാന്യത:** നീതി, സൗന്ദര്യം, അറിവ്, സത്യം, സമയം എന്നിവയും അതിലേറെയും കേവലമായ, അല്ലെങ്കിൽ സാധാരണമായ ആശയങ്ങളാണ്. നമുക്ക് കുറഞ്ഞപക്ഷം അവയെക്കുറിച്ച് ധാരണയെങ്കിലുമുണ്ടാകും. ആയതിനാൽ, കേവലമായ ആശയങ്ങളെക്കുറിച്ച് തത്ത്വചിന്തയിലേർപ്പെടുമ്പോഴാണ് കൂടുതൽ വ്യക്തതയോടെ ഗ്രഹിക്കാനും ആയതിനെ അനുഭവതലത്തിൽ പ്രയോഗിക്കേണ്ടത് എപ്രകാരമാണെന്ന് മനസ്സിലാക്കാനും കഴിയുന്നത്.

**മനുഷ്യ കേന്ദ്രീകൃതം:** ദാർശനിക ചിന്താഗതികൾ മനുഷ്യകേന്ദ്രീകൃതമാണ്, അവ മനുഷ്യന്റെ വ്യവഹാരങ്ങളുമായോ നിലനിൽക്കുന്ന അവന്റെ പ്രശ്നങ്ങളുമായോ ബന്ധമുള്ളവയാണ്.

**സംവാദത്തിന് യോഗ്യമായത്:** സംവാദത്തിന് സാധ്യതയുള്ള ആശയങ്ങൾ മാത്രമേ താത്ത്വികം ആവുകയുള്ളൂ. താത്ത്വിക ആശയങ്ങൾ പരസ്പരം പൂരകങ്ങളോ വിരുദ്ധങ്ങളോ ആകാം. തർക്കങ്ങൾക്ക് ഒരു കേവലമായ പരിഹാരം കണ്ടെത്താൻ കഴിയണമെന്നില്ല. ആയതിനാൽ, സങ്കീർണത അംഗീകരിച്ചുകൊണ്ടും സമവായം പ്രതീക്ഷിക്കാതെയും ന്യായവാദങ്ങൾ കണ്ടെത്താനാണ് താത്ത്വിക ചർച്ചകൾ അരങ്ങേറുന്നത്.



**നമുക്ക് മനസ്സിലാക്കാം**

തത്ത്വചിന്തയിലേർപ്പെടാൻ ചില ലഘു നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. അവയെ നിശ്ചിതവാക്കുകളിലൂടെ മനസ്സിലാക്കാം.

- **ചിന്തിക്കുക:** നാം വിശ്വസിക്കുന്നവയെക്കുറിച്ച്
- **വിശദീകരിക്കുക:** ഒരു കാര്യം വിശ്വസിക്കുന്നത് എന്തുകൊണ്ടാണെന്ന്/തിന്റെ കാരണം
- **ശ്രദ്ധിക്കുക:** നാം വിശ്വസിക്കുന്നവയെക്കുറിച്ച് മറ്റുള്ളവർക്കെന്ത് പറയാനുണ്ടെന്ന്.
- **തീരുമാനമെടുക്കുക:** മറ്റുള്ളവരെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ. എന്തുകൊണ്ട്?

## 1.3 തത്ത്വചിന്താപഠനം

തത്ത്വചിന്താപഠനത്തിന് ചില കഴിവുകൾ അനിവാര്യമാണ്.

- പ്രസ്താവനകളെയും ന്യായവാദങ്ങളെയും അപഗ്രഥിക്കൽ:

  ഒരു നല്ല താത്ത്വിക ലേഖനത്തിൽ ആധേയങ്ങൾ (premises), നിഗമനങ്ങൾ മുതലായവ ഉൾപ്പെടുന്ന പ്രസ്താവനകളും ന്യായവാദങ്ങളുമാണുണ്ടാവുക. അവയെ സ്ഥാപിക്കാൻ ഒരു തത്ത്വചിന്തകന് അപഗ്രഥന സാമർത്ഥ്യം അനിവാര്യമാണ്.

- പരിചിതമായ കാഴ്ചപ്പാടുകൾക്കും സാഹചര്യങ്ങൾക്കും ബദൽ സങ്കൽപ്പിക്കൽ:

ഒരു തത്ത്വചിന്തകന് നല്ല ഭാവനാശേഷിയേക്കാൾ പ്രാധാന്യമർഹിക്കുന്നതായി മറ്റൊന്നില്ല. ഒരു സാമാന്യവൽക്കരണം അഭിമുഖീകരിക്കേണ്ടിവന്നാൽ അതിന് ബദൽ ചിന്തകൾ സാധ്യമാണോയെന്ന് ചിന്തിക്കണം. അപരിചിതമോ അബദ്ധമോ ആയ കാഴ്ചപ്പാടുകളാണ് നിങ്ങൾക്ക് നേരിടേണ്ടി വരുന്നതെങ്കിൽ അതിലേക്ക് മറ്റൊരാളെ നയിച്ച സാഹചര്യങ്ങൾ ഊഹിക്കാൻ കഴിയണം.

- വസ്തുതകളെ സ്പഷ്ടമായും വ്യക്തമായും സമീപിക്കൽ:

അസാധാരണവും വിചിത്രവുമായ ആശയങ്ങളെ പരിഗണിക്കേണ്ടി വരുമ്പോൾ ദാർശനികർക്ക് ഭാഷയുടെ അതിർവരമ്പുകളെ ഭേദിച്ച് ചിന്തകൾ പ്രകടിപ്പിക്കേണ്ടി വരും. അപ്രകാരമുള്ള ചിന്തകൾ ഗഹനമാണെന്ന് തോന്നാമെങ്കിലും വ്യക്തത വരുത്താൻ പ്രയാസമാണ്. അവ്യക്തമായ ചിന്തകൾ ശരിയാണെന്ന് സ്ഥാപിക്കാൻ കഴിയുകയുമില്ല. അതുകൊണ്ട് കഴിയുന്നിടത്തോളം ചിന്തയിലും ഭാഷയിലും വ്യക്തത നിലനിർത്താൻ ശ്രമിക്കണം.

- സർഗാത്മകമായി ചിന്തിക്കൽ:

തത്ത്വചിന്തത്തിന്റെ സിംഹഭാഗവും അപഗ്രഥനവും വിമർശനവുമാണ്. സ്വന്തം അല്ലെങ്കിൽ അന്യരുടെ ആശയങ്ങളെക്കുറിച്ചോ മൂല്യങ്ങളെക്കുറിച്ചോ ആവാമത്. നിലനിൽക്കുന്ന ആശയങ്ങളിൽ നിന്നും മൂല്യങ്ങളിൽ നിന്നും തുടർച്ചയായ മനനത്തിലൂടെ നവീനമായത് കണ്ടെത്തുകയെന്നതാണ് ദാർശനിക പാരമ്പര്യത്തിന്റെ മുഖ്യമായ ധർമങ്ങളിലൊന്ന്. സാമൂഹ്യവും ശാസ്ത്രീയവുമായ എല്ലാ വിപ്ലവങ്ങളുടെയും തുടക്കത്തിൽ ആ കാലഘട്ടത്തിന്റെ ആശയങ്ങളേയും ആചാരങ്ങളേയും ചോദ്യം ചെയ്യാനും ശ്രേഷ്ഠമായത് നിർദ്ദേശിക്കാനും ഒരു തത്ത്വചിന്തകനുണ്ടാവും.

- യുക്തിസഹമായി സമീപിക്കൽ:

ദാർശനിക ആശയങ്ങൾ പൊതുവിൽ ആത്മനിഷ്ഠാസ്വഭാവമുള്ളവയാണ്. അവ പലപ്പോഴും ദാർശനികരുടെ അഭിപ്രായങ്ങളാവാം. ആയതിനാൽ വ്യത്യസ്ത തത്ത്വചിന്തകളെ യുക്തിസഹമായി സമീപിക്കുന്നതാണ് അഭികാമ്യം. ചുറ്റുപാടുകളും സ്വഭാവവും ചിന്തകരെ സ്വാധീനിക്കുമെന്നുള്ളതിനാൽ അവരുടെ അഭിപ്രായങ്ങളെപ്പോഴും ശരിയാവണമെന്നില്ല. അതുകൊണ്ട് അവ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയതിന് ശേഷം മാത്രമേ അംഗീകരിക്കേണ്ടതുള്ളു. ഏതൊരു ദാർശനികന്റെ ചിന്തയേയും വിലയിരുത്താൻ യുക്തിയുപയോഗിക്കണം.

## തത്ത്വചിന്താപഠനത്തിന്റെ മാനദണ്ഡങ്ങൾ

തത്ത്വചിന്താപഠനത്തിന്റെ പ്രാരംഭദശയിലുള്ള വ്യക്തി അഭിമുഖീകരിക്കേണ്ടി വരുന്ന പ്രഥമപ്രശ്നം 'എവിടെത്തുടങ്ങണം?' എന്നുള്ളതാണ്. വ്യത്യസ്ത മാർഗങ്ങളിലൂടെ പഠനപ്രക്രിയ സാധ്യമാണ്. ഈ മാർഗങ്ങളെയാണ് തത്ത്വചിന്തപഠനത്തിന്റെ മാനദണ്ഡങ്ങൾ എന്നു പറയുന്നത്. അവ ഭൂമിശാസ്ത്രപരം, ചരിത്രപരം, സൈദ്ധാന്തികപരം എന്നിവയാണ്.

### ഭൂമിശാസ്ത്രപരം

മനുഷ്യൻ അധിവസിച്ചിരുന്ന ഭൂപ്രദേശങ്ങളിൽ തത്ത്വചിന്തയും രൂപപ്പെട്ടിട്ടുണ്ട്. അവന്റെ ചുറ്റുപാടുകൾ, പ്രത്യേകിച്ച് ഭൂമിശാസ്ത്രപരമായ സവിശേഷതകൾ അവന്റെ ചിന്തയെ സ്വാധീനിക്കുന്നു. നിങ്ങൾ ഭൗമശാസ്ത്ര പ്രത്യേകതകൾ പഠിച്ചിട്ടുണ്ടല്ലോ? ഉത്തരദക്ഷിണ ധ്രുവങ്ങളിലെയും കിഴക്ക് പടിഞ്ഞാറ് ദിക്കുകളിലെയും ഭൂമിയുടെ സവിശേഷതകൾ ഒരുപോലെയാണോ?

സമതലം, പീഠഭൂമി, പർവ്വതം, മരുഭൂമി, ധ്രുവപ്രദേശം എന്നിവയാൽ വ്യത്യസ്തമാണ് നമ്മുടെ ഭൂമി. ഭൗമസവിശേഷതകൾ വ്യത്യാസപ്പെടുന്നതിനനുസരിച്ച് ജീവിതശൈലിയും വ്യത്യാസപ്പെടുന്നു. അതിനു സമാനമായി പ്രശ്നങ്ങളും ചിന്തയും വ്യത്യാസമായിരിക്കണം. എല്ലാ തത്ത്വചിന്തകരേയും മേൽസൂചിപ്പിച്ച ഘടകങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. ആയതിനാൽ തത്ത്വശാസ്ത്രപഠനം ഭൂമിശാസ്ത്രപരമായി ആരംഭിക്കാവുന്നതാണ്.

പ്രാദേശികാടിസ്ഥാനത്തിൽ, തത്ത്വചിന്തയെ പൗരസ്ത്യ തത്ത്വചിന്ത, പാശ്ചാത്യ തത്ത്വചിന്ത എന്നിങ്ങനെ വിശാലമായി വർഗീകരിക്കാം. ഭാരതീയ തത്ത്വചിന്ത, ചൈനീസ് തത്ത്വചിന്ത, അറേബ്യൻ തത്ത്വചിന്ത മുതലായവ പ്രമുഖ പൗരസ്ത്യ തത്ത്വചിന്ത ശാഖയിൽപെടുന്നവയാണ്. എന്നാൽ ഗ്രീക്ക് തത്ത്വചിന്ത, യൂറോപ്യൻ തത്ത്വചിന്ത, അമേരിക്കൻ തത്ത്വചിന്ത തുടങ്ങിയവ പാശ്ചാത്യ ശാസ്ത്രശാഖയിൽ ഉൾപ്പെടുന്നതാണ്.

**നമുക്ക് പരിശോധിക്കാം**

ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കാമോ?

| പൗരസ്ത്യം | പാശ്ചാത്യം |
|---|---|
| • ചൈനീസ് | • ഗ്രീക്ക് |
| • | • |
| • | • |

## ചരിത്രപരം

ആധുനിക സമൂഹത്തിലെ മനുഷ്യൻ നിത്യജീവിതത്തിൽ എന്തുനേടാനാണ് പരിശ്രമിക്കുന്നത്?

- കീടനാശിനിമുക്ത പച്ചക്കറികൾ
- കുറ്റകൃത്യ വിമുക്ത സമൂഹം
- 
- 
- 
- 

പ്രാചീന മനുഷ്യൻ എന്ത് നേടാനായിരുന്നു ആ കാലഘട്ടത്തിൽ പരിശ്രമിച്ചിരുന്നത്?


- ഭക്ഷണം
- പാർപ്പിടം
- 
- 
- 
- 

ഓരോ കാലഘട്ടത്തിലെയും മനുഷ്യന്റെ ആവശ്യങ്ങൾ മനുഷ്യന്റെ ചിന്തയിൽ മാറ്റങ്ങൾ സൃഷ്ടിച്ചു എന്നത് വസ്തുതയാണ്. ആദിമ മനുഷ്യന്റെ ചിന്ത അവന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയിൽ ഒതുങ്ങിനിന്നു. ശരിയായ ഭാഷയുടെ അഭാവവും ആദിമ മനുഷ്യന് ഒരു തടസമായിരുന്നു. എന്നാൽ ആധുനിക മനുഷ്യന്റെ ആവശ്യങ്ങൾ തികച്ചും വ്യത്യസ്തമാണ്: വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ, സുഖസൗകര്യങ്ങളുള്ള പാർപ്പിടം, വേഗതയേറിയ സഞ്ചാരം, ആശയവിനിമയ മാർഗങ്ങൾ, രോഗപ്രതിരോധം മുതലായവയെക്കുറിച്ചുള്ള ചിന്തയിലാണ് ഈ കാലഘട്ടത്തിലെ മനുഷ്യൻ. ചരിത്ര കാലഘട്ടങ്ങളിലെ ആവശ്യകതകൾ മാറുന്നതനുസരിച്ച് ചിന്താധാരകളിലും മാറ്റം വരുന്നു. ആയതിനാൽ വിവിധ കാലഘട്ടത്തിലെ തത്ത്വചിന്തയും വേർതിരിച്ച് പഠനവിധേയമാക്കേണ്ടതുണ്ട്.

തത്ത്വചിന്താകാലഘട്ടങ്ങളെ പ്രധാനമായും പ്രാചീന തത്ത്വചിന്ത, മധ്യകാല തത്ത്വചിന്ത, ആധുനിക തത്ത്വചിന്ത എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

| | | |
|---|---|---|
| പ്രാചീന തത്ത്വചിന്ത | : | ഏ.ഡി.. 5-ാം നൂറ്റാണ്ട് വരെ |
| മധ്യകാല തത്ത്വചിന്ത | : | ഏ.ഡി. 6-ാം നൂറ്റാണ്ട് മുതൽ ഏ.ഡി. 16-ാം നൂറ്റാണ്ട് വരെ |
| ആധുനിക തത്ത്വചിന്ത | : | ഏ.ഡി. 17 മുതൽ ഏ.ഡി. 19-ാം നൂറ്റാണ്ട് വരെ |
| സമകാലീന തത്ത്വചിന്ത | : | 20-ാം നൂറ്റാണ്ട് |
| ഉത്തരാധുനിക തത്ത്വചിന്ത | : | 21-ാം നൂറ്റാണ്ട് മുതൽ |

## നമുക്ക് പരിശോധിക്കാം




- ലോക പ്രശസ്തരായ ദാർശനികരുടെ ജീവിതകാലം സൂചിപ്പിച്ചിട്ടുള്ള പട്ടിക പഠിക്കുക.
- മധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന തത്ത്വചിന്തകരുടെ പട്ടിക തയാറാക്കുക.

### സൈദ്ധാന്തികപരം

വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത പ്രദേശങ്ങളിൽ ജീവിച്ചിരുന്ന തത്ത്വചിന്തകരിൽ സമാനചിന്താഗതിക്കാർ ഉണ്ടായിരുന്നു. കാലദേശ വ്യത്യാസം പരിഗണിക്കാതെ സമാന ചിന്താധാരകളെ ഒരുമിച്ച് വർഗീകരിച്ച് തത്ത്വചിന്താപഠനം നടത്താനുള്ള മാനദണ്ഡത്തെയാണ് സൈദ്ധാന്തികപരം എന്നു പറയുന്നത്. തത്ത്വചിന്താചരിത്രം പരിശോധിക്കുകയാണെങ്കിൽ അത്തരത്തിലുള്ള ഒട്ടനവധി ദർശനങ്ങൾ നമുക്ക് കണ്ടെത്താനാകും.

*വ്യത്യസ്ത ദർശനങ്ങളെ നമുക്ക് പരിചയപ്പെടാം*

| നം | ദർശനം | ദാർശനികർ | സവിശേഷതകൾ |
|---|---|---|---|
| 1 | ആശയവാദം (Idealism) | പ്ലേറ്റോ, ബർക്കിലി, കാന്റ്, ഹെഗൽ | യാഥാർഥ്യം ആത്മീയമോ മാനസികമോ ആണ്; അറിയുക എന്നാൽ അനുസ്മരിക്കലാണ്. മൂല്യങ്ങൾ പരമമാണ്; നാം തന്നെയാണ് ലോകത്തെ സൃഷ്ടിക്കുന്നത്. |
| 2 | യാഥാർഥ്യവാദം (Realism) | അരിസ്റ്റോട്ടിൽ, കാന്റ്, സ്പെൻസർ, ലോക്ക് | വസ്തുക്കൾ സ്വതന്ത്രമായും യാഥാർഥ്യമായും നിലനിൽക്കുന്നു; മൂല്യങ്ങൾ പ്രകൃതിദത്തവും പരമവുമാണ്. |
| 3 | പ്രകൃതിവാദം (Naturalism) | റൂസ്സോ, ഹോബ്സ്, സ്പെൻസർ | പ്രകൃതി മാത്രമാണ് നിലനിൽക്കുന്നത്; നാഗരികതയെക്കാളും മേന്മയുള്ളത് പ്രകൃതിക്കാണ്. |
| 4 | അനുഭവജ്ഞാനവാദം (Empiricism) | സ്പെൻസർ, ലോക്ക്, ബർക്കിലി, ഹ്യൂം | ഇന്ദ്രിയങ്ങളിലൂടെയാണ് അറിവ് ലഭിക്കുന്നത് |
| 5 | അസ്തിത്വവാദം (Existentialism) | കീർക്ഗോർ, സാർത്ര്, ജാസ്പർസ് | വ്യക്തികൾ സ്വന്തം സത്തയെ രൂപപ്പെടുത്തുന്നു; നമ്മുടെ പ്രവൃത്തി എന്താണോ അതാണ് നമ്മെ നിർണയിക്കുന്നത്. |
| 6 | ഭാഷാപഗ്രഥനം (Language Analysis) | റസ്സൽ, മൂർ, വിറ്റ്ഗൻസ്റ്റീൻ | പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയുന്നവയാണ് യാഥാർഥ്യം; സത്യം യാഥാർഥ്യത്തോട് അനുരൂപമായിരിക്കുന്നു; ഉപയോഗം അർഥത്തെ നിർണയിക്കുന്നു. |
| 7 | സത്താവാദം (Essentialism) | പ്ലേറ്റോ, അരിസ്റ്റോട്ടിൽ | ഓരോ വസ്തുക്കളെയും തനതാക്കുന്ന സവിശേഷത അവയ്ക്കുണ്ട്; സത്തയാണ് അസ്തിത്വത്തിന് മുന്നേയുള്ളത്. |

വിവിധ ദർശനങ്ങളുടെ ചെറുവിവരണങ്ങൾ നമുക്ക് വായിക്കാം.

### കണികാവാദം

പ്രപഞ്ചത്തിലെ വസ്തുക്കളെല്ലാം വളരെ സൂക്ഷ്മവും സറായിയുമായ പദാർഥങ്ങളാൽ നിർമിതമാണെന്ന് സ്ഥാപിക്കുന്ന സിദ്ധാന്തത്തെയാണ് കണികാവാദ (Atomism) മെന്ന് പറയുന്നത്. പാശ്ചാത്യ (ഗ്രീക്ക്) തത്ത്വമാണിത്. കണാദന്റെ വൈശേഷികചിന്തയിലും കണികാസിദ്ധാന്തത്തെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണമുണ്ട്.

### അപനിർമാണം

സാഹിത്യ നിരൂപണത്തിന് നിശ്ചിത രീതികൾ നിർദ്ദേശിക്കുന്ന ദർശനമാണ് അപനിർമാണം (Deconsruction). ചിന്തയ്ക്കും വിശ്വാസത്തിനും അടിസ്ഥാനമാകുന്ന ധാരണകളെയും ആശയങ്ങളെയും മനസ്സിലാക്കുകയാണ് ഇതിന്റെ ലക്ഷ്യം. പാശ്ചാത്യ താത്ത്വിക പാരമ്പര്യത്തിന്റെ അതിഭൗതികവാദത്തെ കണിശമായിവിമർശിക്കുന്നതിലാണത് പ്രധാനമായും ശ്രദ്ധ പതിപ്പിക്കുന്നത്. വ്യവഹാരങ്ങളും അർഥതലങ്ങളും ഉത്ഭവിക്കുന്നത് വാക്കുകളിലൂടെയാണ്.

### ദ്വൈതവാദം

മനസ്സും ശരീരവും തികച്ചും വിരുദ്ധമായ ഗുണങ്ങളോട് കൂടിയ പദാർഥങ്ങളാണെന്ന ചിന്ത അടിസ്ഥാനമാക്കുന്ന സിദ്ധാന്തമാണ് ദ്വൈതവാദം (Dualism). ഈ ചിന്താപദ്ധതി ഭൗതികവാദവും പ്രതിഭാസികതത്ത്വവും ഉൾപ്പെടെയുള്ള വാദങ്ങൾക്ക് ഘടകവിരുദ്ധമാണ്. മനസ്സും ശരീരവും തമ്മിലുള്ള ബന്ധത്തെ ദ്വൈതവാദപരമായി ഇവർ വിശദീകരിക്കുന്നു.

### സ്ത്രീവാദം

സ്ത്രീകളുടെ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ സാഹചര്യങ്ങൾ ഉൾപ്പെടുന്ന അവരുടെ അനുഭവങ്ങളെ സംബന്ധിക്കുന്ന സാമൂഹിക, രാഷ്ട്രീയ, ധാർമിക തത്ത്വചിന്തകളുടെ വൈവിധ്യമാർന്ന ശേഖരത്തെയാണ് സ്ത്രീവാദം (Feminism) എന്നു പറയുന്നത്. ഒരു സാമൂഹിക മുന്നേറ്റം എന്ന നിലയ്ക്ക് ലിംഗനീതി നിഷേധം ഉൻമൂലനം ചെയ്യാനും സ്ത്രീകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമാണ് ഈ തത്ത്വചിന്തം പ്രധാനമായും ശ്രദ്ധിക്കുന്നത്.

### ഭൗതികവാദം

ഭൗതിക വസ്തുക്കൾ മാത്രമാണ് യഥാർഥത്തിൽ നിലനിൽക്കുന്നതെന്ന് സ്ഥാപിക്കുന്ന ദാർശനിക കാഴ്ച്ചപ്പാടാണ് ഭൗതികവാദം (Meterialism). അതായത് എല്ലാ വസ്തുക്കളും ഭൗതികകണങ്ങളാൽ രൂപീകൃതമാണെന്നും എല്ലാ പ്രതിഭാസങ്ങളും ഭൗതികവ്യവഹാരങ്ങളുടെ പരിണിത ഫലമാണെന്നുമുള്ള കാഴ്ചപ്പാട്.

### ഏകതത്ത്വവാദം

പ്രപഞ്ചത്തിൽ ഒരേ ഒരു തത്ത്വമോ പദാർഥമോ ശക്തിയോ മാത്രമേ നിലനിൽക്കുന്നുള്ളൂ എന്ന അതിഭൗതികമോ ദൈവശാസ്ത്രപരമോ ആയ ചിന്തയെയാണ് ഏകതത്ത്വവാദം (Monism)എന്നു പറയുന്നത്. ഏകതത്ത്വവാദം, ദ്വന്ദവാദത്തിൽ നിന്നും ബഹുതത്ത്വവാദത്തിൽ നിന്നും വ്യത്യസ്തമാണ്.

### പ്രാതിഭാസികതത്ത്വം

സ്ഥലകാലങ്ങൾക്ക് വിധേയമായി പ്രത്യക്ഷ പ്രതിഭാസമായോ ഇന്ദ്രിയോദ്ദീപനമായോ (ഉദാ. നിറം, മൃദുത്വം, കാഠിന്യം, മാധുര്യം തുടങ്ങിയവ) അല്ലാതെ വസ്തുക്കൾക്ക് തനതായ നിലനിൽപ്പില്ല എന്ന വൈജ്ഞാനിക ദർശനമാണ് പ്രാതിഭാസികതത്ത്വം (Phenomenalism). മറ്റൊരു രീതിയിൽ പറഞ്ഞാൽ പ്രാതിഭാസികതത്ത്വം ഭൗതികവസ്തുക്കളെയെല്ലാം ഇന്ദ്രിയവസ്തുതകളുടെ ശേഖരമായി മാത്രമാണ് കണക്കാക്കുന്നത്.

### ബഹുതത്ത്വവാദം

ഏകതത്ത്വവാദം, ദ്വൈതവാദം എന്നീ തത്ത്വങ്ങൾക്ക് വിപരീതമായി ഈ പ്രപഞ്ചത്തിൽ വിവിധ തരം പദാർഥങ്ങളും യാഥാർഥ്യങ്ങളുമുണ്ടെന്ന് സ്ഥാപിക്കുന്ന ചിന്തയാണ് ബഹുതത്ത്വവാദം (Pluralism).

### ഉത്തരാധുനിക ചിന്ത

പാശ്ചാത്യ തത്ത്വചിന്തയുടെ ഉത്തരാധുനിക നിരൂപണവും അപഗ്രഥനവും നടത്തുന്ന ദാർശനിക പ്രസ്ഥാനമാണ് ഉത്തരാധുനിക ചിന്ത. (Postmodernism). ഫ്രെഡറിക് നീഷേ, മാർട്ടിൻ ഹൈഡഗർ, ലുഡ്‌വിഗ് വിഗെൻസ്റ്റീൻ തുടങ്ങിയ ദാർശനികരാൽ വളരെയേറെ സ്വാധീനിക്കപ്പെട്ട പ്രസ്ഥാനമാണിത്. ഘടനാവാദം, മാർക്സിസം, സ്ത്രീ സ്വാതന്ത്ര്യവാദം മുതലായ തത്ത്വങ്ങളിൽ പിൽക്കാലത്തുണ്ടായ അടിസ്ഥാനപരമായ മാറ്റങ്ങളും ഉത്തരാധുനിക ചിന്തയിൽപ്പെടും. വിമർശന തത്ത്വങ്ങളുടെ ഒരു ബൃഹദ് സാഹിത്യത്തിന് ഉത്തരാധുനികതാവാദം പിറവി നൽകിയെന്ന് വേണം പറയാൻ.

### പ്രായോഗികതാവാദം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അമേരിക്കയിൽ രൂപം കൊണ്ട തത്ത്വചിന്തയാണ് പ്രായോഗികതാവാദം (Pragmatism). അർഥവും സത്യവും നിർണയിക്കാനുള്ള പ്രധാന മാനദണ്ഡങ്ങൾ പരിണിതഫലവും ഉപയുക്തതയും പ്രവർത്തനക്ഷമതയുമാണെന്ന് വാദിക്കുന്ന സിദ്ധാന്തമാണിത്. യാഥാർഥ്യത്തെ പ്രതിനിധീകരിക്കുന്നത് മനുഷ്യന്റെ ആശയങ്ങളും ബുദ്ധിയുമാണെന്ന കാഴ്ചപ്പാടിനെ പ്രായോഗികതാവാദം തള്ളിക്കളയുന്നു. ആയതിനാൽ പ്രാമാണികവും യുക്തിവാദപരവുമായ ദർശനങ്ങളെ അത് എതിർക്കുകയും ചെയ്യുന്നു. സിദ്ധാന്തങ്ങൾ പ്രസക്തമാകുന്നത് അവ ചുറ്റുപാടുകളോട് പൊരുതുമ്പോഴാണ്. ഈ പോരാട്ടത്തിൽ


സിദ്ധാന്തം വിജയിക്കുമ്പോൾ മാത്രമാണ് അതിനെ സത്യം എന്നംഗീകരിക്കുന്നത്.

### ഉപയുക്തതാവാദം

പരമാവതി നന്മ കൈവരിക്കാൻ കഴിഞ്ഞാൽ മാത്രമേ ഒരു പ്രവൃത്തി ധാർമിക മൂല്യമുള്ളതെന്ന് നിർണയിക്കാൻ കഴിയുകയുള്ളു എന്ന് സമർഥിക്കുന്ന ധാർമിക തത്ത്വത്തെയാണ് ഉപയുക്തതാവാദമെന്നു പറയുന്നത് (Utilitarianism). പരിണിതഫലതത്ത്വത്തിന്റെയും (Consequentialism) ക്ഷേമതത്ത്വത്തിന്റെയും (Welfarism) ഒരു വകഭേദമാണ് ഈ സിദ്ധാന്തം.

### നമുക്ക് പരിശോധിക്കാം

*താഴെ തന്നിരിക്കുന്ന രൂപരേഖ പൂർത്തിയാക്കുക.*




## തത്ത്വശാസ്ത്രപഠനത്തിന്റെ ഉപയോഗം

എന്തിനാണ് നാം തത്ത്വചിന്ത പഠിക്കുന്നത്?

ഏംഗൽസിന്റെ അഭിപ്രായത്തിൽ, താത്ത്വികമായ ചിന്ത മനുഷ്യന്റെ സഹജമായ ശക്തി എന്ന നിലയ്ക്ക് അവനിൽ അന്തർലീനമായിരിക്കുന്ന ഒരു ഗുണവിശേഷമാണ്. ഈ സഹജമായ ശക്തിയെ വളർത്തുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് മുൻകാല തത്ത്വചിന്തയുടെ പഠനത്തേക്കാൾ കൂടുതൽ സഹായകരമായ മറ്റൊരു മാർഗവുമില്ല.

തത്ത്വചിന്ത പഠനത്തിലൂടെ ചിന്താശേഷി വർധിപ്പിക്കുവാനും ആശയങ്ങളെ യുക്തിസഹമായും സന്തുലിതമായും അപഗ്രഥിക്കാനും മനസ്സിലാക്കാനും വിനിമയം ചെയ്യാനും കഴിയും. വ്യത്യസ്ത ദർശനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ച് വിശാലമായ കാഴ്ചപ്പാട് രൂപപ്പെടുത്താനും സമചിത്തതയും സഹിഷ്ണുതയും വളർത്താനും

സാധിക്കും. കൂടാതെ തത്ത്വചിന്ത വിദ്യാർഥികൾക്ക് ചുവടെ പറയുന്ന വിഭിന്നമായ നൈപുണ്യങ്ങൾ ആർജിക്കാൻ കഴിയും:

**തത്ത്വചിന്താപഠനം ഒരു മനുഷ്യനെ,**

- സാധുതയുള്ള വാദഗതികൾ രൂപപ്പെടുത്താനും വിശകലനം ചെയ്യാനും സഹായിക്കുന്നു.
- കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയാനും അവയുടെ പൊതുവായ ആശയങ്ങളെ കണ്ടെത്താനും സഹായിക്കുന്നു.
- ശരിയായി ചിട്ടപ്പെടുത്തിയ വ്യവസ്ഥാനുസൃതമായ ന്യായവാദങ്ങളിലൂടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ സഹായിക്കുന്നു.
- പ്രശ്ന പരിഹാരത്തിനായി ആശയങ്ങൾ രൂപപ്പെടുത്താൻ സഹായിക്കുന്നു.
- പുതിയ ആശയങ്ങളോടും ചിന്താരീതികളോടും തുറന്ന സമീപനം വച്ചു പുലർത്താൻ പ്രാപ്തനാക്കുന്നു.
- ആത്മപ്രചോദനം നേടാനും സ്വതന്ത്രപഠനവും ചിന്തയും ആർജിക്കാനും സഹായിക്കുന്നു.
- വഴക്കവും ക്രിയാത്മകതയും നേടാൻ സഹായിക്കുന്നു.
- സങ്കീർണമായ വിവരങ്ങളെ തിരിച്ചറിഞ്ഞ് ഗ്രഹിക്കാനും പരിഹരിക്കാനും പ്രാപ്തനാക്കുന്നു.

## സംഗ്രഹം

- താത്ത്വിക ചോദ്യങ്ങൾക്കും സംവാദങ്ങൾക്കും പിന്നിലുള്ള ആശയങ്ങൾ കണ്ടെത്തുന്നതിനെയാണ് തത്ത്വചിന്തയിലേർപ്പെടൽ എന്നു പറയുന്നത്.
- നിത്യജീവിതസാഹചര്യങ്ങളിൽ ഉടലെടുക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധപൂർവ്വമായി പരിചിന്തനം നടത്തിയാണ് തത്ത്വചിന്തയിലേർപ്പെടുന്നത്.
- താത്ത്വികാശയങ്ങൾ സാമാന്യവും മനുഷ്യകേന്ദ്രീകൃതവും സംവാദത്തിന് യോഗ്യവുമായിരിക്കണം.
- തത്ത്വചിന്ത പഠനത്തിന് മൂന്ന് മാനദണ്ഡങ്ങളുണ്ട് – ഭൂമിശാസ്ത്രപരം, ചരിത്രപരം, സൈദ്ധാന്തികപരം.
- തത്ത്വചിന്ത പഠനത്തിന് നിശ്ചിത നൈപുണ്യങ്ങൾ അനിവാര്യമാണ്: പ്രസ്താവനകളെയും ന്യായവാദങ്ങളെയും അപഗ്രഥിക്കാനുള്ള കഴിവ്, പരിചിതമായ കാഴ്ചപ്പാടുകൾക്കും സാഹചര്യങ്ങൾക്കും ബദൽ സങ്കൽ

പ്പിക്കുവാനുള്ള കഴിവ്, വസ്തുതകളെ സ്പഷ്ടമായും വ്യക്തമായും സ്ഥാപിക്കാനുള്ള കഴിവ്, ക്രിയാത്മകമായി ചിന്തിക്കാനുള്ള കഴിവ്, യുക്തിസഹമായി സമീപിക്കാനുള്ള കഴിവ്.

- വ്യത്യസ്ത ദർശനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ച് വിശാലമായ കാഴ്ച്ചപ്പാട് രൂപപ്പെടുത്താനും സമചിത്തതയും സഹിഷ്ണുതയും വളർത്താനും സാധിക്കും.

## നമുക്ക് വിലയിരുത്താം

1. ഒറ്റയാനെ കണ്ടെത്തുക.

   a) ദെക്കാർത്തെ b) അരിസ്റ്റോട്ടിൽ
   c) ഇമ്മാനുവൽ കാന്റ് d) കാറൽ മാർക്സ്

2. അനുഭവജ്ഞാന വാദവുമായി ബന്ധപ്പെട്ട പ്രസ്താവന കണ്ടെത്തുക.

   a) യാഥാർഥ്യം ആത്മീയമോ മാനസികമോ ആകുന്നു.

   b) ഇന്ദ്രിയഗ്രാഹ്യം അല്ലാതെതന്നെ വസ്തുക്കൾ നിലനിൽക്കുന്നു.

   c) ഇന്ദ്രിയങ്ങളിലൂടെയാണ് അറിവ് ലഭിക്കുന്നത്.

   d) ജന്മസിദ്ധമായ ആശയങ്ങളിലൂടെയാണ് അറിവ് ലഭിക്കുന്നത്.

3. താത്ത്വിക ആശയങ്ങളുടെ സവിശേഷതകൾ എഴുതി വിശദീകരിക്കുക.

4. തത്ത്വചിന്താപഠനത്തിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുക.

5. തത്ത്വചിന്തയിൽ ഏർപ്പെടലും തത്ത്വചിന്ത പഠനവും തമ്മിലുള്ള വ്യത്യാസം എഴുതുക.

6. തത്ത്വചിന്താപഠനത്തിനു വേണ്ട നിപുണതകൾ ഏവ?

7. തത്ത്വചിന്താപഠനം കൊണ്ടുള്ള ഉപയോഗങ്ങൾ വിശദീകരിക്കുക.

2

# പ്രസ്ഥാനത്രയം

### പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠന നേട്ടങ്ങൾ:

- ഭാരതീയ തത്ത്വചിന്തയുടെ ഉത്ഭവം കണ്ടെത്തുന്നു.
- ആത്മാവും ബ്രഹ്മവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.
- നിഷ്കാമകർമത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- സ്ഥിതപ്രജ്ഞന്റെ സവിശേഷതകൾ വ്യക്തമാക്കുന്നു.
- പരമസത്യം എന്തെന്ന് തിരിച്ചറിയുന്നു.

H8N9H8

### പ്രധാനാശയങ്ങൾ


2.1 വേദങ്ങൾ
2.2 ഉപനിഷത്തുകൾ
ബ്രഹ്മ-ആത്മ ബന്ധം
2.3 ഭഗവദ്ഗീത
യോഗം
നിഷ്കാമകർമം
സ്ഥിതപ്രജ്ഞത്വം
2.4 ബ്രഹ്മസൂത്രം


## ആമുഖം

ഈ അധ്യായം ഭാരതീയ തത്വചിന്തയെ കുറിച്ചുള്ള പഠനമാണ്. ഭാരതത്തിലെ പ്രാചീനമായ വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് വേദങ്ങൾ. ഉപനിഷത്ത്, ബ്രഹ്മസൂത്രം, ഭഗവദ്ഗീത എന്നീ ഗ്രന്ഥങ്ങളെ ഒരുമിച്ച് ചേർത്ത് പ്രസ്ഥാനത്രയം എന്നു പറയുന്നു.


## 2.1. വേദങ്ങൾ

ഭാരതീയതത്ത്വചിന്തയുടെ ചരിത്രത്തിലൂടെ കടന്നു പോയിട്ടില്ലെങ്കിൽ ഒരു ദാർശനിക വിദ്യാർഥിയുടെ പാഠനം അപൂർണമായിരിക്കും. പാശ്ചാത്യ തത്ത്വചിന്തയിൽ നിന്നും വ്യത്യസ്തമായി സത്യാന്വേഷണത്തേക്കാളുപരി ഇന്ത്യക്കാർ പ്രാധാന്യം കൊടുത്തത് സത്യത്തെ സാക്ഷാത്കരിക്കുന്നതിനാണ്. സത്യത്തെ നേരിട്ടുകാണുക അഥവാ സാക്ഷാത്കരിക്കുകയെന്നുള്ള അർഥത്തിലാണ് ഇന്ത്യയിൽ ഫിലോസഫി (തത്ത്വചിന്ത) എന്ന വാക്കിന് സമാനമായി ദർശനം എന്ന വാക്കുപയോഗിച്ചത്.

നിങ്ങൾ സാമുഹ്യപാഠപുസ്തകങ്ങളിൽ വേദങ്ങളെക്കുറിച്ച് പഠിച്ചിരിക്കുമല്ലോ ?

➢ വേദങ്ങളെക്കുറിച്ച് ഒരു കുറിപ്പ് നിങ്ങൾക്ക് തയാറാക്കാൻ കഴിയുമോ?

ഭാരതീയതത്ത്വചിന്തയുടെ ആരംഭം വേദങ്ങളിൽ നിന്നാണ്. ഇന്ത്യക്കാരുടെ മതപരവും ശാസ്ത്രീയവും തത്ത്വചിന്താപരവുമായ അറിവിന്റെ അടിത്തറയായി വേദങ്ങളെ കരുതിപ്പോരുന്നു. അറിയുക എന്നർഥം വരുന്ന 'വിദ്' എന്ന സംസ്കൃതധാതുവിൽ നിന്നാണ് വേദം എന്ന വാക്ക് രൂപപ്പെട്ടത്. വേദം എന്നാൽ അറിവ് എന്നാണർഥം. ആത്യന്തിക ജ്ഞാനം സാക്ഷാത്കരിച്ച ഋഷിമാർ ആ സാക്ഷാത്കാരത്തെ ഭാഷയിൽ പ്രതിപാദിച്ചപ്പോൾ വേദസുക്തങ്ങൾ രുപംകൊണ്ടു.



നമുക്ക് മനസ്സിലാക്കാം

### വേദകാലഘട്ടം [1500 BC to 600 BC]

ഭാരതീയ തത്ത്വചിന്തയുടെ തുടക്കം വേദങ്ങളിൽ നിന്നാണ്. ആര്യകാലഘട്ടമാണിതുകൊണ്ടുദ്ദേശിക്കുന്നത്.

### പൗരാണികകാലഘട്ടം [600 BC to 200 AD]

ഉപനിഷത്തുകളുടെ കാലഘട്ടമാണിത്. ഈ സമയത്താണ് മഹാകാവ്യങ്ങളായ രാമായണം, മഹാഭാരതം എന്നിവയും ബൗദ്ധ, ജൈന, വൈഷ്ണ, ശൈവ തുടങ്ങിയ ദർശനങ്ങളും ഉടലെടുത്തത്

### ഭാഷ്യകാലഘട്ടം AD 200 മുതൽ

ശങ്കരാചാര്യർ, രാമാനുജാചാര്യർ, മാധ്വാചാര്യൻ എന്നിവർ ഈ കാലഘട്ടത്തിലാണ് അവരുടെ ദർശനങ്ങളെ ഭാഷ്യരൂപത്തിൽ പ്രസ്താവിച്ചത്.

വേദമന്ത്രങ്ങൾ ഒരു മനുഷ്യന്റെയൊ ഋഷിയുടെയൊ സൃഷ്ടിയല്ല, സനാതനമായ സത്യങ്ങളെ സാക്ഷാത്കരിച്ച ഋഷിമാർ ആ സത്യ സാക്ഷാത്കാരത്തെ ഭാഷാ രൂപത്തിലാക്കി എന്നാണ് മനസ്സിലാക്കേണ്ടത്. ഏതെങ്കിലും ഒരു വ്യക്തിയാൽ സൃഷ്ടിക്കപ്പെട്ടതല്ല സനാതന സത്യങ്ങൾ, അതുകൊണ്ടാണ് വേദമന്ത്രങ്ങളെ ഒരു പുരുഷനാൽ അതായത് ഒരു വ്യക്തിയാൽ സൃഷ്ടിക്കപ്പെടരുത് എന്ന അർഥത്തിൽ അപൗരുഷേയം എന്നു പറയുന്നത്.

ആദ്യകാലഘട്ടങ്ങളിൽ വേദമന്ത്രങ്ങൾ ലിപികളിൽ എഴുതപ്പെട്ടിരുന്നില്ല. മന്ത്രങ്ങൾ ഗുരുമുഖത്തുനിന്ന് ശിഷ്യന്മാർ കേട്ട് ഉൾക്കൊണ്ട് മനപ്പാഠമാക്കി അടുത്ത തലമുറയ്ക്ക് പകർന്നു കൊടുത്തു. വേദത്തെ ശ്രുതി എന്ന് വിളിക്കുന്നത് ഇതുകൊണ്ടാണ്.

*നാലു വേദങ്ങളും സംഹിതകൾ (മന്ത്രങ്ങളുടെ സമാഹാരം) എന്നും അറിയപ്പെടുന്നു. നാലു സംഹിതകളും നാല് പ്രധാന പുരോഹിതന്മാരായ ഹോതാവ്, ഉദ്ഗീതകൻ, അധ്വര്യു, ബ്രഹ്മ എന്നിവരാണ് ഉപയോഗിക്കുന്നത്. ഹോതാവ് യാഗങ്ങളിൽ ദൈവ സാന്നിധ്യത്തിനായി ഋഗ്വേദ മന്ത്രങ്ങളെ ആലപിക്കുന്നു. അധ്വര്യു യജുർവേദ ആധാരമാക്കി യാഗങ്ങൾ നടത്തുകയും കാഴ്ച ദ്രവ്യങ്ങൾ നൽകുകയും ചെയ്യുന്നു. സാമവേദത്തിൽ ഉദ്ഗീതകൻ ദൈവ പ്രീതിക്കായി മധുര സംഗീതത്തിൽ സാമവേദം ആലപിക്കുന്നു. ബ്രഹ്മയാകട്ടെ, എല്ലാ വേദങ്ങളിലും പാണ്ഡിത്യമുള്ള, എല്ലാറ്റിന്റെയും മേൽനോട്ടം വഹിക്കുന്ന പുരോഹിതനാണ്.*

വേദത്തെ വ്യാസൻ നാലായി തരംതിരിച്ചിരിക്കുന്നു. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിവയാണ് നാല് വേദങ്ങൾ.

ഓരോ വേദത്തെയും പ്രധാനമായും മന്ത്രങ്ങൾ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മന്ത്രങ്ങൾ പവിത്രമായ സത്യത്തിന്റെ കവിതാരൂപത്തിലുള്ള ആവിഷ്കാരമാണ്. യാഗയജ്ഞാദികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്ന ഭാഗമാണ് ബ്രാഹ്മണങ്ങൾ. വാനപ്രസ്ഥാശ്രമത്തിൽ എത്തിച്ചേരുന്ന ഒരാൾ അനുവർത്തിക്കേണ്ട കാര്യങ്ങളാണ് ആരണ്യകങ്ങൾ ഉൾക്കൊള്ളുന്നത്. ജീവിതത്തെ തത്ത്വചിന്താപരമായി നോക്കിക്കാണുന്ന ദാർശനികമായ ഉൾക്കാഴ്ചകൾ ഉപനിഷത്തുകളിൽ കാണപ്പെടുന്നു.


മന്ത്രങ്ങളും ബ്രാഹ്മണങ്ങളും മനുഷ്യൻ ജീവിതത്തിൽ അനുഷ്ഠിക്കേണ്ട കർമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതു കൊണ്ട് അവയെ കർമകാണ്ഡമെന്ന പറയുന്നു. കർമം ചെയ്യുന്ന ഒരു വ്യക്തി താൻ എന്തിനാണ് ഈ കർമ്മം ചെയ്യുന്നതെന്നുള്ള തത്ത്വചിന്താപരമായ ചോദ്യങ്ങളിലേക്ക് വരുന്നത് ആരണ്യകങ്ങളിലും ഉപനിഷത്തുക്കളിലും ആണ്. കർമത്തെക്കാൾ അധികം പ്രാധാന്യം ജ്ഞാനത്തിന് കൊടുക്കുന്നതുകൊണ്ട് ഇതു രണ്ടും കൂട്ടിച്ചേർത്ത് ജ്ഞാനകാണ്ഡം എന്നുപറയുന്നു.

വേദചിന്തയിൽ തത്ത്വശാസ്ത്രപരമായ അംശങ്ങൾ കുറവാണെന്ന് തോന്നാം. എന്നാൽ വേദത്തിൽ പിൽക്കാല തത്ത്വചിന്തകളുടെ വിത്തുകൾ ഒളിഞ്ഞ് കിടക്കുന്നത് നമുക്ക് കാണാൻ കഴിയും. മന്ത്രം, ബ്രാഹ്മണം, ആരണ്യകം എന്നിവയിലൂടെ ക്രമത്തിൽ പുരോഗമിച്ച് ഇന്ത്യൻ തത്ത്വചിന്ത ഉപനിഷത്തിൽ എത്തിച്ചേരുന്നു. വേദകാലഘട്ടത്തിൽ നിലനിന്ന പ്രകൃതിപരമായ ബഹുദൈവ വിശ്വാസത്തിൽ നിന്നും ക്രമത്തിൽ പുരോഗമിച്ച് ഏകദൈവ വിശ്വാസത്തിൽ കൂടി കടന്ന് ഏകതത്ത്വ വിശ്വാസത്തിൽ ഭാരതീയർ എത്തിച്ചേർന്നത് ഉപനിഷത്തിന്റെ കാലഘട്ടത്തിലാണ്.

പ്രകൃതിപരമായ ബഹുദൈവ വിശ്വാസം എന്നാൽ, പ്രകൃതിശക്തികളായ അഗ്നി,കാറ്റ്,സൂര്യൻ എന്നിവയെ ആരാധിക്കുന്നതാണ്. മോണോതീസം എന്നാൽ ഏകദൈവ വിശ്വാസവും, മോണിസമെന്നാൽ ഏകതത്ത്വ വിശ്വാസവുമാണ്.

**നമുക്ക് പരിശോധിക്കാം**

ഫ്ളോചാർട്ടിൽ വിട്ടുപോയത് പൂരിപ്പിക്കുക.




## 2.2 ഉപനിഷത്ത്

പിതാവും ഗുരുവുമായ ഉദ്ദാലകനും ശിഷ്യനും മകനുമായ ശ്വേതകേതുവും തമ്മിലുള്ള സംഭാഷണം ചാന്ദോക്യ ഉപനിഷത്തിൽ ഇപ്രകാരം വിവരിക്കുന്നു.

ഉദ്ദാലകൻ : കുറച്ച് വെള്ളമെടുത്ത് അതിൽ ഉപ്പിട്ട് ഇളക്കിയിട്ട് അടുത്ത ദിവസം വരൂ.

അടുത്ത ദിവസംഎത്തിയ ശ്വേതകേതുവതിനോട് ഗുരു പറഞ്ഞു. ഗ്ലാസിലെ ഏറ്റവും മുകൾഭാഗത്തെ അൽപ്പം വെള്ളമെടുത്ത് രുചിച്ചു നോക്കുക. എന്തു രുചിയാണ്?

ശ്വേതകേതു : ഉപ്പുരസം

ഉദ്ദാലകൻ : ഗ്ലാസിലെ മധ്യഭാഗത്തുനിന്നും അൽപ്പം വെള്ളമെടുത്ത് രുചിച്ചുനോക്കൂ. എന്തു രുചിയാണ്?

ശ്വേതകേതു : ഉപ്പുരസം

ഉദ്ദാലകൻ : ഏറ്റവും അടിയിൽ നിന്ന് അൽപ്പം വെള്ളമെടുത്ത് രുചിച്ചു നോക്കൂ. എന്തു രുചിയാണ്?

ശ്വേതകേതു : ഉപ്പുരസം.

ഉദ്ദാലകൻ : ഈ ഉപ്പുവെള്ളത്തിൽ നിന്ന് നിനക്ക് ഉപ്പിനെ വേർതിരിക്കാൻ സാധിക്കില്ല. ഈ യാഥാർഥ്യത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഈ പ്രപഞ്ചത്തിൽ എല്ലാ സ്ഥലത്തും ബ്രഹ്മന്റെ ശക്തിയുണ്ട് എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

അതായത്, ഉണ്മ അഥവാ പരമമായ സത്യം ഇവിടെത്തന്നെയുണ്ട്, പക്ഷെ നീ കാണുന്നില്ലെന്നു മാത്രം. ഈ സത്യം, അതായത് ആത്മാവ് നീ തന്നെയാണ്, ശ്വേതകേതു.

ഗുരുവും ശിഷ്യനും എന്തിനെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്?

പ്രപഞ്ചത്തിലെ പരമസത്യത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.



**നമുക്ക് മനസ്സിലാക്കാം**

**പരബ്രഹ്മം - അപരബ്രഹ്മം**

ഉപനിഷത്തുക്കൾ ബ്രഹ്മത്തെ വിശദീകരിച്ചിരിക്കുന്നത് രണ്ടു രൂപങ്ങളിലാണ് - പരബ്രഹ്മവും അപരബ്രഹ്മവും. ഇവ പക്ഷേ ഒരു യാഥാർഥ്യത്തിന്റെ രണ്ട് വശങ്ങളാണ്. പരബ്രഹ്മം അനന്തവും വിശേഷണങ്ങൾ, പേര്, ഭാവം എന്നിവയില്ലാത്തതുമാണ്; കാലത്തിനപ്പുറമാണ്; അത്യുത്കൃഷ്ടമാണ്; തികഞ്ഞ അസ്തിത്വം, തികഞ്ഞ ബോധം, തികഞ്ഞ ആനന്ദം (*സത് ചിത്ത് - ആനന്ദം*) എന്നിവയാണ്. അപരബ്രഹ്മത്തിന്റെ സ്ഥാനം പരബ്രഹ്മത്തിന് താഴെയാണ്.

പരയുടെ പാലുനുകർന്ന ഭാഗ്യവാന്മാർ-
ക്കൊരു പതിനായിരമാണ്ടുമൊരൽപ്പനേരം
അറിവപരപ്രകൃതിക്കധീനമായാ-
ലൊരുനൊടിയിടനേരം ഒരു പതിനായിരമാണ്ടുപോലെ തോന്നും

(പരജ്ഞാനത്തിന്റെ തേൻ നുകരുന്നവന് പതിനായിരം വർഷം ഏതാനും നിമിഷങ്ങൾ പോലെയാണ്. എന്നാൽ ഏതാനും നിമിഷങ്ങൾ പതിനായിരം വർഷങ്ങൾക്ക് തുല്യമാണ് അപരജ്ഞാനിക്ക്).

(ശ്രീനാരായണഗുരു - *ആത്മോപദേശശതകം*)

ഭാഷാപരമായി പറയുകയാണെങ്കിൽ ഉപനിഷത്ത് എന്ന പദം സംസ്കൃതത്തിലെ 'ഉപ'(അടുത്ത്), 'നി'(ഭക്തിപൂർവ്വം), 'സത്'(ഇരിക്കുക) എന്നീ മൂന്ന് വാക്കുകളിൽ നിന്നാണ് ഉടലെടുത്തത്. ഗുരുവിന്റെ അരികിൽ ഭക്തിപുരസ്സരം ഇരിക്കുക എന്നതാണ് ഇതിന് അർഥം.

ഭക്തിപുരസ്സരം ഗുരുവിന്റെ അടുത്ത് ഇരുന്ന് പാഠഭാഗങ്ങളും നിർദ്ദേശങ്ങളും കൃത്യമായി അനുസരിക്കുകയും ആണ് ഉപനിഷത്ത് എന്ന പദം കൊണ്ട് അർഥമാക്കുന്നത്. വേദത്തിന്റെ അവസാന ഭാഗമായതുകൊണ്ട് ഇത് വേദാന്തം എന്നും അറിയപ്പെടുന്നു.

ഇരുന്നൂറിൽപ്പരം ഉപനിഷത്തുകളുണ്ടെങ്കിലും താഴെ കൊടുത്ത 10 ഉപനിഷത്തുകൾ പ്രധാന ഉപനിഷത്തുകളായി അറിയപ്പെടുന്നു;

ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡകം, തൈത്തരീയം, മാണ്ഡൂക്യം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം.

യാഥാർഥ്യത്തെ പറ്റി രണ്ട് രീതിയിലാണ് ഉപനിഷത്തുകൾ ചർച്ച ചെയ്യുന്നത്. മനുഷ്യനെ നിർണ്ണയിക്കുന്ന തത്ത്വങ്ങൾ, പ്രകൃതിയുടെ പിറകിലുള്ള തത്ത്വങ്ങൾ. ഈ രണ്ടു കാര്യങ്ങളാണ് അടിസ്ഥാനപരമായി ഉപനിഷത്തുകൾ വിശകലനം ചെയ്യുന്നത്.

### ബ്രഹ്മം

ഈ പ്രപഞ്ചത്തിന്റെ അടിസ്ഥാന തത്ത്വമാണ് ബ്രഹ്മം. അനിർവചനീയമാണ് ബ്രഹ്മത്തിന്റെ സ്വഭാവം. (യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസ്സാസഹ:) "വാക്കുകൾക്കോ മനസ്സിനോ എത്തിച്ചേരാനാവാതെ മടങ്ങുന്ന ഇടം". ബൃഹദാരണ്യകോപനിഷത്ത് ബ്രഹ്മത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: ബ്രഹ്മം എന്തെങ്കിലുമൊന്നാണോ, മറ്റെന്തെങ്കിലുമൊന്നാണോ എന്നു ചോദിച്ചാൽ ഉത്തരം ഇപ്രകാരമാണ്. "നേതി" "നേതി" എന്നാൽ "ഇതല്ല" "ഇതല്ല" എന്നർഥം. തൈത്തിരീയോപനിഷത്ത് പറയുന്നത് പ്രപഞ്ചത്തിലുള്ളതെന്തും ബ്രഹ്മത്തിൽ നിന്നു പിറക്കുന്നു; ബ്രഹ്മത്തിൽ പൂർണതയിലെത്തുന്നു. പ്രപഞ്ചത്തിന്റെ പരമമായ അടിസ്ഥാനം ബ്രഹ്മമാണ്.

"ബൃഹ്" എന്നതാണ് ബ്രഹ്മം എന്ന പദത്തിന്റെ അടിസ്ഥാനം. "വളരുക, പൊട്ടിമുളക്കുക" എന്നൊക്കെയാണ് ഈ വാക്കിനർഥം. പ്രപഞ്ചം ബ്രഹ്മനിൽ നിന്നാണ് വളർന്ന് പൂർണതയിലെത്തിയത്. ഛാന്ദോഗ്യോപനിഷത്ത് "തജ്ജലൻ" എന്നാണ് ബ്രഹ്മത്തെ വിശേഷിപ്പിക്കുന്നത്. പ്രപഞ്ചം ഏതിൽ നിന്നുത്ഭവിച്ചുവോ, ഏതൊന്നിലേക്ക് മടങ്ങുന്നുവോ, ഏതൊന്നിന്റെ സഹായത്താൽ നിലനിൽക്കുന്നുവോ അതാണ് ബ്രഹ്മം.

## ആത്മാവ്

മനുഷ്യനിൽ അന്തര്യാമിയായിരിക്കുന്ന തത്ത്വമാണ് ആത്മാവ്. ആത്മാവ് എന്ന വാക്കിന്റെ അർത്ഥം ശ്വസിക്കുക എന്നാണെങ്കിലും പിന്നീട് മനുഷ്യനെ നിർണ്ണയിക്കുന്ന അനിവാര്യ ഘടകത്തെ സൂചിപ്പിക്കുന്ന വാക്കായി മാറി. മാണ്ഡൂക്യോപനിഷത്ത് ആത്മാവിന്റെ നാലുതരത്തിലുള്ള അവസ്ഥകളെക്കുറിച്ച് പറയുന്നു. 'ജാഗ്രത്' ഉണർന്നിരിക്കുന്ന അവസ്ഥ, 'സ്വപ്നം' സ്വപ്നാവസ്ഥ, 'സുഷുപ്തി' എന്നാൽ ഗാഢനിദ്ര, 'ചതുരിയ' എന്നത് നാലാമത്തെ അവസ്ഥയുമാണ്. ആത്മാവാണ് ജാഗ്രത്-സ്വപ്ന-സുഷുപ്തി അവസ്ഥകളുടെ അടിസ്ഥാനമെങ്കിലും അത് ഇവയെ അതിലംഘിക്കുകയും ചെയ്യുന്നു. കണ്ണ്, ശരീരം, മാനസികാവസ്ഥ, ബോധം ഇവയെല്ലാം ആത്മാവിന്റെ കേവല ഉപകരണങ്ങളാണ്.ആത്മാവ് സർവ്വവ്യാപിയും, അന്തര്യാമിയും, സർവ്വതിവർത്തിയുമാണ്.

**കേന്ദ്രതത്ത്വങ്ങൾ: ബ്രഹ്മ-ആത്മ ബന്ധം**

ഉപനിഷത്തിലെ ചില ഭാഗങ്ങളെക്കുറിച്ച് നമുക്ക് മനനം ചെയ്യാം.

*ഹൃദയത്തിൽ ഒരു ചെറിയ സ്ഥലമുണ്ട്*
*പ്രപഞ്ചത്തെപോലെ വലുതായ ഒരിടം ,*
*സ്വർഗ്ഗവും അവിടെയാണ്*
*ചന്ദ്രനും സൂര്യനും ,-*
*- നക്ഷത്രങ്ങളും അഗ്നിയും*
*മിന്നലും കാറ്റും എല്ലാം*
*പ്രപഞ്ചം മുഴുവൻ അവനിലാണ്*
*അവനോ നമ്മുടെ ഹൃദയത്തിൽ*
*വസിക്കുന്നു.*

**ഉപനിഷത്ത്**

*എപ്രകാരമാണോ മനുഷ്യശരീരം*
*അപ്രകാരമാണ് പ്രപഞ്ചശരീരം*
*എപ്രകാരമാണോ മനുഷ്യ മനസ്സ്*
*അപ്രകാരമാണ് പ്രപഞ്ചമനസ്സ്*
*എപ്രകാരമാണോ സൂക്ഷ്മസത്ത*
*അപ്രകാരമാണ് സ്ഥൂല സത്ത*
*എപ്രകാരമാണോ സൂക്ഷ്മസത്ത*
*അപ്രകാരമാണ് പ്രപഞ്ചം.*

**ഉപനിഷത്ത്**

മുകളിൽ കൊടുത്തിരിക്കുന്ന വാക്കുകളെ വ്യാഖ്യാനിക്കാമോ?

അത് എന്തിനെ കുറിച്ചാണ്?

അത് ഏക തത്ത്വത്തെയാണോ, ബഹുതത്ത്വത്തെയാണോ സൂചിപ്പിക്കുന്നത്.

ബഹുതത്ത്വത്തെക്കുറിച്ചാണെങ്കിലും അവ ഒന്നാണ്, അവ ഒന്നാണെങ്കിൽ, എങ്ങിനെ?

ഉപനിഷത്തിന്റെ ആത്യന്തികമായ ലക്ഷ്യം ആത്മസാക്ഷാത്കാരമാണ്. ആത്മാവിൻ അല്ലെങ്കിൽ മനസ്സിന്റെ ശുചീകരണ പ്രക്രിയയിലൂടെ എല്ലാവർക്കും ആത്മസാക്ഷാത്കാരത്തിൽ എത്താൻ സാധിക്കും. ബൃഹദാരണ്യകോപനിഷത്ത് ആത്മസാക്ഷാത്കാരത്തിനുള്ള അന്വേഷണം മനസ്സിന്റെ ശ്രമങ്ങളിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് സൂചിപ്പിക്കുന്നു. ശ്രവണം എന്നത് ശ്രദ്ധാപൂർവ്വമുള്ള കേൾവിയും മനസ്സിലാക്കലുമാണ്. എന്നാൽ മനസ്സിലാക്കിയ കാര്യങ്ങൾ വീണ്ടും വീണ്ടും ഓർമകളിൽ അയവിറക്കുന്നതാണ് മനനം. ഓർമിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ പൂർണമായും സാക്ഷാത്കരിക്കുന്നതാണ് നിദിധ്യാസനം. ഈ മൂന്ന് ഘട്ടങ്ങളിലൂടെയാണ് ഒരു വ്യക്തി സ്വയം സാക്ഷാത്കരിക്കുന്നത്. ആത്മാവ്- ആന്തരിക സങ്കൽപ്പവും ബ്രഹ്മം ബാഹ്യ സങ്കൽപ്പവുമാണ്.


ഛാന്ദോഗ്യോപനിഷത്ത് പറയുന്നത് പ്രകാരം "വ്യത്യസ്ത നദികൾ ഒരേ സമുദ്രത്തിൽ സംഗമിക്കുന്നത് പോലെ വ്യത്യസ്ത മനുഷ്യർ ബ്രഹ്മത്തിൽ ഒന്നായി ലയിക്കുന്നു അത് പോലെ, അല്ലയോ ശ്വേതകേതു, നീ ബ്രഹ്മം തന്നെയാകുന്നു".

പരമസത്യം വ്യക്തിനിഷ്ഠമായി അനുഭവപ്പെടുമ്പോൾ അതിനെ ആത്മാവെന്നും, വ്യക്തിനിഷ്ഠതയുടെ പരിധികളും, പരിമിതികളും ഭേദിക്കുമ്പോൾ ബ്രഹ്മമെന്നും പറയുന്നു.

ബ്രഹദാരണ്യകോപനിഷത്ത് പറയുന്നത് പ്രകാരം ഒരാൾ പരമസത്യത്തെ പ്രാപിക്കുമ്പോൾ ലഭിക്കുന്ന ആനന്ദം വർണ്ണനാതീതമാണ്. മനുഷ്യർക്ക്

കൊടുത്തിരിക്കുന്ന ചിത്രം ശ്രദ്ധിക്കുക.

വിത്തും മരവും യഥാർഥത്തിൽ വ്യത്യസ്തമാണോ?



കൊടുത്തിരിക്കുന്ന ഉപമ ഉപയോഗിച്ച്, ബ്രഹ്മത്തിന്റെയും ആത്മാവിന്റെയും ഒരു കുറിപ്പ് തയാറാക്കുക.

പണം കൊണ്ടോ, പദവി കൊണ്ടോ ഇത്തരം ഒരു അനുഭവത്തെ സാക്ഷാത്കരിക്കാനാവില്ല.

മുകളിൽ പറഞ്ഞ കാര്യങ്ങളാണ് ഉപനിഷത്തിന്റെ ആധാരശിലകൾ. പരമാത്മ സാക്ഷാത്കാരത്തെ ഉപനിഷത്തുകൾ മഹാവാക്യ രൂപത്തിൽ പ്രസ്താവിക്കുന്നു. നാല് മഹാവാക്യങ്ങളാണ് ഉപനിഷത്തുകളിൽ കാണുന്നത്.

***മഹാവാക്യങ്ങൾ***

*തത്ത്വമസി : (ഛാന്ദോഗ്യോപനിഷത്ത്-സാമവേദം) - അത് നീ തന്നെയാകുന്നു*

*അഹം ബ്രഹ്മാസ്മി : (ബൃഹദാരണ്യകോപനിഷത്ത്-യജുർവേദം)- ഞാൻ ബ്രഹ്മമാകുന്നു*

*അയമാത്മാ ബ്രഹ്മ : (മാണ്ഡൂക്യോപനിഷത്ത്-അഥർവവേദം) - ഈ ആത്മാവ് ബ്രഹ്മമാണ്*

*പ്രജ്ഞാനം ബ്രഹ്മ : (ഐതരേയോപനിഷത്ത്-ഋഗ്വേദം) - ജ്ഞാനം ബ്രഹ്മമാകുന്നു.*

## 2.3 ഭഗവദ്ഗീത

ഗീതയുടെ തുടക്കം ഒന്ന് ശ്രദ്ധിക്കൂ......................

ധൃതരാഷ്ട്രർ : അല്ലയോ സഞ്ജയാ യുദ്ധ കാംക്ഷികളായ എന്റെ പുത്രന്മാരും പാണ്ഡവ പുത്രന്മാരും കൂടി പവിത്രമായ കുരുക്ഷേത്രഭൂമിയിൽ ഒത്തുകൂടി എന്താണ് ചെയ്തത്?

അജ്ഞനായ ഒരാൾക്ക് മാത്രമേ കുട്ടികളെ തന്റെ പുത്രന്മാർ സഹോദര പുത്രന്മാർ എന്നിങ്ങനെ വേർതിരിച്ചു കാണാനാവൂ. ഇവിടെ ധൃതരാഷ്ട്രർ അറിവില്ലായ്മയുടെ പര്യായമാണ്. കൃഷ്ണനും അർജുനനുമാണ് ഭഗവത് ഗീതയിലെ പ്രധാന കഥാപാത്രങ്ങൾ. കൃഷ്ണഭഗവാൻ അർജുനന് ജ്ഞാനം ഉപദേശിച്ചു കൊടുക്കുകയാണിവിടെ.

മഹാഭാരതം എന്ന ഇതിഹാസ ഗ്രന്ഥത്തിന്റെ ഭാഗമാണ് ഭഗവദ്ഗീത. കൗരവരും പാണ്ഡവരും തമ്മിലുള്ള യുദ്ധമാണ് മഹാഭാരതത്തിന്റെ കഥാതന്തു.

ഇത് ധർമത്തിന് വേണ്ടി അധർമത്തിനെതിരെയുള്ള യുദ്ധമായിരുന്നുവോ?

പ്രതിസന്ധിഘട്ടങ്ങൾ നമ്മൾ അഭിമുഖീകരിക്കുമ്പോൾ ഇത്തരത്തിൽ യുദ്ധം ഉണ്ടാകുമോ?

ധർമയുദ്ധത്തിൽ താങ്കൾക്ക് അധർമം കാണാൻ കഴിയുമോ?

(അശ്വത്ഥാമാവിന്റെ കഥ വായിക്കുക)

**യോഗം**

- സ്വയം ചോദിക്കുക.

എന്തിലാണെന്റെ പ്രാഗത്ഭ്യം?

പാടുന്നത്, നൃത്തം ചെയ്യുന്നത്, ചിത്രം വരയ്ക്കുന്നത്, നീന്തൽ, ആസൂത്രണം ചെയ്യൽ, പ്രോഗ്രാം ചെയ്യൽ,സഹതപിക്കലൽ.

- സുഹൃത്തുക്കളുടെ കഴിവുകൾ നിങ്ങളുടെ കഴിവുകൾക്കു സമമാണോ എന്ന് പരിശോധിക്കുക.

ബുദ്ധി, വികാരം, ആഗ്രഹം എന്നിവയൊക്കെ കൂടിച്ചേർന്നതാണ് മനുഷ്യൻ എന്ന് ഭഗവത്ഗീത പറയുന്നു. ഇതിലുപരി മനുഷ്യൻ നല്ല ചിന്തയിലൂടെയും പ്രവർത്തിയിലുടെയും ആത്മസാക്ഷാൽക്കാരത്തിൽ എത്തിച്ചേരാനും ശ്രമിക്കുന്നു.

ഭഗവത്ഗീതയുടെ അഭിപ്രായത്തിൽ യോഗ എന്നത് കൂടിച്ചേരലാണ്, ദൈവവുമായുള്ള കുടിച്ചേരലാണ്. ഒരു വ്യക്തിയുടെ ഏറ്റവും വലിയ ലക്ഷ്യം മോക്ഷം പ്രാപിക്കുക എന്നതാണ്. ദൈവസാക്ഷാത്കാരത്തിന് വേണ്ടി വ്യത്യസ്ത മാർഗ്ഗങ്ങൾ ഭഗവദ്ഗീത നിർദ്ദേശിക്കുന്നു, കർമയോഗം, ഭക്തിയോഗം ജ്ഞാനയോഗം എന്നിവയാണ് മോക്ഷത്തിലേക്ക് എത്തിച്ചേരാനുള്ള മാർഗങ്ങൾ.

ഭഗവദ്ഗീതയുടെ സന്ദേശം സാർവ്വജനീനവും, സാർവ്വലൗകികവുമാണ്. ചില വ്യക്തികൾ കർമ്മത്തിൽ താൽപര്യമുള്ളവരാണ്. അവർക്ക് കർമ്മയോഗം അനുയോജ്യമാണ്. വൈകാരികമായ ആഭിമുഖ്യമുള്ളവരാണ് മറ്റുചില വ്യക്തികൾ, അവർക്ക് ഭക്തിയോഗം അഭികാമ്യമാണ് എന്ന് ഗീത പറയുന്നു. ജ്ഞാനത്തോട് താൽപര്യമുള്ള മനുഷ്യന്മാർക്ക് ജ്ഞാനയോഗവും ഗീത നിർദ്ദേശിക്കുന്നു. വ്യത്യസ്ത യോഗ മാർഗ്ഗങ്ങൾ പരസ്പര വിരുദ്ധമല്ല, ഓരോ യോഗമാർഗ്ഗവും നമ്മളെ പരിപൂർണ്ണതയിലേക്കും ആത്യന്തിക സത്യത്തിലേക്കും നയിക്കുന്നു. ജ്ഞാനയോഗം ഇപ്രകാരം

പറയുന്നു:"ജ്ഞാനത്തേക്കാൾ പവിത്രമായത് ഒന്നും തന്നെയില്ല ജ്ഞാനാഗ്നി നമ്മുടെ ആഗ്രഹങ്ങളെയും കാമനകളെയും ദഹിപ്പിക്കുന്നു. ലോകത്തെ ഏറ്റവും പാപിയായ ഒരു മനുഷ്യന് പോലും മരണജനനങ്ങളുടെ സംസാര സാഗരത്തെ ജ്ഞാനമാകുന്ന തോണികൊണ്ട് മറികടക്കാവുന്നതാണ്".

ഭക്തിയോഗം പറയുന്നു, "ബാഹ്യമായ എല്ലാ ആരാധനകളും രണ്ടാമതാണ്. ഒരാൾ തന്നെത്തന്നെ ദൈവത്തിനർപ്പിക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം, യഥാർത്ഥ ഭക്തൻ എല്ലാകാര്യവും ദൈവത്തിലർപ്പിക്കുന്നു,എല്ലാത്തിലും ദൈവത്തെ കാണുന്നു."

## നിഷ്കാമകർമം

കർമ്മയോഗത്തിന്റെ അടിസ്ഥാനതത്വം നിഷ്കാമകർമ്മമാണ്.

നമുക്ക് ചർച്ച ചെയ്യാം.

ഫലേച്ഛയില്ലാത്ത പ്രവൃത്തി സാധ്യമാണോ?

മനഃശാസ്ത്രപരമായി ചിന്തിച്ചാൽ, സാധ്യമല്ല. എന്നാൽ,ഒരുവന്റെ പ്രവൃത്തിയുടെ പിന്നിലെ പ്രേരകശക്തി എന്ത്? രണ്ട് പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ് ഭഗവദ്ഗീത ഉദ്ഘോഷിക്കുന്നത്.ആത്മശുദ്ധി,ഈശ്വരസേവ.നമ്മുടെ കഴിവ് പരമാവധി ഉപയോഗപ്പെടുത്തി സ്വാർത്ഥ താല്പര്യങ്ങളില്ലാതെ കർമ്മം ചെയ്യുക. ഇത് നമ്മെ ആത്മശുദ്ധിയിലേക്ക് നയിക്കും. ആത്മസാക്ഷാത്കാരമാണ് ഇതിലൂടെ നാം എത്തിച്ചേരുന്ന ലക്ഷ്യം. ഈശ്വരസേവ ദൈവസാക്ഷാത്കാരത്തിനെ നമ്മെ പ്രാപ്തരാക്കുന്നു.നിഷ്കാമകർമ്മം എന്നാൽ ലക്ഷ്യരഹിത പ്രവൃത്തിയല്ല പിന്നെയോ അത് ഹീനമായ താല്പര്യങ്ങൾ മാറ്റിവെച്ച് ഉന്നതമായ ലക്ഷ്യങ്ങൾ നേടിയെടുക്കലാണ്.

### നമുക്ക് പരിശോധിക്കാം

നിങ്ങൾക്കനുയോജ്യമായ യോഗ തിരിച്ചറിയുക. കാരണം വ്യക്തമാക്കുക.

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

വേർഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ,

"നമ്മൾ ആഗ്രഹിക്കാതെ തന്നെ

കണ്ണുകൾ കാണുന്നു,

ചെവികൾ കേൾക്കുന്നു, ശരീരം അറിയുന്നു".

ഒരു മനുഷ്യനും പ്രവൃത്തിയിൽ നിന്ന് പൂർണ്ണമായും വിട്ടു നിൽക്കാനാവില്ല. പ്രപഞ്ചംതന്നെ പ്രവൃത്തിയിൽ അധിഷ്ഠിതമാണ്. ഇവിടെ പ്രവൃത്തി അഥവാ കർമം എന്നത് ഒരാളുടെ കടമയാണ്. കേവലം പ്രവൃത്തിയല്ല സാധാരണയായി ഫലലഭ്യത കാംക്ഷിച്ചിട്ടുള്ളവയാണ് നമ്മുടെ പ്രവൃത്തികൾ. കർമയോഗത്തിൽ പ്രവൃത്തി മാർഗമല്ല, ലക്ഷ്യമാണ്. നിങ്ങളുടെ താൽപ്പര്യം പ്രവൃത്തിയിൽ ആയിരിക്കണം, ഫലത്തിലല്ല. ഇതാണ് കർമ ഫല ത്യാഗം അഥവാ നിഷ്ക്കാമ കർമം. ഫലത്തെക്കുറിച്ചുള്ള നമ്മുടെ ചിന്ത ശരിയായ പാതയിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കും. ഫലത്തെക്കുറിച്ചുള്ള ആഗ്രഹം ഇല്ലാതായാൽ മനസ്സിന് തുലനത്തോടെ വർത്തിക്കാനാകും. കർമത്തിൽ നിന്നുണ്ടാകുന്ന ഫലം തീർച്ചയായും ഉണ്ടാകും.



**നമുക്ക് മനസ്സിലാക്കാം**

പ്രജ്ഞ വാക്ക് ചിലപ്പോൾ വിവേകം എന്ന് പരിഭാഷപെടുത്താറുണ്ട്. സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ പ്രജ്ഞ എന്ന വാക്കിന് അന്തർജ്ഞാനം, വിവേകബുദ്ധി എന്നും അർത്ഥം പറയാം. പ്ര എന്നാൽ ഉയർന്നത്, ഔന്നത്യമുള്ളത് എന്നൊക്കെയാണർത്ഥം ജ്ഞ എന്നാൽ ബോധം,അറിവ് എന്നുമാണർത്ഥം.

നല്ല പ്രവർത്തി ചെയ്യുന്ന ഒരാളും നല്ലതല്ലാത്ത ലക്ഷ്യത്തിലെത്തുന്നില്ല; ഇവിടെയോ മറ്റൊരു ലോകത്തോ സാമൂഹ്യ കാമകനകളെക്കുറിച്ച് ഭഗവദ്ഗീത ഊന്നിപ്പറയുന്നു. ചില സമയങ്ങളിൽ ഒരു വ്യക്തിക്ക് നല്ലതാകുന്നത് ഒരു സമൂഹത്തിന് എല്ലായ്പ്പോഴും നല്ലതാകണമെന്നില്ല. ഭഗവദ്ഗീത സാമൂഹ്യ ധർമത്തിന്റെ പ്രാധാന്യം ഉറപ്പിച്ച് പറയുന്നുണ്ട്. 'പ്രവൃത്തിയും' 'നിവൃത്തിയും' വളരെ പ്രധാന സങ്കൽപ്പനങ്ങളാണ്.

പ്രവൃത്തി എന്നാൽ കർമം അനുഷ്ഠിക്കലും നിവൃത്തി എന്നാൽ കർമത്തിൽ നിന്ന് മാറിനിൽക്കലുമാണ്. ഭഗവദ്ഗീത പറയുന്നത് പ്രവൃത്തിയിൽ നിന്ന് മാറി നിൽക്കാനല്ല, ഫലത്തെക്കുറിച്ച് ചിന്തിക്കാതിരിക്കാനാണ്. ഗീത പ്രവൃത്തിയെയും നിവൃത്തിയെയും ഒരു സങ്കലനത്തിലെത്തിക്കുന്നു. ഗീത പറയുന്നത് നോക്കുക- "നിന്നിലധിഷ്ഠിതമായ കർമ്മം നീ ചെയ്യുക, പ്രവൃത്തി മാർഗമാണ് നിവൃത്തി മാർഗ്ഗത്തെക്കാൾ നല്ലത്. ഫലത്തിന്

വേണ്ടി മാത്രമായി നീ പ്രവൃത്തിക്കാതിരിക്കുക, പ്രവൃത്തിയിൽ നിന്ന് മാറി നിൽക്കാതെയുമിരിക്കുക. പ്രവൃത്തിയല്ല ഉപേക്ഷിക്കേണ്ടത്,ഫല ത്തേക്കുറിച്ചുള്ള സ്വാർത്ഥമായ ആഗ്രഹമാണ്.അതായത് ഗീത പഠിപ്പി ക്കുന്നത് "പ്രവൃത്തി ഉപേക്ഷിക്കലല്ല, പ്രവൃത്തിയുടെ ഫലമാണ് ഉപേ ക്ഷിക്കേണ്ടത്".

## സ്ഥിതപ്രജ്ഞൻ

പ്രജ്ഞ എന്ന വാക്കിന്റെ അർത്ഥം'ഉയർന്ന ബോധ'മെന്നാണ്. ഇനി നമുക്ക് ഭഗവദ്ഗീതയിലുള്ള സ്ഥിതപ്രജ്ഞൻ എന്ന വാക്കിന്റെ അർത്ഥം ചർച്ച ചെയ്യാം. സമതുലിതമായ ബുദ്ധിയോട് കൂടിയ ഒരാളാണ് സ്ഥിത പ്രജ്ഞൻ. അദ്ദേഹം ഒരു മാതൃകായോഗിയാണ്. സ്ഥിതപ്രജ്ഞൻ എല്ലാ യ്പ്പോഴും ധർമ്മത്തിന് വേണ്ടി കർമ്മമനുഷ്ഠിക്കുകയും, കർമ്മങ്ങളിൽ നിരാസക്തനായിരിക്കുകയും ചെയ്യുന്നു. നിഷ്കാമകർമ്മത്തിന്റെ ഉദാത്ത മാതൃകയാണ് സ്ഥിതപ്രജ്ഞൻ. കാരണം അയാൾ എല്ലാ അഹംബോധ ങ്ങളിൽ നിന്നും, ബാഹ്യപ്രേരണകളിൽ നിന്നും മുക്തനാണ്. അയാൾ ഇന്ദ്രിയങ്ങളെ കീഴടക്കിയവനും, സന്തോഷം, സങ്കടം, ആശ-നിരാശകൾ, സുഖം, ദു:ഖം തുടങ്ങിയ ജീവിതത്തിൽ വരുന്ന എല്ലാ ദ്വന്ദ്വ ഭാവങ്ങളെയും അകറ്റി നിർത്തിയവനുമാണ്. ജനന മരണങ്ങളാവുന്ന സംസാരസാഗര ത്തിൽ നിന്ന് മുക്തി പ്രാപിക്കാൻ കഠിനമായി ശ്രമിക്കുന്ന ഒരാളാണ് 'മുമുക്ഷു'; ആ അർത്ഥത്തിൽ സ്ഥിതപ്രജ്ഞൻ മുമുക്ഷുവാണ്. മനുഷ്യ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്ക് വേണ്ടി ശ്രമിക്കുന്നത് കൊണ്ട് സ്ഥിതപ്രജ്ഞൻ ഒരു മാതൃകാ സാമൂഹിക ജീവിയാണ്. സ്ഥിതപ്രജ്ഞൻ ഒരു പ്രത്യേക രാഷ്ട്രത്തിന്റെയോ സംസ്കാരത്തിന്റെയോ സമൂഹത്തിന്റെ യോ മാത്രം ഭാഗമല്ല. അദ്ദേഹം എല്ലാ കാലത്തുമുള്ള എല്ലാ മനുഷ്യർക്കും ആശ്വാസം നൽകുന്നു. സ്ഥിതപ്രജ്ഞന്റെ സാന്നിധ്യം ഒരു ദേശത്തെ ശുദ്ധീകരിക്കുകയും സമാധാനത്തെ നിലനിർത്തുകയും ചെയ്യുന്നു. സ്ഥിതപ്രജ്ഞൻ ഒരു സ്വതന്ത്ര ആത്മാവാണ്. അദ്ദേഹം ലോകത്തിലുള്ള എല്ലാ വ്യക്തികളിലും നന്മ-തിന്മ എന്ന ഭേദം കൂടാതെ ദൈവത്തിന്റെ സാന്നിധ്യം ദർശിക്കുന്നു. സമതുലിതമായ ബുദ്ധിയുള്ളതുകൊണ്ട് സ്ഥിത പ്രജ്ഞൻ ആത്മസത്തയുടെ ആനന്ദം നിരന്തരം അനുഭവിക്കുന്നു. മാറി ക്കൊണ്ടിരിക്കുന്ന പ്രപഞ്ചാനുഭവങ്ങൾ അദ്ദേഹത്തിന്റെ ആനന്ദത്തെ ബാധിക്കുന്നില്ല. മനസ്സിന്റെ ഉയർച്ച താഴ്ചകളോ ശരീരത്തിന്റെ സുഖദു:ഖ ങ്ങളോ സ്ഥിതപ്രജ്ഞന്റെ സമതുലിതാവസ്ഥയെ ബാധിക്കുന്നില്ല. സ്ഥിത പ്രജ്ഞൻ ഒരു ജീവന്മുക്തനാണ് - അതായത് അദ്ദേഹം മുക്തി ലഭിച്ച ആത്മാവാണ്.

## 2.4 ബ്രഹ്മസൂത്രം

ഉപനിഷത്തിനെ ചുരുക്കി എഴുതാൻ 500 BC മുതൽ 200 BC നൂറ്റാണ്ടിൽ ബാദരായണൻ ശ്രമിച്ചു, അദ്ദേഹം വേദവ്യാസൻ എന്ന് അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമാണ് വേദാന്തത്തിലെ സവിശേഷമായ ദർശനം രൂപപ്പെട്ടത്. ബാദരായണന്റെ പ്രശസ്തമായ ഈ ഗ്രന്ഥത്തെയാണ് വേദാന്തസൂത്രം അല്ലെങ്കിൽ ബ്രഹ്മസൂത്രം എന്നറിയപ്പെടുന്നത്. ഇത് ഉത്തരമീമാംസ സൂത്രം എന്നും അറിയപ്പെടുന്നു. സൂത്രം എന്നതിന് നൂല് എന്നാണ് വാച്യാർത്ഥം. സൂത്രങ്ങളെ തത്വം, നിയമം, എന്നവിധത്തിലും മനസ്സിലാക്കാം.

അധിക സൂത്രങ്ങളും സങ്കീർണ്ണവും ആദ്യ വായനയിൽ അർത്ഥരഹിതമെന്ന് തോന്നുന്നതുമാണ്. അത്കൊണ്ട് തന്നെ സൂത്രങ്ങൾക്ക് ധാരാളം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ വ്യാഖ്യാനങ്ങളിൽ ശങ്കരാചാര്യർ,രാമാനാചാര്യർ.മാധവാചാര്യർ എന്നിവരുടെ വ്യാഖ്യാനങ്ങൾ ശ്രേഷ്ഠമായി കരുതപ്പെടുന്നു. ഈ മൂന്ന് പേരും ഇന്ത്യൻ തത്വചിന്തയിലെ പ്രശസ്ത പണ്ഡിതരായി അറിയപ്പെടുന്നു. ഇവർ മൂന്നു പേരും ബ്രഹ്മസൂത്രത്തിന് തങ്ങളുടെതായ വ്യാഖ്യാനം രചിച്ചു.വേദാന്തത്തിൽ പുതിയ സിദ്ധാന്തങ്ങൾക്ക് തുടക്കം കുറിച്ചു.

555 സൂത്രങ്ങൾ അടങ്ങിയ നാല് അധ്യായങ്ങൾ കൂടിച്ചേർന്ന അമൂല്യ ഗ്രന്ഥമാണ് ബ്രഹ്മസൂത്രം. ഒന്നാം അധ്യായം 'സമന്വയം' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ അധ്യായം പറയുന്നത് എല്ലാ വേദാന്ത ഗ്രന്ഥങ്ങളും ആത്യന്തിക യാഥാർത്ഥ്യമായ ബ്രഹ്മത്തെ കുറിച്ച് സൂചിപ്പിക്കുന്നു എന്നതാണ്. രണ്ടാമത്തെ അധ്യായത്തിന്റെ പേര് അവിരോധം എന്നാണ്; ഈ അധ്യായത്തിൽ വേദാന്ത ദർശനത്തിനെതിരായ വാദങ്ങളെ നിരാകരിക്കുന്നു. മൂന്നാമധ്യായമായ സാധനയിൽ മുക്തി എങ്ങിനെ ലഭിക്കും എന്നതാണ് ചർച്ച ചെയ്യുന്നത്. ആത്യന്തിക യാഥാർത്ഥ്യത്തെ സാക്ഷാത്ക്കരിക്കുന്ന ഘട്ടത്തിൽ സംഭവിക്കുന്ന കാര്യങ്ങളാണ് അവസാനത്തെ അധ്യായമായ ഫലത്തിൽ ചർച്ച ചെയ്യുന്നത്.

## സംഗ്രഹം

- ഭാരതീയതത്ത്വചിന്തയിൽ ഏറ്റവും പഴക്കംചെന്ന ചിന്തയാണ് വേദങ്ങൾ.
- ഭാരതീയചിന്തയിലെ മൂന്നു പ്രധാന തൂണുകളാണ് ഉപനിഷത്ത്, ഭഗവദ്ഗീത, ബ്രഹ്മസൂത്ര.
- ഉപനിഷത്തിലെ അഭിപ്രായത്തിൽ ആഗ്രഹമാണ് ഈ പ്രപഞ്ചത്തിലെ ആത്യന്തിക യാഥാർത്ഥ്യം.
- ജ്ഞാനയോഗം, ഭക്തിയോഗം, കർമ്മയോഗം എന്നീ മൂന്നു മാർഗ്ഗങ്ങളിലൂടെ മോക്ഷത്തിലേക്ക് എത്തിച്ചേരാം.
- ഫലമാഗ്രഹിക്കാത്ത പ്രവർത്തിയാണ് നിഷ്കാമകർമം എന്നത്.
- ഉപനിഷത്തിലെ ചിന്തകൾ കൂടിച്ചേർന്നാണ് ബ്രഹ്മസൂത്രം രചിച്ചത്.

## നമുക്ക് വിലയിരുത്താം

1. മന്ത്രങ്ങളും ബ്രാഹ്മണങ്ങളും കൂടിച്ചേർന്നതാണ് ————————
2. ഒറ്റയാനെ കണ്ടെത്തുക
   a) മന്ത്രം, വേദം, ബ്രാഹ്മണം, ഉപനിഷത്ത്
   b) മന്ത്രം, ബ്രാഹ്മണം, ആരണ്യകം, ഭഗവദ്ഗീത
   c) വേദം, ബ്രാഹ്മണം, ഉപനിഷത്ത്, ആരണ്യകം,
   d) മന്ത്രം, വേദം, ആരണ്യകം, ഉപനിഷത്ത്
3. ഭക്തിയിലേക്കുള്ള മാർഗ്ഗം ————————
   a) ഭക്തിയോഗ, b) ജ്ഞാനയോഗ, c) കർമ്മയോഗ,
4. സറിതപ്രജ്ഞന്റെ യഥാർത്ഥ അർത്ഥം എഴുതുക?
5. മഹാഭാരതം: വേദവ്യാസ, ബ്രഹ്മസൂത്രം:
6. "വേദപഠനത്തിന്റെ സാരാംശമാണ് ഭഗവദ്ഗീത" ശങ്കരാചാര്യരുടെ ഈ ഉദ്ധരണി വിഷയമായി ഒരു സെമിനാർ അവതരിപ്പിക്കുന്നതിന് ആവശ്യമായ ആശയങ്ങൾ തയാറാക്കുക.
7. "ബ്രഹ്മവും ആത്മനും ഒന്നാണ്", ഈ പ്രസ്താവന സമർത്ഥിക്കുക.

8. "വേദങ്ങളുടെ ആദ്യകാല വ്യാഖ്യാനമാണ് ബ്രഹ്മസൂത്രം" വിവരിക്കുക.

9. "പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശരിയായ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| തത്ത്വമസി | ബ്രഹദാരണ്യകോപനിഷത്ത് | ഞാൻ ബ്രഹ്മമാകുന്നു. |
| അഹം ബ്രഹ്മാസ്മി | ഛാന്ദൂഗ്യോപനിഷത്ത് | ആത്മാവ് ബ്രഹ്മമാവുന്നു |
| അയം ആത്മബ്രഹ്മ | ഐതരേയോപനിഷത്ത് | പ്രജ്ഞ ബ്രഹ്മമാവുന്നു |
| പ്രജ്ഞാനാം ബ്രഹ്മ | മാണ്ഡൂക്യോപനിഷത്ത് | അത് തന്നെയാണ് നീ |

# 3

# ദർശനങ്ങൾ

E9I2B9

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ

- ദർശനം എന്ന പദത്തിനർഥം മനസ്സിലാക്കുന്നു.
- ഭാരതീയതത്ത്വചിന്തയിലെ രണ്ടുവിഭാഗങ്ങളായ ആസ്തികദർശനവും നാസ്തിക ദർശനവും തിരിച്ചറിയുന്നു.
- വിവിധ ഇന്ത്യൻ ദർശനങ്ങളെ തിരിച്ചറിയുന്നു.
- ജ്ഞാനസിദ്ധാന്തങ്ങളെ അപഗ്രഥിക്കുന്നു.
- വൈശേഷിക ദർശനത്തിലെ പദാർഥങ്ങളെ അപഗ്രഥിക്കുന്നു.
- പരിണാമ സിദ്ധാന്തങ്ങളെ താരതമ്യം ചെയ്യുന്നു
- യോഗയിലെ വിവിധ ഘട്ടങ്ങൾ പ്രാവർത്തികമാക്കുന്നു.
- ധർമത്തിന്റെ പ്രാധാന്യം വിശകലനം ചെയ്ത്, നിഗമനത്തിലെത്തുന്നു.
- വേദാന്ത ദർശനങ്ങളെ വർഗീകരിക്കുന്നു.
- ആര്യസത്യങ്ങൾ കണ്ടെത്തുകയും മൂല്യനിർണയം നടത്തുകയും ചെയ്യുന്നു.
- സപ്തഭംഗി നയങ്ങളെ വിശകലനം ചെയ്യുകയും, നിഗമനത്തിലെത്തുകയും ചെയ്യുന്നു.
- ചാർവാകദർശനം മറ്റ് ഭാരതീയ ദർശനങ്ങളിൽ നിന്നും എപ്രകാരം വിഭിന്നമായിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു.

## പ്രധാനാശയങ്ങൾ

3 .1 ദർശനങ്ങൾ

3 .2 ആസ്തികദർശനങ്ങൾ

- ന്യായദർശനം - ജ്ഞാനശാസ്ത്രം
- വൈശേഷികദർശനം - 7 പദാർഥങ്ങൾ
- സാംഖ്യദർശനം - പരിണാമസിദ്ധാന്തം
- യോഗദർശനം - അഷ്ടാംഗയോഗ
- പൂർവ്വമീമാംസ - ധർമ
- ഉത്തരമീമാംസ - അദ്വൈത വേദാന്തം, വിശിഷ്ടാദ്വൈത വേദാന്തം, ദ്വൈത വേദാന്തം

3.3 നാസ്തികദർശനങ്ങൾ

- ചാർവാകദർശനം - ഭൗതികവാദം
- ബുദ്ധദർശനം - ആര്യ സത്യങ്ങൾ
- ജൈനദർശനം - സ്യാദ്വാദം

## ആമുഖം

ഭാരതീയ തത്ത്വചിന്തയിലെ നാസ്തിക ദർശനത്തെയും ആസ്തിക ദർശനത്തെയും കുറിച്ചാണ് ഈ പാഠഭാഗം വിശദീകരിക്കുന്നത്. വേദങ്ങളെ അംഗീകരിക്കുകയും വേദകാല അറിവുകളെ സ്വാംശീകരിക്കുകയും ചെയ്യുന്ന വിഭാഗങ്ങളാണ് ആസ്തികദർശനങ്ങൾ. വേദങ്ങളെ അംഗീകരിക്കാത്ത വിഭാഗങ്ങളാണ് നാസ്തിക ദർശനങ്ങൾ.

മുൻപാഠഭാഗങ്ങളിൽ അഹം ബ്രഹ്മാസ്മി എന്ന മഹാവാക്യം നിങ്ങൾ മനസ്സിലാക്കിയില്ലേ? ഇതിനർഥം 'ഞാൻ ബ്രഹ്മമാകുന്നു' എന്നാണ്.

ഈ മഹാവാക്യത്തെ വ്യാഖ്യാനിക്കാൻ ആവില്ലേ?

- 
- 
- 

## 3.1 ഭാരതീയ ദർശനങ്ങൾ

പിൽക്കാല ഭാരതീയ ചിന്തയിൽ ഭാരതീയ തത്ത്വചിന്തയുടെ പ്രധാന ഗ്രന്ഥങ്ങളായ ഉപനിഷത്ത്, ഭഗവദ്ഗീത, ബ്രഹ്മസൂത്രം എന്നിവയുടെ വ്യാഖ്യാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മഹാമുനിമാരുടെ കാഴ്ചപാടുകളാണ് ദർശനങ്ങൾ എന്ന് അറിയപ്പെടുന്നത്. ദർശനം എന്ന വാക്ക് കാണുക എന്നർത്ഥം വരുന്ന 'ദൃശ്' എന്ന സംസ്കൃത വാക്കിൽ നിന്നാണ് ഉണ്ടായത്. ദർശനം എന്ന വാക്ക് ഒരു തത്ത്വചിന്തയെ വിശദീകരിക്കാൻ ഉപയോഗിക്കുന്നു.

വേദകാലഘട്ടത്തിനുശേഷം പ്രധാനപ്പെട്ട രണ്ടു ചിന്താധാരകൾ ഉടലെടുത്തു. വേദങ്ങളെ അംഗീകരിക്കുന്ന വിഭാഗമായ ആസ്തിക ദർശനങ്ങളും (Orthodox schools). വേദങ്ങളെ അംഗീകരിക്കാത്ത നാസ്തികദർശനങ്ങളും (Heterodox schools). ആസ്തികദർശനങ്ങളെ വേദിക് സ്കൂൾ എന്നും നാസ്തികദർശനങ്ങളെ നോൺ വേദിക് സ്കൂൾ എന്നും പറയുന്നു.

ആസ്തികദർശനങ്ങൾ പ്രധാനപ്പെട്ട ആറ് ദർശനങ്ങൾ ഉൾപ്പെട്ടതാണ്. ഇത് ഷഡ്ദർശനങ്ങൾ എന്നാണ് അറിയപ്പെടുന്നത്.


- *ന്യായദർശനം*
- *വൈശേഷികദർശനം*
- *സാംഖ്യദർശനം*
- *യോഗദർശനം*
- *പൂർവ്വമീമാംസാദർശനം*
- *ഉത്തരമീമാംസാദർശനം (വേദാന്തം)*

വേദങ്ങളെ അംഗീകരിക്കാത്ത നാസ്തികദർശനങ്ങൾ ഇവയാണ്.

- *ചാർവാകദർശനം*
- *ബൗദ്ധദർശനം*
- *ജൈനദർശനം*

**നമുക്ക് പരിശോധിക്കാം**

## പട്ടിക പൂരിപ്പിക്കുക




- **ന്യായദർശനം**

പ്രപഞ്ചത്തെ അല്ലെങ്കിൽ ലോകത്തെ നിങ്ങളെങ്ങനെയാണ് അറിയുന്നത്?

- 
- 

അറിവിന്റെ വിവിധ സ്രോതസ്സുകളേതെല്ലാം?

- 
- 

നമുക്ക് അറിവ് പല സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്നു. ന്യായദർശനം (Indian Logic) ജ്ഞാനത്തിന്റെ സ്രോതസ്സുകൾ ചർച്ച ചെയ്യുന്നു. ഈ ദർശനം ജ്ഞാനസിദ്ധാന്തത്തിന് വളരെയധികം പ്രാധാന്യം നൽകുന്നു.

ന്യായദർശനം മുഖ്യമായും യാഥാർഥ്യത്തെ മനസ്സിലാക്കാനുള്ള മാർഗങ്ങളെ പറ്റിയുള്ള അന്വേഷണമാണ്. ന്യായദർശനം ബഹുത്വവാദത്തിനും, താർക്കിക യഥാതഥവാദം (Logical realism) വളരെ പ്രാധാന്യം കൊടുത്തു. ഇതു പ്രകാരം പ്രപഞ്ചത്തിലുള്ള വസ്തുക്കൾ സ്വതന്ത്രമാണെന്ന് മാത്രമല്ല നമ്മുടെ അറിവിൽ നിന്ന് കൂടി സ്വതന്ത്രമാണ്. ഇതാണ് ന്യായദർശനത്തെ ബഹുത്വവാദമായി മാറ്റുന്നത്. ന്യായദർശന പ്രകാരം അനേകം സത്യങ്ങളുണ്ട്. അവ ചേർന്നതാണ് പ്രപഞ്ചം. ന്യായം എന്ന പദത്തിനർഥം താർക്കിക ബുദ്ധി എന്നതാണ്. ഇതിനെ തർക്കവിദ്യ അല്ലെങ്കിൽ യുക്തിശാസ്ത്രം എന്നും പറയുന്നു.

ന്യായദർശനത്തിൽ ഭൗതിക വസ്തുക്കളെല്ലാം കണങ്ങളുടെ കൂടിച്ചേരലാണ്. ഈ ദർശനം യഥാർത്ഥവാദമാണ്, കാരണം ബാഹ്യലോകത്തിന്റെ യാഥാർത്ഥ്യത്തെ ഇത് അംഗീകരിക്കുന്നു. താർക്കിക ബുദ്ധിയിലൂടെയാണ്

പ്രപഞ്ചത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വിശദീകരിക്കുന്നത്. ഭാരതീയ ജ്ഞാന സിദ്ധാന്തത്തിന്റെ ഔന്നത്യത്തെയാണ് ന്യായദർശനം പ്രതിനിധീകരിക്കുന്നത്. ന്യായദർശനത്തിന്റെ സ്ഥാപകനായ ഗോതമന്റെ *'ന്യായസൂത്ര'* മാണ് ഈ ദർശനത്തിന്റെ അടിസ്ഥാനഗ്രന്ഥം.

**നമുക്ക് മനസ്സിലാക്കാം**

അഞ്ചാം നൂറ്റാണ്ടിൽ വാത്സ്യായനൻ രചിച്ച *ന്യായഭാഷ്യം* ന്യായസൂത്രത്തിന്റെ പ്രസിദ്ധമായ വ്യാഖ്യാനമാണ്.

## ജ്ഞാനസിദ്ധാന്തം

ന്യായദർശനം പറയുന്നത് നിലനിൽക്കുന്നതിനെയൊക്കെയും നമുക്ക് അറിയാൻ കഴിയുന്നവയാണെന്നാണ്. ന്യായദർശനം പ്രമ, അപ്രമ എന്നീ രണ്ടു തരത്തിലുള്ള അറിവിനെക്കുറിച്ച് പറയുന്നു. പ്രമ എന്നത് ശരിയായ അറിവാണ്. ഒരു വസ്തുവിനെ കൃത്യമായി മനസ്സിലാക്കുന്നതാണ് അത്. എന്നാൽ അപ്രമ കൊണ്ട് ഉദ്ദേശിക്കുന്നത് തെറ്റായ അറിവ് എന്നതാണ്. വസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണത്. ഉദാഹരണത്തിന്, ഒരു വ്യക്തി ഇരുണ്ട വെളിച്ചത്തിൽ കയറിനെ പാമ്പായി തെറ്റിദ്ധരിക്കുന്നു– ഇതാണ് അപ്രമ. പിന്നീട് ശരിയായ വെളിച്ചത്തിൽ കയറാണെന്ന് തിരിച്ചറിയുന്നു. ഇതാണ് പ്രമ. ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവാണ് പ്രമ. ഈ വസ്തുവിനെ പ്രമേയം എന്നു പറയുന്നു. അറിയുന്ന ആളിനെ പ്രമാതാവ് എന്നും അറിയാനുള്ള മാർഗം പ്രമാണം എന്നും പറയുന്നു.

മറ്റൊരു രീതിയിൽ, പ്രമാണം എന്നത് അറിവ് നേടാനുള്ള മാർഗ്ഗമാണ്.

- പാമ്പ് – കയർ മിഥ്യാധാരണ ചിത്രീകരിച്ച്, അവയിൽ പ്രമ, അപ്രമ, പ്രമാണ, പ്രമേയ, പ്രമാതാവ് എന്നിവ തിരിച്ചറിയുക.

**പ്രമാണങ്ങൾ**

- ഗൗതമന്റെ ന്യായസൂത്രം അനുസരിച്ച് നാലുതരത്തിലുള്ള പ്രമാണങ്ങളുണ്ട്:
  - പ്രത്യക്ഷം (perception)
  - അനുമാനം (inference)
  - ഉപമാനം (comparison)
  - ശബ്ദം (verbal testimony)


നമുക്ക് അവ വിശദമായി പഠിക്കാം.

### പ്രത്യക്ഷം

ഗൗതമൻ താഴെപറയുന്ന രീതിയിൽ പ്രത്യക്ഷത്തെ നിർവചിക്കുന്നു.

പ്രത്യക്ഷം എന്നാൽ നേരിട്ട് അറിവ് നേടുന്ന മാർഗമാണ്. പ്രത്യക്ഷജ്ഞാനത്തിന്റെ സാധ്യത വിശാലവും, അത്യന്തം ഉപകാരപ്രദവുമാണ്. "ഇന്ദ്രിയവും വസ്തുവും തമ്മിലുള്ള സമ്പർക്കത്തിൽ നിന്നുണ്ടാകുന്നതും തെറ്റാത്തതും നിശ്ചയത്വമുള്ളതുമാണ് പ്രത്യക്ഷജ്ഞാനം". ഇന്ദ്രിയവും വസ്തുവും തമ്മിലുള്ള സമ്പർക്കം ജ്ഞാനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഉപാധിയും ജ്ഞാന പ്രക്രിയയുടെ ആരംഭവുമാണ്. *പ്രത്യക്ഷം* നേരിട്ടുള്ള അറിവാണ്. ഈ പ്രമാണത്തിൽ സാധ്യതകൾ വളരെ വിശാലവും, വളരെ പ്രയോജനപ്രദവുമാണ്.

താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിൽ വിവിധതരത്തിലുള്ള പ്രത്യക്ഷ പ്രമാണങ്ങളെ കാണിക്കുന്നു.




### അനുമാനം

അറിവ് നേടാനുള്ള രണ്ടാമത്തെ മാർഗമാണ് അനുമാനം. അനുമാനം അടിസ്ഥാനപ്പെടുത്തുന്നത് പ്രത്യക്ഷത്തെയാണ്.

പക്ഷ, ഹേതു, സാധ്യം എന്നിങ്ങനെ മൂന്ന് അനുമാന ഘടകങ്ങളെക്കുറിച്ച് ന്യായസൂത്രം വിശദീകരിക്കുന്നു. ഹേതുവിനെ മദ്ധ്യപദമെന്നും (middle term)സാധ്യത്തെ മുഖ്യപദമെന്നും (major term) പക്ഷത്തെ ലഘുപദമെന്നും (minor term) പറയുന്നു. പാശ്ചാത്യ തർക്കവിദ്യയിലെ തർക്കരൂപത്തിൽ മൂന്ന് തർക്ക വാക്യങ്ങളുണ്ടെങ്കിൽ ന്യായദർശനത്തിൽ അഞ്ച് തർക്ക

**നമുക്ക് മനസ്സിലാക്കാം**

അനുമാനം പൂർവ്വവത്, ശേഷവത്, സാമന്യതോദൃഷ്ടം എന്നിങ്ങനെ മൂന്ന് തരത്തിലുണ്ട്. സ്വാർത്ഥാനുമാനം, പരാർത്ഥാനുമാനം എന്നിങ്ങനെ രണ്ടായും അനുമാനത്തെ തരംതിരിക്കാറുണ്ട്.

വാക്യങ്ങളുണ്ട്. ഭാരതീയ തർക്കശാസ്ത്രത്തിലുള്ള അനുമാനത്തിലെ അഞ്ച് ന്യായവാക്യങ്ങൾ:

- പ്രതിജ്ഞ (കുന്നിനുമുകളിൽ തീ ഉണ്ട്)
- ഹേതു (കാരണം കുന്നിനുമുകളിൽ പുകയുണ്ട്)
- ഉദാഹരണം (എവിടെ പുകയുണ്ടോ അവിടെ തീയുണ്ട്)
- ഉപനയം (പുക എന്നത് തീയുടെ അവിഭാജ്യഘടകമാണ്)
- നിഗമനം (അതുകൊണ്ട് കുന്നിനുമുകളിൽ തീയുണ്ട്)

**നമുക്ക് പരിശോധിക്കാം**

അനുമാനത്തെ അരിസ്റ്റോട്ടിലിന്റെ സിലോജിസവുമായി താരതമ്യം ചെയ്യുക.

..........................................................................................

..........................................................................................

## ഉപമാനം

ന്യായദർശനം പറയുന്നത് ഉപമാനം എന്നാൽ പേരും ആ പേര് അർഥമാക്കുന്ന വസ്തുവും തമ്മിലുള്ള ബന്ധത്തിൽ നിന്നും ഉടലെടുക്കുന്ന അറിവാണ്. ഉപമ കൊണ്ട് ലഭ്യമാകുന്ന അറിവാണ് ഉപമാനം. ഉദാഹരണത്തിന് *ഗവയ* എന്ന വാക്ക് പറഞ്ഞാൽ ആർക്കും മനസ്സിലാവില്ല. എന്നാൽ *ഗവയ* എന്നത് ഒരു മൃഗമാണ് എന്നും പശുവിനെ പോലെയാണെന്നും പറഞ്ഞാൽ എളുപ്പത്തിൽ എല്ലാവർക്കും ഉപമിക്കാൻ സാധിക്കും. നേരിട്ട് കാണാതെ തന്നെ ലഭിക്കുന്ന അറിവിനെയാണ് ഉപമാനം എന്നു പറയുന്നത്. സാദൃശ്യത്തിൽനിന്നും ലഭിക്കുന്ന അറിവാണിത്.

കൂടുതൽ ഉദാഹരണങ്ങൾ ജീവിത സാഹചര്യത്തിൽ നിന്നും കണ്ടെത്തുക.

- ഗവയ എന്നത് പശുവിനെപോലെയുള്ള മൃഗം ആണ്.
- ചീങ്കണ്ണി മുതലയെപ്പോലുള്ള ജീവിയാണ്.
-

### ശബ്ദപ്രമാണം

ആധികാരികമായ അഭിപ്രായം അല്ലെങ്കിൽ ആപ്തോപദേശം എന്നതാണ് ശബ്ദം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ആപ്തൻ എന്നാൽ സത്യം അറിയുന്ന പണ്ഡിതൻ എന്നാണ്.

ശബ്ദ പ്രമാണം രണ്ടുതരത്തിലാണ് – വൈദികവും ലൗകികവും.

## വൈശേഷികദർശനം


- സ്കൂൾ ക്ലാസുകളിൽ കണങ്ങളെക്കുറിച്ച് പഠിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടോ?

പ്രപഞ്ചം ഉത്ഭവിച്ചത് പരമാണുവിൽ നിന്നാണെന്നും പരമാണു പരമമായ സത്യം ആണെന്നും ഉദ്ഘോഷിച്ച വൈശേഷിക ദർശനം പ്രാചീന ഇന്ത്യയിലെ ഏറ്റവും കെട്ടുറപ്പുള്ളതും യുക്തിയിൽ അധിഷ്ഠിതമായ ദർശനങ്ങളിൽ ഒന്നുമാണ്. കണാദനാണ് വൈശേഷിക ദർശനത്തിന്റെ പ്രയോക്താവ്. *'വൈശേഷിക സൂത്രം'* എന്ന ഗ്രന്ഥമാണ് വൈശേഷിക ദർശനത്തിന് ആധാരം. 'വിശേഷം' എന്ന വാക്കിൽ നിന്നാണ് വൈശേഷികദർശനം ഉത്ഭവിച്ചത്. ഇതിനർഥം 'വ്യത്യസ്തമാകൽ' അല്ലെങ്കിൽ 'വേർതിരിക്കൽ' എന്നാണ്. വൈശേഷികർ അതിഭൗതിക സിദ്ധാന്തത്തിനാണ് പ്രാധാന്യം നൽകിയത്.



**നമുക്ക് മനസ്സിലാക്കാം**

എല്ലാ വസ്തുക്കളും ആറ്റം എന്ന ചെറുകണങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ആറ്റങ്ങളിലാകട്ടെ പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ എന്നിവയുടെ കൂട്ടമായാണുള്ളത്. മൂലകത്തിന്റെ കണങ്ങളെ മറ്റൊരു മൂലകമായി മാറ്റാൻ കഴിയില്ല. ഒരു മൂലകത്തിന്റെ കണങ്ങൾക്ക് ഒരേ ഗുണങ്ങളാണുള്ളത്. ഇത് മറ്റൊരു മൂലകങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് .



### പദാർഥങ്ങൾ

വൈശേഷിക ദർശനത്തിന്റെ അതിഭൗതികതാസിദ്ധാന്തമാണ് പദാർഥങ്ങൾ. ഏഴു പദാർഥങ്ങളുടെ ഒരു സംഘാതമാണ് പ്രപഞ്ചം. നാമകരണം ചെയ്യാനും, നമുക്കറിയാനും സാധിക്കുന്നതിനെയാണ് പദാർഥം എന്നു പറയുന്നത്. ഏഴുപദാർത്ഥങ്ങളുടെ സമ്മിശ്രമാണ് പ്രകൃതി. ഈ വിഭാഗങ്ങളാണ് പദാർഥങ്ങൾ എന്നറിയപ്പെടുന്നത്. അവ ഇതാണ്;

- ദ്രവ്യം (substance)
- ഗുണം (quality)
- കർമം (action)
- സാമാന്യം (general)
- വിശേഷം (particular)

- സമവായം (inherence)
- അഭാവം (non-existence)

### ദ്രവ്യങ്ങൾ

ഭൗതികവും അതിഭൗതികവുമായ എല്ലാ പ്രതിഭാസങ്ങൾക്കും അടിസ്ഥാനമായ മൗലിക പദാർഥമാണ് ദ്രവ്യം. ഭൗതിക ലോകത്തുള്ള എല്ലാം ദ്രവ്യത്തിൽ നിന്നാണ് ഉണ്ടായത്.

വൈശേഷിക ദർശനത്തിൽ ഒമ്പതു ദ്രവ്യങ്ങളാണ് വിശദീകരിച്ചിരിക്കുന്നത്. ഭൂമി, അഗ്നി, വായു, ആകാശം, ജലം എന്നീ പഞ്ചഭൂതങ്ങളും, സമയം (കാലം), സ്ഥലം (ദിക്ക്), മനസ്സ്, ആത്മാവ് എന്നിവയും. പഞ്ചഭൂതങ്ങളിൽ ഓരോന്നിനും അതിന്റേതായ ഗുണങ്ങൾ ഉണ്ട്.

### ഗുണം

ഗുണം ദ്രവ്യത്തിൽ ഉള്ളടങ്ങിയിരിക്കുന്നതാണ്. ഓരോ മൂലകത്തിനും അതിന്റേതായ ഗുണങ്ങളുണ്ട്. ഗുണമില്ലാതെ ദ്രവ്യങ്ങൾക്ക് നിലനിൽപ്പില്ല. ദ്രവ്യത്തിൽ നിന്ന് ഗുണത്തെ വേർതിരിക്കാൻ സാധ്യമല്ല. എന്നാൽ ദ്രവത്തിൽ നിന്ന് മാറി ഗുണത്തിന് നിലനിൽക്കാനാവില്ല.



**നമുക്ക് മനസ്സിലാക്കാം**

വൈശേഷിക ദർശനത്തിൽ 24 ഗുണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. വർണം, പൃഥക്ത്വം, സുഖം, ദ്രവത്വം, രസം, സായോഗം, ദുഃഖം, സ്നേഹം, ഗന്ധം, വിഭാഗം, സന്തോഷം, ധർമം, ശബ്ദം, പരത്വം, ദ്വേഷം, അധർമം, സ്പർശം, അപരത്വം, പ്രയത്നം, സംസ്കാരം, സഖ്യ, ബുദ്ധി, പരിമാണം, ഗുരുത്വം.

### കർമം

കർമം എന്നത് സ്വതന്ത്ര പദാർഥമാണ്. ഒരു ദ്രവ്യത്തിന്റെ ഭാഗമായി മാത്രമേ ഇതിന് നിലനിൽപ്പുള്ളൂ. വസ്തുക്കൾ യോജിക്കുന്നതും വേർപിരിയുന്നതും കർമത്താലാണ്. കർമം ദ്രവ്യത്തിൽ അടങ്ങിയിരിക്കുന്നു. ദ്രവ്യത്തെ ചലനാത്മകമാക്കുന്നത് കർമമാണ്. കർമം ചലനമാണ്. ചലനമാണ് ജീവിതത്തിന്റെ മുദ്ര.

### സാമാന്യം

ഒരു വിഭാഗത്തിൽ ഉൾപ്പെട്ട വിഭിന്നങ്ങളായ അനേകം വസ്തുക്കളിൽ പൊതുവിൽ കാണപ്പെടുന്ന ഗുണങ്ങൾക്ക് സാമാന്യം എന്നു പറയുന്നു. ഉദാഹരണത്തിന് പശുത്വം, മനുഷ്യത്വം. ഇത് പൊതുവെയുള്ള ഒരു സവിശേഷതയാണ്.

### വിശേഷം

ഒരു ദ്രവ്യത്തെ മറ്റ് ദ്രവ്യങ്ങളിൽ നിന്ന് തരംതിരിക്കാൻ സഹായിക്കുന്ന

സ്വഭാവമാണ് വിശേഷം. ബുദ്ധികൊണ്ട് അതിന്റെ അസ്തിത്വം അനുമാനിക്കാം. ദ്രവ്യങ്ങൾ വിഭിന്നമായിരിക്കുന്നത് വിശേഷം കൊണ്ടാണ്. വിശേഷം എന്നത് വിഭജനാതീതമായ ഒരു പദാർഥമാണ്.

ഉദാ: യുക്തി എന്ന വിശേഷമാണ് മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്നത്.

### സമവായം

നിത്യവും അഭിവാജ്യവുമായ ബന്ധത്തിനാണ് സമവായം എന്നു പറയുന്നത്. ബന്ധങ്ങളെ യഥാർഥ പദാർഥമായി വൈശേഷിക ദർശനം കണക്കാക്കുന്നു.

സ്ഥിരമായി നിലനിൽക്കുന്ന ചില ബന്ധങ്ങൾ ഇവയാണ്:

- ദ്രവ്യങ്ങളും അവയുടെ ഗുണങ്ങളും തമ്മിലുള്ള ബന്ധം
- ദ്രവ്യങ്ങളും കർമങ്ങളും തമ്മിലുള്ള ബന്ധം
- സാമാന്യവും വിശേഷവും തമ്മിലുള്ള ബന്ധം
- പരമാണുക്കളും വസ്തുക്കളും തമ്മിലുള്ള ബന്ധം
- അംശവും പൂർണവും തമ്മിലുള്ള ബന്ധം

രണ്ടുതരം സമവായ ബന്ധങ്ങളുണ്ട്:

- സമന്വയം
- സംയോഗം

സംയോഗം എന്നത് താൽക്കാലിക ബന്ധമാണ്.

ഉദാഹരണമായി തുണിയും നിറവും.

സമന്വയം എന്നത് സ്ഥിരമായി നിലനിൽക്കുന്നതും വേർതിരിക്കാൻ പറ്റാത്തതുമായ ബന്ധമാണ്. ഉദാഹരണം നൂലും തുണിയും.

### അഭാവം

കണാദൻ ആറ് തരം പദാർഥങ്ങളെയാണ് സ്വീകരിച്ചത്. പിൽക്കാല വൈശേഷിക ചിന്തകർ അഭാവം എന്ന പദാർഥം കൂടി ഉൾപ്പെടുത്തി. ഒരു വസ്തു ഉണ്ടായിരുന്ന സ്ഥലത്ത് കാണപ്പെടാത്ത അവസ്ഥയാണ് അഭാവം. ഉദാഹരണം, അമാവാസി ദിനത്തിൽ ചന്ദ്രന്റെ അസാന്നിധ്യം. ചന്ദ്രനില്ല എന്നല്ല കാണിക്കുന്നത്.



**നമുക്ക് മനസ്സിലാക്കാം**

അഭാവം നാലു തരത്തിലുണ്ട്:

- പ്രാഗഭാവം
- പ്രധ്വംസാഭാവം
- അന്യോന്യാഭാവം
- അത്യന്താഭാവം

## സാംഖ്യ ദർശനം

നിങ്ങൾ പരിണാമസിദ്ധാന്തത്തെക്കുറിച്ചും ഡാർവിന്റെ സിദ്ധാന്തങ്ങളെ കുറിച്ചും മുൻക്ലാസ്സുകളിൽ പഠിച്ചിരിക്കുമല്ലോ? ഇതൊക്കെ ജീവന്റെ പരിണാമങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. ഭാരതത്തിലെ പുരാതന കാലത്തെ സാംഖ്യദർശനം പറയുന്ന പരിണാമസിദ്ധാന്തത്തെക്കുറിച്ചാണ് നാം പഠിക്കുന്നത്.

സാംഖ്യം ഏറ്റവും പ്രാചീനമായ ആസ്തിക ദർശനമാണ്. ഭാഷാപരമായി സാംഖ്യം എന്നത് എണ്ണം, ശരിയായ അറിവ് എന്നൊക്കെ അർഥമുള്ള 'സാംഖ്യ' എന്ന സംസ്കൃത വാക്കിൽ നിന്നാണ് ഉത്ഭവിച്ചത്. ചിന്തിക്കുക എന്ന അർഥവും സാംഖ്യക്കുണ്ട്.

കപിലനാണ് സാംഖ്യ ദർശനത്തിന്റെ പ്രായോക്താവ്. അദ്ദേഹത്തിന്റെ *സാംഖ്യസൂത്രം* എന്ന ഗ്രന്ഥമാണ് സാംഖ്യദർശനത്തിന്റെ ആധികാരിക മായ ഗ്രന്ഥം.

ഭൗതികലോകത്തിന്റെ മുഴുവൻ ഗതിക്രമത്തിന്റെയും അടിസ്ഥാനമായ സാംഖ്യം കാണുന്നത് പുരുഷനും പ്രകൃതിയും (ആത്മാവ്, ഭൗതിക പദാർഥം) എന്നീ രണ്ട് പരമതത്ത്വങ്ങളുടെ അന്യോന്യബന്ധമാണ്. പ്രകൃ തിയാണ് ലോകത്തിന്റെ ഭൗതികവും ക്രിയാത്മകവുമായ മൂലകാരണം.

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും പ്രകൃതിയിൽ നിന്നാണ് പരിണമി ക്കുന്നത്. പ്രകൃതിയാണ് മൂലപദാർഥം എന്നത് കൊണ്ട് അതിനെ 'പ്രധാനം' എന്നു പറയുന്നു.

പ്രകൃതിക്ക് സത്വം, രജസ്, തമസ് എന്നിങ്ങനെ മൂന്ന് ഗുണങ്ങൾ ഉണ്ട്. ഈ മൂന്ന് ഗുണങ്ങളിൽ നിന്നും വേറിട്ട ഒരു പ്രകൃതി ഇല്ല. സത്വ രജോ തമോ ഗുണങ്ങളുടെ സമതുലിതാവസ്ഥയാണ് പ്രകൃതി. പ്രകൃതിയെ കൂടാ തെ സാംഖ്യ ദർശനത്തിലെ മറ്റൊരു തത്ത്വമാണ് പുരുഷ അല്ലെങ്കിൽ ആത്മാവ്. പുരുഷൻ ഭോക്താവാണ്. മനസ്സോ ശരീരമോ അല്ല. ബുദ്ധിയോ അഹമോ അല്ല. ജ്ഞാനത്തിന്റെ അടിസ്ഥാനമാണിത്. സർവ്വവ്യാപിയും, അരൂപിയും നിത്യവുമായ സ്വയം പ്രകാശിത തത്ത്വമാണിത്.

### പരിണാമസിദ്ധാന്തം

സാംഖ്യദർശന പ്രകാരം പ്രകൃതിപരിണാമത്തിന്റെ ഫലമായാണ് പ്രപഞ്ചം ഉണ്ടാകുന്നത്. പ്രകൃതിയോട് പുരുഷനുള്ള ബന്ധത്തിൽ നിന്നാണ് പരിണാമ സംഭവിക്കുന്നത്. രണ്ടുതരത്തിലുള്ള പരിണാമം സാംഖ്യദർശ നത്തിൽ ഉണ്ട്.

- സജാതീയ പരിണാമം
- വിജാതീയ പരിണാമം

സത്വ രജോ തമോ ഗുണങ്ങളോട് കൂടിച്ചേർന്ന പരിണാമമാണ് സജാതീയ പരിണാമം. ഇവിടെ സത്വ രജോ തമോ ഗുണങ്ങൾ സന്തുലിതാവസ്ഥയിൽ ആയിരിക്കും. ഒരു ഗുണം അതേ ഗുണമായി തന്നെ പരിണമിക്കുന്നു.

വിജാതീയ പരിണാമത്തിൽ പ്രകൃതി മറ്റു പല വസ്തുക്കളായി പരിണമിക്കുന്നു. വിജാതീയ പരിണാമത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. ആദ്യഘട്ടത്തിൽ പ്രകൃതി മഹത്തിൽ നിന്ന് പഞ്ചഭൂതങ്ങളായി പരിണമിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ ഈ പഞ്ചഭൂതങ്ങൾ പ്രപഞ്ചത്തിലുള്ള വിവിധതരം വസ്തുക്കളായി പരിണമിക്കുന്നു.

പരിണാമം തുടങ്ങുന്നത് പ്രകൃതിയും പുരുഷനും തമ്മിലുള്ള സംസർഗ്ഗത്തിൽ നിന്നാണ്. ഈ പരിണാമ പ്രക്രിയയിൽ ഇരുപത്തിനാലു തത്ത്വങ്ങൾ സാംഖ്യ സിദ്ധാന്തം വിശദീകരിക്കുന്നു. അവ താഴെ പറയുന്നവയാണ്.

1. പ്രകൃതി

↓

2. മഹത്

↓

3. അഹങ്കാരം

↓

| 4 | 5 - 9 | 10 - 14 | 15 -19 | 20 - 24 |
|---|---|---|---|---|
| മനസ്സ് | പഞ്ചേന്ദ്രിയങ്ങൾ | കർമ്മേന്ദ്രിയങ്ങൾ | തന്മാത്രകൾ | പഞ്ചഭൂതങ്ങൾ |

### യോഗ ദർശനം



സാംഖ്യ ദർശനത്തിന്റെ പ്രയോഗമാണ് യോഗദർശനം. പതഞ്ജലിയാണ് യോഗ ദർശനത്തിന്റെ ഉപജ്ഞാതാവ്. *യോഗസൂത്രം* എന്ന ഗ്രന്ഥത്തിലൂടെ ബി. സി. 400 കാലഘട്ടത്തിലാണ് യോഗദർശനത്തിന് തുടക്കമിട്ടത്. ചിത്തവൃത്തി നിരോധമാണ് യോഗദർശനം. ചിത്തം എന്നാൽ മനസ്സും വൃത്തി എന്നാൽ തിരമാലയെന്നുമാണ്. മനസ്സിന്റെ ചിന്തകളെ നിശ്ചലാവസ്ഥയിൽ എത്തിക്കലാണ് യോഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

മനസ്സിനെയും ശരീരത്തെയും കൃത്യമായി നിയന്ത്രിക്കുവാൻ വേണ്ടിയാണ് അഷ്ടാംഗയോഗം തയാറാക്കിയത്. ശരീരത്തെ നശിപ്പിക്കുകയല്ല, പകരം പൂർണതയിലേക്ക് എത്തിക്കുകയാണ്. ആരോഗ്യമുള്ള മനസ്സിന് ആരോഗ്യമുള്ള ശരീരമാവശ്യമാണ്. ആഗ്രഹങ്ങളും അഭിലാഷങ്ങളും മനസ്സിനെയും ശരീരത്തെയും വ്യതിചലിപ്പിക്കുന്നു. അവയെ കീഴടക്കേണ്ടതുണ്ട്. അതിനായി യോഗം എട്ട് അംഗങ്ങൾ പറയുന്നുണ്ട്. ഇവയെ അഷ്ടാംഗ യോഗ എന്നു പറയുന്നു.



### നമുക്ക് മനസ്സിലാക്കാം

തന്റെ ഗ്രന്ഥമായ *യോഗസൂത്രത്തെ* പതഞ്ജലി നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**സമാധിപാദം (51 സൂത്രങ്ങൾ)** : സമാധി എന്നത് ഒരു യോഗി എത്തിച്ചേരുന്ന ശാന്തതയുടെ അവസ്ഥയാണ്. ഇവിടെ ആത്യന്തിക സത്യവുമായി യോഗി ഒന്ന് ചേരുന്നു. കൈവല്യാവസ്ഥ നേടാനായി മനസ്സിന്റെ അഗാധതയിലേക്ക് യോഗി ഊളിയിടുന്ന തന്ത്രമാണിത്.

**സാധനപാദം (55 സൂത്രങ്ങൾ)** : സാധന എന്ന സംസ്കൃത വാക്കിനർഥം പരിശീലനമെന്നാണ്. ഇവിടെ ക്രിയാ യോഗമെന്നും അഷ്ടാംഗ യോഗമെന്നും രണ്ട് തരത്തിലുള്ള യോഗങ്ങളെ പതഞ്ജലി വിശദീകരിക്കുന്നു.

- ക്രിയായോഗം ചില അവസരങ്ങളിൽ കർമയോഗമെന്നും വിവക്ഷിക്കുന്നു.
- അഷ്ടാംഗയോഗം എട്ട് അംഗങ്ങളിൽക്കൊള്ളുന്ന യോഗ വ്യവസ്ഥയാണ്.

**വിഭൂതിപാദം (56 സൂത്രങ്ങൾ)** : വിഭൂതി എന്ന സംസ്കൃത വാക്കിനർഥം ശക്തിയെന്നാണ്. യോഗാ പരിശീലനത്തിലൂടെ അതിഭൗതീകമായ ചില കഴിവുകൾ നേടാനാവും.

**കൈവല്യപാദം (34 സൂത്രങ്ങൾ)** : കൈവല്യ എന്ന വാക്കിന് ഇവിടെ അർഥം മുക്തി അഥവാ മോക്ഷമെന്നാണ്. ഈ മോക്ഷമാണ് യോഗത്തിന്റെ പരമലക്ഷ്യം.

## അഷ്ടാംഗയോഗം

യോഗത്തിന്റെ എട്ട് അംഗങ്ങൾ താഴെ പറയുന്നു:

- യമം
- നിയമം
- ആസനം
- പ്രാണായാമം
- പ്രത്യാഹാരം
- ധാരണം
- ധ്യാനം
- സമാധി

### യമം

പ്രാകൃതവും സഹജവുമായി മനസ്സിൽ സൃഷ്ടിക്കപ്പെടുന്ന ദൗർബല്യങ്ങളും തെറ്റുകളും മനസ്സിലാക്കി ആത്മശുദ്ധീകരണത്തിലൂടെ സമൂഹത്തിനും കുടുംബത്തിനും ശ്രേയസ്സിനുമുതകുന്ന ജീവിതം നയിക്കുവാൻ യമത്തിലൂടെ സാധിക്കുന്നു. ഇതിൽ അഞ്ച് കാര്യങ്ങളാണുള്ളത്.

i) **അഹിംസ:** കർമത്താൽ മാത്രമല്ല മനസ്സാലും വാക്കാലും പരിപാലിക്കപ്പെടുന്ന അഹിംസയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ജീവചൈതന്യം നിലകൊള്ളുന്ന ഒന്നിനെയും ഒരിക്കലും വേദനിപ്പിക്കാതിരിക്കുക എന്നതാണിതിനർഥം.

ii) **സത്യം:** വാക്കും വിചാരവും പ്രവൃത്തിയും സത്യത്തിലധിഷ്ഠിതമായിരിക്കണം.

iii) **ആസ്തേയം:** അർഹതയില്ലാത്ത യാതൊന്നും ആഗ്രഹിക്കാതിരിക്കുക, സ്വീകരിക്കാതിരിക്കുക, കൈവശപ്പെടുത്താതിരിക്കുക എന്നിവയാണ് ആസ്തേയം അഥവാ മോഷ്ടിക്കാതിരിക്കൽ.

iv) **അപരിഗ്രഹം:** ജീവിത നിർവഹണത്തിന് അത്യാവശ്യമല്ലാത്ത സാധന സാമഗ്രികൾ സമ്പാദിച്ച് കൂട്ടാനുള്ള തീവ്രമായ വ്യഗ്രത ഉപേക്ഷിക്കുകയാണ് അപരിഗ്രഹം.

v) **ബ്രഹ്മചര്യം:** മനസ്സിനെയും ശരീരത്തെയും സ്വതന്ത്രമാക്കാനും ഒന്നിച്ച് കൊണ്ടുപോകാൻ സാധ്യമാക്കുകയുമാണ് ബ്രഹ്മചര്യം കൊണ്ട് അർഥമാക്കുന്നത്.

### നിയമം

നാം ഓരോരുത്തരും ആചരിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതായ അഞ്ച് ദിനചര്യകളാണ് നിയമത്തിൽ അടങ്ങിയിരിക്കുന്നത്.

i) **ശൗചം:** ബാഹ്യ ശുദ്ധീകരണമാണ് ശൗചം.

ii) **സന്തോഷം:** ആന്തരിക ശുചിത്വം - സംതൃപ്തി

iii) **തപസ്:** സഹനശേഷി, ശാരീരിക മാനസികശേഷി, തുടങ്ങിയവ

iv) **സ്വാധ്യായം:** സ്വയം പഠിക്കുക

v) **ഈശ്വരപ്രണിധാനം:** ഈശ്വരധ്യാനം



## ആസനം

സുഖകരമായ ഇരിപ്പാണ് ആസനം. ധ്യാനത്തിന് സഹായകമാവുന്ന ധാരാളം ശരീരക്രമങ്ങളുണ്ട്. ശരീരത്തിന്റെ അച്ചടക്കത്തിന് ഇത് അത്യാവശ്യമാണ്.

**പലതരം ആസനങ്ങൾ**

- പത്മാസനം
- വജ്രാസനം
- വീരാസനം
- ശീർഷാസനം
-
-
-

## പ്രാണായാമം

സ്വച്ഛമായ ശ്വസനരീതിയാണ് പ്രാണായാമത്തിലൂടെ നാം സ്വായത്തമാക്കുന്നത്. ശ്വാസം ഉള്ളിലേക്ക് എടുക്കുക, ഉള്ളിൽ സംഭരിക്കുക, വീണ്ടും പുറത്തേക്ക് വിടുക എന്ന മാർഗമാണ് ഇവിടെ സ്വീകരിക്കുന്നത്. പ്രാണായാമം ശരീരത്തിന്റെ ആരോഗ്യത്തിനും മനസ്സിന്റെ ഏകാഗ്രതയ്ക്കും അത്യുൽകൃഷ്ടമാണ്.

പൂരകം, കുമ്പകം, രേചകം എന്നിങ്ങനെയാണ് പ്രാണായാമത്തിന്റെ വിവിധഘട്ടങ്ങൾ. പൂരക പ്രക്രിയയിൽ ശരീരത്തിനുള്ളിലേക്ക് ശ്വാസത്തെ വലിച്ചെടുക്കുന്നു. കുമ്പകത്തിൽ ശ്വാസം ശരീരത്തിനുള്ളിൽ സൂക്ഷിക്കുകയും രേചകത്തിൽ ശ്വാസത്തെ വളരെ സാവധാനം പുറത്തേക്ക് വിടുകയും ചെയ്യുന്നു.

## പ്രത്യാഹാരം

പഞ്ചേന്ദ്രിയങ്ങളെയും മനസ്സിനെയും പുറം ലോകത്തിലേക്ക് തിരിയുവാനുള്ള സ്വാഭാവിക പ്രവണതയിൽ നിന്നും ബലമായി പിൻതിരിപ്പിച്ച് അവയെ ആന്തരികമായി പരിണമിപ്പിക്കുന്നതാണ് പ്രത്യാഹാരം. മനസ്സിനെ വിവേകപൂർണമായ ബുദ്ധിയിലേക്ക് പ്രത്യാഹാരം തിരിച്ചെടുപ്പിക്കുന്നു.

## ധാരണ

ചിത്തത്തെ ഒരു ലക്ഷ്യത്തിൻമേൽ ഉറപ്പിക്കുന്നതാണ് ധാരണ. സാധാരണയായി ദൈവത്തെ ധാരണയിലർപ്പിക്കാം. അല്ലെങ്കിൽ ഏത് ബാഹ്യപ്രതിഭാസത്തെയും ധാരണയിൽ എത്തിക്കാം.

### ധ്യാനം

ഒരു വസ്തുവിലുള്ള മനസ്സിന്റെ ഏകാഗ്രത ഇടമുറിയാതെ നിലനിർത്തുന്നതാണ് ധ്യാനം. ഇത് ആത്മസാക്ഷാത്കാരത്തിലേക്കുള്ള പാതയാണ്.

### സമാധി

യോഗയിലെ ഏറ്റവും അവസാനത്തെയും മുഖ്യവുമായ ഘട്ടമാണിത്. ഇവിടെ വ്യക്തിയും വസ്തുവും തമ്മിലുള്ള ദ്വന്ദഭാവം ഇല്ലാതാവുന്നു. സമാധി രണ്ടു തരത്തിലുണ്ട്. സംപ്രജ്ഞത സമാധി, അസംപ്രജ്ഞത സമാധി.

- ഇന്നത്തെ സമൂഹം യോഗയെ വാണിജ്യവൽക്കരിക്കുന്നുണ്ടോ? ചർച്ച ചെയ്യുക



**നമുക്ക് മനസ്സിലാക്കാം**

സമാധി രണ്ട് തരത്തിലുണ്ട്:

- സംപ്രജ്ഞത സമാധി (മനസ്സ് ഒരു വസ്തുവിൽ ബോധപൂർവം കേന്ദ്രീകരിക്കുന്നു)
- അസംപ്രജ്ഞത സമാധി (വസ്തുവുമായി ബന്ധമില്ലാത്ത മനസ്സ്)

### പൂർവ്വമീമാംസ ദർശനം

മീമാംസ എന്ന വാക്കിന് 'അന്വേഷണം', 'കണ്ടുപിടുത്തം' എന്നൊക്കെയാണ് അർഥങ്ങൾ. ഇത് വെളിവാക്കപ്പെട്ട ചിന്തകളാണ്. പൂർവ്വമീമാംസ വേദങ്ങളുടെ ആദ്യഭാഗങ്ങളെ പ്രതിപാദിക്കുന്നു. എന്നാൽ ഉത്തരമീമാംസ വേദങ്ങളുടെ അവസാനഭാഗത്തെയാണ് പ്രതിപാദിക്കുന്നത്. പൂർവമീമാംസ കൂടുതൽ ഊന്നൽ നൽകുന്നത് കർമ്മങ്ങളിലാണ്. അതുകൊണ്ടിതിനെ കർമ്മമീമാംസ എന്നും, ഉത്തരമീമാംസ പ്രാധാന്യം നൽകുന്നത് ജ്ഞാനത്തിനായത് കൊണ്ട് ഇതിനെ ജ്ഞാനമീമാംസ എന്നും പറയുന്നു. ഇത് വേദാന്തം എന്നും അറിയപ്പെടുന്നു. ജൈമിനിയാണ് മീമാംസ ദർശനത്തിന്റെ ഉപജ്ഞാതാവ്. ജൈമിനിയുടെ മീമാംസാസൂത്രമാണ് ആധികാരികമായ ഗ്രന്ഥം. വേദങ്ങളെ വ്യാഖ്യാനിക്കുകയും വേദകാല മന്ത്രങ്ങളുടെ അടിസ്ഥാനത്തിൽ കർമങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്ത പൂർവ്വമീമാംസ ദർശനം ആറു തരത്തിലുള്ള പ്രമാണങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. ഏറ്റവും കൂടുതൽ പ്രമാണങ്ങൾ അംഗീകരിക്കുന്നത് മീമാംസ ദർശനമാണ്.

- പ്രത്യക്ഷം
- അനുമാനം
- ഉപമാനം

- ശബ്ദം
- അർഥാപത്തി
- അനുപലബ്ധി

## ധർമം എന്ന സങ്കൽപനം

ഇന്ത്യൻ തത്ത്വചിന്തയിൽ നാലുതരത്തിലുള്ള ജീവിത ലക്ഷ്യങ്ങളുണ്ട്. അവ പുരുഷാർഥങ്ങൾ എന്നറിയപ്പെടുന്നു.

- ധർമം
- അർഥം
- കാമം
- മോക്ഷം

ധർമമാണ് ഏറ്റവും ശ്രേഷ്ഠമായ പുരുഷാർഥം എന്ന് പൂർവ മീമാംസകർ വിശ്വസിച്ചു. ധർമമാണ് നമ്മളെ കർമത്തിലേക്ക് എത്തിക്കുന്നത്. ജീവിത നിയമമാണ് കർമം. കർമത്തിൽ നിന്നാണ് ധർമ്മം ഉടലെടുക്കുന്നത്. രണ്ട് തരത്തിലുള്ള കർമ്മങ്ങളെയാണ് വേദങ്ങൾ സൂചിപ്പിക്കുന്നത്. നല്ല കർമങ്ങളും ദോഷകർമങ്ങളും. വേദങ്ങൾ അംഗീകരിക്കുന്ന കർമങ്ങളാണ് നല്ല കർമങ്ങൾ. വേദങ്ങൾ അംഗീകരിക്കാത്ത കർമങ്ങളാണ് ദോഷകർങ്ങൾ.

നല്ല കർമങ്ങൾ രണ്ടുതരത്തിലുണ്ട്. കാമ്യകർമം, നിത്യകർമം. അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് കർമമാണു കാമ്യകർമം. നിത്യകർമം ദിനചര്യയുടെ ഭാഗമായ കർമങ്ങളാണ്.

നിത്യകർമങ്ങളും കാമ്യകർമങ്ങളും എഴുതുക.

- 
- 

## ഉത്തരമീമാംസ ദർശനം (വേദാന്തം)



ഈ മരത്തിലുള്ള ഇലകളെല്ലാം ഒരുപോലെയാണോ?


ഈ ഇലകളുടെയെല്ലാം സത്ത ഒരുപോലെയാണോ?

മുകളിൽ പറഞ്ഞ രീതിയിൽ ദാർശനിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഒരു സിദ്ധാന്തം ഇന്ത്യൻ തത്ത്വചിന്തയിലുണ്ട്. അതിനെ വേദാന്തം എന്നു പറയുന്നു.

വേദങ്ങളുടെ അവസാനഭാഗമാണ് വേദാന്തം. പ്രാഥമികമായി വേദാന്തം എന്നാൽ ഉപനിഷത്തുകൾ ആണെങ്കിലും പിൽക്കാലത്ത് ഉപനിഷത്തുകളെ അടിസ്ഥാനമാക്കി വളർന്നുവന്ന ചിന്താപദ്ധതികളെയും വേദാന്തദർശനങ്ങൾ എന്നുവിളിച്ചു. വേദാന്ത പഠനത്തിന് ബ്രഹ്മസൂത്രയുടെ വ്യാഖ്യാനങ്ങളാണ് ഉത്തമമായത്. ബ്രഹ്മസൂത്രയെ വ്യാഖ്യാനിച്ച ചിന്തകരെല്ലാം വിവിധ വേദാന്ത ദർശനങ്ങളുടെ സ്ഥാപകരമായി മാറി. അങ്ങനെ ശങ്കരാചാര്യർ, രാമാനുജാചാര്യർ, മാധ്വാചാര്യരുടെ വേദാന്ത ദർശനങ്ങൾ ലഭ്യമായത്. ഈ ദർശനങ്ങളിലെല്ലാം തന്നെ പൊതുവായി ഉന്നയിച്ച ചോദ്യങ്ങളാണ് എന്താണ് ആത്മനും ബ്രഹ്മവും തമ്മിലുള്ള ബന്ധം എന്നും, അതല്ല അവ പരസ്പര ഭിന്നമായ സത്തകളാണോ എന്നുള്ളതും. ശങ്കരാചാര്യരുടെ അഭിപ്രായത്തിൽ ആത്മനും ബ്രഹ്മവും വ്യത്യസ്ത തത്ത്വങ്ങളല്ല, ഈ ചിന്തയാണ് അദ്വൈത വേദാന്തം. രാമാനുജനെ സംബന്ധിച്ചിടത്തോളം അവ ഭാഗവും പൂർണവും എന്ന നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ ചിന്താപദ്ധതിയാണ് വിശിഷ്ടാദ്വൈതം. മാധ്വാചാര്യർ പറയുന്നത് ആത്മാവും ബ്രഹ്മവും പൂർണമായും വിഭിന്നമായ സത്തകളാണ് എന്നാണ്. അതിനാൽ അതിനെ ദ്വൈതവേദാന്തം എന്നു പറയുന്നു.

## അദ്വൈത വേദാന്തം

*'ബ്രഹ്മസത്യം ജഗത്മിഥ്യ*
*ജീവോ ബ്രഹ്മൈവ നാപരഃ'*


*ശങ്കരാചാര്യർ*

ബ്രഹ്മമാണ് യഥാർഥ സത്യം ജഗത് എന്നത് വെറും മിഥ്യയാണ്. ജീവൻ തന്നെയാണ് ബ്രഹ്മം. മറ്റൊന്നുമല്ല എന്നതാണ് ഈ ശ്ലോകത്തിന് അർഥം. ആശയത്തെക്കുറിച്ച് മനനം ചെയ്യുക ഇത് അദ്വൈതത്തിന്റെ പ്രധാനപ്പെട്ട ചിന്തയാണ്. ഉപനിഷത്തുകൾക്കും ഭഗവദ്ഗീതയ്ക്കും ശങ്കരാചാര്യരും ഭാഷ്യം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേദാന്ത സൂത്രം, സൂത്രഭാഷ്യം എന്നറിയപ്പെടുന്നു. ശങ്കരാചാര്യരുടെ അഭിപ്രായത്തിൽ ആത്യന്തിക യാഥാർഥ്യം *സത്-അസത്-അനിർവചനീയമാണ്.* ശങ്കരാചാര്യർ മൂന്നു തലത്തിലുള്ള അസ്തിത്വത്തെ കുറിച്ച് പറയുന്നു:

- പ്രാതിഭാസിക തലം
- വ്യവഹാരിക തലം
- പാരമാർത്ഥിക തലം

ഉദാഹരണത്തിന് കടൽക്കരയിൽ നിന്ന് ചിപ്പി കണ്ടാൽ ചിലപ്പോൾ നമുക്ക് വെള്ളിയായി തോന്നാറുണ്ട്. ഇതാണ് പ്രതിഭാഷിക അവസ്ഥ. ശങ്കരൻ പറയുന്നത് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, ലോകം സത്യമെന്ന് തോന്നാം. പക്ഷെ പാരമാർത്ഥിക തലത്തിൽ നിന്ന് നോക്കുമ്പോൾ ലോകം സത്യമല്ല. ലോകം വ്യാവഹാരിക നിലയിൽ മാത്രമാണ് സത്യമായിരിക്കുന്നത്.

അനുഭവങ്ങളുടെ ലോകത്തെ അദ്ദേഹം അനിർവ്വചനീയമെന്ന് വിശേഷിപ്പിക്കുന്നു. പഞ്ചേന്ദ്രിയങ്ങളിലൂടെയും ജ്ഞാനേന്ദ്രിയങ്ങളിലൂടെയും മനസ്സിലൂടെയും ലഭിക്കുന്ന അനുഭവങ്ങൾ യഥാർത്ഥമോ അയഥാർഥമോ അല്ല. ഇത് അനിർവചനീയമാണ്. അഥവാ നിർവചനാതീതമാണ്. അയഥാർഥ ലോകത്തെ യഥാർഥമായി കാണുന്നത് മായ കാരണമാണ്. യഥാർഥ്യത്തെ ഒളിപ്പിക്കുകയും അയഥാർഥ്യത്തെ വിക്ഷേപിക്കുകയും ചെയ്യുന്നതാണ് മായ. മായയ്ക്ക് രണ്ട് ശക്തി വിശേഷങ്ങളുണ്ട്.

- ആവരണം
- വിക്ഷേപം.

പരമ യാഥാർഥ്യമായ ബ്രഹ്മത്തെ ഒളിപ്പിക്കുകയും അയഥാർഥമായ പ്രപഞ്ചത്തെ വിക്ഷേപം ചെയ്യുകയും ചെയ്യുന്നു. ശങ്കരാചാര്യർ പറയുന്നത് മായ എന്നത് മിഥ്യയുടെ പ്രാപഞ്ചിക തത്വമാണ്. മായ എന്നത് അദ്വൈതത്തെ സംബന്ധിച്ചിടത്തോളം നിർവചനാതീത സങ്കൽപ്പമാണ്.

## വിശിഷ്ടാദ്വൈതം

വിശിഷ്ടാദ്വൈത ദർശനം പറയുന്നത് പരമസത്യം എന്നത് വ്യക്തമായ രൂപവും ഗുണവും ഉള്ളതാണ്. ഇത് വിഷ്ണുവാണ്. വിശിഷ്ടാദ്വൈതത്തിന്റെ ഉപജ്ഞാതാവ് രാമാനുജാചാര്യർ മുഴുവനായും ദ്വൈതവാദം വിശ്വസിക്കുന്നില്ല. ബ്രഹ്മവും ആത്മാവും വ്യത്യസ്തമാണെങ്കിലും ചില കാര്യങ്ങളിൽ ഐക്യരൂപത ഉണ്ടെന്നും വിശിഷ്ടാദ്വൈതം പറയുന്നു. രാമാനുജാചാര്യരുടെ അഭിപ്രായത്തിൽ എല്ലാ അറിവിലും വ്യത്യസ്തതകൾ നിലനിൽക്കുന്നു, വ്യത്യസ്തതകൾ ഇല്ലാത്ത ശുദ്ധമായ ഐക്യവും, ശുദ്ധ



രാമാനുജാചാര്യർ

മായ വ്യത്യസ്തതയും മിഥ്യയാണ്. ഐക്യതയിൽ തന്നെ എപ്പോഴും വ്യത്യസ്തതകൾ ഉണ്ട്. ബ്രഹ്മന് സവിശേഷതകളുണ്ട്. ബ്രഹ്മ പരിണാമമാണീ പ്രപഞ്ചം.

### ദ്വൈതം

മാധ്വാചാര്യർ ആണ് ദ്വൈത ചിന്തയുടെ ഉപജ്ഞാതാവ്. വ്യത്യസ്തതയാണ് യാഥാർത്ഥ്യമായത്. ആത്മാവും ബ്രഹ്മവും വ്യത്യസ്തവും സ്വതന്ത്രവുമാണ്. ഇവ രണ്ടും ഒന്നല്ല. രണ്ടും രണ്ടാണ്. മാധ്വാചാര്യരുടെ അഭിപ്രായത്തിൽ അഞ്ചുതരത്തിലുള്ള വ്യത്യാസങ്ങളെ അംഗീകരിക്കുന്നു. അവയാണ് പഞ്ചഭേദങ്ങൾ.

1. ദൈവവും ആത്മാവും തമ്മിലുള്ള വ്യത്യാസം.
2. ദൈവവും ദ്രവ്യവും തമ്മിലുള്ള വ്യത്യാസം.
3. ആത്മാവും ദ്രവ്യവും തമ്മിലുള്ള വ്യത്യാസം.
4. ഒരു ആത്മാവും മറ്റൊരു ആത്മാവും തമ്മിലുള്ള വ്യത്യാസം.
5. ഒരു ദ്രവ്യവും മറ്റൊരു ദ്രവ്യവും തമ്മിലുള്ള വ്യത്യാസം.



*മാധ്വാചാര്യർ*

## 3.3 നാസ്തികദർശനങ്ങൾ

ഇന്ത്യയിൽ വേദങ്ങളെ അംഗീകരിക്കാത്ത ദർശനങ്ങളുണ്ട്. ഈ ദർശനങ്ങളെ നാസ്തിക ദർശനങ്ങൾ എന്നു പറയുന്നു. ഈ ദർശനങ്ങൾ സ്ഥാപിച്ചവരുടെ ചിന്തയിൽ നിന്നാണ് ദർശനങ്ങൾ ഉടലെടുത്തത്. നാസ്തിക ദർശനങ്ങളുടെ ഉദയം ദാർശിനിക ചിന്തയുടെ വലിയ കാലഘട്ടത്തെ നിർണയിച്ചു.

ഇതിൽ പ്രധാനപ്പെട്ടവയാണ്:

- ചാർവാക ദർശനം
- ബുദ്ധദർശനം
- ജൈന ദർശനം

### ചാർവാക ദർശനം

ഇന്ത്യയിലെ മിക്ക തത്ത്വചിന്താധാരകളും തന്നെ ആത്മീയതയിലും, ദൈവിക ചിന്തകൾക്കും പ്രാധാന്യം കൊടുക്കുന്നവയാണ്. പക്ഷേ തികച്ചും വ്യത്യസ്തമാണ് ചാർവാക ദർശനം. ഇവർ ഭൗതികചിന്തയിൽ വിശ്വസിക്കുന്നവരാണ്. ചാർവക ദർശനത്തോളം വേദങ്ങളെ അംഗീകരിക്കാത്ത

നാസ്തിക ദർശനങ്ങൾ മറ്റൊന്നുമില്ല. ഇത് ആത്യന്തിക യഥാർത്ഥ്യത്തിലുപരി ജീവിതത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ചാർവാകയാണ് പ്രാചീന ഭാരതീയ ഭൗതികവാദ ദർശനം. ഈ ദർശനം ലോകായതം എന്നും അറിയപ്പെടുന്നു. ഇതിനർഥം 'ജനപ്രചാരം' നേടിയത് എന്നാണ്. ചാരു, വാക്ക് എന്നീ പദങ്ങളിൽ നിന്നാണ് ചാർവാക എന്ന വാക്ക് ഉടലെടുത്തത്. ബ്രഹസ്പതിയാണ് ഈ ദർശനം ഉപജ്ഞാതാവ്. ചാരു എന്നാൽ മധുരം എന്നും വാക്ക് എന്നാൽ വാക്ക് എന്നുമാണ് അർത്ഥം. നല്ല മധുരമുള്ള വാക്കുകൾ സംസാരിക്കുന്നവൻ എന്നതാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. അത്യന്തികമായ യാഥാർഥ്യം ഭൗതിക പ്രപഞ്ചം തന്നെയാണെന്ന് ചാർവാകർ പറയുന്നു.

ചാർവാകരെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷമാണ് അറിവ് ലഭിക്കാനുള്ള ഒരേയൊരു മാർഗം. ചാർവാക ദർശനം അനുമാന പ്രമാണത്തെ നിഷേധിക്കുന്നു. കാരണം അനുമാനോപമാനങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. പ്രത്യക്ഷത്തിൽ കാണുന്നത് മാത്രം യഥാർഥം. പ്രത്യക്ഷത്തിലൂടെ ഭൗതിക വസ്തുക്കളെ കുറിച്ചുള്ള അറിവ് മാത്രമേ ലഭിക്കുന്നുള്ളു. പഞ്ചഭൂതങ്ങളിൽ ഭൂമി, അഗ്നി, വായു, ജലം എന്നിവയെ മാത്രമേ അംഗീകരിക്കുന്നുള്ളു. ആകാശത്തെ ചാർവാകൻ അംഗീകരിക്കുന്നില്ല. കാരണം ആകാശത്തെ പ്രത്യക്ഷത്തിലൂടെ അറിയാൻ സാധിക്കുന്നില്ല.

ചാർവകദർശനത്തിന്റെ അഭിപ്രായത്തിൽ സുഖമാണ് ഓരോ ജീവിതത്തിലും ആത്യന്തികമായ ലക്ഷ്യം. ഇവരുടെ അഭിപ്രായത്തിൽ നല്ല ജീവിതം എന്നത് ഏറ്റവും കൂടുതൽ സുഖം ലഭിക്കുന്ന ജീവിതമാണ്. ആത്മാവ് എന്ന സങ്കൽപ്പത്തെയും മറ്റൊരു ലോകം എന്ന സങ്കൽപ്പത്തെയും ഇവർ തിരസ്കരിക്കുന്നു. പുരുഷാർഥങ്ങളായ ധർമം, അർഥം, കാമം, മോക്ഷം എന്നിവയിൽ ചാർവാകർ അർഥവും, കാമവും മാത്രമേ അംഗീകരിക്കുന്നുള്ളു. സന്തോഷ - സന്താപങ്ങൾ ഇടകലർന്നതാണ് ജീവിതം. സന്താപം കുറയ്ക്കുകയും സന്തോഷം പൂർണമായ അളവിൽ അനുഭവിക്കുകയും ആയിരിക്കണം ജീവിതലക്ഷ്യം.

**ബുദ്ധദർശനം**

- മരണം
- രോഗങ്ങൾ
- സന്തോഷം നൽകുന്ന കാര്യങ്ങളിൽ നിന്നുള്ള അകൽച്ച
- സന്താപ സാഹചര്യങ്ങളിൽപെട്ടു പോകുക

തുടങ്ങിയവയാണ് മനുഷ്യന്റെ ജീവിത ദുഃഖങ്ങൾക്ക് കാരണമാകുന്ന വസ്തുതകൾ.

നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? ഇതിനൊരു പരിഹാരം നിർദേശിക്കാനാകുമോ?

- 
- 


ബുദ്ധ

ബി.സി. ആറാം നൂറ്റാണ്ടിൽ രൂപീകൃതമായ ഒരു തത്വചിന്താ പ്രവണതയാണ് ബുദ്ധിസം. ധാർമികതയുടെ ഗുരുവും സാമൂഹ്യപരിഷ്കർത്താവും തത്വചിന്തകനുമായ ഗൗതമ ബുദ്ധനാണ് ബുദ്ധിസത്തിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാവരുടെയും ജീവിതത്തിൽ ദുഃഖമുണ്ടെന്നും ആഗ്രഹമാണ് ഒരു പരിധിവരെ ദുഃഖത്തിന് കാരണമെന്നും ഇത്തരം ആഗ്രഹങ്ങൾ ഇല്ലാതാക്കാൻ സാധിക്കുമെന്നും അതിനുള്ള മാർഗങ്ങളുണ്ടെന്നും പറയുന്നു. ബുദ്ധൻ സ്വന്തമായി ഗ്രന്ഥങ്ങൾ എഴുതിയിട്ടില്ല. ബുദ്ധന്റെ പഠനങ്ങളെല്ലാം തന്നെ പ്രബോധനങ്ങൾ ആണ്. ഇത്തരം പ്രബോധനങ്ങളെ അവരുടെ ശിഷ്യന്മാർ കൂടിചേർന്ന് എഴുതി തയാറാക്കി. ബുദ്ധിസഗ്രന്ഥങ്ങൾ മൂന്നു പിടകങ്ങളാണ്:

- സുത്തപിടകം
- വിനയപിടകം
- അഭിധർമപിടകം

ഇവ പാലിഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ത്രിപിടകങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു.

**ത്രിപിടകം**

പാലി ഭാഷയിലുള്ള ബുദ്ധ ദർശനങ്ങളെ കുറിച്ചുള്ള സമാഹാരമാണ് ത്രിപിടക. പാലി ഭാഷയിൽ പിടക എന്നാൽ കൂട/സഞ്ചി എന്നാണ്.

ബുദ്ധന്റെ പ്രധാന പ്രബോധനങ്ങൾ മൂന്നെണ്ണമാണ്. അവ:

- ആര്യ സത്യങ്ങൾ
- അഷ്ടാംഗ മാർഗം
- പ്രതിത്യസമുദ്പാദവാദം

## ആര്യ സത്യങ്ങൾ

'ആര്യ', 'സത്യാ' എന്നീ രണ്ടു സംസ്കൃത വാക്കുകളിൽ നിന്നാണ് ആര്യ സത്യ എന്ന ചിന്ത ഉടലെടുത്തത്. ആര്യ എന്നാൽ 'പരിശുദ്ധം' എന്നും സത്യാ എന്നാൽ 'സത്യം' എന്നുമാണ്. സംസ്കൃതത്തിൽ ആര്യസത്യങ്ങളെ "ചത്വാരി, ആര്യസത്യാനി" എന്നു പറയുന്നു.

- ദുഃഖം

- ദുഃഖ കാരണം
- ദുഃഖ നിരോധം
- ദുഃഖ നിരോധമാർഗങ്ങൾ

**ദുഃഖം**

ജീവിതം ദുഃഖ മയമാണ്. സുഖം പോലും ദുഃഖം നിറഞ്ഞതാണ്. സാധാരണയായി ദാരിദ്ര്യം, രോഗം, ദേഷ്യം, വാർദ്ധക്യം, മരണം, അസൂയ, സംഘർഷം, വഴക്ക്, വെറുപ്പ് എന്നിവയൊക്കെയാണ് മനുഷ്യരെ ദുഃഖത്തിലേക്ക് നയിക്കുന്നത്. ജീവിതം ദുഃഖമയമാണ് എന്നത് ആർക്കും നിഷേധിക്കാൻ സാധ്യമല്ല.

- **ദുഃഖ കാരണം**

ശൂന്യതയിൽ നിന്നും ഒന്നും ഉണ്ടാകുന്നില്ല. എല്ലാറ്റിനും കാരണങ്ങളുണ്ട്. കാര്യമില്ലാതെ കാരണവും കാരണമില്ലാതെ കാര്യവുമില്ല. അതുകൊണ്ട് ദുഃഖത്തിനും കാരണമുണ്ട്, ബുദ്ധന്റെ അഭിപ്രായത്തിൽ ബന്ധങ്ങളാണ് ദുഃഖത്തിന്റെ യഥാർഥ കാരണം. അജ്ഞതയാണ് ദുഃഖമുണ്ടാക്കുന്നത്.

- **ദുഃഖ നിരോധം**

ദുഃഖം നമുക്ക് ഇല്ലാതാക്കാൻ സാധിക്കും. കാരണം ഏതൊരു കാര്യത്തിനും ഒരു കാരണം ഉണ്ടാവും. കാരണമില്ലാതാക്കിയാൽ ദുഃഖം ഇല്ലാതാക്കാം. അജ്ഞതയാണിതിന്റെ കാരണം എന്നത് കൊണ്ട് അജ്ഞത ഇല്ലാതാക്കുമ്പോൾ ദുഃഖത്തിൽ നിന്നും മോചനം നേടാം.

- **ദുഃഖ നിരോധ മാർഗങ്ങൾ**

ദുഃഖത്തെ നിരോധിക്കാനുള്ള ധാർമികവും ആത്മീയവുമായ വഴികളുണ്ട്. ബുദ്ധമതം ലോകത്തിന് നൽകിയ ഏറ്റവും മഹത്തരമായ സംഭാവനയാണിത്. ഇവയാണ് അഷ്ടാംഗ മാർഗങ്ങൾ.

- ശരിയായ ദർശനം
- ശരിയായ സങ്കൽപ്പം
- ശരിയായ വാക്ക്
- ശരിയായ പ്രവർത്തി
- ശരിയായ ജീവിതചര്യ
- ശരിയായ പ്രയത്നം
- ശരിയായ ചിന്ത
- ശരിയായ ധ്യാനം

അഷ്ടാംഗ മാർഗങ്ങളിലൂടെ ഒരു മനുഷ്യൻ നിർവാണത്തിൽ എത്തിച്ചേരുന്നു.

### പ്രതീത്യസമുദ്പാദവാദം


ദുഃഖങ്ങൾക്ക് മാത്രമല്ല ലോകത്തിലെ സർവചരാചരങ്ങൾക്കും പ്രാപഞ്ചികമായ എല്ലാ പ്രതിഭാസങ്ങൾക്കും അതിന്റേതായ കാരണങ്ങളുണ്ടെന്ന് ബുദ്ധൻ വിശ്വസിച്ചു. അജ്ഞതമൂലമുണ്ടാകുന്ന ദുഃഖം നമ്മെ ജനന മരണ ചക്രത്തിലേക്ക് നയിക്കുന്നു. ജ്ഞാനത്തിലൂടെ മാത്രമേ ജനന മരണ ചക്രത്തിൽ നിന്ന് നമുക്ക് മോചനം ലഭിക്കുകയുള്ളൂ.

### നിർവാണം

ബുദ്ധമതത്തിന്റെ ആത്യന്തിക ലക്ഷ്യം നിർവാണമാണ്. നിർവാണം എന്ന വാക്കിന്റെ അർഥം - 'ഉന്മൂലനം' എന്നാണ്. അതായത് നിർവാണം എന്നത് ആഗ്രഹങ്ങളുടെ ഉന്മൂലനമാണ്. ചില ബുദ്ധപണ്ഡിതന്മാർ നിർവാണത്തെ ഉപനിഷത്തിലെ മോക്ഷ സങ്കൽപ്പത്തിന് തുല്യമായ ആനന്ദാവസ്ഥയായും വ്യാഖ്യാനിക്കുന്നു. ദുഖത്തിൽ നിന്നുള്ള മോചനം എന്നും ചിലർ അർഥമാക്കുന്നു.

#### ജൈനദർശനം

ജൈനദർശനത്തിൽ 24 തീർഥങ്കരന്മാർ അല്ലെങ്കിൽ വിശ്വാസസ്ഥാപകർ ഉണ്ട്. ആദി തീർഥങ്കരൻ ഋഷഭദേവനും അവസാന തീർഥങ്കരൻ മഹാവീരനുമാണ്. അദ്ദേഹത്തിന്റെ ദർശനങ്ങളാണ് ആധുനിക ജൈനിസത്തിന്റെ അടിത്തറ.



*മഹാവീരൻ*

#### നമുക്ക് അന്ധന്മാരായ ആറ് പേർ ആനയെ കാണാൻ അറിയാൻ പോകുന്ന കഥ വായിക്കാം

*കണ്ണുകാണാത്ത ഓരോരുത്തരും ആനയുടെ ഓരോ അവയവങ്ങളും തപ്പി നോക്കി. കാൽ തപ്പി നോക്കിയ ആൾ പറഞ്ഞു 'ആന തൂണ് പോലെയാണ്', ചെവി തൊട്ടു നോക്കിയ ആൾ പറഞ്ഞു ആന 'മുറം പോലെയാണ്', വാൽ പിടിച്ചു നോക്കിയ ആൾ ആന എന്നത് 'കയറാണ്' എന്നും വയർ തപ്പിനോക്കിയ ആൾ ആന എന്നത് ഒരു 'ചുമര്' പോലെയാണെന്നും തുമ്പിക്കൈ തൊട്ടുനോക്കിയപ്പോൾ ആന പെരുമ്പാമ്പാണെന്നും പറഞ്ഞു. നെറ്റി തൊട്ടയാൾ പറയുന്നത് ഹൃദയം പോലെയാണ്. ഓരോ അന്ധനും കിട്ടിയ പരിമിതമായ ജ്ഞാനം ശരിയാണ് പക്ഷെ പൂർണ്ണമല്ല. ഓരോരുത്തരും അവർ പറഞ്ഞതാണ് ശരിയെന്ന് സമർത്ഥിക്കുന്നു. പക്ഷെ കാഴ്ചശക്തിയുള്ള ഒരാൾക്ക് മനസ്സിലാവും ഓരോ അന്ധനും പറഞ്ഞ അറിവ് ഭാഗികമാണെന്നും എല്ലാം ചേർന്നതാണ് ശരിയായ അറിവെന്നും.*

*ഇവിടെ ആനയെക്കുറിച്ചുള്ള ചിന്ത ശരിയാണോ? വിവരണം പൂർത്തിയാക്കിയോ? ഇനിയും കൂടുതൽ വിവരണം വേണ്ടിവരുമോ?*

*ഇതുപോലെ പ്രപഞ്ചത്തിലെ വസ്തുക്കളെ പൂർണമായിട്ടും വിശദീകരിക്കാൻ ആവില്ല എന്നതാണ് സത്യം, ഭാഗികമായ വിശദീകരണം മാത്രമാണ് സാധ്യമാകുക. ഇക്കാര്യം ജൈനിസം സ്യാദ്‌വാദം എന്ന സിദ്ധാന്തത്തിലൂടെ വിശദീകരിക്കുന്നു.*

### സ്യാദ്‌വാദം

നമ്മുടെ അറിവുകൾ ഒന്നും തന്നെ പൂർണമല്ല; ആപേക്ഷികമാണ് ജൈന തർക്കശാസ്ത്രം ഏഴ് പ്രസ്താവനകളിലൂടെ ഇക്കാര്യം വ്യക്തമാക്കുന്നു. മനുഷ്യന്റെ അറിവിന് പരിമിതിയുണ്ട്. സ്യാദ്‌വാദ സിദ്ധാന്തമനുസരിച്ച് യാഥാർഥ്യത്തിന് എണ്ണിയാലൊടുങ്ങാത്ത സവിശേഷതകളുണ്ട്.

- *സ്യാദ് ആസ്തി (ഒരുപക്ഷേ ഉണ്ട്)*
- *സ്യാദ് നാസ്തി (ഒരുപക്ഷേ ഇല്ല)*
- *സ്യാദ് ആസ്തി നാസ്തി (ഒരുപക്ഷേ ഉണ്ടെന്നും ആവാം ഇല്ലെന്നും ആവാം)*
- *സ്യാദ് അവക്തവ്യം (ഒരുപക്ഷേ പറയാനാവാത്തത്)*
- *സ്യാദ് ആസ്തി ച അവക്തവ്യം (ഒരുപക്ഷേ ഉള്ളതും പറയാനാവാത്തതും)*
- *സ്യാദ് നാസ്തി ച അവക്തവ്യം (ഒരുപക്ഷേ ഇല്ലാത്തതും പറയാനാവാത്തതും)*
- *സ്യാദ് ആസ്തി ച നാസ്തി ച അവക്തവ്യം (ഒരുപക്ഷേ ഉള്ളതും ഇല്ലാത്തതും പറയാനാവാത്തതും).*

ഗാന്ധിജിയുടെ അഭിപ്രായത്തിൽ സ്യാദ്‌വാദം എന്നത് സഹിഷ്ണുതയുടെ ഏറ്റവും വലിയ പാഠമെന്നാണ്.

### അനേകാന്തവാദം

ജൈനദർശനത്തിന്റെ അതിഭൗതികവാദം ഒരേസമയം യഥാർഥവാദവും ആപേക്ഷിക ബഹുത്വവാദവുമാണ്. എണ്ണിയാലൊടുങ്ങാത്ത ഭൗതികകണങ്ങളും ആത്മീയകണങ്ങളും ചേർന്നതാണ് പ്രപഞ്ചം. ഭൗതികവസ്തുക്കളും ആത്മീയതത്ത്വങ്ങളും തികച്ചും വിഭിന്നവും സ്വതന്ത്രവുമാണ്.

### ജൈന നൈതിക തത്വചിന്ത

ജൈനന്മാരുടെ അഭിപ്രായത്തിൽ അറിവില്ലായ്മയാണ് ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും അടിസ്ഥാന കാരണം. ശരിയായ അറിവിലൂടെയാണ് ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാകുന്നത്. ശരിയായ വിശ്വാസത്തിലൂടെയും ശരിയായ ജീവിതരീതിയിലൂടെയുമാണ് ജ്ഞാനം നേടേ

ണ്ടത്. ശരിയായ ജ്ഞാനം, ശരിയായ വിശ്വാസം, ശരിയായ ജീവിതചര്യ എന്നീ ത്രിരത്നങ്ങൾ ജൈനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ്.

ജൈനന്മാരുടെ പ്രായോഗിക അച്ചടക്കത്തെ പഞ്ചമഹാവ്യതങ്ങൾ എന്നാണറിയപ്പെടുന്നത്. അവയാണ്:

- അഹിംസ
- സത്യം
- ആസ്തേയം
- അപരിഗ്രഹം
- ബ്രഹ്മചര്യം

ജൈനിസം ദൈവമില്ലാത്ത മതമാണ്. പക്ഷേ ഇത് ആത്മീയവും ധാർമിക വുമാണ്. ദൈവത്തെ വിശ്വസിക്കുന്നില്ലെങ്കിലും ദൈവീകതയെ അംഗീക രിക്കുന്നു. മുക്തരായ ആത്മാക്കളിൽ ദൈവീകത നിലനിൽക്കുന്നതായി അവർ കരുതുന്നു.

## സംഗ്രഹം

- ദർശനം എന്ന പദം ഭാരതീയ ചിന്തയിൽ തത്ത്വചിന്തയെ സുചിപ്പിക്കുന്നു. മനുഷ്യജീവിതംമെച്ചപ്പെടുത്തുകയാണ് അത് ലക്ഷ്യമിടുന്നത്.
- ഭാരതീയദർശനങ്ങളെ നാസ്തികം, ആസ്തികം എന്നിങ്ങനെ വേർതിരിക്കുന്നു. ആസ്തികദർശനങ്ങൾ ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവയാണ്. ന്യായദർശനം ജ്ഞാനശാസ്ത്രത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്നു.
- പ്രപഞ്ച ഘടകങ്ങളായ പദാർത്ഥങ്ങളെ വൈശേഷികദർശനം വിശദീകരിക്കുന്നു.
- സാംഖ്യദർശനം വിശദീകരിക്കുന്ന അടിസ്ഥാന തത്ത്വങ്ങളാണ് പ്രകൃതിയും പുരുഷനും.
- യോഗദർശനം നൽകിയ ഏറ്റവും പ്രധാന സംഭാവനയാണ് അഷ്ടാംഗയോഗം. മുക്തിമാർഗം കൂടിയാണിത്.
- നാസ്തികദർശനങ്ങൾ ചാർവാക ദർശനം, ബുദ്ധി ദർശനം, ജൈനി ദർശനം എന്നിവയാണ്.
- ഭാരതീയദർശനങ്ങളിലെ ഭൗതികവാദമാണ് ചാർവക ദർശനം. പ്രത്യക്ഷപ്രമാണം മാത്രം അംഗീകരിക്കുന്ന ഈ ദർശനം ആത്മാവ്, ദൈവം തുടങ്ങിയവയെ നിഷേധിക്കുകയും മനുഷ്യന്റെ സന്തോഷം ആത്യന്തിക ലക്ഷ്യമായി കണക്കാക്കുകയും ചെയ്യുന്നു.
- ആര്യ സത്യങ്ങൾ, അഷ്ടമാർഗ്ഗങ്ങൾ, പ്രതിത്യസമുത്പാദം എന്നിവയാണ് പ്രധാന തത്ത്വചിന്താശകലങ്ങൾ.
- ഭൗതികവസ്തുവും, ആത്മാവും സ്വതന്ത്രസത്തകളാണെന്ന് ജൈനിസം കാണുന്നു.

## നമുക്ക് വിലയിരുത്താം

1. താഴെ തന്നിട്ടുള്ള പ്രസ്താവനകൾ വായിച്ച് ശരിയായ നിഗമനങ്ങൾ ഏതെന്നു കണ്ടെത്തുക.

i ആസ്തികദർശനങ്ങൾ വേദങ്ങളുടെ ആധികാരികത അംഗീകരിക്കുന്നു.

ii നാസ്തികദർശനങ്ങൾ വേദങ്ങളുടെ ആധികാരികത അംഗീകരിക്കുന്നു.

iii നാസ്തിക ദർശനം വേദങ്ങളെ അംഗീകരിക്കുന്നില്ല.

iv ന്യായം വൈശേഷികം സാംഖ്യം, യോഗം, മീമാംസ എന്നിവ ആസ്തിക ദർശനങ്ങൾ ആണ്.

v ബുദ്ധിദർശനം, ജൈനിദർശനം, ചാർവാകദർശനം എന്നിവ നാസ്തിക ദർശനങ്ങളാണ്.

vi ന്യായം, ജൈനിദർശനം, ബുദ്ധിദർശനം, സാംഖ്യം എന്നിവ ആസ്തികദർശനങ്ങൾ ആണ്.

എ i, iii, iv. and v ശരിയാണ്

ബി i, ii, iv, and v ശരിയാണ്

സി ii, iii, iv, and v ശരിയാണ്

ഡി ii, iv, v, and vi ശരിയാണ്

2. താഴെ കാണുന്നവയെ യോജിപ്പിക്കുക

| A | B | C |
|---|---|---|
| ന്യായം | പതഞ്ജലി | പദാർദ്ഥങ്ങൾ |
| വൈശേഷികം | കപിലൻ | ചിത്തവൃത്തി നിരോധം |
| സാംഖ്യം | ഗൗതമൻ | പരിണാമവാദം |
| യോഗം | കണാദൻ | ഭാരതീയ തർക്കശാസ്ത്രം |

3. താഴെകൊടുത്തിരിക്കുന്ന പ്രസ്താവന വായിച്ച് ആസ്തിക നാസ്തിക ദർശനങ്ങളുടെ വ്യത്യസ്തതകൾ വിലയിരുത്തുക. ആസ്തികദർശനങ്ങൾ വേദങ്ങളെ അംഗീകരിക്കുന്നു. എന്നാൽ നാസ്തികദർശനങ്ങൾ വേദങ്ങളെ നിഷേധിക്കുന്നു

4. ചാർവാകദർശനം അംഗീകരിക്കുന്ന പ്രമാണം (ഉപമാനം, ശബ്ദം, പ്രത്യക്ഷം)

5. അനേകാന്തവാദം ഏതു ദർശനവുമായി ബന്ധപ്പെട്ടിരിക്കുന്നു? (ചാർവാക, ബുദ്ധിദർശനം, ജൈനിദർശനം)

6 രാമാനുജൻ സ്ഥാപിച്ച ദർശനം ഏത്? (വിശിഷ്ടാദ്വൈതം, അദ്വൈതം, ദ്വൈതം)

7. .................. മാത്രമാണ് ഭാരതീയ ചിന്തയിലെ ഭൗതികവാദ സിദ്ധാന്തം.

8. ദർശനം എന്ന വാക്കിന്റെ അർഥം...............................ആണ്.

9. പുർവ്വമീമാംസ ഏറ്റവും ഉയർന്ന പുരുഷാർഥമായി കണക്കാക്കുന്നത് ........................... ആണ്.

10. സാംഖ്യ ദർശനത്തിലെ രണ്ട് പരിണാമ ഘട്ടങ്ങൾ ഏതാണ്?

11. വൈശേഷികം പദാർഥങ്ങളെ അംഗീകരിക്കുന്നു.

താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

12

| | | |
|---|---|---|
| ദ്വൈതം | ? | ? |
| ? | രാമാനുജാചാര്യൻ | ? |
| ? | ? | അഭേദം |

13. ചാർവാകദർശനം ആകാശത്തെ അംഗീകരിക്കുന്നുണ്ടോ? വിശദീകരിക്കുക.

14. ബുദ്ധിസത്തിലെ പ്രധാനപ്പെട്ട ദർശനങ്ങൾ ഏതൊക്കെ?

15. പദാർഥങ്ങളെക്കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക.

16. സാംഖ്യദർശനത്തിലെ പരിണാമസിദ്ധാന്തത്തെക്കുറിച്ച് ഒരു ചാർട്ട് തയാറാക്കുക.

17. മോക്ഷലബ്ധിക്കായുള്ള വിശദവും ലക്ഷണ യുക്തവുമായ ഒരു പദ്ധതി യോഗദർശനം മുന്നോട്ടുവയ്ക്കുന്നു. അഷ്ടാംഗയോഗം എന്ന പദ്ധതിയിലൂടെ എങ്ങനെയാണ് യോഗ ദർശനം ഇക്കാര്യം വ്യക്തമാക്കുന്നത്.

# 4

# ആധുനിക ഇന്ത്യയിലെ തത്ത്വചിന്തകന്മാർ

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാക്കുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- ആധുനിക ഭാരതീയ ചിന്തയുടെ പ്രധാന സവിശേഷതകൾ തിരിച്ചറിയുന്നു.
- സാർവത്രിക മതത്തെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നു.
- ഗാന്ധിജിയുടെ പ്രധാന ആശയങ്ങളായ സത്യാഗ്രഹം, സർവോദയ വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് മൂല്യനിർണയം നടത്തുന്നു.
- വിദ്യാഭ്യാസത്തിനു സ്വന്തമായി നിർവചനം രൂപീകരിക്കുന്നു.
- യോഗം, പൂർണ്ണ യോഗം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു.
- ആത്മൻ എന്നതിനെക്കുറിച്ച് മനസ്സിലാക്കുന്നു.
- കേരളത്തിലെ ചിന്തകൻമാരുടെ ആശയങ്ങളെ താരതമ്യം ചെയ്യുന്നു.

I3G3I8

## പ്രധാനാശയങ്ങൾ

4. 1 ആധുനിക ഭാരതീയചിന്ത
- സ്വാമി വിവേകാനന്ദൻ
  വിശ്വമതം
- മഹാത്മഗാന്ധി
  - സത്യാഗ്രഹം
  - സർവോദയം
  - വിദ്യാഭ്യാസം
- ശ്രീ അരോബിന്ദോ
  പൂർണ്ണ യോഗ
- സർ മുഹമ്മദ് ഇക്ബാൽ
  ആത്മാവിന്റെ പ്രകൃതം

4. 2 കേരളത്തിലെ ചിന്തകൻമാർ
- സെന്റ് കുരിയാക്കോസ് ഏലിയാസ് ചാവറ
- ചട്ടമ്പി സ്വാമികൾ
- ശ്രീനാരായണഗുരു

## ആമുഖം

ആധുനിക ഭാരതീയ തത്ത്വചിന്തകന്മാരെക്കുറിച്ചും ആധുനിക ചിന്തയിൽ അവരുടെ സംഭാവനയെക്കുറിച്ചുമാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്. പ്രധാന ചിന്തകരായ സ്വാമി വിവേകാനന്ദൻ, മഹാത്മഗാന്ധി, ശ്രീ അരോബിന്ദോ, സർ മുഹമ്മദ് ഇക്ബാൽ, സെന്റ് കുരിയാക്കോസ് ഏലിയാസ് ചാവറ, ചട്ടമ്പി സ്വാമികൾ, ശ്രീനാരായണഗുരു എന്നിവരെക്കുറിച്ചും, അവരുടെ തത്ത്വചിന്തകളെക്കുറിച്ചും പരിശോധിക്കുന്നു.

നമുക്ക് ശ്രേഷ്ഠമായൊരു ഭൂതകാലം ഉണ്ടായിരുന്നു. പക്ഷെ പതിനെട്ടാം നൂറ്റാണ്ടോടു കൂടി എന്തുകൊണ്ടാണ് നാം പിന്നോട്ടു പോയത്?

കാരണങ്ങൾ എഴുതുക

- തൊട്ടുകൂടായ്മ
-
-
-
-

ഇത്തരം കാരണങ്ങൾ കൊണ്ടായിരുന്നു നമ്മുടെ സമൂഹം പുറകോട്ടു പോയിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭാരതീയ തത്ത്വ ചിന്തയിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ച ചിന്തകരായ സ്വാമി വിവേ കാനന്ദൻ, മഹാത്മാഗാന്ധി, ശ്രീ അരോബിന്ദോ, സർ മുഹമ്മദ് ഇക്ബാൽ തുടങ്ങിയവർ സമൂഹത്തിലെ അനാചാരങ്ങൾക്കും സാമൂഹിക തിന്മ കൾക്കും എതിരെ പോരാടുകയും നമ്മുടെ നഷ്ടപ്പെട്ട പ്രാചീനതയുടെ മഹത്വം പുനഃസ്ഥാപിക്കുകയും ചെയ്തു. ഈ കാലഘട്ടമാണ് നവോത്ഥാന കാലഘട്ടം എന്നറിയപ്പെടുന്നത്.

## 4.1. ആധുനിക ഇന്ത്യൻ തത്ത്വചിന്ത

പാരമ്പര്യവും ആധുനികതയും സംയോജിപ്പിച്ച് മുന്നോട്ടു പോകാനാണ് ആധുനിക ഭാരതീയചിന്ത ശ്രമിച്ചത്. പാശ്ചാത്യ പൗരസ്ത്യ ചിന്തകളുടെ സങ്കലനത്തിലൂടെ ഒരു പുതിയ വ്യവസ്ഥ രൂപപ്പെടുത്താനുള്ള ഒരു ശ്രമ മായിരുന്നു അത്.

ആധുനിക ചിന്തകർക്ക് പഴയകാലത്തെ ചില ദാർശനിക പ്രശ്നങ്ങളു മായി ഇടപെടേണ്ടി വന്നിട്ടുണ്ട്. ഉദാഹരണമായി, കർമഫലം, പുനർജന്മസ ങ്കൽപ്പം, മോക്ഷചിന്ത തുടങ്ങിയ പഴയ സങ്കൽപ്പനങ്ങളുമായി പുതിയ ചിന്തകർക്ക് കലഹിക്കേണ്ടി വന്നിട്ടുണ്ട്. യഥാർഥ ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ സ്വീകരിച്ച് അവയുമായി ഇത്തരം സങ്കൽപ്പങ്ങളെ ബന്ധ പ്പെടുത്താനാണ് ആ ശ്രമം. വേദാന്തചിന്തയെ പ്രായോഗിക ജീവിതത്തോട് അടുപ്പിക്കുന്നതിലൂടെ പ്രായോഗിക വേദാന്തം എന്ന പുതിയ സങ്കൽപ്പനം തന്നെ ഉടലെടുത്തു.

ക്രിയാത്മകമായ ഒരു ലോകവീക്ഷണം, പ്രാപഞ്ചിക ദർശനവും പുതിയ മോക്ഷ സങ്കൽപ്പവും, മാനുഷികത തുടങ്ങിയവയാണ് ആധുനിക ഭാര തീയ ചിന്തയുടെ പ്രത്യേകതകൾ. എല്ലാ മതങ്ങളും സത്യമാണെന്നും അവയെല്ലാം തന്നെ ദൈവസാക്ഷാൽകാരത്തിനുള്ള വിഭിന്ന വഴികളാ ണെന്നും പുതിയ ചിന്തകർ വിശ്വസിച്ചു. മനുഷ്യൻ തന്നെയാണ് അവന്റെ

ലക്ഷ്യം തീരുമാനിക്കേണ്ടതെന്നും ഈ ഭൂമിയിലെ ജീവിതവും സാമൂഹ്യ നന്മയുമാണ് പ്രധാനമെന്നും അവർ കരുതുന്നു. ആധുനിക ഭാരതീയ ചിന്തകരുടെ മനസ്സ് രൂപപ്പെടുത്തിയത് ശാസ്ത്രപുരോഗതിയും പാശ്ചാത്ത്യ സ്വാധീനവും മാനുഷിക മൂല്യങ്ങളുമാണ്.

### സ്വാമി വിവേകാനന്ദൻ

"ഉണരുക എഴുന്നേൽക്കുക, അവസാന ലക്ഷ്യത്തിലെത്തുന്നത് വരെ വിശ്രമിക്കാതിരിക്കുക." ഈ വാക്കുകൾ നമുക്ക് പരിചിതമല്ലേ?

ഇത് അറിയപ്പെടുന്നത് സ്വാമി വിവേകാനന്ദന്റെ യുവാക്കളോടുള്ള ആഹ്വാനമായിട്ടാണ്. ഇന്ത്യൻ നവോത്ഥാന നായകരിൽ ഏറ്റവും പ്രധാനിയായ സ്വാമി വിവേകാനന്ദൻ, സാമൂഹ്യ പരിഷ്കർത്താവും തത്ത്വചിന്തകനുമാണ്. അദ്ദേഹത്തിന്റെ തത്ത്വചിന്ത അദ്വൈത വേദാന്തത്തിൽ അധിഷ്ഠിതമാണ്. കാലഘട്ടത്തിനുസൃതമായി വേദാന്തത്തിൽ മാറ്റം വേണമെന്നും ആ മാറ്റത്തെയാണ് **നിയോവേദാന്തം** എന്നും വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾ വലിയൊരു സാമൂഹ്യമാറ്റത്തിന് ഭാരതത്തിൽ തുടക്കം കുറിച്ചു.



സ്വാമി വിവേകാനന്ദൻ

### വിശ്വമതം

വിവേകാനന്ദന്റെ അഭിപ്രായത്തിൽ എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒന്നു തന്നെയാണ്. എന്നാൽ അവയ്ക്ക് വിഭിന്നമായ രൂപങ്ങളാണുള്ളത്. കാരണം വിഭിന്നമായ സാഹചര്യങ്ങളിലാണ് അവ വളർന്നത്. വിവിധ മതങ്ങൾ പരസ്പരം വിരുദ്ധങ്ങളല്ല. പകരം അവ പരസ്പര പൂരകങ്ങളാണ് എല്ലാ മതങ്ങളും വിരൽ ചൂണ്ടുന്നത് ഒരേയൊരു സത്തയിലേക്കാണ്. മനുഷ്യന്റെ പ്രാപഞ്ചിക സാഹോദര്യമെന്നപോലെ സാർവ്വലൗകിക മതവും നിലനിൽക്കുന്നു. സ്വാമി വിവേകാനന്ദനെ സംബന്ധിച്ചിടത്തോളം സാർവ്വലൗകികമതത്തിന്റെ അടിസ്ഥാന തത്ത്വം 'അംഗീകരിക്കുക' എന്നുള്ളതാണ്. അംഗീകരിക്കുക എന്നുള്ളത് വെറും സഹിഷ്ണുതയല്ല. ഒരു വിശ്വാസിക്ക് അമ്പലത്തിലോ പള്ളിയിലോ മറ്റ് ദേവാലയങ്ങളിലോ പ്രവേശിക്കാനും പ്രാർഥന നടത്തുവാനും കഴിയണം. സാർവലൗകികമതത്തിന്റെ ഭാഗമായ വിശ്വാസി വിശാലമനസ്കനും തുറന്ന ഹൃദയമുള്ളവനുമായിരിക്കണം. എല്ലാ മതങ്ങളുടെയും ഗ്രന്ഥങ്ങളിൽ നിന്നും പാഠങ്ങളുൾക്കൊള്ളാൻ അയാൾ സന്നദ്ധനാകണം.

ഒരു സാർവ്വലൗകികമതം എല്ലാ മനുഷ്യരുടെ മുമ്പിലും അതിന്റെ വാതിലുകൾ തുറന്നിടണം. എല്ലാ മതവിഭാഗങ്ങൾക്കും സംതൃപ്തിയും സമാധാനവും നൽകാൻ കഴിവുള്ളതാവണം ഇത്. എല്ലാ മതസ്ഥാപനങ്ങൾക്കും ആത്മീയനേതൃത്വം നൽകാൻ തക്കവണ്ണം വിശാലമായിരിക്കണം - ഒരു യഥാർഥ സാർവ്വലൗകികമതം. എല്ലാ മതങ്ങളും ഒരേ സത്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. അടിസ്ഥാനപരമായി അവ ഒന്നുതന്നെയാണ്. എല്ലാ മതങ്ങളെയും അംഗീകരിക്കാൻ കഴിയുന്നതാവണം സാർവ്വലൗകികമതം.

സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ 'സത്യമാണ് ദൈവം'. ദൈവമാണ് എല്ലാ മതങ്ങളുടെയും കേന്ദ്രബിന്ദു. പ്രപഞ്ചത്തിന്റെ ആത്യന്തികമായ ഐക്യം അഥവാ പ്രാപഞ്ചികസത്ത എന്ന നിലയിലാണ് ദൈവത്തെ വിശദീകരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ദൈവത്തെ സാക്ഷാൽകരിക്കാനാണ് ഏതൊരു മതവും ബോധപൂർവ്വമോ അല്ലാതെയോ ശ്രമിക്കുന്നത്. സാർവ്വലൗകികമതത്തെ സംബന്ധിച്ചിടത്തോളം ദൈവ-ഏകത്വമാണ് അടിസ്ഥാന വിശ്വാസം. ഇത് എല്ലാവർക്കും സ്വീകാര്യമാണ്.


ഇന്നത്തെ സാഹചര്യത്തിൽ, സാർവ്വലൗകികമതത്തിന്റെ പ്രസക്തിയെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

### മഹാത്മാഗാന്ധി

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

നിങ്ങൾക്ക് ഈ വാചകം അപഗ്രഥിക്കാനാകുമോ? ഇത് ഗാന്ധിജിയുടെ പ്രസിദ്ധമായ ഉദ്ധരിയാണ്. നിങ്ങളുടെ വാദഗതികൾ പങ്കു വയ്ക്കുക.

- സ്വാതന്ത്ര്യസമര സേനാനി, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ ലോകത്തിൽഅറിയപ്പെടുന്ന മോഹൻദാസ് കരംചന്ദ്ഗാന്ധി ഭാരതത്തിന്റെ രാഷ്ട്രപിതാവാണ്. ഈ ലോകം മുഴുവൻ അദ്ദേഹത്തിന്റെ മഹത്വത്തിന് മുമ്പിൽ തലകുനിച്ചു. അദ്ദേഹത്തിന്റെ എതിരാളികൾ പോലും അദ്ദേഹത്തെ ബഹുമാനിച്ചു. ആത്മാർഥതയുടെയും സത്യസന്ധതയുടെയും ആൾരൂപമാണ് അദ്ദേഹം. ഗാന്ധിജിയുടെ തത്ത്വചിന്ത സത്യത്തിലും അഹിംസയിലും ഊന്നിക്കൊണ്ടുള്ളതാണ്. അദ്ദേഹത്തിന്റെ ജീവിതം തന്നെയാണ് മാനവസമൂഹത്തിനു അദ്ദേഹം നൽകിയ സന്ദേശം.



മഹാത്മാഗാന്ധി

"എനിക്ക് പ്രത്യേകിച്ചൊന്നും പറയാനില്ല. സത്യവും അഹിംസയും നമ്മുടെ പർവതങ്ങളോളം പഴക്കമുള്ളവയാണ്." *– ഗാന്ധിജി*

## സത്യഗ്രഹം



ഗാന്ധിജിയും അനുയായികളും - ദണ്ഡിമാർച്ചിൽ

മഹാത്മാഗാന്ധിയാണ് ആദ്യമായി 'സത്യഗ്രഹം' എന്ന വാക്ക് ഉപയോഗിച്ചത്– ദക്ഷിണാഫ്രിക്കയിൽ. ഇന്ത്യയിൽ അത് തുടരുകയും ചെയ്തു. അക്രമമില്ലാത്ത സമരം എന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സത്യം, ആഗ്രഹം, എന്നീ രണ്ടു സംസ്കൃത പദങ്ങളിൽ നിന്നാണ് സത്യഗ്രഹം എന്ന വാക്ക് ഉണ്ടായത്. ഇതിനർഥം യഥാർഥ സത്യത്തിൽ ഉറച്ചു നിൽക്കുക എന്നതാണ്. ഗാന്ധിജി ഇതിനെ സ്നേഹത്തിന്റെ ശക്തി അല്ലെങ്കിൽ ആത്മാവിന്റെ ശക്തി എന്നു പറയുന്നു.

## സത്യഗ്രഹത്തിന്റെ അർഥങ്ങൾ

> സത്യഗ്രഹം എന്ന സമരമുറ മനശക്തിയുള്ളവർക്ക് മാത്രമുള്ളതാണ്, സംശയവാദികൾക്കോ ഭീരുക്കൾക്കോ ഉള്ളതല്ല. സത്യഗ്രഹം ജീവിതത്തിന്റെയും മരണത്തിന്റെയും കലയാണ്.
>
> **എം.കെ. ഗാന്ധി**

- ആത്മമാറ്റത്തിന്റെ പുതിയ ആയുധമായാണ് സത്യാഗ്രഹത്തെ കാണുന്നത്.
- ഇത് ഒരു ജീവിതരീതിയാണ്.
- ജീവിതത്തെയും പ്രവർത്തിയെയും കുറിച്ചുള്ള ദർശനമാണ്.
- ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യഗ്രഹം എന്നത് അസത്യത്തെ സത്യം കൊണ്ടും, ഹിംസയെ അഹിംസ കൊണ്ടും എതിർക്കുന്ന ധാർമിക ആയുധമാണ്. ഈ ആയുധം എതിരാളിയെ മുറിപ്പെടുത്തുന്നതിന് പകരം അയാളെ സത്യത്തെക്കുറിച്ചും നീതിയെക്കുറിച്ചും പുതിയ കാഴ്ചപ്പാടുള്ളവനാക്കി മാറ്റുന്നു. ദക്ഷിണാഫ്രിക്കയിൽ വർഗവിവേചനത്തിനെതിരെയും ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെയും പോരാടാൻ വിജയകരമായി ഉപയോഗിച്ച ഒരായുധമാണ് സത്യഗ്രഹം. അടിസ്ഥാനപരമായ സാമൂഹ്യമാറ്റത്തിന് സത്യഗ്രഹം വഴിതെളിച്ചു.

### സത്യഗ്രഹിയുടെ ഗുണങ്ങൾ

- ആത്മാർഥതയും സഹിഷ്ണുതയും ഉള്ളവനായിരിക്കണം
- തുറന്ന മനസ്സിനുടമയായിരിക്കണം
- അച്ചടക്കമുള്ള പടയാളിയായിരിക്കണം
- ഭയരഹിതനായിരിക്കണം
- ഭയരാഹിത്യം നന്മയിലേക്കും ത്യാഗത്തിലേക്കും നയിക്കുന്നു. അയാൾ പരമോന്നത ത്യാഗത്തിന് സന്നദ്ധനായിരിക്കണം.
- അഹിംസയും സത്യവും പ്രവർത്തിയിൽ മാത്രമല്ല, വാക്കിലും ചിന്തയിലും കൂടി ഉണ്ടാവണം.

### സത്യഗ്രഹത്തിന്റെ തന്ത്രങ്ങൾ

വിവിധ സാഹചര്യങ്ങൾക്ക് അനുസൃതമായി വിവിധതരത്തിൽ ഉപയോഗിക്കുന്ന ലളിതമായ പ്രവർത്തന രീതിയാണ് സത്യാഗ്രഹം എന്ന് ഗാന്ധിജി വിശ്വസിക്കുന്നു.

സത്യഗ്രഹത്തിൽ വിവിധ പ്രവർത്തനരീതികൾ ഉണ്ട്. അതിൽ ചില രീതികളാണ് നിസ്സഹകരണം, നിയമലംഘനം, അഹിംസയിലധിഷ്ഠിതമായ സമരമുറകൾ, നിരാഹാരം തുടങ്ങിയവ.

- നിയമ ലംഘനം എന്നത് അന്യായമായ നിയമങ്ങൾക്കെതിരെയുള്ള പ്രതിഷേധമാണ്.
- നിസ്സഹകരണം എന്നത് ശുദ്ധീകരണപ്രക്രിയയാണ്; ഇത് തിന്മയെ നേരിടാനുള്ളതും, സഹനത്തിനുള്ള ശക്തി നൽകുന്നതുമാണ്.
- അഹിംസയലധിഷ്ഠിതമായ പ്രത്യക്ഷസമരമാണ്.
- നിരാഹാരം (ആത്മശുദ്ധീകരണം) മറ്റെല്ലാ മാർഗങ്ങളും പരാജയപ്പെടുമ്പോൾ അവസാന ആശ്രയമെന്ന നിലയ്ക്ക് പ്രയോഗിക്കുന്ന സമര രീതിയാണിത്.

സാർവ്വലൗകികമായി ഉപയോഗിക്കാൻ കഴിയുന്ന രീതികളാണ് ഇവയെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. കുട്ടികൾക്കും മുതിർന്നവർക്കും, വ്യക്തികൾക്കും സമൂഹത്തിനാകെത്തന്നെയും രാഷ്ട്രങ്ങൾക്കു പോലും ഇത്തരത്തിലുള്ള സത്യഗ്രഹരീതികൾ ഉപയോഗപ്പെടുത്താം. സാമുഹ്യബന്ധങ്ങളിലും കുടുംബാന്തരീക്ഷത്തിലുമൊക്കെ തന്നെ ഇത് പ്രയോഗത്തിൽ വരുത്താം. അതിന്റെ സാർവലൗകികത രൂപപ്പെടുത്തിയിരിക്കുന്നത് ദൈവത്തിലേക്കുള്ള വഴി എന്ന സത്യത്തിലധിഷ്ഠിതമായാണ്.


### സർവ്വോദയം

സർവ്വോദയം എന്നാൽ സർവ്വരുടെയും ക്ഷേമം അഥവാ എല്ലാവരുടെയും

ഉയർച്ച എന്നാണ്. ആത്മഭാവത്തിന്റെ മേൽക്കൈയ്യാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്ന അടിസ്ഥാനതത്ത്വം. ദൈവത്തെ അറിയുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഗാന്ധിജിയുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക പരിപാടിയാണിത്. സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും സമൂഹത്തിൽ താഴെക്കിടയിലുള്ളവരേയും നിർധനരേയും സമൂഹത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മാനസാന്തരം എന്ന തത്വത്തിൽ അധിഷ്ഠിതമാണ് സർവോദയ പ്രസ്ഥാനം.

**നമുക്ക് മനസ്സിലാക്കാം**

റസ്കിന്റെ *Unto this Last* എന്ന ഗ്രന്ഥമാണ് 'സർവ്വോദയ' എന്ന സങ്കൽപ്പം രൂപപ്പെടുത്തുവാൻ ഗാന്ധിജിക്ക് പ്രേരണയായത്.





### സർവ്വോദയത്തിന്റെ പ്രത്യേകതകൾ

സമൂഹത്തിലെ സാമ്പത്തിക സാമൂഹികവ്യാധികൾ തടയുന്നതിനുള്ള ഒരു ശക്തമായ തത്ത്വശാസ്ത്രമാണ് സർവ്വോദയം. സമൂഹത്തിൽ ഉയർന്ന ധാർമികത സൃഷ്ടിക്കുന്നതിനാണ് ഇത് പ്രാധാന്യം കൊടുക്കുന്നത്. സത്യം, അഹിംസ, ആത്മസമർപ്പണം, ആത്മശുദ്ധി എന്നിവയിലൂടെ മാത്രമേ ഇത് സാധ്യമാവൂ. മറ്റുള്ളവർക്ക് വേണ്ടിയുള്ള ആത്മസമർപ്പണം, അവരുമായി പങ്കുവയ്ക്കൽ എന്നിവ ഇതിന്റെ അടിസ്ഥാനതത്ത്വമാണ്. സ്വയം പര്യാപ്തമായ ഗ്രാമസഭകളാണ് ഇതിന്റെ ലക്ഷ്യം. സ്വയം സമർപ്പണമാണ് സർവ്വോദയത്തിലെ പ്രധാന തത്ത്വം. ഉൽപാദകരുടെ ഒരു സംഘം രൂപപ്പെടുത്താനാണ് ഇത് ശ്രമിക്കുന്നത്. ദേശീയ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി ഇത് നിലകൊള്ളുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ആദർശ സമൂഹമാണ് സർവ്വോദയം ലക്ഷ്യം വയ്ക്കുന്നത്. ഈ സമൂഹം വർണ-വർഗ, വ്യത്യാസങ്ങൾക്കപ്പുറമുള്ളതാണ്. സർവ്വോദയത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ - സ്വാതന്ത്ര്യം, നീതി, സാഹോദര്യം, സമത്വം എന്നിവയാണ്. സർവ്വോദയ സമൂഹത്തിൽ രാഷ്ട്രീയ ശക്തിക്ക് സ്ഥാനമില്ല. ജനഹൃദയങ്ങളുടെ മാറ്റമാണ് സർവ്വോദയത്തിന്റെ അടിസ്ഥാനം. സാമൂഹ്യനന്മ, യുക്തിചിന്ത, സാമൂഹൈക്യം എന്നിവയും സർവ്വോദയത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണ്. സ്വയംഭരണത്തിന്റെ സാർവ്വദേശീയതയാണ് സർവ്വോദയം അംഗീകരിക്കുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ പുനഃസൃഷ്ടി നേടിയെടുക്കുന്നതിനുള്ള ശക്തമായൊരു ബൗദ്ധികശ്രമമാണ് സർവ്വോദയം ലക്ഷ്യമിടുന്നത്.

### നമുക്ക് പരിശോധിക്കാം

**സത്യാഗ്രഹത്തിന്റെ സവിശേഷതകൾ അടങ്ങിയ ചാർട്ട് തയാറാക്കുക.**




## വിദ്യാഭ്യാസം

സാമൂഹ്യ വ്യവസ്ഥയുടെ നട്ടെല്ലാണ് വിദ്യാഭ്യാസം. സമൂഹത്തിന്റെ ഉന്നമനത്തിന് വിദ്യാഭ്യാസത്തിന് പങ്കുണ്ട്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ "വിദ്യാഭ്യാസം എന്നതു കൊണ്ട് ഞാൻ അർഥമാക്കുന്നത് ഒരു കുട്ടിയിലോ, ഒരു മനുഷ്യനിലോ ഉള്ള ശാരീരിക മാനസിക ആത്മീയശക്തികളുടെ സമ്പൂർണമായ പുറത്തെടുക്കലാണ്."



### നമുക്ക് മനസ്സിലാക്കാം

വിജ്ഞാനവും തൊഴിലും വിഘടിച്ച് നിൽക്കേണ്ട ഒന്നല്ല എന്ന ആത്മീതത്ത്വങ്ങളിൽ ഊന്നൽ നൽകുന്നതാണ് 'നയിതാലിം'. 'അടിസ്ഥാന വിദ്യാഭ്യാസം എല്ലാവർക്കും' എന്ന ശൈലിയിൽ ഇതിനെ പരിഭാഷപ്പെടുത്താവുന്നതാണ്.


**ഗാന്ധിജിയുടെ വിദ്യാഭ്യാസരീതിയുടെ സവിശേഷതകൾ**

- **സൗജന്യ പ്രാഥമിക വിദ്യാഭ്യാസം:** ഏഴു വയസ്സു മുതൽ പതിനാലു വയസ്സു വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുകയും അതുപോലെ പ്രാഥമികതലത്തിൽ വിദ്യാഭ്യാസം മാതൃഭാഷയിൽ ആവണമെന്നും ഗാന്ധിജി ആവശ്യപ്പെട്ടു.
- **തൊഴിലധിഷ്ഠിത വിദ്യാഭ്യാസം:** വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ സങ്കല്പം തികച്ചും പുതുമയുള്ളതാണ്. അദ്ദേഹത്തിന്റെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്ന തനതായ സങ്കല്പം ഇക്കാലത്ത് പോലും ഭാരത സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. പഠനത്തോടൊപ്പം തൊഴിലും സമ്പത്തും നേടുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ജോലിയോടുള്ള താൽപ്പര്യം കുട്ടികളിൽ ജനിപ്പിക്കുക എന്നതാണ് ഗാന്ധിജി സ്വപ്നം കണ്ടത്.
- **ധാർമികതയിൽ ഊന്നിക്കൊണ്ടുള്ള വിദ്യാഭ്യാസം:** സത്യം, അഹിംസ, സഹിഷ്ണുത എന്നിവയിൽ ഊന്നിക്കൊണ്ടുള്ള ധാർമിക വിദ്യാഭ്യാസം കൊണ്ടുമാത്രമേ വിദ്യാർഥികൾക്ക് അവരുടെ സ്വഭാവ രൂപീകരണം സാധ്യമാവുകയുള്ളു.
- **വിദ്യാർഥികൾ രാഷ്ട്രീയത്തിൽ പങ്കെടുക്കാതിരിക്കുക:** രാഷ്ട്രീയത്തിൽ നിന്നും വിദ്യാർഥികളെ ഒഴിവാക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു.
- **സ്ത്രീ വിദ്യാഭ്യാസം:** പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ അന്തസ്സ് സമൂഹത്തിൽ ഉണ്ടാകണമെന്ന് അദ്ദേഹം വാദിച്ചു. അതുകൊണ്ട് അദ്ദേഹം, സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത സാമൂഹിക പുരോഗതിക്ക് അനിവാര്യമാണെന്ന് ഊന്നിപ്പറഞ്ഞു.

## ശ്രീ അരബിന്ദോ

ആധുനിക കാലഘട്ടത്തിലെ മഹാനായ പണ്ഡിതനും ദാർശനികനുമാണ് ശ്രീ അരബിന്ദോ. ആത്മീയതയുടെ മേഖലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. ഭാരതത്തിന്റെ സമ്പന്നമായ ആത്മീയപാരമ്പര്യം അദ്ദേഹം എന്നും വിലമതിച്ചിരുന്നു. മനുഷ്യന്റെ സമ്പൂർണ്ണതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ജീവിത പ്രശ്നങ്ങളോടുള്ള യഥാർഥമായ സമീപനവും മനുഷ്യവർഗത്തിന് വലിയ പ്രതീക്ഷ നൽകുന്നു.

### സമ്പൂർണ്ണ യോഗം



ശ്രീ. അരബിന്ദോ

യോഗദർശനത്തിന്റെ സിദ്ധാന്തങ്ങളോട് അടിയുറച്ച വിശ്വാസം പുലർത്തിയിരുന്ന ശ്രീ അരബിന്ദോ തന്റെ തത്ത്വചിന്തയുടെ പ്രമാണങ്ങളുമായി അതിനെ സംയോജിപ്പിക്കാൻ ശ്രമിച്ചു. ജീവിത വ്യാപാരം തന്നെ ഒരു തരത്തിലുള്ള യോഗ ആണെന്ന് അദ്ദേഹം വിശ്വസിച്ചു; കാരണം നമ്മുടെ എല്ലാ പ്രവർത്തികളും ഏകത്വം സാക്ഷാത്കരിക്കുവാനുള്ള ഒരു പ്രവർത്തിയാണ്. സമ്പൂർണ്ണ യോഗ ലക്ഷ്യമിടുന്നത് ഒരു വ്യക്തിയുടെ ദിവ്യമായ ആത്മീയ പരിവർത്തനമാണ്. സർവ്വ മുക്തി അഥവാ മനുഷ്യവർഗത്തിന്റെ ഒന്നാകെയുള്ള മോചനം കൂടി ഇതുൾക്കൊള്ളുന്നു. അരബിന്ദോയുടെ അഭിപ്രായത്തിൽ യോഗം എന്നാൽ ദൈവവുമായുള്ള കൂടിച്ചേരലാണ്. പൂർണ്ണയോഗം എന്നാൽ ഭഗവത്ഗീതയിൽ പറയുന്ന ജ്ഞാന-കർമ്മ-ഭക്തി യോഗങ്ങളുടെ ഒരു സമന്വയമാണ്.

ആന്തരികമായ യോഗമാണ് പൂർണ്ണയോഗ എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. ആത്മശുദ്ധീകരണവും ദൈവീകവൽക്കരണവും ഇത് ആവശ്യപ്പെടുന്നു. മറ്റു ചിന്തകരെപ്പോലെ അരബിന്ദോയും യോഗ എന്നത് ഒരു വ്യക്തിയുടെ ആത്മസാക്ഷാത്കാരം തന്നെ എന്നു വിശ്വസിക്കുന്നു. എന്നാലും അതിനൊക്കെ അപ്പുറമായ മറ്റൊരു ലക്ഷ്യം കൂടി പൂർണ്ണയോഗ എന്ന സങ്കൽപ്പം ഉൾക്കൊള്ളുന്നു. ഭൂമിയിൽ ദിവ്യ ജീവന്റെ സംസ്ഥാപനം എന്നതതാണ് ലക്ഷ്യം.

എല്ലാതരത്തിലുമുള്ള യോഗരൂപങ്ങളും ഉൾക്കൊള്ളുന്നതിനാലാണ് അദ്ദേഹത്തിന്റെ യോഗാരീതിയെ പൂർണയോഗം അഥവാ ആന്തരിക യോഗ എന്ന് വിളിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജീവിത പ്രക്രിയ തന്നെ ഒരു യോഗയാണ്. കാരണം ഓരോ പ്രവൃത്തിയും ഐക്യം സാക്ഷാത്കരിക്കാനുള്ളതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യക്തിയുടെ സർവതോന്മുഖമായ വളർച്ചയാണ് യോഗം ലക്ഷ്യം വയ്ക്കേണ്ടത്. വ്യക്തിയുടെ പൂർണമായ പരിണാമമാണ് അരബിന്ദോയുടെ യോഗം ലക്ഷ്യം വയ്ക്കുന്നതിനാൽ, ഇതിനെ പൂർണയോഗം എന്നു പറയുന്നു.

#### നമുക്ക് മനസ്സിലാക്കാം

ദിവ്യജീവിതം ലഭ്യമാകുവാനായി ശ്രീ അരബിന്ദോ വ്യത്യസ്ത സമ്പ്രദായമാണ് ഉപയോഗിക്കുന്നത്. ഇതിൽ മൂന്ന് പ്രക്രിയകളാണ് ഉള്ളത്.

1. മാനസികവൽക്കരണം (psychicisation). 2. ആത്മീയവൽക്കരണം (spiritualisation), 3. അതിമാനസികാവസ്ഥാവൽക്കരണം (supramentalisation). ആന്തരിക യോഗയുടെ മൂന്ന് ഘട്ടങ്ങളാണ് ഇവ.

**മാനസികവൽക്കരണം:** മനുഷ്യനിലെ ദൈവിക കേന്ദ്രത്തെ തിരിച്ചറിയാനുള്ള ശ്രമമാണിത്. ഇതാണ് ജീവാത്മാവ്. ഇതിനെ ഉണർത്തുക എന്നതാണ് ആദ്യത്തെ ഘട്ടം. ഈ ഘട്ടത്തിൽ ബോധം ഉള്ളിലേക്ക് പ്രവേശിച്ച് ശാരീരിക, മാനസിക, ചൈതന്യ വശങ്ങളെ നവീകരിക്കുന്നു.

**ആത്മീയവൽക്കരണം:** മാനസിക പരിവർത്തനത്തിന്റെ ഫലമായി പ്രകാശം, സമാധാനം, ശക്തി എന്നിവ ശരീരത്തിലേക്ക് കടക്കുകയും ശരീരത്തിലെ എല്ലാ ഭാഗങ്ങളെയും (ശാരീരികം, മാനസികം, ചൈതന്യപരം) പരിവർത്തനം ചെയ്യുകയും ചെയ്യുന്നു. ഇതാണ് ആത്മീയ പരിവർത്തനം (spiritual transformation)

**അതിമാനസികാവസ്ഥാവൽക്കരണം:** ഇത് മൂന്നാമത്തെ ഘട്ടമാണ്. ഈ ഘട്ടത്തിൽ ബോധം പൂർണമായി ദിവ്യമാവുകയും മുഴുവൻ കാഴ്ചപ്പാടുകൾക്കും മാറ്റം സംഭവിക്കുകയും ചെയ്യുന്നു. ദ്വന്ദ്വത്വം, അനൈക്യം എന്നിവ ഇല്ലാതാവുകയും സമ്പൂർണ ഐക്യം കാണാൻ സാധിക്കുകയും ചെയ്യുന്നു.

### നമുക്ക് മനസ്സിലാക്കാം

അരബിന്ദാശ്രമത്തിന്റെ സ്ഥാപകയായ 'ദി മദർ' എന്നറിയപ്പെട്ട മിറാ അൽഫസ്സാ (Mirra Alfassa) ആണ് 1968 ഫെബ്രുവരി 25 ബുധനാഴ്ച ആരോവിൽ സ്ഥാപിച്ചത്. അരബിന്ദോയുടെ ആത്മീയ സഹകാരിയായിരുന്നു മദർ. 'മനുഷ്യൻ ഒരു പരിവർത്തന ജീവിയാണ്' എന്ന് മദർ വിശ്വസിച്ചിരുന്നു. ആരോവില്ല എന്നത് 'സാർവലൗകിക നഗരം' ആണ്. ഇത് മനുഷ്യത്വത്തിന്റെ പുരോഗതിക്കും സുമനസ്സും അഭിലാഷവും ഉള്ള ജനങ്ങളെ ഒന്നിപ്പിക്കുക വഴി ഒരു നവലോക സൃഷ്ടിക്ക് വഴി തെളിക്കുമെന്നും അവർ പ്രത്യാശിച്ചു. ഇന്ത്യയുടെ നവോത്ഥാനത്തിന് ഈ നഗരം സഹായിക്കുമെന്ന് അവർ വിശ്വസിച്ചു. ഇന്ത്യാഗവൺമെന്റിന്റെ അംഗീകാരം ഈ നഗരത്തിന് ലഭിക്കുകയുണ്ടായി. 1966 യുനെസ്കോയുടെ അംഗീകാരവും ലഭിച്ചു. കഴിഞ്ഞ 40 വർഷത്തിനിടയിൽ നാല് തവണ യുനെസ്കോയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.



നഗര മധ്യത്തിലായി മികച്ച ശിൽപ്പവിദ്യാനേട്ടമായി കരുതപ്പെടുന്നത് മാത്രിമന്ദിർ (Matrimandir) ആണ്. മനുഷ്യന്റെ പൂർണ്ണതയ്ക്ക് വേണ്ടിയുള്ള അഭിലാഷത്തിന് നൽകുന്ന ദൈവത്തിന്റെ മറുപടിയുടെ പ്രതീകമായാണ് മദർ ഇതിനെ കാണുന്നത്. പ്രശാന്തത നിലനിർത്തുന്നതിനായി ഇതിനകത്ത് നിശബ്ദത പാലിച്ചു വരുന്നു. മാത്രിമന്ദിറിന് ചുറ്റുമുള്ള പ്രദേശം സമാധാന പ്രദേശം എന്നാണ് അറിയപ്പെടുന്നത്. മാത്രിമന്ദിറിനകത്ത് മുകളിലേക്ക് നയിക്കുന്ന സർപ്പിളാകൃതി ഉള്ള ഗോവണിയുണ്ട്. ഇത് ചെന്നെത്തുന്നത് ശീതീകരിച്ച മാർബിൾ പതിച്ച ഒരു സ്വകാര്യ മുറിയിലേക്കാണ്. 'സ്വന്തം ബോധത്തെ കാണുന്ന സ്ഥലം' എന്നാണ് ഈ മുറി അറിയപ്പെടുന്നത്. ആരോവില്ലയുടെ താഴികക്കുടം 56 കിലോഗ്രാം സ്വർണ്ണം കൊണ്ടുള്ളതാണ്. ഇതിന്റെ മധ്യത്തായി 70 സെന്റിമീറ്റർ വരുന്ന സ്ഫടിക ബോൾ ഉണ്ട്. താഴികക്കുടത്തിന് മുകളിലൂടെ പതിക്കുന്ന സൂര്യരശ്മിയേറ്റ് ഇത് തിളങ്ങുന്നു. 'ഭാവി തിരിച്ചറിവിന്റെ' പ്രതീകമായാണ് മദർ ഇതിനെ കാണുന്നത്.

**നമുക്ക് പരിശോധിക്കാം**

നിങ്ങൾ ഭഗവത്ഗീതയിലെ യോഗം പഠിച്ച് കഴിഞ്ഞതല്ലേ? അരബിന്ദോയുടെ സമ്പൂർണ യോഗവും ഭഗവത്ഗീതയിലെ യോഗവും താരതമ്യം ചെയ്യുക.

## സർ മുഹമ്മദ് ഇക്ബാൽ



സർ മുഹമ്മദ് ഇക്ബാൽ

ആധുനിക ഇന്ത്യൻ തത്ത്വശാസ്ത്രത്തിൽ പ്രമുഖ സ്ഥാനം സ്വായത്തമാക്കിയ വ്യക്തിയാണ് സർ മുഹമ്മദ് ഇക്ബാൽ. ഉയർന്ന തത്ത്വചിന്താ ആദർശങ്ങളെ ഇസ്ലാം ചിന്തകളിൽ പ്രയോഗിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ അതിഭൗതികതാവാദത്തിന്റെ അടിസ്ഥാനം ഇസ്ലാം മതമാണ്. ആത്മാവ് എന്ന പദം കൊണ്ട് പൊതുവായി എന്താണോ അർഥമാക്കുന്നത് അതിൽനിന്നും വ്യത്യസ്തമായല്ല മുഹമ്മദ് ഇക്ബാൽ ആത്മാവിനെ വിവരിക്കുന്നത്. ആത്മാവ് എന്നാൽ വിവിധ അനുഭവങ്ങൾ കോർത്തിണക്കി ഒന്നാക്കുന്ന ഉണ്മയാണ്. അദ്ദേഹം ഈഗോ എന്ന പദമാണ് ആത്മാവ് (self) എന്നതിനുപകരം ഉപയോഗിച്ചത്. ശരീരത്തിനും അപ്പുറത്തുള്ളത് എന്ന ഒരു ധാരണ ആത്മാവ് എന്ന പദം ജനിപ്പിക്കുന്നുണ്ട്. എന്നാൽ ഈഗോ എന്ന പദം അർഥമാക്കുന്നത് ശാരീരികവും മാനസികവുമായ വാസനകൾ ഉൾക്കൊള്ളുന്ന ഒരു പൂർണവ്യക്തിയെയാണ്.

സർ മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ ഖുർആൻ ഊന്നൽ നൽകുന്നത് മനുഷ്യന്റെ മൂന്ന് വശങ്ങളെയാണ്:

1. മനുഷ്യൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്
2. ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയാണ് മനുഷ്യൻ
3. മനുഷ്യൻ സ്വതന്ത്ര വ്യക്തിത്വത്തിന്റെ രക്ഷാധികാരിയാണ്

ഇത്തരം സ്വഭാവ സവിശേഷതയ്ക്ക് ഊന്നൽ നൽകുന്നതിലൂടെ മനുഷ്യന്റെ പ്രാധാന്യത്തെ തുറന്നു കാണിക്കുകയാണ് ചെയ്യുന്നത്. സർ മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ ആത്മാവ് എന്നത് ലളിതമായ, അവിഭാജ്യമായ, മാറ്റമില്ലാത്തതാണ്. അത് മാനസിക അവസ്ഥയ്ക്ക് അപ്പുറത്തുള്ളതല്ല.

ഈഗോയുടെ പ്രകൃതത്തെ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. മനശ്ശാസ്ത്രം ഈഗോ എന്താണെന്നോ അതിന്റെ പ്രകൃതം എന്താണെന്നോ വിവരിക്കുന്നില്ല. മനശ്ശാസ്ത്രം ഈഗോയുടെ ഉപരിതല പ്രവർത്തനങ്ങളെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്. അതുകൊണ്ട് ഈഗോയെ മനശ്ശാസ്ത്രം, അറിവ്, ചിന്ത, വികാരം എന്നീ പ്രക്രിയകളായി ചുരുക്കുന്നു. അവബോധമുള്ള ഉൾക്കാഴ്ചയിലൂടെ മാത്രമേ ഈഗോയുടെ പ്രകൃതം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം ഉൾക്കാഴ്ച വളർത്തിയെടുക്കാൻ കഴിയാത്ത

ആളുകൾ പറയുന്നത് 'ഈഗോ' എന്നാൽ ആന്തരിക ജീവിതത്തിന്റെ ഒരു ഐക്യമെന്നോ, മാനസിക ജീവിതത്തിന്റെ ഐക്യമെന്നോ ആണ്. ഈഗോ എല്ലാ അനുഭവങ്ങളെയും ഒന്നിപ്പിക്കുന്നു. ഈഗോയുടെ പ്രവർത്തനങ്ങൾ സ്വകാര്യവും വ്യക്തിപരവുമാണ്. എന്റെ സന്തോഷം, വേദന, ആഗ്രഹം എന്നിവയെല്ലാം എന്റേതു മാത്രമാണ്. ഏതെങ്കിലും വസ്തുവിനോടുള്ള എന്റെ ഇഷ്ടം എന്നത് എന്റേതു മാത്രമാണ്. അത് മറ്റുള്ളവർക്ക് സംതൃപ്തി നൽകുന്നില്ല. ഉദാഹരണത്തിന് എന്റെ പല്ലുവേദനയിൽ പല്ല് ഡോക്ടർക്ക് എന്നോട് അനുകമ്പ തോന്നാം. പക്ഷേ എന്റെ വേദന അനുഭവിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല.

സർ മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ ശരീരവും ആത്മാവും പ്രവർത്തനങ്ങളുടെ വ്യവസ്ഥകളാണ്. പ്രവർത്തനങ്ങൾ എന്ന നിലയിൽ അവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ശരീരത്തിന്റെ പ്രവർത്തനങ്ങൾ ആവർത്തനവും യാന്ത്രികവുമാണ്. എന്നാൽ ആത്മാവിന്റെ പ്രവർത്തനങ്ങൾ സ്വാഭാവികവും സ്വതന്ത്രവും ആണ്. ആത്മാവിന്റെ പ്രവർത്തനം ശരീരത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നു. ആത്മാവ് എന്നത് പ്രവർത്തനങ്ങളുടെ പരമ്പര ആകുന്നു. അതുകൊണ്ട് അതിന് പ്രവർത്തിക്കാനും പ്രതിപ്രവർത്തനം നടത്താനുമുള്ള പരിതസ്ഥിതി ആവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ശരീരത്തെ ഉപയോഗിക്കുന്നു. ആത്മാവിന്റെ പ്രധാന സവിശേഷത എന്നത് സ്വാതന്ത്ര്യമാണ്. ഈഗോ സ്വന്തം അനുഭവങ്ങളാൽ സംഘടിപ്പിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ്. എല്ലാ വസ്തുക്കളും ആത്യന്തികമായി ആശ്രയിക്കുന്നത് അതിന്റെ സ്വന്തം സാധ്യതകളെയും തീരുമാനങ്ങളെയുമാണ്. തന്റെ ആവശ്യങ്ങൾക്ക് യോജിക്കുന്ന രീതിയിൽ പരിതസ്ഥിതിയെ മാറ്റിയെടുക്കാൻ മനുഷ്യന് സാധിക്കും.

ആത്മാവിന്റെ മറ്റൊരു പ്രധാന സവിശേഷത എന്നത് അമരത്വമാണ്. ആത്മാവിന്റെ പ്രകൃതമാണ് അമരത്വം. മനുഷ്യന്റെ അന്തിമ വിധിയും ഇതാണ്. ആത്മാവിന് മരണമില്ല. മരണമെന്നത് ആത്മാവിന്റെ അവസാനമല്ല. മറിച്ച് ഒരു വ്യക്തി പൂർണ അഹംബോധത്തെ തിരിച്ചറിയുന്ന അവസ്ഥയാണ്. ഈ അവസ്ഥയിൽ ആത്മാവിന്റെ എല്ലാ കഴിവുകളും അതിന്റെ പാരമ്യത്തിലെത്തുന്നു.

സർ മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ ദൈവമാണ് പരമമായ ഈഗോ (സൂപ്പർ ഈഗോ), അഹംബോധത്തിന്റെ മാതൃക. ഖുറാനിലെ വചനങ്ങളെ പിന്തുടർന്നു കൊണ്ട് ദൈവം പ്രകാശമാണ് എന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു. പരിപൂർണ്ണമായ ഈഗോയുടെ പ്രകൃതം മനസ്സിലാക്കാനുള്ള ഏറ്റവും നല്ല അലങ്കാരപദമാണ് പ്രകാശം എന്നത്. പരമമായ ഈഗോ എന്നത് അനന്തമായ അവബോധം ഉള്ളതും അനന്തം സൃഷ്ടിപരമായ സാധ്യതകൾ ഉള്ളതും ആകുന്നു. സൃഷ്ടി എന്നത് ഒരു പ്രകടനം മാത്രമാണ്. ഈ ലോകത്തിന്റെ സൃഷ്ടിപരമായ പുരോഗതിയുടെ മാർഗദർശിയായാണ് പരമമായ ഈഗോയെ പരിഗണിക്കുന്നത്.

## 4.2 കേരളത്തിലെ ചിന്തകർ

### സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ



സെന്റ്. കുര്യാക്കോസ് ഏലിയാസ് ചാവറ


പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും പ്രസക്തിയാർജ്ജിച്ച കേരളത്തിലെ സന്യാസിവര്യനാണ് സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ. കേരളത്തിലെ കത്തോലിക്ക വിഭാഗത്തിലെ മാറ്റങ്ങൾക്കു വളരെയധികം സ്വാധീനം ചെലുത്തിയ സാമൂഹ്യ പരിഷ്കർത്താവാണ് ചാവറയച്ചൻ. ഒരു വിശിഷ്ട വ്യക്തിത്വമുള്ള ആത്മീയ ആചാര്യനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു അദ്ദേഹം. മനസ്സിനെ ശുദ്ധീകരിക്കുവാൻ തപസ് ഗുണപ്രദമാണെന്നു അദ്ദേഹം പറയുന്നു. ജ്ഞാനയോഗ, കർമയോഗ, ഭക്തിയോഗ എന്നിവയിലൂടെ ഒരാൾക്കു മോക്ഷത്തിലേക്ക് എത്തിച്ചേരാൻ സാധിക്കും എന്ന് അദ്ദേഹം വിശ്വസിച്ചു. അറിവ് ഭക്തിയിലേക്കും ഭക്തി കർമത്തിലേക്കും എത്തിച്ചേരുമെന്നു ചാവറയച്ചൻ പറയുന്നു. കർമ്മം എന്നാൽ സേവനമാണ്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തികളും ആന്തരിക ദിവ്യാനുഭവത്തിലധിഷ്ഠിതമാണ്. ദൈവം അദ്ദേഹത്തിന് പ്രേരണയാവുകയും ജനങ്ങളുടെ കാര്യങ്ങളിൽ ഇടപെടുകയും, അതിലൂടെ അദ്ദേഹം ദൈവപ്രീതി നേടിയ ഒരാളായി നിലനിൽക്കുകയും ചെയ്തു.

കേരളത്തിലെ ആദ്യകാല വിദ്യാഭ്യാസ വിചക്ഷണനായ അദ്ദേഹമാണ് 'പള്ളിക്കൂടം' എന്ന വിദ്യാഭ്യാസ പദ്ധതിക്കു രൂപം നൽകിയത്. പള്ളിയോടു ചേർന്നു കൊണ്ടുള്ള പഠന പദ്ധതിയാണിത്. സമൂഹത്തിലെ എല്ലാവർക്കും പ്രത്യേകിച്ചും സ്ത്രീകൾക്ക് പഠനം എന്ന ലക്ഷ്യമാണ് പള്ളിക്കൂടം എന്ന സങ്കൽപ്പത്തിനു പിന്നിൽ. ചാവറയച്ചന്റെ അഭിപ്രായത്തിൽ സ്ത്രീകളാണ് കുട്ടികളിൽ സ്വഭാവരൂപീകരണമുണ്ടാക്കുന്നത്. അതുകൊണ്ട് വീട്ടിൽ തന്നെ ആദ്യം പഠനമാരംഭിക്കണം. സ്ത്രീകൾക്കു മാത്രമേ വീട് ഒരു ദേവാലയമാക്കി മാറ്റാൻ കഴിയൂ എന്നദ്ദേഹം വിശ്വസിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ചാവറയച്ചൻ മനുഷ്യന്റെ പരിവർത്തനത്തിന് വിദ്യാഭ്യാസത്തിന്റെ പങ്ക് തിരിച്ചറിഞ്ഞിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ മനുഷ്യ പുരോഗതി സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

## ചട്ടമ്പിസ്വാമികൾ

കേരളത്തിലെ ആദ്യകാല സാമുഹ്യപരിഷ്കർത്താവും സന്യാസിയുമാണ് ശ്രീ വിദ്യാധിരാജ പരമ ഭട്ടാരകാ ചട്ടമ്പിസ്വാമികൾ. കേരളത്തിന്റെ സാമുഹ്യ, സാംസ്കാരിക, രാഷ്ട്രീയ, മത മേഖലകളിൽ ഒരു പാടു മാറ്റങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ എഴുത്തുകൾക്ക് സാധിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന ജാതി, തൊട്ടുകുടായ്മാ തുടങ്ങിയ സാമുഹ്യ പ്രശ്നങ്ങളിൽ മാറ്റം കൊണ്ടു വരുവാൻ ശ്രീനാരായണഗുരുവിനെപ്പോലെത്തന്നെ പ്രവർത്തിച്ച മഹാനായിരുന്നു ചട്ടമ്പിസ്വാമികൾ. ചട്ടമ്പിസ്വാമികൾക്ക് വളരെ സ്വതന്ത്രമായ സാമുഹിക വീക്ഷണമാണുണ്ടായിരുന്നത്. ഹിംസയുടെ ഇരകളോടുള്ള ദയയോ അനുകമ്പയോ മാത്രമല്ല അഹിംസ. അത് ബ്രഹ്മചര്യത്തിൽ അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതചര്യയാണ്. അഹിംസ പരിപാലിക്കുന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് അദ്ദേഹത്തിന്റെ ജീവിതം.




ചട്ടമ്പി സ്വാമികൾ

സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾ ഉന്മൂലനം ചെയ്യാനായി കേരളത്തിലുടനീളം ഇദ്ദേഹം സഞ്ചരിച്ചു. തൊട്ടുകൂടായ്മയ്ക്കും ജാതി വ്യവസ്ഥയ്ക്കും എതിരായുള്ള ഒരു ജീവിത വീക്ഷണമാണ് അദ്ദേഹം വച്ചു പുലർത്തിയത്.

സാമൂഹ്യമാറ്റത്തിനു വേണ്ടി പേനയെ പടവാളാക്കിയ മഹാനായിരുന്നു ഇദ്ദേഹം. സാമൂഹികമായ നല്ല വീക്ഷണം വച്ചു പുലർത്തിയ അദ്ദേഹം അഹിംസയിലും സത്യത്തിലുമൂന്നിനിന്നുകൊണ്ടുള്ള സാമുഹിക പദ്ധതികൾക്ക് പ്രധാന്യം കൊടുത്തു. ഹിന്ദുമതത്തിലെ സവർണമേധാവിത്വത്തെ ചോദ്യം ചെയ്യുകയും, ജാതി വ്യവസ്ഥയെ എതിർക്കുകയും ചെയ്തു. അവർണരോടൊപ്പം താമസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ താൻ പറഞ്ഞ കാര്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് അദ്ദേഹം ശ്രമിച്ചത്.

ജാതി, തൊട്ടുകൂടായ്മ എന്നീ സാമൂഹിക പ്രശ്നങ്ങളെ എതിർക്കുകയും 'സാർവത്രിക കുടുംബ'മെന്ന സങ്കൽപ്പം കെട്ടിപ്പടുക്കാൻ ശ്രമിക്കുകയും ചെയ്തു. സമുഹത്തിലെ എല്ലാ സ്ത്രീകൾക്കും വിദ്യാഭ്യാസം വേണമെന്ന് അദ്ദേഹം വാദിച്ചു. ഒപ്പം അവർ എല്ലാ മേഖലയിലും മുന്നിട്ടു വരണമെന്നും വാദിച്ചു. സസ്യാഹാര ശീലം പ്രോത്സാഹിപ്പിച്ചു. വിവിധ വിഭാഗങ്ങൾക്കിടയിൽ ഐക്യം നിലനിർത്തുന്നതിനുള്ള ശ്രമം അദ്ദേഹം നടത്തി.

## ശ്രീനാരായണഗുരു



ശ്രീനാരായണഗുരു

ആധുനിക ലോകത്തെ ആത്മീയ തത്ത്വചിന്തകരിൽ ഒരാളാണ് ശ്രീനാരായണഗുരു. അദ്ദേഹം മഹാനായ സാമൂഹിക പരിഷ്കർത്താവാണ്. അദ്വൈത വേദാന്തത്തെ അടിസ്ഥാനമാക്കിയതാണ് ഗുരുവിന്റെ തത്ത്വചിന്ത. പ്രായോഗിക ജീവിതതലങ്ങളിൽ ശരിയായ അദ്വൈത പഠനം കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചു. ശ്രീനാരായണഗുരുവിന്റെ കാലഘട്ടത്തിൽ കേരളത്തിൽ ജാതി വ്യവസ്ഥ, തൊട്ടുകൂടായ്മ, അസമത്വം, അടിമത്തം മുതലായ തിന്മകൾ നിലനിന്നിരുന്നു. അദ്വൈത ചിന്തകൻ എന്ന നിലയിൽ എല്ലാ മനുഷ്യരും തുല്യരാണെന്നും മനുഷ്യന്റെ ആത്യന്തികാവസ്ഥയും ബ്രഹ്മത്തിന്റെ അവസ്ഥയും തുല്യമാണെന്നും അദ്ദേഹം മനസ്സിലാക്കി. പരമസത്യത്തെ 'അറിവ്' എന്ന വാക്ക് ഉപയോഗിച്ച് ഗുരു വിശേഷിപ്പിച്ചു.

എല്ലാ ദ്വന്ദ്വാവസ്ഥകളെയും നിർമാർജനം ചെയ്യുക എന്നതാണ് ഗുരുവിന്റെ തത്ത്വചിന്തയുടെ കാതലായ ലക്ഷ്യം. വർഗം, ഭാഷ, സംസ്കാരം മുതലായവയിൽ ഊന്നിയ ഉച്ചനീചത്വങ്ങളെ തുടച്ചു നീക്കേണ്ടതുണ്ട്. ജീവാത്മാവിന്റെയും പരമാത്മാവിന്റെയും അദ്വൈതാവസ്ഥ അംഗീകരിച്ചാൽ മനുഷ്യർ തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമില്ല എന്ന് തിരിച്ചറിയാം. ഒരേ പരമ ചൈതന്യം എല്ലാ മനുഷ്യരിലും കുടികൊള്ളുകിൽ മനുഷ്യർ തമ്മിൽ എങ്ങനെയാണ് വ്യത്യാസം ഉണ്ടാവുക? മനുഷ്യരുടെ നിറം, വസ്ത്രം, ഭാഷ, ജാതി, മതം എന്നിവയിലെ വ്യത്യാസം ഉപരിപ്ലവം മാത്രമാണ്. അദ്വൈത ചിന്തയ്ക്ക് വിരുദ്ധമാണ് ജാതി വ്യവസ്ഥ. അത് തീർത്തും അടിസ്ഥാന രഹിതവുമാണ്. ഇത് ഇല്ലാതാക്കണം. മനുഷ്യർ ജാതിയെക്കുറിച്ച് ചിന്തിക്കുകയോ പറയുകയോ ചെയ്യരുത്.

മനുഷ്യകുലം എന്ന ഒരു ജാതിയും മാനവികത എന്ന ഒരു മതവും പ്രപഞ്ചചൈതന്യം എന്ന ഒരു ദൈവവുമാണ് ഉള്ളത് എന്ന യുക്തിസഹമായ നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. അദ്ദേഹത്തിന്റെ താത്ത്വിക പഠനങ്ങൾ വളരെ മനോഹരമായി മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലെ പദ്യങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം. 'ആത്മോപദേശശതകാവും' 'അദ്വൈത ദീപികായും' അദ്ദേഹത്തിന്റെ തത്ത്വചിന്തകൾ മലയാളത്തിൽ വിശദമാക്കുന്നു. സംസ്കൃതത്തിലെ താത്ത്വിക കൃതിയാണ് 'ദർശനമാല'.

“ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്” എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ വാക്യത്തിലൂടെ സർവ്വ ജനങ്ങളുടെയും സന്തോഷമാണ് അദ്ദേഹം അർഥമാക്കുന്നത്. ഏകമത ലോകം ഇപ്പോഴും വിദൂരമായ സ്വപ്നമാണ്. വർത്തമാനകാലത്തിൽ പുരോഗതിയും ശ്രേഷ്ഠമായ ജീവിതവും കൈവരിക്കാൻ ഓരോരുത്തരുടെയും ആദർശങ്ങളെ സത്യസന്ധമായും തുറന്ന മനസ്സോടെയും പ്രാവർത്തികമാക്കണം. അനേകം ജനങ്ങളുടെ ജീവിതത്തെ അത്ഭുതകരമായി പരിവർത്തനം ചെയ്യാൻ തന്റെ ജീവിതത്തിലുടനീളം അദ്ദേഹം പരിശ്രമിച്ചു.

## സംഗ്രഹം

- ഇരുപതാം നൂറ്റാണ്ടിലെ തത്ത്വചിന്തകർ ആധുനിക പുരാതന തത്ത്വചിന്തകൾ സംയോജിപ്പിക്കാൻ ശ്രമിക്കുന്നു. ഇത് ഒരു വ്യവസ്ഥ രൂപീകരിക്കാനുള്ള ശ്രമം കൂടിയാണ്.
- സാർവത്രിക കാഴ്ചപ്പാട് സൃഷ്ടിക്കുകയാണ് ഈ തത്ത്വചിന്തകരുടെ അടിസ്ഥാന ലക്ഷ്യം. തത്ത്വചിന്ത സത്താപരമായി ജീവിതവുമായി ഇണങ്ങിയിരിക്കുന്നു എന്ന് അവർ വിശ്വസിക്കുന്നു.
- സ്വാമി വിവേകാനന്ദന്റെ സാർവത്രിക മതം ഒരു സാങ്കൽപ്പിക മതമാണ്. മതത്തിന്റെ എല്ലാ വശങ്ങളെയും പൊരുത്തത്തോടെ സമീപിക്കാൻ അതിന് കഴിയുന്നു.
- വ്യക്തിയുടെ ഭൗതികവും ആത്മീയവും ജീവപരവുമായ വശങ്ങളുടെ സമൂല പുരോഗതിക്ക് വേണ്ടിയാണ് അന്തരികയോഗ എന്ന് ശ്രീ അരബിന്ദോ വിശ്വസിക്കുന്നു.
- സത്യഗ്രഹം, സർവോദയം, വിദ്യാഭ്യാസം എന്നീ ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തിന്റെ ജീവിത ദർശനത്തിൽ അധിഷ്ഠിതമാണ്.
- സർ മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ ആത്മാവ് അനുഭവങ്ങളെല്ലാം ഐക്യപ്പെടുത്തുന്ന ഒന്നാണ്.
- വിശുദ്ധ ചാവറയച്ചൻ, ചട്ടമ്പിസ്വാമികൾ, ശ്രീ നാരായണഗുരു എന്നീ ദാർശനികർ അവരുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ സാമൂഹികവും ആത്മീയവുമായ ദർശനങ്ങൾ രൂപപ്പെടുത്തി.

## നമുക്ക് വിലയിരുത്താം

1. സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ സത്യം ............... ആകുന്നു.

    a. സ്നേഹം  b. ദൈവം  c. ആത്മാവ്  d. ഭൗതിക വസ്തു

2. ഒരു സത്യഗ്രഹി ............................ ആയിരിക്കണം.

    a. ഇടുങ്ങിയ മനസ്സുള്ള വ്യക്തി  b. സത്യസന്ധൻ
    c. സ്വാർഥൻ  d. ഭീരു

3. 'പള്ളിക്കൂടം' എന്ന വാക്ക് ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?

    a. ശ്രീനാരായണഗുരു  b. ചട്ടമ്പിസ്വാമികൾ
    c. സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ

4. ശ്രീനാരായണഗുരു 'അറിവ്' എന്ന വാക്ക് ഉപയോഗിച്ചത് എന്തിനെ സൂചിപ്പിക്കാനാണ്?

    a. ജാതി  b. മതം  c. മനുഷ്യൻ  d. പരമസത്യം

5. ആന്തരിക യോഗം ................................ മായി ബന്ധപ്പെട്ടിരിക്കുന്നു.

    a. സ്വാമി വിവേകാനന്ദൻ  b. ശ്രീ അരബിന്ദോ
    c. ഗാന്ധിജി  d. സർ മുഹമ്മദ് ഇക്ബാൽ

6. സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ സാർവത്രിക മതത്തിന്റെ അടയാളവാക്യം ................................ ആകുന്നു.

7. ............................., ......................... എന്നീ രണ്ട് സംസ്കൃത പദങ്ങളിൽ നിന്നാണ് 'സത്യാഗ്രഹ' എന്ന വാക്ക് രൂപപ്പെട്ടത്.

8. സർവോദയം എന്ന വാക്കിന്റെ അർഥം .............................. ആകുന്നു.

9. അരബിന്ദോയുടെ പൂർണയോഗയുടെ മൂന്ന് ഘട്ടങ്ങൾ ............................, .............................., ............................ എന്നിവ ആകുന്നു.

10. ആത്മാവ് എന്നതിനു പകരം സർ മുഹമ്മദ് ഇക്ബാൽ ഉപയോഗിച്ച വാക്ക് ഏതാണ്?

11. 'മത സംഘർഷങ്ങൾക്ക് പരിഹാരം സാർവത്രിക മതമാണ് എന്ന് ഒരു ചർച്ചയിൽ അമർ സൂചിപ്പിച്ചു. നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? ന്യായീകരിക്കുക.

12. സത്യഗ്രഹത്തിന്റെയും സർവ്വോദയയുടെയും മേന്മകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.
13. വിദ്യാഭ്യാസത്തിന് നിങ്ങളുടെ നിർവചനം എഴുതുക.
14. സമ്പൂർണയോഗത്തെ മറ്റ് യോഗ സമ്പ്രദായങ്ങളിൽ നിന്നും വ്യത്യാസപ്പെടുത്തി വിവരിക്കുക.
15. സർ മുഹമ്മദ് ഇക്ബാലിന്റെ തത്ത്വചിന്തയിലെ ആത്മാവിന്റെ പ്രകൃതത്തെ കുറിച്ച് ചർച്ച ചെയ്യുക.
16. വിശുദ്ധ ചാവറയച്ചനെയും ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണ ഗുരുവിന്റെയും സംഭാവനകൾ വിശദീകരിക്കുക.
17. ആധുനിക തത്ത്വചിന്തകരുടെ ദർശനങ്ങൾ വിശദീകരിക്കുക.

5

# ഗ്രീക്ക് ദർശനം

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാക്കുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- പ്രാചീന ഗ്രീക്ക് ദർശനങ്ങളെ താരതമ്യം ചെയ്യുന്നു. അടിസ്ഥാന പദാർഥങ്ങളെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാട് കൈവരിക്കുന്നു.
- പ്രാചീന യൂറോപ്യൻ ദർശനങ്ങളുടെ വളർച്ച വിവരിക്കുന്നു.
- പ്രാചീന ഗ്രീക്ക് ചിന്തകരുടെ ദർശനങ്ങളെ വിലയിരുത്തുന്നു.
- ദൃഷ്ടാന്തങ്ങളെ വ്യാഖ്യാനിക്കുകയും അവയെ സർഗാത്മക പ്രവർത്തനങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്ന.
- പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റയും ആദർശവാദങ്ങളെ തരംതിരിക്കുന്നു.
- വിവിധ ദാർശനിക ചിന്തകളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

F5V6M5

## പ്രധാനാശയങ്ങൾ


5.1 തേൽസ്
5.2 അനക്സിമാൻഡർ
5.3 അനാക്സിമീനസ്
5.4 പൈതഗോറസ്
5.5 ഹെരാക്ളീറ്റസ്
5.6 പാർമനെഡീസ്
5.7 സീനോ
5.8 സോക്രട്ടീസ്
5.9 പ്ലേറ്റോ
5.10 അരിസ്റ്റോട്ടിൽ


## ആമുഖം

ഈ അധ്യായത്തിൽ പ്രാചീന ഗ്രീക്ക് ചിന്തകരുടെ ദർശനങ്ങളാണ് പ്രതിപാദ്യവിഷയം. തത്ത്വശാസ്ത്രത്തിന്റെ പിതാവായ തെയിൽസ് മുതൽ അരിസ്റ്റോട്ടിൽ വരെയുള്ള ചിന്തകരുടെ ദർശനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു. ചിന്തകരായ തെൽസ്, അനക്സിമാൻഡർ, അനാക്സിമീനസ്, പൈതഗോറസ് എന്നിവർ മൂല പദാർഥങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ ഹെരാക്ലീറ്റസ്, പാർമെനഡീസ്, സീനോ തുടങ്ങിയവർ അസ്ഥിരതയും, സ്ഥിരതയും വിവരിക്കുന്നു. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ ചിന്തകൾ ആദർശം, എടനം, ദ്രവ്യം എന്നീ ആശയങ്ങളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

ഒരാൾ പറയുകയാണ് 'ചലിക്കുന്ന അസ്ത്രം നിശ്ചലമാണ്.' നിങ്ങൾക്ക് എന്ത് തോന്നുന്നു?

നിങ്ങളുടെ ചിന്ത വിശദമാക്കുക.

- 
- 
- 

സീനോയുടെ പ്രഹേളിക (paradox) ആണ് 'ചലിക്കുന്ന അസ്ത്രം നിശ്ചലമാണ്' എന്നത്. പൈതഗോറിയൻ സിദ്ധാന്തമനുസരിച്ച് 'ചലിക്കുന്നു'എന്ന് പറയുന്ന ഒരു അസ്ത്രം നിശ്ചലമാണെന്ന് സീനോ വാദിക്കുന്നു. കാരണം ചലിക്കുമ്പോഴും ആ അസ്ത്രം ഒരു നിശ്ചിത ബിന്ദുവിൽ അത് ഉൾക്കൊള്ളുന്ന സ്ഥലത്ത് നിശ്ചലാവസ്ഥയിലാണ്. ഒരു നിശ്ചിത ബിന്ദുവിൽ ഒരു സ്ഥാനത്തെ ഉൾക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ അത് നിശ്ചലാവസ്ഥയെ സൂചിപ്പിക്കുന്നു. ചലനം യഥാർത്ഥമാണ് എന്ന ഗ്രീക്ക് സിദ്ധാന്തത്തെ ഖണ്ഡിക്കാൻ ഉള്ളതാണ് ഈ പ്രഹേളിക. ഒരു വസ്തു ചലിക്കുന്നു എന്ന് പറയുമ്പോൾ ഓരോ നിമിഷ വും ആ വസ്തുവിന്റെ വലിപ്പവും അത് ഉൾക്കൊള്ളുന്ന ഇടവും തുല്യ മാണ്. അതുകൊണ്ടുതന്നെ എയ്ത് വിട്ട അസ്ത്രം ഏത് നിമിഷവും അത് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ചലിക്കാത്ത അവസ്ഥയിലാണ്.

യാഥാർത്ഥ്യത്തെക്കുറിച്ച് കൗതുകത്തോടെ ചിന്തിച്ചിരുന്നു എന്നതാണ് ഗ്രീക്ക് ദർശനങ്ങളിൽ നമുക്ക് നിരീക്ഷിക്കാൻ സാധിക്കുന്ന പൊതുവായ ഘടകം. ഐതിഹ്യഘട്ടം മറികടന്ന് ശുദ്ധമായ തത്ത്വചിന്ത വികസിപ്പി ച്ചെടുത്തവരാണ് ഗ്രീക്കുകാർ എന്നത് ശ്രദ്ധേയമാണ്. 2000 വർഷത്തോ ളമായി പാശ്ചാത്യ സംസ്കാരത്തിന് വഴിതെളിച്ചത് ഗ്രീക്ക് ദർശനങ്ങളാണ്.

ഗ്രീക്ക് ദർശനത്തിൽ മൂന്ന് തലങ്ങളുണ്ട് ആദ്യത്തേത് ഐതിഹ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും നില നിർത്തുന്നതും നശിപ്പിക്കുന്നതും ദൈവമാണ്. അതുകൊണ്ട് ദൈവങ്ങൾ മാത്രമാണ് യാഥാർത്ഥ്യം.

രണ്ടാമത്തേത് നിരീക്ഷണാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളവയാണ്. ഈ ഘട്ടത്തിലെ ചിന്തകർ പരസ്പരബന്ധിതമായ രണ്ടു പ്രശ്നങ്ങളാണ് കൈകാര്യം ചെയ്തിരുന്നത്.

- **പദാർത്ഥങ്ങളെക്കുറിച്ചുള്ള പ്രശ്നങ്ങൾ**

  a. ഈ പ്രപഞ്ചത്തിന്റെ അടിസ്ഥാന പദാർത്ഥം എന്താണ്?

b. പ്രപഞ്ചത്തിലെ വസ്തുക്കൾ നിർമിക്കപ്പെട്ടത് എങ്ങനെ?

c. പദാർഥത്തിന്റെ ഉത്ഭവം എവിടെ നിന്നാണ്? എന്നിങ്ങനെയുള്ള വിഷയങ്ങളാണ് പദാർഥങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ചർച്ച ചെയ്യുന്നത്. മെലീഷ്യൻ സ്കൂൾ ചിന്തകരായ തേലിസ്, അനക്സിമാൻഡർ, അനാക്സിമീനസ് എന്നിവരാണ് ഈ വിഷയത്തിന് പ്രാധാന്യം നൽകിയവരിൽ പ്രമുഖർ.

- **മാറ്റം എന്ന പ്രശ്നം**

a. വസ്തുക്കൾ നിരന്തരം മാറ്റത്തിന് വിധേയമാകുന്നുണ്ടോ?

b. വസ്തുക്കൾക്ക് സ്ഥിരതയുണ്ടോ? ഇത്തരം വിഷയങ്ങൾ ആണ് മാറ്റത്തെക്കുറിച്ചുള്ള പഠനത്തിൽ ചർച്ച ചെയ്യുന്നത്. എലിയാറ്റിക് സ്കൂൾ ചിന്തകരായ ഹെരാക്ലീറ്റസ്, പാർമനെഡീസ് എന്നിവരാണ് ഈ വിഷയം ചർച്ച ചെയ്തവരിൽ പ്രമുഖർ. ഹെരാക്ലീറ്റസിനെ സംബന്ധിച്ചിടത്തോളം, മാറ്റമാണ് ആത്യന്തിക സത്യം, എന്നാൽ പാർമനെഡീസിനാകട്ടെ, സ്ഥിരതയാണ് അടിസ്ഥാനം.

സോഫിസ്റ്റുകളുടെയും സോക്രട്ടീസിന്റെയും കാലഘട്ടമാണ് ഗ്രീക്ക് ദർശനത്തിന്റെ മൂന്നാമത്തെ തലത്തിന്റെ തുടക്കം. മനുഷ്യന്റെ അറിവ്, മനുഷ്യന്റെ സ്വഭാവം തുടങ്ങിയ മാനുഷിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിയത് ഈ കാലഘട്ടത്തിലാണ്.


## 5.1 തേൽസ്

തേൽസിന്റെ കാലഘട്ടത്തിലാണ് നിങ്ങൾ ജീവിച്ചിരിക്കുന്നത് എങ്കിൽ യാഥാർഥ്യങ്ങളെക്കുറിച്ച് നിങ്ങളുടെ ചിന്ത എന്തായിരിക്കും?

•

•

•


തേലിസ്

തത്ത്വശാസ്ത്രത്തിന്റെ പിതാവായ തേൽസ് യാഥാർഥ്യത്തെക്കുറിച്ച് ചിന്തിച്ചത് എന്താണെന്ന് നോക്കാം.

ഗ്രീസിലെ ഒരു ചെറിയ നഗരമായ മെലീഷ്യയിലാണ് തേൽസ് ജനിച്ചത്. അദ്ദേഹം തന്റെ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി തത്ത്വശാസ്ത്രപരമായ ചോദ്യങ്ങൾക്ക് ഐതിഹ്യങ്ങളുടെ പരാമർശമില്ലാതെ നേരിട്ട് ഉത്തരം നൽകിയിരുന്നു. തേൽസിന്റെ അഭിപ്രായത്തിൽ ജലമാണ് മൂലപദാർഥം. ജലത്തിന് ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലും

നിലനിൽക്കാൻ സാധിക്കും. സൂര്യന്റെ ചൂടിൽ ജലം നീരാവിയായി മാറുന്നു, വീണ്ടും മഴയായി തിരിച്ചുവരുന്നു. തുടർന്ന് ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നു. ജീവന്റെ നിലനിൽപ്പിന് ജലം അത്യാവശ്യമാണ്.

**നമുക്ക് മനസ്സിലാക്കാം**

**അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്ക് സ്റ്റേറ്റുകളുടെ സവിശേഷതകൾ**

- ഭൂമിശാസ്ത്രപരമായി ഗ്രീസ് ഒരു പർവ്വത ഉപദ്വീപാണ്.
- ധാരാളം തുറമുഖങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് ജലഗതാഗതത്തിനും വാണിജ്യത്തിനും തദ്ദേശീയർക്ക് അവസരങ്ങളുണ്ടായിരുന്നു.
- ഈ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി തദ്ദേശീയർക്ക് ധനസമ്പാദനത്തിന് സഹായകമായി.
- ഇത് തൊഴിൽ വിഭജനത്തിന്റെ സാധ്യതകൾ വർധിപ്പിച്ചു.
- അവർ വിശ്വസിച്ചിരുന്ന കാര്യങ്ങൾ:
  - ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം
  - സൂര്യൻ ഏറ്റവും വിദൂരതയിൽ സഞ്ചരിക്കുന്ന നക്ഷത്രമാണ്
  - ഭൂമി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു

## 5. 2. അനക്സിമാൻഡർ

തേൽസിന്റെ ശിഷ്യനായ അനക്സിമാൻഡർ തന്റെ ഗുരുവിന്റെ സിദ്ധാന്തത്തെ നിരാകരിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂല പദാർഥം എന്നത് നിർവചിക്കാൻ സാധിക്കാത്ത 'ഘനം' അഥവാ 'പിണ്ഡം' ആകുന്നു. അത് നിസ്സീമവും അനന്തവുമാണ്. അനശ്വരമായ ഈ പദാർഥം കൊണ്ടാണ് എല്ലാവസ്തുക്കളും നിർമിക്കപ്പെട്ടിരിക്കുന്നത്. അതിലേക്ക് തന്നെയാണ് എല്ലാ വസ്തുക്കളും തിരിച്ചുപോകുന്നതും. എല്ലാ ഗുണവിശേഷങ്ങളും ഉത്ഭവിക്കുന്നത് ഈ പദാർഥത്തിൽ നിന്നാണ്. ചില ആന്തരിക പ്രവർത്തനങ്ങളുടെ ഫലമായി ഈ പദാർഥത്തിൽ നിന്നും അനവധി പദാർഥങ്ങൾ വേർതിരിക്കപ്പെടുന്നു. ഈർപ്പമുള്ള മൂലകത്തിൽ നിന്നാണ് ആദ്യജീവൻ ഉടലെടുത്തത്. കാലക്രമേണ കുറച്ച് ജീവജാലങ്ങൾ ജലാശയത്തിൽ നിന്ന് പുറത്തു വരുകയും വരണ്ട ചുറ്റുപാടുകളുമായി പൊരുത്തപ്പെട്ട് ജീവിച്ചു തുടങ്ങുകയും ചെയ്തു.



*അനക്സിമാൻഡർ*

**നമുക്ക് പരിശോധിക്കാം**

താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും വികാസത്തെയും സംബന്ധിച്ച് അനക്സിമാൻഡറിന്റെയും ആധുനിക കാലഘട്ടത്തിലെയും കണ്ടെത്തലുകൾ താരതമ്യം ചെയ്യുക.

ഓരോ പദാർഥങ്ങളും അവയുടെ ആന്തരിക ചലനത്തിന്റെ ഫലമായി നിർവചിക്കാൻ പറ്റാത്ത പിണ്ഡത്തിൽ നിന്നാണ് രൂപാന്തരം പ്രാപിച്ചത്. ആദ്യം ചൂടുള്ള പരിതസ്ഥിതിയും പിന്നീട് തണുത്ത പരിതസ്ഥിതിയും ഉണ്ടായി. പിന്നീട് ചൂടുള്ള പരിതസ്ഥിതി ഗോളാകൃതിയിലുള്ള ജ്വാലയായി തണുത്ത പരിതസ്ഥിതിയെ ചുറ്റപ്പെട്ടു കിടക്കുകയും ഉണ്ടായി. ജ്വാലയുടെ ചൂടു നിമിത്തം തണുത്ത പരിതസ്ഥിതിയെ ആവി ആക്കുകയും തുടർന്ന് അത് വായുവായി വികസിക്കുകയും ഇങ്ങനെ വികസിക്കുന്ന വായു ജ്വാലയുടെ ഗോളത്തെ പിളർക്കുകയും അവ ചക്രാകൃതിയിലുള്ള വളയങ്ങളായി മാറുകയും ചെയ്തു. ഓരോ ഗോളത്തിലും പുല്ലാങ്കുഴലിൽ ഉള്ളതുപോലുള്ള സുഷിരങ്ങൾ ഉണ്ടായിരുന്നു. ഇതിലൂടെ അഗ്നി പുറത്തേക്ക് ഒഴുകുകയും ചെയ്തു. ഇവ ഗ്രഹങ്ങളായി പ്രത്യക്ഷപ്പെടുകയും ഭൂമിക്ക് ചുറ്റും പരിക്രമണം ചെയ്യുകയും ചെയ്യുന്നു. സൂര്യൻ ആകാശത്തിലെ ഏറ്റവും ദൂരെ സ്ഥിതിചെയ്യുന്ന നക്ഷത്രമാണ്. ഇതിനടുത്തായി ചന്ദ്രനും മറ്റു നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉണ്ട്. ഭൂമി സിലിണ്ടർ ആകൃതിയിൽ സ്ഥിതിചെയ്യുന്നു. ഭൂമിയാണ് ഈ സംവിധാനങ്ങളുടെയെല്ലാം കേന്ദ്രം. ഈർപ്പമുള്ള പദാർഥങ്ങളിൽ നിന്ന് ആദ്യത്തെ ജീവരൂപം ഉത്ഭവിച്ചു. കാലക്രമേണ ഈ ജീവികൾ വെള്ളത്തിൽ നിന്ന് കരയുടെ വരണ്ട ഭാഗത്ത് ചെന്ന് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുകയും ചെയ്തു. മറ്റുള്ള ജീവികളെപ്പോലെ മനുഷ്യരും മത്സ്യത്തിൽ നിന്നാണ് രൂപാന്തരം പ്രാപിച്ചത്.


## 5.3 അനാക്സിമീനസ്

അനാക്സിമീനസിന്റെ അഭിപ്രായത്തിൽ മൂലപദാർഥം എന്നത് ഏകവും അനന്തവുമാണ്. അത് 'വായു' അല്ലെങ്കിൽ 'നീരാവിയാണ്'. അഗ്നിയുടെയും (ചൂടുള്ളത്) ജലത്തിന്റെയും (തണുത്തത്) മധ്യേയാണ് വായുവിന്റെ സ്ഥാനം. ജീവൻ പ്രധാനം ചെയ്യുന്ന പദാർഥമാണ് വായു. വായു ഈ ലോകത്തെ ആവരണം ചെയ്തിരിക്കുന്നു. കൂടാതെ, ഈ ലോകത്തെ നിലനിർത്തി കൊണ്ടുപോകുകയും ചെയ്യുന്നു. ബാഷ്പീകരണ പ്രക്രിയയിലൂടെ (rarefraction) വായു അഗ്നിയായി മാറുകയും സാന്ദ്രീകരണ പ്രക്രിയയിലൂടെ (condensation) വായു, ജലം, കാർമേഘം, കാറ്റ്, മണ്ണ്, പാറ ഇവയായി മാറുകയും ചെയ്യുന്നു.



*അനാക്സിമീനസ്*

## 5.4. പൈതഗോറസ്


പൈതഗോറസ്

പൈതഗോറസ് പറയുന്നത് എല്ലാത്തിന്റേയും അടിസ്ഥാനം സംഖ്യ എന്നാണ്. സംഖ്യയാണ് വസ്തുക്കളുടെ അടിസ്ഥാനതത്ത്വം. ഒരു വസ്തുവിന്റെ ബാഹ്യവും യുക്തിസഹവുമായ ഘടന രൂപീകരിക്കുന്നത് സംഖ്യയാണ്. അളവ്, ക്രമം, അനുപാതം, സമാവർത്തനം എന്നിവ പ്രകടിപ്പിക്കുന്നത് സംഖ്യയിലൂടെയാണ്. സംഖ്യ ഇല്ലെങ്കിൽ ബന്ധം, ഏകതത്ത്വം, ക്രമം, നിയമം എന്നിവയ്ക്ക് നിലനിൽപ്പില്ല. സംഖ്യയുടെ പകർപ്പാണ് വസ്തുക്കൾ. അതുകൊണ്ട് സംഖ്യയാണ് എല്ലാത്തിനും അടിസ്ഥാനം.


**നമുക്ക് പരിശോധിക്കാം**

പുരാതന ഗ്രീക്ക് ചിന്തകരുടെ തത്ത്വശാസ്ത്ര സംഭാവനകൾ താരതമ്യം ചെയ്യുന്ന ഒരു ചാർട്ട് തയാറാക്കുക.

## 5.5 ഹെരാക്ലീറ്റസ്


ഹെരാക്ലീറ്റസ്

പുരാതന ഗ്രീക്ക് ചിന്തകർ എല്ലാം തന്നെ 'മാറ്റം', 'പരിണാമം' എന്നീ ആശയങ്ങളെ വസ്തുനിഷ്ഠമായി പ്രതിപാദിച്ചിട്ടുണ്ട്. ഹെരാക്ലീറ്റസിന്റെ ദർശനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'മാറ്റം' എന്ന ആശയമാണ്. പ്രപഞ്ചത്തിന്റെ അടിസ്ഥാനം മാറ്റമാണ്. ഈ പ്രപഞ്ചം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. 'ഒരാൾക്ക് ഒരേ നദിയിൽ രണ്ടുതവണ കാലുവയ്ക്കാൻ സാധ്യമല്ല' എന്ന പ്രസ്താവനയിലൂടെ ഹെരാക്ലീറ്റസ് തന്റെ 'മാറ്റ'ത്തെക്കുറിച്ചുള്ള സിദ്ധാന്തം ശരിയാണെന്ന് വാദിക്കുന്നു. ഹെരാക്ലീറ്റസിന്റെ അഭിപ്രായത്തിൽ അഗ്നിയാണ് മൂലപദാർഥം. അഗ്നിക്ക് വിശ്രമമില്ല. അഗ്നി എന്നും സജീവമാണ്. അടിസ്ഥാന വസ്തുവായ അഗ്നി നിരന്തരം മറ്റു പദാർഥങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ആദ്യം ജലമായും പിന്നീട് ഭൂമിയായും തിരിച്ചും മാറിക്കൊണ്ടിരിക്കുന്നു. എല്ലാവസ്തുക്കളും വിപരീത അവസ്ഥയിലേക്ക് മാറുന്നു. സ്വർണത്തെ ആഭരണമാക്കാനും ആഭരണത്തെ സ്വർണമാക്കാനും സാധിക്കുന്നതുപോലെ അഗ്നി വസ്തുക്കളായി മാറുകയും തിരിച്ച് വസ്തുക്കൾ അഗ്നിയായി മാറുകയും ചെയ്യുന്നു.എല്ലാ വസ്തുക്കളും അതിന്റെ വിപരീതത്തിലേക്ക് മാറ്റപ്പെടുന്നു. അതുകൊണ്ടുതന്നെ എല്ലാം വിപരീതങ്ങളുടെ സംഘാതമാണ്.




**നമുക്ക് മനസ്സിലാക്കാം**

**എലിയാറ്റിക് സ്കൂൾ**

മാറ്റം, ചലനം എന്നീ പ്രതിഭാസങ്ങൾ ഹെറാക്ലീറ്റസിനെ ആകൃഷ്ടനാക്കി. പക്ഷേ മാറ്റവും ചലനവും അചിന്തനീയമാണ് എന്നാണ് എലിയാറ്റിക് ചിന്തകർ സമർത്ഥിക്കാൻ ശ്രമിക്കുന്നത്. ഇവരുടെ അഭിപ്രായത്തിൽ സ്ഥിരവും അചഞ്ചലവും മാറ്റം ഇല്ലാത്തവയുമാണ് വസ്തുക്കൾ. ഈ സ്കൂളിലെ പ്രധാനപ്പെട്ട ചിന്തകരാണ് പാർമനെഡീസും സീനോയും.

## 5.6 പാർമനെഡീസ്




പാർമനെഡീസ്

പാർമനെഡീസ് ഹെരാക്ളീറ്റസിന്റെ ആശയങ്ങളെ നിഷേധിച്ചിരുന്നു. സമയം, ചലനം, മാറ്റം, ബഹുത്വം അഥവാ അനേകത്വം എന്നിവയെല്ലാം മിഥ്യയാണ്. പ്രത്യക്ഷത്തിൽ കാണുന്ന നശ്വരമായ ലോകത്തെക്കുറിച്ചുള്ള അറിവ് മാത്രമാണ് ഇന്ദ്രിയങ്ങൾ നമുക്ക് നൽകുന്നത്. യാഥാർഥ്യത്തെക്കുറിച്ചുള്ള അറിവ് ഇന്ദ്രിയങ്ങൾ നൽകുന്നില്ല. യാഥാർഥ്യം എന്നത് മാറ്റമില്ലാത്ത, സമയരഹിതമായ, സ്ഥിരതയുള്ള ഒന്നാണ്. നമുക്ക് ദർശിക്കാൻ സാധിക്കുന്ന ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും മിഥ്യയാണ്. നിലനിൽക്കാത്തവയെക്കുറിച്ച് ചിന്തിക്കാനോ വിവരിക്കാനോ സാധ്യമല്ല. യാതൊന്നും ആരംഭിക്കുന്നുമില്ല അവസാനിക്കുന്നുമില്ല.

## 5.7 സീനോ

സീനോ തന്റെ രണ്ട് പ്രഹേളികകൾ (paradoxes) ആയ 'അക്കീലസും ആമയും', 'ചലിക്കുന്ന അസ്ത്രം നിശ്ചലമാണ്' എന്നിവയിലൂടെ ചലനം എന്നത് മിഥ്യയാണ് എന്ന പാർമനെഡീസിന്റെ വാദം ശരിയാണെന്ന് സമർഥിക്കുന്നു. ഉദാഹരണത്തിന് ഒരു ഓട്ടക്കാരൻ ഒരു നിശ്ചിത ദൂരം ഓടിയെത്താൻ ആദ്യം അതിന്റെ പകുതി ഓടണം. പകുതി ദൂരം ഓടിയെത്താൻ കാൽഭാഗം ഓടണം. കാൽഭാഗം ഓടിയെത്താൻ എട്ടിലൊരു ഭാഗം ഓടണം. ഇത് അനന്തമായി തുടരുന്നു. ഒരു നിശ്ചിത ദൂരത്തിനകത്തെ അനന്തമായ ദൂരം ഓടിയെത്താൻ സാധ്യമല്ല. അതുകൊണ്ട് ഓട്ടക്കാരൻ

ഓടുന്നില്ല എന്ന് പറയുന്നു. അതുകൊണ്ടു തന്നെ ചലനം അസാധ്യമാണ് എന്ന് അഭിപ്രായപ്പെടുന്നു.




## 5.8 സോക്രട്ടീസ്

തന്നിരിക്കുന്ന ദൃഷ്ടാന്തം വായിക്കുക.

*ഒരു കൂട്ടം തടവുകാർ ഒരു ഭൂഗർഭ ഗുഹയ്ക്കുള്ളിലിരുന്ന് ചുമരിൽ പതിയുന്ന നിഴലുകൾ കാണുന്നുണ്ടായിരുന്നു. പുറത്ത് ഒരാൾ ചില വസ്തുക്കളുടെ രൂപങ്ങൾ അഗ്നിക്കു മുന്നിൽ പിടിക്കുന്നതാണ് നിഴൽ ഉണ്ടാവാനുള്ള കാരണം. തടവുകാർ ചുമരിൽ പതിയുന്ന നിഴലുകൾ മാത്രമാണ് കാണുന്നത്. അവർക്ക് അതായിരുന്നു യാഥാർഥ്യം. ഒരു ദിവസം ഒരു തടവുകാരൻ സ്വതന്ത്രനാക്കപ്പെട്ട് ഗുഹയ്ക്ക് പുറത്തു വന്നു. ഇരുട്ടുമായി പരിചിതനായതിനാൽ തീയുടെ വെളിച്ചം ആദ്യം അയാളെ അന്ധനാക്കി. പിന്നീട് അയാൾ മുന്നിലുള്ള വസ്തുക്കൾ തിരിച്ചറിയാൻ തുടങ്ങി. ആളുകൾ പല രൂപങ്ങളും, മൃഗങ്ങളുടെ പ്രതിമകളും അഗ്നിക്ക് മുന്നിൽ പിടിക്കുന്നത് കണ്ടു. ഈ വസ്തുക്കളാണ് ചുമരിൽ വീഴുന്ന നിഴലുകളുടെ യഥാർഥ ഉറവിടം എന്ന് അയാൾ മനസ്സിലാക്കി. താൻ യാഥാർഥ്യമെന്ന് കരുതിയത് നിഴൽ മാത്രമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. യാഥാർഥ്യവും പ്രതിഭാസവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞ അയാൾ വീണ്ടും ഗുഹയ്ക്കുള്ളിൽ പോയി തടവുകാരോട് സത്യം പറയാൻ ശ്രമിച്ചു. പക്ഷെ അവർ അത് കേൾക്കാൻ തയാറായില്ല. നിഴലാണ് യാഥാർഥ്യമെന്ന് വിശ്വസിച്ചിരുന്ന അവർ ആ ദൂതനെ വധിക്കുകയും അജ്ഞതയുടെ ലോകത്തുതന്നെ കഴിയുകയും ചെയ്തു.*

*ദൃഷ്ടാന്തത്തെക്കുറിച്ച് നിങ്ങളുടെ വ്യാഖ്യാനം എന്താണ്?*

- 
- 
- 



**നമുക്ക് മനസ്സിലാക്കാം**


ഒരു ആന്തരാർഥത്തെ വെളിപ്പെടുത്താനുള്ള വ്യാഖ്യാനത്തിനെയാണ് പ്രതീകാത്മക അവതരണം എന്നു പറയുന്നത്. വിവിധ തലങ്ങളിലുള്ള അർഥങ്ങൾ സൂചിപ്പിക്കുന്ന വാക്കിനെയാണ് ദൃഷ്ടാന്തം എന്നു പറയുന്നത്.

മുകളിൽ പറഞ്ഞ ദൃഷ്ടാന്തം പ്ലേറ്റോയുടെതാണ്. തന്റെ ഗുരുവും ചിന്തകനുമായ സോക്രട്ടീസിനെ ഏതൻസുകാർ വധിച്ചതിന്റെ കാരണം വിശദമാക്കാനാണ് പ്ലേറ്റോ ഈ ദൃഷ്ടാന്തം ഉപയോഗിച്ചത്. നിലവിലുള്ള വ്യവസ്ഥിതികളെയും കാഴ്ചപ്പാടുകളെയും ചോദ്യം ചെയ്തിരുന്ന സോക്രട്ടീസിനെ യുവാക്കളെ വഴിതെറ്റിക്കുന്നു എന്ന് ആരോപിച്ച് വധിക്കുകയായിരുന്നു.

സോക്രട്ടീസ് സോഫിസ്റ്റുകളുടെ ആശയങ്ങളെ ചോദ്യം ചെയ്തിരുന്നു. ജ്ഞാനികൾ എന്നറിയപ്പെട്ടിരുന്ന സോഫിസ്റ്റുകൾ സഞ്ചരിച്ച് പ്രഭാഷണങ്ങൾ നടത്തിയിരുന്നു. സമ്പന്നരും യുവാക്കളുമായ ശിഷ്യന്മാരെ കുലീന ജീവിതം നയിക്കാൻ പ്രേരിപ്പിച്ചിരുന്നു. വ്യാകരണം, വൈരുദ്ധ്യാത്മകത, അലങ്കാരശാസ്ത്രം, പ്രസംഗകല എന്നിവ ഇടുങ്ങിയ ചിന്താഗതിയോടെയായിരുന്നു സോഫിസ്റ്റുകൾ പഠിപ്പിച്ചിരുന്നത്. തെറ്റായരീതിയിൽ എതിരാളികളെ തോൽപ്പിക്കാൻ പഠിപ്പിച്ചിരുന്നു. സോഫിസ്റ്റുകളുടെ അഭിപ്രായത്തിൽ സത്യം എന്നൊന്നില്ല. അറിവ് എന്നത് അപ്രാപ്യമാണ്. മനുഷ്യർ ഓരോരുത്തരും വ്യത്യസ്തരാണ്. അതുപോലെതന്നെ അവരുടെ അഭിപ്രായങ്ങളും വ്യത്യസ്തമാണ്. ഒരു അഭിപ്രായം നല്ലതാകുന്നതു പോലെ തന്നെ മറ്റുള്ള അഭിപ്രായങ്ങളും നല്ലതാകുന്നു. 'മനുഷ്യരാണ് എല്ലാത്തിന്റെയും അളവുകോൽ' എന്ന് സോഫിസ്റ്റുകൾ അഭിപ്രായപ്പെട്ടു.

469 ബി.സി.യിൽ ഏതൻസിലാണ് സോക്രട്ടീസിന്റെ ജനനം. ഏതൻസുകാർക്കിടയിൽ വളരെയധികം സ്വാധീനം ചെലുത്തിയ തത്ത്വചിന്തകനായിരുന്ന അദ്ദേഹം സോഫിസ്റ്റുകളുടെ ആശയങ്ങളെ ചോദ്യം ചെയ്തിരുന്നു. മനുഷ്യർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ അംഗീകരിച്ചിരുന്ന അദ്ദേഹം വ്യത്യാസങ്ങൾക്കിടയിലെ പൊരുത്തം കണ്ടെത്താൻ ശ്രമിച്ചിരുന്നു. സോക്രട്ടീസ് തന്റെ ആശയങ്ങൾ ഒരിടത്തും എഴുതിവച്ചിരുന്നില്ല. പകരം ആരുമായും എവിടെവച്ചും വാദപ്രതിവാദം നടത്തുന്നതിൽ ആസ്വാദനം കണ്ടെത്തിയിരുന്നു. യുവാക്കളായ ശിഷ്യന്മാരുമായി നിരന്തരം സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു.


സത്യമെന്തെന്ന് സോക്രട്ടീസ് വിവരിക്കുന്നില്ല. പക്ഷേ സത്യമെന്തെന്ന് സ്വയം കണ്ടെത്താൻ എല്ലാവരെയും സഹായിച്ചിരുന്നു. ഇതിനായി ശരിയായ ഉത്തരം കിട്ടുന്നതുവരെ തുടരെത്തുടരെ ചോദ്യങ്ങൾ ചോദിക്കുന്ന



സോക്രട്ടീസ്

രീതിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ഇതിനെ **വൈരുദ്ധ്യാത്മകത (dialectical method)** എന്നു പറയുന്നു. എന്താണ് സൗന്ദര്യം? എന്താണ് നീതി? എന്താണ് സൗഹൃദം? എന്താണ് ധൈര്യം? എന്നിങ്ങനെ ആനുകാലിക ആശയങ്ങൾ ഉൾക്കൊള്ളുന്ന ലളിതമായ ചോദ്യങ്ങൾ ചോദിക്കുകയും ഇതിനെല്ലാം ഉത്തരം അവനവനിൽ തന്നെ ഉണ്ടെന്നും അതു കണ്ടെത്താൻ സഹായിക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാവരിലും ഒരു ചിന്തകൻ ഒളിഞ്ഞിരിക്കുന്നുണ്ടെന്നും വിമർശനാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് തന്നിലുള്ള ചിന്തകനെ പുറത്തുകൊണ്ടുവരികയാണ് വേണ്ടതെന്നും സോക്രട്ടീസ് അഭിപ്രായപ്പെട്ടു.

## 5.9 പ്ലേറ്റോ



പ്ലേറ്റോ

ഗുഹ ദൃഷ്ടാന്തത്തിൽ ചങ്ങലയിൽ നിന്ന് സ്വതന്ത്രമായ അടിമ വസ്തുക്കളെ യഥാർത്ഥ രീതിയിൽ ദർശിച്ചതായി നമ്മൾ കണ്ടുവോ? ഇത് ആശയക്കുഴപ്പം ഉണ്ടാക്കുന്നുവോ? ഈ പ്രശ്നം നമുക്ക് പരിഹരിക്കാനാവുമോ? ഒരു സംഘചർച്ചയിലൂടെ ഉത്തരം കണ്ടെത്തുക. പ്ലേറ്റോയുടെ ദാർശനിക നേട്ടം എന്നു പറയുന്നത് അദ്ദേഹത്തിന്റെ ആശയസിദ്ധാന്തമാണ്. അദ്ദേഹം ആദർശവാദി അഥവാ ആശയവാദി എന്നാണറിയപ്പെട്ടിരുന്നത്. പ്ലേറ്റോ യാഥാർഥ്യത്തെ രണ്ടായി വിഭജിക്കുന്നു – ആശയം അഥവാ ആദർശം, പ്രത്യേക വസ്തുക്കൾ. ആശയം അഥവാ ആദർശം എന്നതാണ് പരമമായ യാഥാർഥ്യം. അത് സ്ഥിരമാണ്, ശാശ്വതമാണ്, മാറ്റമില്ലാത്തതാണ്, പൂർണമാണ്. എന്നാൽ പ്രത്യേക വസ്തുക്കൾ എന്നുപറയുന്നത് ഒരു പ്രതിഭാസം മാത്രമാണ്. ഇവ ദ്രവ്യം, സ്ഥലം, സമയം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. പ്രത്യേക വസ്തുക്കൾ മിഥ്യയാണ്, നശിക്കുന്നതാണ്. ആശയത്തിന്റെ ആവിഷ്കാരമാണ് പ്രത്യേക വസ്തുക്കൾ.

ഉദാഹരണത്തിന്, നമ്മുടെ മുന്നിലും പിന്നിലുമായി കുറെ മേശകൾ കാണുന്നുണ്ട് എന്ന് സങ്കൽപ്പിക്കൂ. അതിൽ ഏതാണ് പരിപൂർണമായത്

എന്ന് ചോദിച്ചാൽ നമ്മൾ ആശയക്കുഴപ്പത്തിലാവും. കാരണം മേശയെക്കുറിച്ച് നമ്മുടെ മനസ്സിൽ ഒരു ആശയം ഉണ്ട്. അത് മാത്രമാണ് പരിപൂർണമായത്. നമ്മൾ കാണുന്ന മേശകൾ എല്ലാം അപൂർണങ്ങളാണ്. മേശകൾ എല്ലാം നശിച്ചാലും മേശയെക്കുറിച്ചുള്ള ആശയം നശിക്കുന്നില്ല.

**നമുക്ക് പരിശോധിക്കാം**

പ്ലേറ്റോയുടെ ആശയവാദത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സമർഥിക്കുക.

## 5.10 അരിസ്റ്റോട്ടിൽ


അരിസ്റ്റോട്ടിൽ

അരിസ്റ്റോട്ടിൽ തന്റെ ഗുരുവായ പ്ലേറ്റോയുടെ ആശയങ്ങൾക്ക് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചിരുന്നെങ്കിലും ഒരുതരത്തിൽ പ്ലേറ്റോയുടെ സിദ്ധാന്തത്തിന്റെ ആവിഷ്കരിച്ച രൂപം തന്നെയാണ് അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തം എന്നു പറയാം. അരിസ്റ്റോട്ടിലിന്റെ അറിവിന്റെ പരിധി വളരെ വലുതാണ്. തത്ത്വചിന്ത കൂടാതെ തർക്കശാസ്ത്രം, നൈതീക തത്ത്വചിന്ത, പ്രകൃതി ശാസ്ത്രം, ഭൗതിക ശാസ്ത്രം എന്നീ വിഷയങ്ങളിലും വിദഗ്ധനായിരുന്നു. പാശ്ചാത്യ തർക്കശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് അരിസ്റ്റോട്ടിൽ ആണ്. അറിവ് സമ്പാദിക്കാനുള്ള ശ്രേഷ്ഠമായ ആയുധമാണ് തർക്കശാസ്ത്രം എന്നദ്ദേഹം വിശ്വസിച്ചു.

ഫ്രാങ്ക് തില്ലിയുടെ അഭിപ്രായത്തിൽ "എക്കാലത്തും മനുഷ്യൻ നേടിയെടുത്ത അറിവിന്റെ ഒരു സങ്കലനമാണ് അരിസ്റ്റോട്ടിലിന്റെ തത്ത്വചിന്ത. പ്രാചീനകാലത്തോ, മധ്യകാലത്തോ, ആധുനിക കാലത്തോ ഒരു പക്ഷേ ജർമൻ തത്ത്വചിന്തകനമായ ഹെഗൽ ഒഴികെയുള്ള മറ്റൊരു ചിന്തകനും ഇത്രയേറെ അറിവ് തന്റെ ചിന്താപദ്ധതിയിലേക്ക് കൂട്ടിച്ചേർത്തിട്ടില്ല."

### ആകൃതി അഥവാ രൂപം

രൂപം അഥവാ ആകൃതിക്ക് സ്വതന്ത്രമായി നിലനിൽക്കാൻ സാധിക്കുമെന്ന പ്ലേറ്റോയുടെ സിദ്ധാന്തത്തെ അരിസ്റ്റോട്ടിൽ നിഷേധിക്കുന്നു. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ആകൃതിയും ദ്രവ്യവും ചേർന്നതാണ് പ്രത്യേകവസ്തുക്കൾ. പ്രത്യേക വസ്തുക്കളാണ് യാഥാർഥ്യമായത്. ഉദാഹരണം അരയന്നം, മേശ തുടങ്ങിയവ. ആകൃതിക്കോ ദ്രവ്യത്തിനോ സ്വതന്ത്രമായി


നിലനിൽക്കാൻ സാധ്യമല്ല. ആകൃതിക്ക് നിലനിൽക്കാൻ ഏതെങ്കിലും ദ്രവ്യം ആവശ്യമാണ്. ദ്രവ്യത്തിന് നിലനിൽക്കാൻ ഏതെങ്കിലും ആകൃതി ആവശ്യമാണ്. പ്രത്യേക വസ്തുക്കൾ നശിക്കുമ്പോൾ ആകൃതിയും നശിക്കുന്നു. കാരണം വസ്തുക്കളില്ലാതെ ആകൃതിക്ക് നിലനിൽപ്പില്ല.

പത്തൊമ്പതാം നൂറ്റാണ്ട് വരെ അചഞ്ചലമായി നിലനിന്ന ഒരു തർക്ക ശാസ്ത്രശാഖയുടെ ഉപജ്ഞാതാവാണ് അരിസ്റ്റോട്ടിൽ. എല്ലാതരത്തിലുമുള്ള അറിവും നേടിയെടുക്കാനുള്ള ഒരു ഉപകരണമാണ് ഈ തർക്ക ശാസ്ത്ര ശാഖയായ ഡിഡക്ഷൻ. 'ഓർഗാനൻ' എന്ന പുസ്തകത്തിലാണ് ഇക്കാര്യങ്ങൾ അദ്ദേഹം വിശദീകരിക്കുന്നത്. അരിസ്റ്റോട്ടിലിന്റെ തർക്ക വിദ്യ സിലജിസം (syllogism) എന്നറിയപ്പെടുന്നു.

## സംഗ്രഹം

- ഗ്രീസിൽ പരാവർത്തക ചിന്തയ്ക്ക് തേൽസ് തുടക്കംകുറിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജലമാണ് മൂലപദാർഥം.
- തേൽസിന്റെ ശിഷ്യനായ അനക്സിമാൻഡറിന്റെ അഭിപ്രായത്തിൽ മൂല പദാർഥം എന്നത് നിർവചിക്കാൻ സാധിക്കാത്ത ഘനം അഥവാ പിണ്ഡമാണ്.
- വായുവാണ് മൂല പദാർഥം എന്ന് അനാക്സിമീനസ് അഭിപ്രായപ്പെടുന്നു.
- സംഖ്യയാണ് എല്ലാത്തിന്റെയും അടിസ്ഥാനമെന്ന് പൈതഗോറസ് അഭിപ്രായപ്പെടുന്നു.
- മാറ്റമില്ലാത്തതായി മാറ്റം മാത്രമാണുള്ളത് എന്നും അഗ്നിയാണ് മൂല പദാർഥം എന്നും ഹെരാക്ലീറ്റസ് അഭിപ്രായപ്പെടുന്നു
- മാറ്റം എന്നത് മിഥ്യയാണ്. സ്ഥിരതയാണ് സത്യമായത് എന്ന് പാർമനെഡീസ് അഭിപ്രായപ്പെടുന്നു.
- ചലനം സാധ്യമല്ല എന്ന ആശയം സീനോ തന്റെ 'അക്കിലസും ആമയും' എന്ന പ്രഹേളികയിലൂടെ തെളിയിക്കുന്നു.
- സോഫിസ്റ്റുകളുടെ ആശയത്തെ ചോദ്യം ചെയ്ത സോക്രട്ടീസ് വൈരുദ്ധ്യാത്മകത അവനവന്റെ ഉള്ളിലുള്ള സത്യത്തെ കണ്ടെത്താൻ സഹായിക്കുന്നു.

- ആശയം അഥവാ ആദർശമാണ് യാഥാർഥ്യമായത് എന്ന് പ്ലേറ്റോ വാദിക്കുന്നു.
- ആകൃതിയും ദ്രവ്യവും സംയോജിച്ചാണ് പ്രത്യേക വസ്തുക്കൾ നില നിൽക്കുന്നത് എന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നു.
- പ്ലേറ്റോയുടെ ശിഷ്യനായ അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പ്രപ ഞ്ചത്തിലുള്ള വസ്തുക്കൾ രൂപത്തിന്റെയും ദ്രവ്യത്തിന്റെയും സങ്കല നമാണ്.
- ആകൃതിയും ദ്രവ്യവും എന്ന വിഷയത്തിൽ പ്ലേറ്റോയുടെയും അരിസ് റ്റോട്ടിലിന്റെയും കാഴ്ചപ്പാടുകളെ വിലയിരുത്തുക.



## നമുക്ക് വിലയിരുത്താം

- ചേരുംപടി ചേർക്കുക

| എ | ബി |
|---|---|
| തേൽസ് | മൂലപദാർഥം എന്നത് അനന്തവും നിസ്സീമവുമാണ് |
| പൈതഗോറസ് | വായുവാണ് മൂലപദാർഥം |
| അനക്സിമാൻഡർ | ജലമാണ് മൂലപദാർഥം |
| ഹെരാക്ലീറ്റസ് | സംഖ്യയാണ് എല്ലാത്തിന്റെയും അടിസ്ഥാനം |
| അനാക്സിമീനസ് | പ്രപഞ്ചത്തിന്റെ അടിസ്ഥാനം മാറ്റമാണ് |
| പാർമനെഡീസ് | ചലനം മിഥ്യയാണ് |

- പ്ലേറ്റോ തന്റെ ആശയവാദത്തെ ചിത്രീകരിക്കാൻ ഗുഹയുടെ ദൃഷ്ടാന്തം എങ്ങനെ ഉപയോഗിക്കുന്നു എന്ന് പരിശോധിക്കുക.
- സോഫിസ്റ്റുകളുടെ ദർശനങ്ങളിൽ നിന്നും സോക്രട്ടീസിന്റെ ദർശനം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുക.
- നിങ്ങൾ നിത്യജീവിതത്തിൽ നേരിടുന്ന ഏതെങ്കിലും ഒരു വിഷയ ത്തിൽ സോക്രട്ടീസിന്റെ വൈരുദ്ധ്യാത്മകത ഉപയോഗിച്ച് പരിഹാരം കാണുന്നതായി സങ്കൽപ്പിച്ചുകൊണ്ട് ഒരു വിവരണം തയാറാക്കുക.

- ‘ഒരാൾക്ക് ഒരേ നദിയിൽ രണ്ടുതവണ കാലുവയ്ക്കാൻ സാധ്യമല്ല’ എന്ന പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.
- ഹെരാക്ളീറ്റസിന്റെ മുലപദാർഥത്തെക്കുറിച്ച് ലഘുവിവരണം തയാറാക്കുക.

6

M9B5A2

# ആധുനിക പാശ്ചാത്യ തത്ത്വചിന്ത

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാക്കുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- യുക്തിപ്രധാനവാദത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.
- വ്യത്യസ്ത തരത്തിലുള്ള യുക്തിവാദസിദ്ധാന്തങ്ങളെ താരതമ്യം ചെയ്യുന്നു.
- സംശയ രീതിയുടെ പ്രധാന്യം കണ്ടെത്തുന്നു.
- മനസ്സും ശരീരവും തമ്മിലുള്ള ബന്ധത്തിലെ വ്യത്യസ്തതകൾ കണ്ടെത്തുന്നു.
- സ്പിനോസായുടെ ആശയങ്ങളെ സ്പഷ്ടമാക്കുന്നു.
- ലെയിബ്നിസിന്റെ ചിന്തയിൽ മൊണാഡുകൾക്കുള്ള പ്രാധാന്യം കണ്ടെത്തുന്നു.
- യുക്തിപ്രധാനവാദവും അനുഭവപ്രധാനവാദവും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ചിന്തിക്കുന്നു.
- ജോർജ് ബർക്കിലിയുടെ ആശയങ്ങളെ ക്രോഡീകരിക്കുന്നു.
- ഡേവിഡ് ഹ്യൂമിന്റെ ആശയങ്ങളുടെ പ്രാധാന്യം സൂചിപ്പിക്കുന്നു.
- കാന്റിന്റെ ആശയങ്ങളെ വിശദീകരിക്കുന്നു.
- ഹെഗലിന്റെ 'ഗീസ്റ്റ്' എന്ന ആശയം മനസ്സിലാക്കുന്നു.
- വൈരുദ്ധ്യാത്മിക ഭൗതികവാദത്തെ ഉൾക്കൊള്ളാനുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നു.

## പ്രധാനാശയങ്ങൾ

6.1 ആധുനിക പാശ്ചാത്യ തത്ത്വചിന്തയിലെ ധാരകൾ

6.2 യുക്തിപ്രധാനവാദം

- റെനെ ദെക്കാർത്തെ-"ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്" (cogito ergosum) - ദ്വൈതവാദം
- ബാറുക് ഡെ സ്പിനോസാ-പദാർഥ സങ്കൽപം-വസ്തുക്കൾ-മനശ്ശരീരബന്ധം വിശ്വദൈവവാദം
- ഗോഡ്ഫ്രീഡ് വിൽഹെം ലേബ്നിസ്-മൊണാഡുകൾ-മന:ശ്ശരീര ബന്ധം

6.3 അനുഭവപ്രധാനവാദം

- ജോൺ ലോക്ക് - അറിവ് ജന്മസിദ്ധമാണ് എന്ന വാദത്തിന്റെ നിരാകരണം-ജ്ഞാനസിദ്ധാന്തം
- ജോർജ് ബെർക്കിലി-ആത്മനിഷ്ഠ ആശയവാദം
- ഡേവിഡ് ഹ്യൂം-ധാരണയും ആശയങ്ങളും-അജ്ഞേയവാദം-ബാഹ്യലോകവും അഹവും

6.4 ആശയവാദം

- ഇമ്മാനുവൽ കാന്റ്-സിന്തറ്റിക് എപ്രയോറി ജഡ്ജ്മെന്റ്
- ജി.ഡബ്ല്യൂ.എഫ്.ഹെഗൽ-കേവല ആശയവാദം-വൈരുധ്യാത്മകത

6.5 ഭൗതികവാദം

- വൈരുധ്യാത്മക ഭൗതികവാദം

\\dilip\drive e\2018\Higher secondary\philosophy second yar\files\unit 06/ IVth proof/edited 27/08/19

## ആമുഖം

ഈ അധ്യായത്തിൽ ആധുനിക പാശ്ചാത്യ തത്ത്വചിന്തയെ പരിചയപ്പെടുത്തുന്നതോടൊപ്പം ആധുനിക തത്ത്വചിന്തകരുടെ ദർശനങ്ങളെ വിശകലനം ചെയ്യുകയും ചെയ്യുന്നു. ദെക്കാർത്തെ, സ്പിനോസ, ലെയ്ബ്നിസ് എന്നീ യുക്തിവാദികളുടെയും ലോക്ക്, ബർക്കിലി, ഹ്യൂം എന്നീ അനുഭവവാദികളുടെയും കാന്റ്, ഹെഗൽ എന്നീ ആശയവാദികളുടെയും മാർക്സ് എന്ന ഭൗതികവാദിയുടെയും ദർശനങ്ങളെ ഈ അധ്യായത്തിൽ പഠനത്തിന് വിധേയമാക്കുന്നു.

## 6.1 ആധുനിക പാശ്ചാത്യ ദർശനങ്ങൾ

വിശ്വാസയോഗ്യമായ വിവരവും അറിവും നമുക്ക് എവിടെനിന്നാണ് ലഭിക്കുന്നത്?

വിവരവും അറിവും നമുക്കെങ്ങനെയാണ് ലഭിക്കുന്നത്?

- യുക്തിചിന്തയിലൂടെ
- ഇന്ദ്രിയാനുഭവങ്ങളിലൂടെ

ആധുനിക കാലഘട്ടത്തിലെ പാശ്ചാത്യ തത്ത്വചിന്തകർ വൈജ്ഞാനിക പ്രശ്നങ്ങളെ കേന്ദ്രീകരിച്ച് ചിന്തിച്ചു. വിജ്ഞാനത്തിന്റെ ഉറവിടത്തേയും കൃത്യവും വ്യക്തവുമായ അറിവിന്റെ മാനദണ്ഡങ്ങളേയും കുറിച്ച് അവർ ചർച്ച ചെയ്തു. അതിലൂടെ സത്യാന്വേഷണത്തിൽ സ്വാതന്ത്ര്യത്തിന്റെ കാലഘട്ടം ആവിർഭവിച്ചു. യുക്തിചിന്തയുടെ ഉണർവ്വ്, ചിന്തക്കും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം, സഭാധികാരികൾക്കും പാരമ്പര്യത്തിനുമെതിരെയുള്ള വിപ്ലവം മുതലായവയാണ് ആധുനിക പാശ്ചാത്യ തത്ത്വചിന്തയുടെ സ്വഭാവം. യുക്തിവാദപരവും പ്രകൃതിവാദപരവും ശാസ്ത്രീയവുമായ സമീപനം പുഷ്ടിപ്പെട്ടു. യുക്തിവാദം, അനുഭവജ്ഞാനവാദം, ആശയവാദം, ഭൗതികവാദം എന്നിവയാണ് ഈ കാലഘട്ടത്തിലെ പ്രധാന ചിന്താധാരകൾ.

## 6.2 യുക്തിപ്രധാനവാദം

അറിവ് ആർജിക്കുന്നതിൽ മനുഷ്യ മനസ്സിൽ അന്തർലീനമായ യുക്തിക്ക് പ്രധാന പങ്കുണ്ടെന്ന് സ്ഥാപിക്കുന്ന ചിന്താധാരയാണ് യുക്തിപ്രധാനവാദം. 'യുക്തിചിന്ത' എന്നർഥം വരുന്ന 'റേഷ്യോ' (ratio) എന്ന ലത്തീൻ പദത്തിൽ നിന്നാണ് 'റാഷണലിസം' (rationalism) എന്ന പദം രൂപപ്പെട്ടത്. ജനന സമയത്ത് മനുഷ്യമനസ്സിൽ നിശ്ചിതവും സ്വയം പ്രത്യക്ഷവുമായ ആശയങ്ങളുണ്ടെന്നതാണ് (self-evident ideas) യുക്തിപ്രധാനവാദികളുടെ അടിസ്ഥാന ധാരണ. ഇത്തരത്തിലുള്ള ആശയങ്ങളെ അനുഭവപൂർവ്വജ്ഞാനമെന്നാണ് (innate idea / a priori idea) വിശേഷിപ്പിക്കുന്നത്. യുക്തിപ്രധാനവാദത്തെ ഒരു വ്യവസ്ഥാനുസൃതമായ തത്ത്വചിന്തയായി വളർത്തിയത് 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് ദാർശനികനായ റെനെ ദെക്കാർത്തെയാണ്.

യാഥാർഥ്യത്തിന്റെ ഗണിത ശാസ്ത്രപരമായ ഘടന ഊന്നിപ്പറഞ്ഞ ഗ്രീക്ക് തത്ത്വചിന്തകനായ പൈതഗോറസിലാണ് യുക്തിപ്രധാനവാദത്തിന്റെ വേരുകൾ കാണുന്നത്. ചിന്താശേഷിയുള്ള എല്ലാ ജീവികളിലും ജ്യാമിതീയ തത്ത്വങ്ങളെക്കുറിച്ചുള്ള ജന്മസിദ്ധമായ അറിവുണ്ടെന്ന് പ്ലേറ്റോ തിരിച്ചറിഞ്ഞിരുന്നു. അറിവിന്റെ യുക്ത്യനുസൃതമായ കൃത്യത സ്വയം പ്രത്യക്ഷമായ തത്ത്വങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നാണ് അരിസ്റ്റോട്ടിൽ പ്രസ്താവിക്കുന്നത്.



### നമുക്ക് മനസ്സിലാക്കാം

### യുക്തിപ്രധാനവാദത്തിന്റെ വിഭാഗങ്ങൾ

തർക്കശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും അതിഭൗതിക ശാസ്ത്രത്തിലും നൈതിക ശാസ്ത്രത്തിലും അനുഭവപൂർവ്വ സ്വയംസിദ്ധ തത്ത്വങ്ങൾ നിലനിൽക്കുന്നുവെന്ന് യുക്തിപ്രധാനവാദം അംഗീകരിക്കുന്നു. യുക്തിപ്രധാനവാദം മൂന്ന് തരത്തിലുണ്ട്.

1. ജ്ഞാനമീംമാംസായിലധിഷ്ഠിതമായ യുക്തിപ്രധാനവാദം
2. നൈതികയുക്തിപ്രധാനവാദം
3. മതാനുബന്ധ യുക്തിപ്രധാനവാദം

റെനെ ദെക്കാർത്തെയുടെ ദർശനം ജ്ഞാനശാസ്ത്രത്തിലധിഷ്ഠിതമായ യുക്തിവാദത്തിൽപ്പെടുന്നതാണ്. ചിന്തിക്കുന്ന ഒരു മനസ്സിന്റെ അവനവനെക്കുറിച്ചുള്ള അറിവാണ് ഏറ്റവും വ്യക്തതയുള്ളതും ഉറപ്പുള്ളതുമെന്നദ്ദേഹം സ്ഥാപിച്ചു.

ഇമ്മാനുവൽ കാന്റാണ് നൈതിക യുക്തിപ്രധാനവാദത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നന്മയും തിന്മയും ശരിയും തെറ്റും തിരിച്ചറിയാനുള്ള കഴിവ് മനുഷ്യനിൽ ജന്മസിദ്ധമായി നിലനിൽക്കുന്നു. നൈതിക സത്യങ്ങളുൾക്കൊള്ളാൻ മനുഷ്യന്റെ യുക്തിക്കാവുമെന്നദ്ദേഹം വിശ്വസിക്കുന്നു.


ലെയിബിനിസാണ് മതാനുബന്ധ യുക്തിപ്രധാനവാദത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അനന്തവും സനാതനവുമായ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നത് അനുഭവങ്ങളിൽ നിന്നല്ല.

## റെനെ ദെക്കാർത്തെ

'രണ്ട് ബിന്ദുക്കൾക്കിടയിലുള്ള ഏറ്റവും ചെറിയ ദൂരമാണ് ഒരു നേർരേഖ' എന്ന് നിങ്ങൾക്കറിയാമല്ലോ. ക്ഷേത്രഗണിതത്തിലെ ഒരു സ്വയംസിദ്ധ തത്ത്വമാണത് (Axiom). സ്വയംസിദ്ധ തത്ത്വങ്ങൾക്ക് മറ്റ് തെളിവുകളാവശ്യമില്ല. അവ സ്വയം പ്രത്യക്ഷമായ തത്ത്വങ്ങളാണ് (self-evident principles).



റെനെ ദെക്കാർത്തെ




മറ്റൊരുദാഹരണം നമുക്ക് നോക്കാം.

$\angle A + \angle B + \angle C = 180^\circ$

മറ്റ് മേഖലകളിലുള്ള സമാനമായ സ്വയംസിദ്ധ തത്ത്വങ്ങൾ കണ്ടെത്താമോ?

ലാളിത്യത്തിനും നിശ്ചിതത്ത്വത്തിനും ഒരുദാഹരണമാണ് ഗണിതശാസ്ത്രം. ഗണിതശാസ്ത്രത്തിന്റെ രീതി ഉപയോഗിക്കുന്നതിലൂടെ തത്ത്വശാസ്ത്രത്തിന് മെച്ചപ്പെട്ട അടിസ്ഥാനം പുനഃസൃഷ്ടിക്കാൻ സാധിക്കുമെന്നാണ് ആധുനിക പാശ്ചാത്യ തത്ത്വചിന്തയുടെ പിതാവായ ദെക്കാർത്തെയുടെ വിശ്വാസം. തത്ത്വചിന്തയിൽ നിശ്ചിതത്ത്വം കൈവരിക്കുകയെന്നതാണ് അദ്ദേഹത്തിന്റെ ദാർശനികമായ ലക്ഷ്യം. ദെക്കാർത്തയെത്തുടർന്ന് വന്ന ഡച്ച് ചിന്തകനായ ബറൂക്ക് ഡെ സ്പിനോസായും ജർമൻ ദാർശനികനായ വിൽഹെം ലെയ്ബ്നിസും തത്ത്വചിന്തയ്ക്ക് ഗണിതശാസ്ത്ര സമാനമായ കൃത്യത വരുത്താൻ പരിശ്രമിച്ചവരാണ്. നിശ്ചിത രീതിയിലുള്ള താത്ത്വികാന്വേഷണത്തിന് ഗണിത മാതൃകയിൽ ആകൃഷ്ടരായവരാണ് ഹുസ്സേളും റസ്സലും. ദെക്കാർത്തയുടെ അഭിപ്രായത്തിൽ അതിഭൗതികവാദത്തെ ഇന്ദ്രിയാനുഭവങ്ങളുടെ സഹായമില്ലാതെ ഗ്രഹിക്കുവാൻ കഴിയുന്ന നിശ്ചിത അനുഭവപൂർവ്വജ്ഞാന തത്ത്വങ്ങളുടെ (apriori principles) ശക്തമായ അടിത്തറയിന്മേൽ സൃഷ്ടിക്കാൻ കഴിയും.

### "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ഉണ്ട്"

*Meditation on First Philosophy* എന്ന കൃതിയിലൂടെയാണ് നിശ്ചിതത്ത്വത്തിലെത്തേണ്ടത് എങ്ങനെയെന്ന് ദെക്കാർത്തെ വിശദീകരിക്കുന്നത്. സംശയ നിവാരണത്തിനായി ദെക്കാർത്തെ സംശയത്തിന്റെ എല്ലാ അടിസ്ഥാനങ്ങളെയും സൂക്ഷ്മമായി അന്വേഷിക്കുന്നു. ഇന്ദ്രിയങ്ങൾ ഒരുവനെ കബളിപ്പിക്കുമെന്നതിനാൽ അദ്ദേഹം ആദ്യം സ്വന്തം ഇന്ദ്രിയാനുഭവങ്ങളെ സംശയിക്കുന്നു; ഉദാഹരണം മരീചിക, ഉന്മാദാവസ്ഥ, മിഥ്യാഭ്രമം മുതലായവ. ഒരു വേള ഒരുവൻ സ്വപ്നാവസ്ഥയിലല്ലെന്ന് എങ്ങനെ ഉറപ്പിച്ച് പറയാനാവും; നിങ്ങളീ പുസ്തകം യഥാർഥത്തിൽ വായിക്കുകയല്ല മറിച്ച് വായിക്കുന്നതായി സ്വപ്നം കാണുക മാത്രമേ ചെയ്യുന്നുള്ളുവെങ്കിലോ?




എന്നാൽ ഒരാൾ സംശയിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം സുനിശ്ചിതമാണ്. സംശയിക്കൽ ഒരു മാനസ്സിക പ്രക്രിയയാണ് അഥവാ ചിന്താ പ്രക്രിയയാണ്. 'ഞാൻ ചിന്തിക്കുന്നു എന്ന വസ്തുതയിൽ നിന്നും ഞാൻ നില നിൽക്കുന്നു എന്ന നിഗമനത്തിലെത്താൻ എനിക്ക് കഴിയുന്നു. 'എന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനം എന്റെ ചിന്തയാണ്' എന്നാണ് ദെക്കാർത്തെ പറയുന്നത്. ഇതിൽ നിന്നാണ് 'ഞാൻ ചിന്തിക്കുന്നു, ആയതിനാൽ ഞാൻ നില നിൽക്കുന്നു' എന്നർഥം വരുന്ന 'കൊഗീത്തോ എർഗോ സും' (Cogito ergo sum) എന്ന സ്വയംസിദ്ധമായ തത്ത്വം അദ്ദേഹം ആവിഷ്കരിക്കുന്നത്.

'കൊഗീത്തോ എർഗോ സും' എന്ന പ്രമാണവാക്യത്തിന്റെ അടിസ്ഥാനത്തിൽ ദെക്കാർത്തെ മറ്റു രണ്ടാശയങ്ങളിലെത്തുന്നു: ഒന്ന്, പരിപൂർണ്ണനും സർവ്വജ്ഞനും സർവ്വവ്യാപിയും സർവ്വശക്തനുമായ ദൈവം; രണ്ട്, ഞാൻ എന്ന ബോധം. ഈ സ്വയംസിദ്ധ ആശയങ്ങളെ യുക്തിയുള്ള ഏവർക്കും ഇന്ദ്രിയാനുഭവങ്ങളുടെ സഹായം കൂടാതെ തന്നെ അറിയാൻ കഴിയും.

ദെക്കാർത്തെയുടെ തത്ത്വശാസ്ത്രസമ്പ്രദായത്തെ 'കാർട്ടീഷ്യൻ രീതിശാസ്ത്രം' എന്നു വിളിക്കുന്നു. യുക്തിപരമായ അനിവാര്യതയ്ക്ക് വേണ്ടി ഈ സമ്പ്രദായം ജന്മസിദ്ധവും സ്വയം പ്രത്യക്ഷവുമായ സ്വയംസിദ്ധ തത്ത്വങ്ങളിൽ നിന്നും ആരംഭിച്ച് വിശേഷവാക്യങ്ങളിലേക്ക് (particular proposition) കടക്കുന്നു. അദ്ദേഹത്തിന്റെ ഈ സമ്പ്രദായത്തെ സാധാരണ

**നമുക്ക് മനസ്സിലാക്കാം**

നാം പിന്തുടരേണ്ട ചില തത്ത്വങ്ങൾ ദെക്കാർത്തെ നിർദ്ദേശിക്കുന്നു:

- ശരിയല്ലെന്ന് കണ്ടെത്തുന്നവയൊന്നും ഒരിക്കലും അംഗീകരിക്കാതിരിക്കുക.
- ലളിതമായ പ്രസ്താവനകളിൽ തുടങ്ങി സങ്കീർണ്ണമായവയിലേക്ക് കടക്കുക.
- സാധ്യമാവുന്നത്ര ഘടകങ്ങളായി സങ്കീർണ്ണതകളെ വിഭജിച്ച് അവയെ വിശദമായി അപഗ്രഥിക്കുക.
- ഒന്നും ഒഴിവാക്കിയിട്ടില്ലെന്നുറപ്പാക്കി പ്രക്രിയ പൂർത്തിയാക്കുക.

മായി 'പ്രാരംഭ സംശയവാദം' (initial scepticism) എന്നറിയപ്പെടുന്നു; ഈ സംശയ രീതി അദ്ദേഹത്തെ 'കൊഗീത്തോ എർഗോ സും' എന്ന പ്രമാണവാക്യത്തിലേക്ക് നയിക്കുന്നു.

## ദെക്കാർത്തയുടെ ദ്വൈതവാദം

ദെക്കാർത്തയുടെ അഭിപ്രായത്തിൽ ഒരു പരമ യാഥാർഥ്യമേയുള്ളൂ (absolute substance), അത് ദൈവമാണ്. സ്വയമേവ നിലനിൽക്കാൻ കഴിയുന്നവ മാത്രമാണ് യാഥാർഥ്യം. ഈ അർഥത്തിൽ ദൈവം മാത്രമാണ് ഏക യാഥാർഥ്യം. എന്നാൽ മനസ്സിനെയും ശരീരത്തെയും രണ്ട് ആപേക്ഷിക യാഥാർഥ്യങ്ങളായി (relative substance) ദെക്കാർത്തെ അംഗീകരിക്കുന്നു. അവ പരസ്പരം സ്വതന്ത്രമാണെങ്കിലും ദൈവത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

- നിങ്ങളുടെ അഭിപ്രായത്തിൽ മനസ്സും ശരീരവും തമ്മിലുള്ള ബന്ധമെന്താണ്?
- അവ വ്യത്യസ്ത പദാർഥങ്ങളാണോ?

ദെക്കാർത്തെയുടെ അഭിപ്രായത്തിൽ മനസ്സും ശരീരവും രണ്ട് വ്യത്യസ്ത പദാർഥങ്ങളാണ്. മനസ്സിന് വ്യാപ്തി എന്ന ഗുണമില്ല, കാരണം അത് ഭൗതിക വസ്തുവല്ല. അതിന് ചിന്തിക്കാൻ കഴിയുന്നു. എന്നാൽ ശരീരം ഭൗതികവസ്തുവാണ്; ഭൗതികവസ്തു സ്ഥലത്തിൽ സ്ഥിതി ചെയ്യുന്നു. സ്ഥലത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ വസ്തുക്കൾക്കും വ്യാപ്തി (extension) എന്ന ഗുണം ഉണ്ട്. ശരീരം നാശത്തിന് വിധേയമാണെന്നും മനസ്സ് സ്വതന്ത്രമാണെന്നും അദ്ദേഹം സ്ഥാപിക്കുന്നു. മനസ്സും ശരീരവും പരസ്പര വിരുദ്ധ ഗുണങ്ങളോടുകൂടിയ പദാർഥങ്ങളാണെങ്കിലും അവ തലച്ചോറിലെ പീനിയൽ ഗ്രന്ഥിയിൽ സന്ധിക്കുന്നു. അവിടെ അവ പരസ്പരം

**നമുക്ക് മനസ്സിലാക്കാം**

**ദൈവത്തിന്റെ അസ്തിത്വത്തിനുള്ള തെളിവുകൾ**

ദൈവത്തിന്റെ അസ്തിത്വത്തിനുള്ള തെളിവുകൾ ദെക്കാർത്തെ താഴെ പറയും പ്രകാരം നിരത്തുന്നു:

**1) സത്താശാസ്ത്രപരമായ തെളിവ് (Ontological proof):** ഒരു ത്രികോണത്തിൽ നിന്നും അതിന്റെ മൂന്ന് കോണുകളുടെ തുക രണ്ട് മട്ട കോണുകൾക്ക് തുല്യമായിരിക്കുമെന്ന് സ്ഥാപിക്കാൻ കഴിയുന്നത് പോലെ, ഒരു പരിപൂർണ്ണ യാഥാർഥ്യമെന്ന ആശയത്തിൽ നിന്നും ദൈവത്തിന്റെ അസ്തിത്വം സ്ഥാപിക്കാൻ കഴിയുമെന്ന് ദെക്കാർത്തെ വാദിക്കുന്നു. ദൈവത്തിന്റെ അസ്തിത്വത്തിൽ നിന്നും വേറിട്ട് ഒരു പരിപൂർണ്ണത എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

**2) കാര്യകാരണബന്ധ തെളിവ് (Causal proof):** എല്ലാ കാര്യത്തിനും പിന്നിൽ ഒരു കാരണമുണ്ടാവും; ദൈവം ഈ പ്രപഞ്ചത്തിന്റെ കാരണമായി നിലനിൽക്കുന്നവനാണ് എന്ന വാദഗതിയാണ് കാര്യകാരണബന്ധ തെളിവ്.

**3) പ്രപഞ്ചശാസ്ത്രപരമായ തെളിവ് (Cosmological proof):** ഈ പ്രപഞ്ചത്തിന്റെ ഉൽപത്തിക്കു പിന്നിൽ ഒരാദികാരണമുണ്ട്. അത് പരിപൂർണനായ ദൈവം ആണ്.

സമ്പർക്കം പുലർത്തുന്നു. അതുകൊണ്ട് ദെക്കാർത്തെയുടെ മനഃശരീര ബന്ധത്തെക്കുറിച്ചുള്ള തത്ത്വം ഇന്ററാക്ഷനിസം (interactionism) എന്ന് അറിയപ്പെടുന്നു.

## ബറൂച്ച് ഡി സ്പിനോസ

### പദാർഥത്തെക്കുറിച്ചുള്ള സങ്കൽപനം




*ബറൂച്ച് ഡി സ്പിനോസ*

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡച്ച് തത്ത്വചിന്തകനാണ് ബറൂച്ച് ഡി സ്പിനോസ. *Ethics* എന്ന കൃതിയിൽ അദ്ദേഹം പദാർഥത്തെ നിർവ്വചിക്കുന്നത് 'സ്വയംനിലനിൽക്കുന്നതും സ്വയംഭൂവുമായിരിക്കുന്നതുമായ ഒന്നാകുന്നു' എന്നാണ്. അതായത് സ്വതന്ത്രമായ പദാർഥത്തെക്കുറിച്ച് നമുക്ക് ആശയം രൂപീകരിക്കാനാകും. ദൈവമാണ് അനന്തമായ ഈ പദാർഥം. ദൈവം സനാതനമായ കേവല പദാർഥമാണ്, സംഹാരവും സൃഷ്ടിയും ഇല്ലാത്തവനാണ്. ലോകസൃഷ്ടാവ് അല്ലെങ്കിലും ലോകത്തിന്റെ കാരണം ദൈവമാണ്.

### പ്രകാരങ്ങളെക്കുറിച്ചുള്ള സങ്കൽപനം

സ്പിനോസായുടെ അഭിപ്രായത്തിൽ പദാർഥത്തിന്റെ രൂപാന്തരമാണ് പ്രകാരം (modes). പരിമിതവും അപരിമിതവുമായ (finite modes and infinite

modes) രണ്ടു തരം പ്രകാരങ്ങളുണ്ട്. ഇന്ദ്രിയഗ്രാഹ്യമായതെല്ലാം പരിമിതമായ വസ്തുക്കൾക്കുദാഹരണങ്ങളാണ്. ബുദ്ധി, ഇച്ഛാശക്തി എന്നീ പരിമിത വസ്തുക്കളിലൂടെ യുക്തിചിന്ത എന്ന ഗുണം പ്രകടമാവുന്നു. ചലനം, നിശ്ചലത എന്നീ പരിമിതവസ്തുക്കളിലൂടെ വ്യാപ്തി എന്ന ഗുണം പ്രതിനിധീകരിക്കപ്പെടുന്നു. പരിമിതവസ്തുക്കൾ നൈമിഷികങ്ങളാണ്, എന്നാൽ അപരിമിതമായവ സനാതനങ്ങളാണ്. പ്രപഞ്ചം പരിമിതവും അപരിമിതവുമായ പ്രകാരങ്ങളുടെ ആകെത്തുകയാണ്; ഇതിനെ 'നാത്തുര-നാത്തുരാത്ത' എന്നു പറയുന്നു. സ്പിനോസയുടെ തത്ത്വചിന്തയിൽ രണ്ട് കാഴ്ചപ്പാടുകളുണ്ട്; നൈമിഷികവും സനാതനവും. നൈമിഷികമായ കാഴ്ച്ചപ്പാടിൽ ഗുണങ്ങൾ, വസ്തുക്കൾ, ദൈവം എന്നിവ നിത്യജീവിതത്തിൽ നാം അനുഭവിക്കുന്നതുപോലെ യാഥാർഥ്യങ്ങളാണ്. എന്നാൽ സനാതനമായ കാഴ്ചപ്പാടിൽ ഗുണങ്ങളും വസ്തുക്കളും ദൈവത്തിൻമേലുള്ള ബൗദ്ധിക ആരോപണങ്ങളാണ്, ആയതിനാൽ അവ അയാഥാർഥ്യങ്ങളാണ്.



**നമുക്ക് മനസ്സിലാക്കാം**

*'Natura naturans' എന്നാൽ ദൈവമെന്നാണർഥം;*
*'Natura naturata' എന്നാൽ ലോകമെന്നാണർഥം.*

## മനശ്ശരീര സമാന്തരതത്ത്വം

മനുഷ്യമനസ്സും ദൈവത്തിന്റെ മനസ്സും തമ്മിൽ സുപ്രധാന വ്യത്യാസമുണ്ടെന്നാണ് സ്പിനോസായുടെ പക്ഷം. മനുഷ്യമനസ്സിൽ സ്വത്വവും ആത്മബോധവും മുന്നിട്ട് നിൽക്കുന്നു. അനന്ത യാഥാർഥ്യമായ ദൈവം ക്ഷിപ്രകോപം, ചിന്ത, ആഗ്രഹങ്ങൾ മുതലായവയ്ക്ക് വിധേയനല്ല. സർവ്വതുമുൾക്കൊള്ളുന്ന ഒരു യാഥാർഥ്യത്തിന്റെ അവിഭാജ്യമായ ഘടകങ്ങളിൽ രണ്ടെണ്ണമാണ് മനസ്സും ശരീരവും. ആയതിനാൽ അവ രണ്ടും പരസ്പരം ബന്ധപ്പെടാതെ സമാന്തരമായി പ്രവർത്തിക്കുന്നു. അവ അനന്തമാണെങ്കിലും പരസ്പരം സ്വതന്ത്രമായി നിലനിൽക്കുന്നു; അവ ഓരോന്നും തനതായ രീതിയിൽ ദൈവത്തെ പ്രതിഫലിപ്പിക്കുന്നു. ശരീരം മനസ്സിനെയോ മനസ്സ് ശരീരത്തെയൊ വിശദീകരിക്കാത്തതിനാൽ സമാന്തരതത്ത്വം ഭൗതികവാദത്തെയും ആശയവാദത്തെയും തള്ളിക്കളയുന്നു.

## വിശ്വദൈവവാദം

വസ്തുക്കൾക്ക് സ്വന്തമായ നിലനിൽപ്പില്ലെന്നാണ് വിശ്വദൈവവാദ (Pantheism) ത്തിലൂടെ പ്രസ്താവിക്കുന്നത്. അവ ഭാവനയിലൂടെ ജനിക്കുന്ന മായയോ മിഥ്യയായ അനുഭൂതിയോ മാത്രമാണ്. ദൈവം മാത്രമാണ്

യാഥാർഥ്യം, പരിമിതമായ മറ്റെല്ലാവസ്തുക്കളും ദൈവത്തിന്റെ ആവിഷ്കാരമാണ്. ഏകവും സനാതനവും അനന്തവും സ്വയംഭൂവും അനിവാര്യവുമായ തത്ത്വമാണ് ദൈവം അഥവാ പ്രപഞ്ചം. ദൈവം പ്രപഞ്ചത്തിലും പ്രപഞ്ചം ദൈവത്തിലും നിലനിൽക്കുന്നു. ദൈവമാണ് സർവ്വതിന്റെയും സ്രോതസ്സ്. ദൈവവും ലോകവും ഒന്നാണ്. സർവ്വവും ദൈവമാണെന്ന ഈ തത്ത്വത്തെയാണ് വിശ്വദൈവവാദം (Pantheism) എന്നു പറയുന്നത്.

**നമുക്ക് പരിശോധിക്കാം**

**യുക്തിവാദത്തിന്റെയും അനുഭവജ്ഞാനവാദത്തിന്റെയും സവിശേഷതകൾ ഒരു പട്ടിക ആക്കാം.**

| യുക്തിവാദം | അനുഭവജ്ഞാനവാദം |
|---|---|
| • അനുഭവപൂർവ്വം (apriori) | • അനുഭവശേഷം (aposteriori) |
| • | • |
| • | • |
| • | • |
| • | • |

## ഗോഡ്ഫ്രഡ് വിൽഹെം ലെയ്ബ്നിസ്


ഗോഡ്ഫ്രെഡ് വിൽഹെം ലെയ്ബ്നിസ്

ഗോഡ്ഫ്രഡ് വിൽഹെം ലെയ്ബ്നിസ് ഒരു ജർമൻ തത്ത്വചിന്തകനാണ്. *മൊണാഡോളജി (Monadology)* എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിലൂടെ അദ്ദേഹം തന്റെ ചിന്ത ആവിഷ്കരിച്ചു.

### മൊണാഡുകൾ

ലെയ്ബ്നിസിന്റെ അഭിപ്രായത്തിൽ ഈ പ്രപഞ്ചത്തിന്റെ പരമയാഥാർഥ്യങ്ങൾ ഊർജകേന്ദ്രങ്ങളാണ്. ശക്തി, ക്രിയാത്മകത, ഊർജം എന്നിവയാണ് പ്രപഞ്ചത്തിന്റെ സവിശേഷതകൾ. പുറമെ നിന്നുള്ള ഒന്നിനും ഈ ഊർജത്തെ നിർണ്ണയിക്കാൻ കഴിയില്ല. ഈ ശക്തികേന്ദ്രങ്ങളെയാണ് മൊണാഡുകളെന്നു പറയുന്നത്. ഒരുപോലുള്ള രണ്ട് ജീവികളില്ലാത്തത് പോലെ മൊണാഡുകളും പരസ്പരം വ്യത്യാസപ്പെടുന്നു. പ്രപഞ്ചത്തെ പ്രതിനിധീകരിക്കുന്നതിന്റെ അളവിൽ മൊണാഡുകൾ തമ്മിൽ വ്യത്യാസമുണ്ട്. ആന്തരികമായ സവിശേഷതകളാണ് ഈ വ്യത്യാസം നിർണ്ണയിക്കുന്നത്. ജാലകരഹിതമായതി

നാൽ മൊണാഡുകളിൽ മാറ്റം വരുത്തുന്നത് അവയിലെ ആഭ്യന്തര തത്ത്വങ്ങളാണ്. അനേകം മൊണാഡുകളാൽ നിർമ്മിതമാണീ പ്രപഞ്ചം.

### മനശ്ശരീരബന്ധം

ലെയ്ബ്നിസ് മുന്നോട്ടുവയ്ക്കുന്ന മനഃശരീരബന്ധസിദ്ധാന്തമാണ് പ്രീ-എസ്റ്റാബ്ളിഷ്ഡ് ഹാർമണി. മൊണാഡുകൾ തമ്മിലുള്ള ബന്ധവും പ്രപഞ്ചത്തിലെ മാറ്റങ്ങളുമെല്ലാം ദൈവം മുൻകൂട്ടി തയാറാക്കി വച്ചിട്ടുള്ള പദ്ധതികളാണ്. മൊണാഡുകളെ ഉയർന്നതും താഴ്ന്നതുമായ ശ്രേണിയായാണ് സജ്ജമാക്കിയിരിക്കുന്നത്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പ്രകാരം ഒന്നിനുണ്ടാകുന്ന മാറ്റം മറ്റൊന്നിലേക്ക് വ്യാപിക്കുന്നു. മനസ്സും ശരീരവും ഇത്തരത്തിൽ പൊരുത്തത്തോടെ പ്രവർത്തിക്കുന്നുവെന്ന സിദ്ധാന്തമാണ് പ്രീ-എസ്റ്റാബ്ളിഷ്ഡ് ഹാർമണി.

## 6.3 അനുഭവപ്രധാനവാദം

'അനുഭവം' എന്നർഥം വരുന്ന എംപീരിയ (Empeiria) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് എംപിരിസിസം എന്ന പദം രൂപപ്പെട്ടത്. അറിവിന്റെ ഏക ഉറവിടം അനുഭവങ്ങളാണെന്ന് സ്ഥാപിക്കുന്ന തത്ത്വശാസ്ത്രമാണ് അനുഭവപ്രധാനവാദം (Empiricism). അനുഭവവാദികളുടെ അഭിപ്രായത്തിൽ അനുഭവ ശേഷം മാത്രമാണ് നമുക്ക് അറിവ് ലഭിക്കുന്നത്. അനുഭവ പ്രധാനവാദികൾ ഇന്ദ്രിയാനുഭവത്തിന് വിധേയമല്ലാത്ത ഒന്നിന്റെയും നിലനിൽപ്പ് അംഗീകരിക്കുന്നില്ല.

### ജോൺ ലോക്ക്


ജോൺ ലോക്ക്

ആധുനിക അനുഭവപ്രധാനവാദത്തിന്റെ പിതാവായി അംഗീകരിക്കപ്പെടുന്നത് ബ്രിട്ടീഷ് തത്ത്വചിന്തകനും രാഷ്ട്രീയ ചിന്തകനുമായ ജോൺ ലോക്കിനെയാണ്. അനുഭവപ്രധാനവാദത്തെ ഒരു വ്യവസ്ഥാപിത വൈജ്ഞാനിക തത്ത്വചിന്തയായി വികസിപ്പിച്ചത് അദ്ദേഹമാണ്. *An Essay Concerning Human Understanding* എന്ന കൃതിയിലൂടെ അദ്ദേഹം തന്റെ ജ്ഞാനസിദ്ധാന്തം അവതരിപ്പിക്കുന്നു.

### അറിവ് ജന്മസിദ്ധമാണെന്ന ആശയത്തിന്റെ നിരാകരണം

യുക്തിപ്രധാനവാദികളുടെ ജന്മസിദ്ധ ജ്ഞാനവാദ തത്ത്വത്തെ (Theory of innate ideas) ജോൺലോക്ക് തള്ളിക്കളയുന്നു. ലോക്കിന്റെ അഭിപ്രായത്തിൽ മനുഷ്യമനസ്സ് ജന്മനാ ഒന്നും എഴുതാത്ത വെള്ളക്കടലാസ് പോലെയാണ്. യുക്തിപ്രധാനവാദികൾ പറയുന്നതു പോലെ മനുഷ്യമനസ്സിൽ ജന്മസിദ്ധമായി ആശയങ്ങളോ അറിവ് ഉണ്ടാകാൻ സഹായിക്കുന്ന തത്ത്വ

ങ്ങളോ നിലനിൽക്കുന്നില്ലെന്ന് അനുഭവവാദികൾ പറയുന്നു. അതുകൊണ്ട് മനസ്സിനെ അവർ ഒന്നും എഴുതാത്ത ശൂന്യമായ സ്ലേറ്റ് എന്നർഥം വരുന്ന 'താബുലാ രാസാ' എന്നു വിളിക്കുന്നു. ജനിക്കുമ്പോൾ മനസ്സിൽ ഒരടയാളമോ ആശയമോ അറിവോ ഇല്ല.

അപ്പോഴെങ്ങനെയാണ് മനസ്സിൽ അറിവ് ലഭിക്കുക?

"അനുഭവത്തിൽ കൂടി അറിവ് ലഭിക്കുന്നു"

ഒരാശയവും ജന്മസിദ്ധമല്ല. എല്ലാ അറിവും ആർജിക്കപ്പെടുന്നവയാണ്. അനുഭവങ്ങളിലൂടെയാണ് പഠിക്കുന്നത്. അറിവാർജിക്കാനുള്ള മനസ്സിന്റെ കഴിവ് ജന്മസിദ്ധമാണെന്നത് ലോക്ക് നിരാകരിക്കുന്നില്ല. ഇന്ദ്രിയബോധം, മനനം എന്നീ രണ്ടു മാർഗങ്ങളിലൂടെയാണ് മനുഷ്യമനസ്സ് അറിവാർജിക്കുന്നത്. ഇന്ദ്രിയബോധമെന്നാൽ പ്രത്യക്ഷമെന്നർഥം. വസ്തുക്കളുടെ വർണം, സ്വാദ് മുതലായ ഇന്ദ്രിയസംബന്ധമായ അറിവുകളിൽ നാമെത്തിച്ചേരുന്നത് ഇന്ദ്രിയബോധത്തിലൂടെയാണ്. ആഹ്ളാദം, വേദന, വികാരം, വിശ്വാസം മുതലായ ആന്തരികമായ ആശയങ്ങളെക്കുറിച്ചുള്ള അറിവ് മനുഷ്യന് മനനത്തിലൂടെയാണ് ലഭിക്കുന്നത്. ആയതിനാൽ ജ്ഞാനേന്ദ്രിയങ്ങളിലൂടെയും മനസ്സിലൂടെയുമുള്ള അനുഭവങ്ങളിൽ നിന്നുമാണ് അറിവ് ലഭിക്കുന്നത്.


ജന്മസിദ്ധമായ ആശയങ്ങളില്ലാതെയാണ് ശിശു ലോകത്തിൽ വരുന്നതെന്നാണ് ലോക്ക് വാദിക്കുന്നത്. തുടർന്നുള്ള ജീവിതത്തിൽ കൂടുതൽ കൂടുതൽ അനുഭവങ്ങൾ ലഭിക്കുകയും മനസ്സിൽ ഇന്ദ്രിയബോധം രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്നു. ജന്മനാ അന്ധനായ മനുഷ്യന് വ്യത്യസ്ത വർണങ്ങളെക്കുറിച്ചോ ബധിരനായ മനുഷ്യന് വ്യത്യസ്ത ശബ്ദങ്ങളെക്കുറിച്ചോ ഉള്ള എന്തെങ്കിലും ആശയമുള്ളതായി നമുക്ക് ചിന്തിക്കാൻ കഴിയില്ല.

### ജോൺ ലോക്കിന്റെ ജ്ഞാന സിദ്ധാന്തം

ജോൺ ലോക്കിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ അറിവ് അനുഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇന്ദ്രിയ സംവേദനവും മനനവും അറിവ് ലഭ്യമാക്കുന്നു. ഈ രണ്ട് പ്രക്രിയകളിലൂടെ അറിവ് ലഭിക്കുന്നു. ആശയങ്ങളുടെ രൂപത്തിലാണ് ഇന്ദ്രിയസംവേദനം മനസ്സിലെത്തുന്നത്. ആശയങ്ങൾ രണ്ടു തരമുണ്ട്: ലളിതാശയങ്ങളും സങ്കീർണ്ണാശയങ്ങളും (simple ideas and complex ideas). ഇന്ദ്രിയസംവേദനത്തിലൂടെ മാത്രം മനസ്സിലെത്തുന്ന ആശയങ്ങളാണ് ലളിതാശയങ്ങൾ. ഉദാഹരണം, വർണം, സ്വാദ്, ഉഷ്ണം, ശീതം മുതലായവ.

ലോക്കിന്റെ അഭിപ്രായത്തിൽ സംയോഗം, സംബന്ധം, സംഗ്രഹം എന്നീ ഘട്ടങ്ങളിലൂടെ ലഘു ആശയങ്ങളിൽ നിന്നും സങ്കീർണ ആശയങ്ങൾ

രൂപപ്പെടുന്നു. ആശയങ്ങളുടെ സംഘാതനിയമങ്ങളിലൂടെയാണ് ഈ പ്രക്രിയ സംഭവിക്കുന്നത്. ജോൺ ലോക്ക് ഇതിനെ തികച്ചും അനുഭവ സിദ്ധമായ രീതിയിലാണ് വിശദീകരിക്കുന്നത്. മൂന്ന് തരം സങ്കീർണമായ ആശയങ്ങളാണ് അവ പദാർഥങ്ങൾ, ബന്ധങ്ങൾ, വസ്തുക്കൾ.



നമുക്ക് മനസ്സിലാക്കാം

## മൂന്ന് നിലവാരത്തിലുള്ള അറിവുകൾ

അറിവിന്റെ വ്യക്തത മനസ്സിലെ ആശയങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. ആശയങ്ങളെതമ്മിൽ ബന്ധിപ്പിക്കുമ്പോൾ ചില അവസരങ്ങളിൽ തൽക്ഷണവും മറ്റ് ചില അവസരങ്ങളിൽ വൈകിയും ബന്ധം വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലോക്ക് അറിവുകൾ മൂന്ന് തരത്തിലുണ്ടെന്ന് പറയുന്നു.

1. **അന്തർജ്ഞാനപരമായ അറിവ്:** ചില അവസരങ്ങളിൽ രണ്ടാശയങ്ങൾ തമ്മിലുള്ള പൊരുത്തമോ പൊരുത്തക്കേടോ മറ്റുള്ളവയുടെ ഇടപെടൽ കൂടാതെതന്നെ മനസ്സ് തൽക്ഷണം ഗ്രഹിക്കുന്നു, ഇതിനെ അന്തർജ്ഞാനപരമായ അറിവെന്ന് വിളിക്കുന്നു. ഈ അറിവ് വളരെ വ്യക്തവും കൃത്യവും ഉന്നതവുമാണ്. നമ്മുടെ ആത്മാവിനെക്കുറിച്ച് നമുക്കുള്ള അറിവ് ഇതിനുദാഹരമാണ്.

2. **യുക്ത്യാനുസാരം സ്ഥാപിക്കുന്ന അറിവ്:** യുക്ത്യാനുസാരം സ്ഥാപിക്കുന്ന അറിവാണ് അടുത്ത നിലവാരത്തിലുള്ളത്. അതിലൂടെ നാം രണ്ടാശയങ്ങൾ തമ്മിലുള്ള പൊരുത്തമോ പൊരുത്തക്കേടോ മനസ്സിലാക്കുന്നത് മറ്റാശയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിലൂടെയോ അവയുമായുള്ള ഇടപെടലിലൂടെയോ ആണ്. ഉദാഹരണമായി ഓരോന്നും A യും B യും തുല്യമാണെന്ന് മനസ്സിലാക്കുന്നതിന്റെ കാരണം അവ C യുമായി തുല്യമാണ് എന്നതാണ്. ഈ യുക്തിയെ ഇപ്രകാരം പ്രകടിപ്പിക്കാം.

   A – C

   C – B   അതു കൊണ്ട് A – B

3. **സംവേദനാത്മകമായ അറിവ് (sensitive knowledge):** അന്തർജ്ഞാനപരമായ അറിവിന്റെയോ യുക്ത്യാനുസാരം സ്ഥാപിക്കുന്ന അറിവിന്റെയോ നിശ്ചിതത്വം സ്ഥാപിക്കുന്നവയാണ് അറിവ് അല്ലാത്തതൊന്നും അറിവല്ല, മറിച്ച് അഭിപ്രായമാണ്. ബാഹ്യവസ്തുക്കളെക്കുറിച്ചുള്ള അറിവ് സംവേദനാത്മക ജ്ഞാനത്തിന് ഉദാഹരണമാണ്.

## ജോർജ് ബർക്കിലി



ജോർജ് ബർക്കിലി

ജോർജ് ബർക്കിലി ഒരു ആംഗ്ലോ ഐറിഷ് തത്ത്വചിന്തകനാണ്. അനുഭവപ്രധാനവാദത്തിലെ ഒരു പ്രധാന തത്ത്വമാണ് അദ്ദേഹത്തിന്റെ ആത്മനിഷ്ഠമായ ആശയവാദം (subjective idealism).

### ആത്മനിഷ്ഠമായ ആശയവാദം/സോലിപ്സിസം

ഗ്രഹിക്കാനൊരു മനസ്സുണ്ടെങ്കിൽ മാത്രമേ ഈ പ്രപഞ്ചത്തിലെ വസ്തുക്കൾക്ക് നിലനിൽപ്പുള്ളുവെന്നാണ് ബർക്കിലിയുടെ അഭിപ്രായം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രത്യക്ഷം ചെയ്യുന്ന വസ്തുക്കൾ മാത്രമേ നിലനിൽക്കുന്നുള്ളു. മനസ്സിൽ പതിയാത്തതൊന്നും നിലനിൽക്കുന്നില്ല. ഗുണങ്ങൾ പ്രത്യക്ഷത്തിലുള്ള ഘടകങ്ങളല്ലാതെ മറ്റൊന്നുമല്ലെന്ന വാദമാണ് ആത്മനിഷ്ഠ ആശയവാദത്തിനുള്ളത്. വസ്തുക്കളെക്കുറിച്ചുള്ള ആശയം മനുഷ്യമനസ്സിനെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യമനസ്സോ ദൈവമോ വീക്ഷിക്കുന്നതിനാലാണ് വസ്തുക്കൾക്ക് അസ്തിത്ത്വമുള്ളത്. മനസ്സിൽ കുടികൊള്ളുന്ന ആശയങ്ങൾ മാത്രമായി ലോകത്തെ ഈ സിദ്ധാന്തം ചുരുക്കുന്നു. ബർക്കിലിയുടെ ആത്മനിഷ്ഠമായ ആശയവാദം, സോലിപ്സിസം എന്നറിയപ്പെടുന്നു. ഇതനുസരിച്ച് എന്റെ മനസ്സും അതിലെ ഉള്ളടക്കവും മാത്രമേ നിലനിൽക്കുന്നുള്ളു.

### അസ്തിത്വമെന്നാൽ പ്രത്യക്ഷണം

ഒരു മനസ്സ് ഗ്രഹിക്കുന്നുണ്ടെങ്കിലേ വസ്തു നിലനിൽക്കുന്നുള്ളുവെന്നാണ് ബർക്കിലിയുടെ അഭിപ്രായം. ഒന്നുകിൽ മനുഷ്യമനസ്സ് അല്ലെങ്കിൽ ദൈവത്തിന്റെ മനസ്സ്. 'അസ്തിത്ത്വവും പ്രേക്ഷണവും അഭിന്നമാണ്' അല്ലെങ്കിൽ 'എസ്സേ എസ്ത് പെർചിപ്പി (Esse est percipi)' എന്നാണത് അർഥമാക്കുന്നത്.

നിലനിൽക്കുക എന്നാൽ ഒരു മനസ്സ് ഗ്രഹിക്കുന്നു അല്ലെങ്കിൽ മനസ്സിൽ ആയിരിക്കുന്നു എന്നാണർഥം. ഒരു മനസ്സും ഗ്രഹിക്കാത്ത വസ്തു നിലനിൽക്കുന്നുവെന്ന് പറയുന്നതൊരു വൈരുധ്യമാണെന്നാണ് ബർക്കിലിയുടെ വാദം.

മനസ്സും അതിലെ ആശയങ്ങളും കൂടിച്ചേരുന്നതാണ് യാഥാർഥ്യമെന്ന് പഠിപ്പിക്കുന്നതിനാൽ ബർക്കിലിയുടെ തത്ത്വം ആശയവാദപരമാണ്. 'നിലനിൽക്കുക എന്നാൽ ഗ്രഹിക്കപ്പെടുക' എന്നർഥം വരുന്ന 'എസ്സേ എസ്ത് പെർചിപ്പി എന്ന ബർക്കിലിയുടെ പ്രശസ്തമായ പ്രമാണവാക്യ

ത്തിലൂടെ അദ്ദേഹത്തിന്റെ ആശയവാദപരമായ നിഗമനം സ്ഥാപിക്കുന്നു. പ്രത്യക്ഷ വസ്തുവാണെങ്കിൽ മാത്രമേ ആവസ്തുവിന് അസ്തിത്ത്വമുള്ളൂ. ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ദൈവദൃഷ്ടിയാൽ നിരീക്ഷിക്കപ്പെടുന്നു.

## ഡേവിഡ് ഹ്യൂം



ഡേവിഡ് ഹ്യൂം

1711 ൽ എഡിൻബറോയിൽ ജനിച്ച ഡേവിഡ് ഹ്യൂം വളരെ പ്രധാനപ്പെട്ട ഒരു അനുഭവ പ്രധാനവാദ തത്ത്വചിന്തകനാണ്. തത്ത്വചിന്തയിൽ തന്നെ ജ്ഞാനസിദ്ധാന്തമായിരുന്നു അദ്ദേഹത്തിന്റെ മേഖല. ലോക്കിന്റെയും ബർക്കിലിയുടെയും തത്ത്വചിന്തകളെ വിമർശന വിധേയമാക്കി ക്കൊണ്ട് ഹ്യൂം തന്റെ തത്ത്വചിന്ത അവതരിപ്പിച്ചു.

## സംസ്കാരങ്ങളും ആശയങ്ങളും

ഭൗതിക ലോകത്തെക്കുറിച്ച് മനസ്സ് നൽകുന്ന ആശയങ്ങളിൽ കൂടി മാത്രമെ അറിവുണ്ടാകൂ എന്ന് ഹ്യൂം പറഞ്ഞു. സംവേദനങ്ങളും അനുഭവങ്ങളുമാണ് മനസ്സിന്റെ ഉള്ളടക്കം. ഇവയെ ഒന്നിച്ച് ചേർത്ത് പ്രത്യക്ഷങ്ങൾ എന്നദ്ദേഹം വിളിച്ചു. പ്രത്യക്ഷം രണ്ടു വിധത്തിലുണ്ട്. മുദ്രണങ്ങളും (impressions) ആശയങ്ങളും (ideas). വേദന അനുഭവിക്കുമ്പോൾ അതൊരു സംസ്കാരവും കുറേക്കാലം കഴിഞ്ഞ് ഇതിനെക്കുറിച്ച് ഓർമിക്കുമ്പോൾ അതൊരു ആശയവുമാകുന്നു. ആശയം എന്നത് സംസ്കാരത്തിന്റെ പകർപ്പു മാത്രമായതിനാൽ സംസ്കാരത്തിനു മുമ്പ് ആശയം ഉണ്ടെന്ന് പറയുന്നത് ശരിയല്ലെന്ന് ഹ്യൂം വാദിച്ചു.

## അജ്ഞേയവാദം

അനുഭവവാദം അതിന്റെ ഉച്ചാവസ്ഥ പ്രാപിക്കുന്നത് അജ്ഞേയവാദത്തിലാണ്. ഹ്യൂമിന്റെ അഭിപ്രായത്തിൽ ഒരറിവും ഒരേ സമയം സുനിശ്ചിതവും വസ്തുനിഷ്ഠവുമാവില്ല. ഗണിതത്തിൽ സുനിശ്ചിതവും വസ്തുനിഷ്ഠമല്ലാത്തതുമായ അറിവുണ്ടാവും. എന്നാൽ ശാസ്ത്രത്തിൽ വസ്തുനിഷ്ഠമായവ മാത്രമേയുള്ളൂ. ഗണിതശാസ്ത്രനിയമങ്ങൾ അനുഭവപൂർവം (apriori) ആകുന്നു; ആയതിനാൽ അവ വസ്തുനിഷ്ഠമല്ല. അനുഭവാധിഷ്ഠിതമായതിനാൽ ശാസ്ത്രീയ നിയമങ്ങൾ വസ്തുനിഷ്ഠമാണ്. വസ്തുനിഷ്ഠവും അനുഭവപൂർവകമായ പ്രസ്താവനകൾ നിരത്താനാവുമെന്ന് തത്ത്വശാസ്ത്രം അവകാശപ്പെടുന്നു. ഹ്യൂമിന്റെ അഭിപ്രായത്തിൽ ഇത് അസാധ്യമാണ്. കാര്യകാരണ ബന്ധത്തെ അദ്ദേഹം വിമർശിക്കുന്നു. കാര്യവും കാരണവും ഇടവിടാതെ വരുന്ന പ്രതിഭാസങ്ങളല്ല. എന്നാൽ

ഈ പ്രതിഭാസങ്ങളിലുള്ള നമ്മുടെ വിശ്വാസം മാറ്റമില്ലാത്തതാണ്. നമ്മുടെ അനുദിന ജീവിതാനുഭവങ്ങളാണവ. ഇപ്രകാരം ചിന്തിക്കുന്നതിനാൽ ഹ്യൂം Hcp A tÚ b h nZnb nW v(skeptic). മനുഷ്യമനസ്സിന്റെ സാധ്യതകളെക്കുറിച്ച് അദ്ദേഹം നിഷേധാത്മകവും സന്ദേഹം നിറഞ്ഞതുമായ നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. ഒരു സിദ്ധാന്തവും മുന്നോട്ടുവയ്ക്കുന്നില്ല എന്നതാണ് അജ്ഞേയവാദത്തിന്റെ (skepticism) സവിശേഷത. വിശ്വാസവും മനസ്സിൽ നിലനിൽക്കുന്ന അതിന്റെ രൂപവും തമ്മിൽ യുക്തിസഹമായ യാതൊരു പൊരുത്തവുമില്ലെന്ന് ഇത് കാണിച്ച് തരുന്നു. ഹ്യൂം ബ്രിട്ടീഷ് എംപിരിസിസത്തെ അതിന്റെ ഉച്ചസ്ഥിതിയിൽ എത്തിച്ചു. അജ്ഞേയവാദത്തിലൂടെ അനുഭവപ്രധാനവാദികൾ അറിവിൽ അന്തർലീനമായിരിക്കുന്ന ഘടകങ്ങളെ വ്യക്തമാക്കാൻ ശ്രമിക്കുന്നു.

### ഭൗതികലോകവും അഹവും

ഹ്യൂമിന്റെ അഭിപ്രായത്തിൽ ഏതൊരറിവും യാഥാർഥ്യമാകണമെങ്കിൽ അതിന് സദൃശമായ മുദ്രണം (impression) ഉണ്ടായിരിക്കണം. ഗുണങ്ങളെ വഹിക്കുന്ന സ്ഥായിയായവയുണ്ടെങ്കിൽ അവയെ ഇന്ദ്രിയാനുഭവത്തിലൂടെയോ ചിന്തയിലൂടെയോ കണ്ടെത്തപ്പെടണം. ഒരു സർവ്വനാമം നൽകിയിട്ടുള്ളതും ഭാവനയാൽ ഏകോപിപ്പിച്ചതുമായ ലഘു ആശയങ്ങളുടെ ശേഖരമാണ് പദാർഥമെന്ന ആശയം. കാര്യകാരണബന്ധത്താൽ സംയോജിപ്പിച്ച വ്യത്യസ്ത പ്രത്യക്ഷങ്ങളുടെ വ്യവസ്ഥയാണ് മനുഷ്യമനസ്സെന്ന ആശയമാണ് ഹ്യൂമിന്റേത്. അവ അന്യോന്യം സൃഷ്ടിക്കുകയും നശിപ്പിക്കുകയും സ്വാധീനിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നു. ആയതിനാൽ കടന്ന് പോകുന്ന ഇന്ദ്രിയാനുഭവങ്ങളുടെ ഒരു കൂട്ടം അഥവാ ശേഖരമല്ലാതെ മറ്റൊന്നുമല്ല അഹം (self).

## 6.4 ആശയവാദം

## ഇമ്മാനുവൽ കാന്റ്

### സംശ്ലേഷാനുഭവ പൂർവ്വ വിധികൾ (Synthetic apriori judgements)



ഇമ്മാനുവൽ കാന്റ്

യുക്തിവാദത്തെയും അനുഭവജ്ഞാനവാദത്തെയും ഇമ്മാനുവൽ കാന്റ് സംയോജിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അനുഭവത്തിലൂടെ നമ്മുക്ക് അറിവിന്റെ ഉള്ളടക്കം ലഭിക്കുന്നു (അനുഭവ വാദം); എന്നാൽ മനസ്സ് ഈ അനുഭവ പ്രധാനങ്ങളെ യുക്തിപൂർവ്വം ചിന്തിക്കുന്നു. ഇന്ദ്രിയങ്ങൾ നമ്മുടെ അറിവിന്റെ പദാർഥം ലഭ്യമാക്കുമ്പോൾ മനസ്സ് അവയെ തനതായ രീതിയിൽ ക്രമീകരിക്കുന്നു. കാൻറ് പറയുന്നു, 'ആശയമില്ലാത്ത പ്രത്യക്ഷണം അന്ധവും പ്രത്യക്ഷണം ഇല്ലാത്ത ആശയം ശൂന്യവുമാണ്.'

അംഗീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന വിധിപ്രസ്താവനകളുടെ രൂപത്തിലാണ് അറിവ് ലഭ്യമാവുന്നത്. വിശ്ലേഷകവിധിയെന്നും (analytic judgement), സംശ്ലേഷകവിധിയെന്നും (synthetic judgement) രണ്ട് തരത്തിലുള്ള വിധികളുണ്ട്. എല്ലാ വിധികളും അറിവല്ല. വിശ്ലേഷികവിധിയിലെ ആഖ്യാതം (predicate) ആഖ്യയിലുള്ളവയെ (subject) സ്പഷ്ടമാക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അനുഭവത്തിലൂടെയല്ലാതെ നാമറിയുന്ന എപ്രയോറിയാണ് (apriori) വിശ്ലേഷകവിധി. അവ നമ്മുടെ അറിവിനെ സമ്പന്നമാക്കുന്നില്ല; ഉദാഹരണം, 'ശരീരം വ്യാപ്തിയുള്ള വസ്തുവാണ്.' എന്നാൽ സംശ്ലേഷകവിധി എപോസ്റ്റീരിയോറിയാണ്, അനുഭവത്തിൽ നിന്നും ലഭിക്കുന്നവ. അവ പുതിയ അറിവ് കൂട്ടിച്ചേർക്കുന്നു. യഥാർഥ അറിവ് സാർവ്വത്രികവും അനിവാര്യവുമാണ്. സാർവ്വത്രികതയും അനിവാര്യതയും ഇന്ദ്രിയാനുഭവങ്ങളിലൂടെയല്ല ലഭിക്കുന്നത്, മറിച്ച് എപ്രയോറിയായ യുക്തിചിന്തയിലൂടെയാണ്. ആയതിനാൽ, അറിവ് അടങ്ങിയിരിക്കുന്നത് സംശ്ലേഷക എപ്രയോറി വിധികളിലാണെന്ന് കാന്റ് അവകാശപ്പെടുന്നു. നമ്മുടെ അറിവിൽ വ്യക്തതയുണ്ടാവണം, അത്തരം വ്യക്തത സംശ്ലേഷക എപ്രയോറി വിധി പ്രസ്താവനകളിൽ മാത്രമാണുള്ളത്.

### ജി.ഡബ്ല്യൂ. എഫ് . ഹെഗൽ


ജി.ഡബ്ല്യൂ.എഫ്. ഹെഗൽ

"യാഥാർഥ്യം യുക്തി തന്നെയാണ്" എന്ന പ്രമാണ വാക്യത്തിൽ സംഗ്രഹിക്കാൻ കഴിയുന്ന ഹെഗലിന്റെ തത്ത്വചിന്തയാണ് ഹെഗലിയനിസം. കേവല ആശയവാദ വ്യവസ്ഥിതിയിലുൾപ്പെടുന്ന സംശ്ലേഷക ഏകതയായി യാഥാർഥ്യത്തെ സംഗ്രഹിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

### കേവല ആശയവാദം

ഹെഗലിന്റെ ദർശനത്തെ പരിപൂർണതയുടെ തത്ത്വശാസ്ത്രമെന്നോ കേവല ആശയവാദമെന്നോ പറയാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യാഥാർത്ഥ്യം ചിന്തയുടെ ഉൽപ്പന്നം അഥവാ യുക്തിചിന്തയാണ്. ലോകം യഥാർഥ ചിന്താപ്രക്രിയയാണ്. യാഥാർഥ്യത്തിന്റെ നിയമങ്ങളറിയാൻ ചിന്തയുടെ നിയമങ്ങളറിയേണ്ടതുണ്ട്. അദ്ദേഹം യാഥാർഥ്യത്തെ യുക്തിസഹമായ ലൗകിക പ്രക്രിയയെന്ന് വർണിക്കുന്നു; യാഥാർഥ്യത്തെക്കുറിച്ചുള്ള ആശയം പലരും കരുതുന്നത് പോലെ നിഷേധത്തിന്റെ തത്ത്വമല്ല, മറിച്ച് അത് അത്യുന്നതവും പരിപൂർണ്ണവുമായ പ്രമാണീകരണമാണ്.

## വൈരുദ്ധ്യാത്മക വാദം

ഹെഗലിന്റെ വൈരുദ്ധ്യാത്മകവാദത്തിന് (Dialectics) തീസിസ് (thesis), ആന്റി തീസിസ് (anti thesis), സിന്തസിസ് (synthesis) എന്നീ മൂന്ന് ഘട്ടങ്ങളുണ്ട്. തത്ത്വചിന്ത, ശാസ്ത്രം, കല, രാഷ്ട്രീയം, മതം എന്നിവയുടെ സമസ്ത ചരിത്രവും വിശദീകരിക്കാനാണ് അദ്ദേഹം വൈരുദ്ധ്യാത്മക വാദം ഉപയോഗിക്കുന്നത്.

പ്രാചീന ഗ്രീക്കുകാർ ന്യായവാദങ്ങളിലെ തർക്കപരിഹാരത്തിനായുള്ള മാർഗമായിട്ടാണ് വൈരുദ്ധ്യാത്മകത ഉപയോഗിച്ചിരുന്നത്. Dialectics എന്ന വാക്ക് ഗ്രീസിൽ നിന്നുൽഭവിക്കുകയും പ്ലേറ്റോ അതിന് പ്രചാരം നൽകുകയും ചെയ്തു. ഒരു വിഷയത്തെക്കുറിച്ച് വ്യത്യസ്ത വാദഗതികളുള്ള രണ്ടോ അതിൽ കൂടുതലോ വ്യക്തികൾ തമ്മിലുള്ള സംവാദമാണ് വൈരുദ്ധ്യാത്മക വാദം. യുക്തിപൂർവ്വമായ വാദഗതികൾ നിരത്തി സത്യം സ്ഥാപിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഹെഗലിന്റെ വൈരുദ്ധ്യാത്മകവാദം നാല് തത്ത്വങ്ങളിലധിഷ്ഠിതമാണ്:

1. കാലത്തിലധിഷ്ഠിതമായി നിലനിൽക്കുന്ന ക്ഷണികവും പരിമിതവുമായവയാണെല്ലാം.
2. വൈരുദ്ധ്യങ്ങളാൽ രൂപീകൃതമാണെല്ലാം.
3. പാരിമാണികമായ മാറ്റം ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുന്നു.
4. മാറ്റം സർപ്പിളമാണ്, ചാക്രികമല്ല.

## ഗീസ്റ്റ്

ഹെഗലിന്റെ മുഖ്യമായ ആശയം ഗീസ്റ്റ് അഥവാ പ്രപഞ്ച ചൈതന്യമാണ് (The Concept of Spirit). വൈരുദ്ധ്യാത്മക പ്രക്രിയാരൂപത്തിൽ പ്രവർത്തിക്കുന്ന പ്രാപഞ്ചിക ആത്മാവാണ് പരമയാഥാർഥ്യം. ശാസ്ത്രം, ധാർമികതത്ത്വം, മതം, തത്ത്വശാസ്ത്രം എന്നിവയിലൂടെ പ്രാപഞ്ചിക ആത്മാവ് ഒരു മനുഷ്യനിൽ ആത്മജ്ഞാനമായി ഉദിക്കുന്നു. ഈ ആശയം മൂന്ന് ഘട്ടങ്ങളിലൂടെ കാണാം.

1. **തീസിസ്:** വസ്തുക്കളെക്കുറിച്ചുള്ള അബോധാവസ്ഥയിൽ സ്വത്വത്തിന് ഭംഗംവരാതെ ആത്മാവ് നിലനിൽക്കുന്ന ഘട്ടമാണ് പൂർവ്വപക്ഷം.
2. **ആന്റി തീസിസ് :** ആത്മാവ് പ്രകൃതിയായും ജീവനായും സ്വയം പ്രകടമാകുന്ന ഘട്ടമാണിത്. സജീവവും നിർജീവവുമായ ഘടകങ്ങളുള്ള പ്രകൃതി ആത്മാവിന് വിരുദ്ധമായി പ്രകടമാകുന്നു.
3. **സിന്തസിസ് :** അന്തിമഘട്ടത്തിൽ ആത്മാവ് മനുഷ്യനിൽ ആത്മജ്ഞാനമായി ഉദിക്കുന്നു.


**നമുക്ക് മനസ്സിലാക്കാം**

"പരിചിന്തനത്തിന് തുടക്കം കുറിക്കുന്ന വൈരുദ്ധ്യത്തിലേക്കെത്തിച്ചേരാനുള്ള ചിന്താരീതി അല്ലെങ്കിൽ താത്ത്വിക മാധ്യമം എന്ന് ഡയലക്ടിസിനെ നിർവചിക്കാം. ഇതിൽ മൂന്ന് പ്രക്രിയകളുണ്ട്: പ്രതിപ്രവർത്തനത്തെ ജനിപ്പിക്കുന്ന തീസിസ്, തീസിസിനെ നിരാകരിക്കുന്ന ആന്റിതീസിസ് അവ രണ്ടും തമ്മിലുള്ള സംഘട്ടനത്തെ പരിഹരിക്കുന്ന സിന്തസിസ്.

## 6.5 ഭൗതികവാദം

### കാൾ മാർക്സ്

കാൾ മാർക്സ് ഒരു ജർമൻ ദാർശനികനും സാമ്പത്തിക ശാസ്ത്രജ്ഞനും സാമൂഹിക ശാസ്ത്രജ്ഞനും ചരിത്രകാരനും വിപ്ലവകാരിയായ സോഷ്യലിസ്റ്റുമാണ്. സാമ്പത്തിക ശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ കൃതികൾ സമകാലീന തൊഴിൽ ധാരണകൾക്കും അതിന്റെ മൂലധനവുമായുള്ള ബന്ധത്തിനും തുടർന്നു വന്ന സാമ്പത്തിക ചിന്തകൾക്കും അടിസ്ഥാനം പാകി. *കമ്യൂണിസ്റ്റ് മാനിഫസ്റ്റോ, ദാസ് ക്യാപ്പിറ്റൽ* എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.



*കാൾ മാർക്സ്*

### വൈരുദ്ധ്യാത്മക ഭൗതികവാദം

ഹെഗലിന്റെ ആശയവാദത്തിന്റെ പരിഷ്കരിച്ച രൂപമാണ് കാൾ മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദം. (dialectical materialism) മുൻകൂട്ടി നിർണയിച്ചിട്ടുള്ള ഫലം ലഭിക്കാനുള്ള സൂത്രവാക്യമല്ല വൈരുദ്ധ്യാത്മകത; മറിച്ച്, ഇത് പരസ്പര ബന്ധങ്ങൾ, പുരോഗതി, രൂപാന്തരീകരണം മുതലായവ കണക്കിലെടുത്ത് സാമൂഹികപ്രക്രിയകളെക്കുറിച്ചുള്ള ഭൗതികപഠന രീതിയാണ്. പ്രകൃതിയുടെ പരിണാമമെന്ന ആശയത്തിലും ഓരോ പുതിയ പരിണാമ ഘട്ടത്തിലും പുതുമയാർന്ന ജീവിത നിലവാരങ്ങളുടെ ആവിർഭാവത്തിലും അധിഷ്ഠിതമാണ് വൈരുദ്ധ്യാത്മക ഭൗതികവാദമെന്ന ആശയം.

വൈരുദ്ധ്യാത്മക ഭൗതികവാദം മാറ്റത്തിന്റെ അനിവാര്യതയെ ഊന്നിപ്പറയുന്നതോടൊപ്പം ജീവിതത്തിന്റെ കാഴ്ചപ്പാടിന് ഒരു സനാതനഭാവം നല്കിയതിന് ആശയവാദത്തെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ചിന്തയുടെ ധർമം വിവരണാത്മകമല്ല; സാമൂഹിക പ്രതിഭാസങ്ങളിൽ പ്രത്യക്ഷമായി അത് പ്രയോഗിക്കണം.



### നമുക്ക് മനസ്സിലാക്കാം

കാൾ മാർക്സിന്റെ തത്ത്വശാസ്ത്രത്തിൽ വൈരുദ്ധ്യാത്മകതയുടെ നിയമങ്ങൾ വലിയ പങ്ക് വഹിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ ചരിത്രവും തീസിസിൽനിന്ന് ആന്റിതീസിസിലേക്കും തുടർന്ന് സിന്തസിസിലേക്കുമുള്ള സംഘർഷമാണ്. മുതലാളിത്തവും സോഷ്യലിസവും തമ്മിൽ നിരുപാധികമായ വൈരുദ്ധ്യം നിലനിൽക്കുന്നുവെന്നാണദ്ദേഹം വ്യക്തമാക്കുന്നത്. ചരിത്രത്തിലുടനീളം ഭരണവർഗവും തൊഴിലാളി വർഗവും തമ്മിൽ ഒരു പൊതുതാൽപ്പര്യവുമില്ലെന്നും വ്യക്തമാക്കുന്നു.

മുതലാളിത്തത്തിൽ നിലനിൽക്കുന്ന വർഗശത്രുത അന്ത്യത്തിൽ തൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയാധിപത്യ വിജയത്തിനും തുടർന്ന് സഹിതിസമത്വവാദമെന്ന (communism) വർഗരഹിത സമൂഹം സ്ഥാപിക്കുന്നതിലേക്കും നയിക്കുന്നു; ഉൽപാദകരുടെ സ്വതന്ത്ര സംഘം ഭരിക്കുന്ന ഒരു സമൂഹം. ഇത് നടപ്പിലാക്കാൻ മാർക്സ് സജീവമായി പൊരുതി; മുതലാളിത്തത്തെ മറിച്ചിടാൻ തൊഴിലാളി വർഗം സംഘടിതമായ വിപ്ലവ പ്രവർത്തനങ്ങൾ നടത്തണമെന്നും അതിലൂടെ സാമൂഹിക സാമ്പത്തിക പരിവർത്തനങ്ങൾ സാധ്യമാക്കണമെന്നും അദ്ദേഹം വാദിച്ചു.

**ഭൗതികവാദത്തിന്റെ ചരിത്ര പശ്ചാത്തലം**

ഭൗതീകവാദത്തിന്റെ ഒരു രൂപം മാത്രമാണ് വൈരുദ്ധ്യാത്മക ഭൗതികവാദം. എപ്പിക്കൂറസിന്റെയും ഡെമോക്രാറ്റസിന്റെയും കണികവാദത്തെ കുറിച്ചുള്ള മാർക്സിന്റെ പ്രബന്ധമാണ് ഭൗതികവാദത്തിന്റെ അടിസ്ഥാനമായി പരിഗണിക്കുന്നത്.

ഭൗതികവാദം ഭൗതിക ലോകത്തിന് പ്രാമുഖ്യം സ്ഥാപിക്കുന്നു; ഭൗതിക പദാർഥം യുക്തിക്ക് മുൻപേ വരുന്നു. ലോകം ഭൗതികമാണെന്ന് കരുതുന്ന ശാസ്ത്രത്തെക്കുറിച്ചുള്ള യഥാർഥ തത്ത്വചിന്ത ഭൗതികവാദമാണ്; പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളിലും 'ചലിക്കുന്നപദാർഥം' അടങ്ങിയിരിക്കുന്നു; എല്ലാ വസ്തുക്കളും പരസ്പരമാശ്രയിക്കുകയും പരസ്പരം ബന്ധപ്പെട്ടിരിക്കുകയും പ്രകൃതി നിയമങ്ങൾക്കനുസൃതമായി വികസിക്കുകയും ചെയ്യുന്നു; നമുക്ക് പുറമെ, നമ്മുടെ പ്രത്യക്ഷത്തിൽ നിന്നും സ്വതന്ത്രമായി ലോകത്തിന് അസ്തിത്വമുണ്ട്; യുക്തിചിന്ത നമ്മുടെ തലച്ചോറിൽ നിലനിൽക്കുന്ന ഭൗതികലോകത്തിന്റെ പ്രതിഫലനമാണ്.

## സംഗ്രഹം

- ആധുനിക പാശ്ചാത്യ തത്ത്വചിന്തയിലെ പ്രധാന ദർശനങ്ങൾ യുക്തിപ്രധാനവാദം, അനുഭവപ്രധാനവാദം, ആശയവാദം, ഭൗതീകവാദം എന്നിവയാണ്.
- അറിവാർജിക്കുന്നത് യുക്തിയിലൂടെയാണെന്ന് വാദിക്കുന്ന ദർശനമാണ് യുക്തിപ്രധാനവാദം.
- ദെക്കാർത്തെ, സ്പിനോസ, ലെയ്ബ്നിസ് എന്നിവരാണ് പ്രധാന ആധുനിക പാശ്ചാത്യ യുക്തിവാദികൾ.
- അനുഭവമാണ് അറിവിന്റെ സ്രോതസെന്ന് വാദിക്കുന്ന പാശ്ചാത്യ ദർശനമാണ് അനുഭവവാദം.
- ലോക്ക്, ബർക്കിലി, ഹ്യൂം മുതലായവരാണ് അനുഭവപ്രധാനവാദികളായ ദാർശനികർ.
- ഇമ്മാനുവൽ കാന്റ് യുക്തിവാദത്തെയും അനുഭവപ്രധാനവാദത്തെയും സംശ്ലേഷണം ചെയ്തു.
- കാൻറും ഹെഗലും ആശയവാദികളാണ്.
- കാറൽ മാർക്സ് ഭൗതികവാദിയാണ്. വൈരുധ്യാത്മക ഭൗതികവാദം അദ്ദേഹത്തിന്റെ പ്രധാന സംഭാവനയാണ്.

## നമുക്ക് വിലയിരുത്താം

**പൂരിപ്പിക്കുക**

1. റാഷണലിസം എന്നതിന്റെ മൂലപദം ...................... ലത്തീൻ വാക്കാണ്.
2. ...................... ആശയത്തെ ജോൺലോക്ക് നിരാകരിച്ചു.
3. എപ്രിയോറി ആശയങ്ങൾക്ക് മുൻഗണന നൽകുന്ന ചിന്താധാര ...................... ആകുന്നു.
4. ഹെഗലിന്റെ തത്ത്വചിന്തയെ ...................................... എന്നു വിളിക്കുന്നു.

**നിർവചിക്കുക**

5. യുക്തിപ്രധാനവാദം
6. അനുഭവപ്രധാനവാദം
7. കൊഗിത്തോ എർഗോ സും
8. വൈരുദ്ധ്യാത്മക ഭൗതികവാദം

**ഉത്തരമെഴുതുക**

9. യുക്തിപ്രധാനവാദത്തെ നിർവചിച്ച് അതിൽ ദെക്കാർത്തയുടെ സംഭാവന കണ്ടെത്തുക.
10. ഹെഗലിന്റെ വൈരുദ്ധ്യാത്മകതയെ നിർവചിക്കുക.

# 7 തത്ത്വചിന്തയിലെ സമീപകാല പ്രവണതകൾ

### പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- ഫിനമിനോളജിക്കൽ റിഡക്ഷൻ സൂചിപ്പിക്കുന്ന വിവിധ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
- അസ്തിത്വവാദത്തിന്റെ സ്വഭാവസവിശേഷതകൾ തിരിച്ചറിയുന്നു.
- ആസ്തിക നാസ്തിക അസ്തിത്വ വാദങ്ങളെ വേർതിരിക്കുന്നു.
- പ്രാഗ്മാറ്റിസം എന്തെന്ന് വിവരിക്കുന്നു.
- ലോജിക്കൽ പോസിറ്റിവിസം എന്തെന്ന് തിരിച്ചറിയുന്നു.
- ഭാഷയെയും ഭാഷയുടെ ഉപയോഗത്തെയും വിശകലനം ചെയ്തു നിഗമനത്തിലെത്തുന്നു.

R5C8V7


### പ്രധാനാശയങ്ങൾ

7.1 പ്രതിഭാസ വിജ്ഞാനീയം
7.2 അസ്തിത്വവാദം
7.3. പ്രാഗ്മാറ്റിസം
7.4. ലോജിക്കൽ പോസിറ്റിവിസം
7.5. ലോജിക്കൽ ആറ്റോമിസം
7.6. ഭാഷാ തത്ത്വചിന്ത

## ആമുഖം

ഇരുപതാംനൂറ്റാണ്ട് തത്ത്വശാസ്ത്ര മേഖലയിൽ ധാരാളം പുതിയ പ്രവണതകളുടെ ഉദയത്തിന് സാക്ഷ്യംവഹിച്ചു. യുക്തിവാദം, അനുഭവജ്ഞാനവാദം, ആശയവാദം തുടങ്ങിയ വ്യവസ്ഥാപിത ദർശനങ്ങൾ ആകർഷകമല്ലാതായി. ഇക്കാലത്ത് ഉദയം ചെയ്ത പ്രമുഖ തത്ത്വശാസ്ത്ര പ്രവണതകളാണ് പ്രതിഭാസ വിജ്ഞാനം, അസ്തിത്വവാദം, പ്രാഗ്മാറ്റിസം, ലോജിക്കൽ പോസിറ്റിവിസം, ലോജിക്കൽ ആറ്റോമിസം, ഭാഷാ തത്ത്വശാസ്ത്രം എന്നിവ

## 7.1 പ്രതിഭാസ വിജ്ഞാനീയം



മഹാഭാരതത്തിൽ നിന്നുള്ള ഒരു ചിത്രം

ചിത്രം നിരീക്ഷിച്ച് താഴെത്തന്നിരിക്കുന്ന സംഭാഷണം വായിക്കുക.

ഗുരു ദ്രോണാചാര്യർ തന്റെ ശിഷ്യനായ അർജ്ജുനനോട് ചോദിക്കുന്നു:

ദ്രോണാചാര്യർ : നീ എന്താണ് കാണുന്നത്?

അർജ്ജുനൻ : ഞാൻ പക്ഷിയുടെ കണ്ണുകൾ മാത്രമേ കാണുന്നുള്ളൂ.

ദ്രോണാചാര്യർ : മരങ്ങളും ആകാശവും കാണുന്നില്ലേ?

അർജ്ജുനൻ : ഇല്ല ഗുരോ, പക്ഷിയുടെ കണ്ണല്ലാതെ മറ്റൊന്നും ഞാൻ കാണുന്നില്ല.

ഇവിടെ അർജ്ജുനൻ തനിക്കു കാണേണ്ടത് മാത്രമാണ് കാണുന്നത്. ഇതേ രീതി പ്രതിഭാസ വിജ്ഞാനത്തിൽ നമുക്ക് ദർശിക്കാവുന്നതാണ്.

ഇരുപതാം നൂറ്റാണ്ടിൽ ഉദയം ചെയ്ത ഒരു തത്വചിന്താപ്രസ്ഥാനമാണ് പ്രതിഭാസ വിജ്ഞാനീയം (phenomenology). പ്രതിഭാസ വിജ്ഞാനം എന്ന പദത്തിന്റെ അർഥം, പ്രതിഭാസങ്ങളുടെ ശാസ്ത്രം എന്നാണ്. പ്രതിഭാസമെന്നാൽ ഒരാളുടെ ബോധതലത്തിനു മുന്നിൽ നേരിട്ട് പ്രത്യക്ഷീഭവിക്കുന്നവയാണ്. പ്രതിഭാസ വിജ്ഞാനീയം പറയുന്നത് തത്വചിന്ത ലക്ഷ്യമാക്കുന്നത് കേവല നിശ്ചിതത്വമാണ് (absolute certainty), ആപേക്ഷികതയല്ല. പ്രതിഭാസം എന്നത് നമ്മുടെ ബോധമണ്ഡലത്തിന് മുൻപിൽ പ്രത്യക്ഷീഭവിക്കുന്നതാണ്. പ്രതിഭാസത്തെ ഒരു ഉൾക്കാഴ്ചയിലൂടെയാണ് ഗ്രഹിക്കുന്നത്. പ്രതിഭാസമെന്നത് സ്വയം തന്നെ ഒരു യാഥാർത്ഥ്യമാണ്.

പ്രതിഭാസ വിജ്ഞാനീയമെന്നത് എല്ലാ യുക്തിരഹിത വിശ്വാസത്തിൽ നിന്നും സ്വതന്ത്രമാണ്. ഈ ദർശനം അനുഭവങ്ങളുടെ ചിട്ടയായ വിശേഷ ണമാണ്. ഉൺമയിലേക്ക് എത്തിപ്പെടാനുള്ള മാർഗമാണ് തത്ത്വചിന്താപ രമാമായ രീതികൾ എന്ന് ഈ ദർശനം ഉദ്ഘോഷിക്കുന്നു.



എഡ്മണ്ട് ഹുസ്സേൾ

പല തത്ത്വചിന്തകരും അഭിപ്രായപ്പെടുന്നത് നാം അറിയുന്ന ഒരു വസ്തുവിന്റെ സ്വഭാവം അറിയുന്ന ആളുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നാണ്. പ്രസിദ്ധ ജർമൻ ചിന്തകനായ എഡ്മണ്ട് ഹുസ്സേൾ ആണ് ഈ ചിന്താപദ്ധതിയുടെ സ്ഥാപകൻ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രതിഭാ സത്തെക്കുറിച്ചുള്ള അന്വേഷണമാണ് പ്രതിഭാസ വിജ്ഞാനീയം. നമ്മുടെ ബോധതലത്തിനു മുന്നിൽ പ്രത്യക്ഷീഭവിക്കുന്നതാണ് പ്രതിഭാസം. ഹുസ്സേൾ പറയുന്നത് പ്രതിഭാസ വിജ്ഞാനീയം എന്നത് അതിഭൗതിക ശാസ്ത്രമോ സത്താശാസ്ത്രമോ അല്ല, പകരം ശാസ്ത്രം ഉൾപ്പെടെയുള്ള വിജ്ഞാനശാഖകളുടെ അടിത്തറയോളം എത്തുന്ന തത്ത്വചിന്താരീതിയാണ് എന്നാണ്. മുൻവിധികളില്ലാതെ ബോധ മണ്ഡലത്തിൽ പ്രത്യക്ഷീഭവിക്കുന്ന വിഷയങ്ങളെ വിശ്ലേഷണം ചെയ്യുക യും അറിയുകയും ചെയ്യുന്നതാണ് പ്രതിഭാസ വിജ്ഞാനീയത്തിന്റെ രീതി. ഇതിനുവേണ്ടി മുന്നോട്ടുവച്ച മാർഗങ്ങൾ പ്രതിഭാസ വിജ്ഞാനീയ മാർ ഗങ്ങൾ എന്നറിയപ്പെടുന്നു. അടിസ്ഥാനങ്ങളുടെ അന്വേഷണമാണ് പ്രതി ഭാസ വിജ്ഞാനം.

**പ്രതിഭാസവിജ്ഞാനരീതികൾ (phenomenological method)**

പ്രതിഭാസ വിജ്ഞാനത്തിന് മൂന്നു രീതികളുണ്ട്.

1) ഫിനമിനോളജിക്കൽ റിഡക്ഷൻ

2) ഈഡറ്റിക് റിഡക്ഷൻ

3) ട്രാൻസൻഡന്റൽ റിഡക്ഷൻ

നമുക്ക് ഒരുദാഹരണത്തിലൂടെ കടന്നുപോകാം.

നേത്രാവതി എക്സ്പ്രസ്സിലെ 5-ാം നമ്പർ കോച്ചിൽ യാത്ര ചെയ്യുന്ന വിനോദ് എന്ന സുഹൃത്തിനെ കാത്തു നിൽക്കുകയാണ് അരുൺ. ട്രെയിൻ വരുമ്പോൾ 5-ാം നമ്പർ കോച്ചിൽ മാത്രം ശ്രദ്ധ നൽകുകയും മറ്റെല്ലാ കോച്ചിനെയും ഒഴിവാക്കുകയും ചെയ്യുന്നു. അറിവിന്റെ പ്രമേയ വസ്തു വിനെ ബോധത്തിന്റെ പ്രമേയമാക്കുന്ന ഈ പ്രക്രിയയാണ് ഫിനമിനോള ജിക്കൽ റിഡക്ഷൻ. ഇവിടെ നമ്മുടെ ബോധത്തിനു മുന്നിൽ പ്രത്യക്ഷപ്പെ

ടുന്ന വസ്തുവനെ മാത്രം സ്വീകരിക്കുകയും മറ്റുള്ളവയെ തിരസ്കരിക്കുകയും ചെയ്യുന്നു.

5-ാം നമ്പർ കോച്ച് കണ്ടെത്തിയശേഷം അരുൺ 5-ാം നമ്പർ കോച്ചിനെയും മറ്റു യാത്രക്കാരെയും തിരസ്കരിച്ചു കൊണ്ട് വിനോദിനെ മാത്രം കണ്ടെത്താൻ ശ്രമിക്കുന്നു. ബോധത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന പ്രതിഭാസത്തിന്റെ സത്ത വേർതിരിക്കുന്ന ഈ പ്രക്രിയയാണ് ഈഡറ്റിക് റിഡക്ഷൻ. അങ്ങനെയെങ്കിൽ എന്താണ് സത്ത?

ബോധമണ്ഡലത്തിൽ നിലനിൽക്കുന്ന താത്വികമായ ഘടനയാണ് സത്ത.

പ്രതിഭാസം ഒരാളുടെ ബോധതലത്തിനു മുന്നിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്നു. ഒരു ഉൾക്കാഴ്ചയിലൂടെ വേണം ഇതിനെ ഗ്രഹിക്കാൻ മറ്റൊരു അർഥത്തിൽ പറഞ്ഞാൽ പ്രതിഭാസം യാഥാർഥ്യം തന്നെയാണ്. പ്രതിഭാസ വിജ്ഞാനം എല്ലാ അന്ത:വിശ്വാസങ്ങളിൽ നിന്നും മാറി നിൽക്കുന്നു. സത്യം കണ്ടെത്താനുള്ള ഒരു മാർഗമാണിത്. നമ്മുടെ ദൃഷ്ടിഗോചരത്തിൽ വന്നു ചേരുന്ന ഒരു വിശദീകരണമാണ്. അതായത് അനുഭവങ്ങളുടെ ചിട്ടയായ ഒരു വിശ്ലേഷണം കൂടിയാണ്. കേവല നിശ്ചിതത്വമാണ് ഈ ദർശനം ലക്ഷ്യമാക്കുന്നത്. മുൻവിധികളില്ലാത്ത ഒരു അന്വേഷണത്തിലൂടെ ഒരു വസ്തുവിന്റെ യഥാർഥ സ്വഭാവം കണ്ടെത്താൻ കഴിയുമെന്നും പ്രതിഭാസ വിജ്ഞാനീയം വിശ്വസിക്കുന്നു.

## 7.2 അസ്തിത്വവാദം

താഴെക്കൊടുത്തിരിക്കുന്ന പദങ്ങൾ വായിക്കുക.

| | | | |
|---|---|---|---|
| സ്വാതന്ത്ര്യം | തിരഞ്ഞെടുപ്പ് | ഉത്കണ്ഠ | നിരാശ |
| ഭയം | മരണം | ശൂന്യത | ആശങ്ക |
| വേദന | ആധികാരികത | ഇച്ഛ | |

ഈ പദങ്ങൾ എന്താണ് സൂചിപ്പിക്കുന്നത്?

.............................................................................................................

.............................................................................................................

മുകളിൽ കൊടുത്തിരിക്കുന്ന പദങ്ങളെല്ലാം തന്നെ മനുഷ്യനെയും അവന്റെ നിലനിൽപ്പിനെയും ബന്ധപ്പെട്ടുള്ളവയാണ്. ഈ ഭൂമിയിൽ നിലനിൽക്കുന്ന മനുഷ്യൻ നേരിടുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ചാണ്

അസ്തിത്വവാദം (existentialism) പ്രതിപാദിക്കുന്നത്. മനുഷ്യന്റെ അസ്തിത്വ അനുഭവങ്ങളാണ് അസ്തിത്വവാദം പ്രാധാന്യം കൊടുക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ ഏറ്റവും പ്രസിദ്ധി നേടിയ തത്ത്വശാസ്ത്ര പ്രവണതയാണ് അസ്തിത്വവാദം. ഏറ്റവും ജനപ്രീതിയാർജിച്ച ഒരു ദർശനം എന്ന രീതിയിൽ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യപാദത്തിൽ ഫ്രാൻസിലാണ് ഈ ദർശനം ഉടലെടുത്തത്. ഈ ദർശനത്തിന്റെ ആദ്യ രൂപം സോറൻ കീർക്കഗോർ തന്റെ ദർശനങ്ങളിൽ കാണാം. അസ്തിത്വവാദത്തെ രണ്ട് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. 1) ആസ്തികം 2) നാസ്തികം. കീർക്കഗോർ, യാസ്പെർ, മാഴ്സേ തുടങ്ങിയവരാണ് ആസ്തിക ക്യാമ്പിലെ പ്രമുഖർ. സാർത്ര്, ആൽബർ കമ്യു, നീഷേ തുടങ്ങിയവരാണ് നാസ്തിക ക്യാമ്പിലെ പ്രമുഖർ.

### സോറൻ കീർക്കഗോർ

ഫ്രഞ്ച് ചിന്തകനായ ഴാങ് പോൾ സാർത്ര് ആണ് അസ്തിത്വവാദം ജനകീയ ദർശനമായി മാറിയതിനു പിന്നിലെ ചാലകശക്തി. അദ്ദേഹത്തിന്റെ നോവലുകളും നാടകങ്ങളും അസ്ഥിത്വ ചിന്തയുടെ ശക്തമായ പ്രകടനങ്ങളാണ്. എന്നിരുന്നാലും ഈ ദർശനത്തെ മനസ്സിലാക്കുന്നതിന് ഡാനിഷ് ചിന്തകനായ കീർക്കെഗാഡിന്റെ ദർശനങ്ങൾ നാം മനസ്സിലാക്കണം. അദ്ദേഹമാണ് അസ്തിത്വവാദ ചിന്താപദ്ധതിയുടെ പിതാവായി അറിയപ്പെടുന്നത്.

*ഇന്ത്യൻ തത്ത്വശാസ്ത്രത്തിലെ ബുദ്ധദർശനം അസ്തിത്ത്വവാദവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ആര്യ സത്യങ്ങൾ, പ്രതിത്യസമുത്പാദവാദം ഇവയെല്ലാം മനുഷ്യ പ്രകൃതം, വികാരം, ദുഃഖം, ആഗ്രഹം, എന്നിവ വിശദീകരിക്കുന്നു.*

### അസ്തിത്വവാദത്തിന്റെ പൊതുസവിശേഷതകൾ

- **അസ്തിത്വാനുഭവം:** വിവിധ അസ്തിത്വവാദ ചിന്തകരിൽ പൊതുവായി കാണുന്ന ഘടകം എന്തെന്നാൽ എല്ലാവരുടെയും ദർശനങ്ങൾ രൂപമെടുത്തത് സ്വന്തം അസ്തിത്വാനുഭവങ്ങളിൽനിന്നാണ്.
- **അസ്തിത്വമാണ് പരമമായത്:** എല്ലാ അസ്തിത്വവാദികളും അസ്തിത്വത്തിന് മുൻഗണന നൽകുന്നു. അസ്തിത്വം വിശിഷ്ടമായ ഘടകമാണ്. എന്നാൽ സത്ത എന്നത് പൊതുസ്വഭാവമാണ്.
- **അസ്തിത്വം സത്തയ്ക്ക് മുൻപേ ഉണ്ട്:** മനുഷ്യൻ ആദ്യം നിലനിൽക്കണം. അതിനുശേഷം മാത്രമേ തന്നെക്കുറിച്ച് നിർവചിക്കാൻ സാധിക്കുകയുള്ളു എന്ന കാര്യം എല്ലാ അസ്തിത്വവാദികളും സമ്മതിക്കുന്നു.
- **അസ്തിത്വപരമായ ആത്മസാക്ഷാത്കാരം:** സ്വയം ബോധത്തോടുകൂടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനെയാണ് നിലനിൽപ്പ് എന്നു പറയുന്നത്. സ്വയം ബോധത്തോടെയുള്ള നിലനിൽപ്പാണ് ആത്മനിഷ്ഠ.

- **സ്വാതന്ത്ര്യവും ഉത്തരവാദിത്തവും:** സ്വാതന്ത്ര്യവും ഉത്തരവാദിത്ത്വവും ഒന്നുതന്നെയാണ്. സ്വാതന്ത്ര്യം ഉള്ളിടത്ത് ഉത്തരവാദിത്ത്വവും ഉണ്ടാകുന്നു.
- **മനുഷ്യന്റെമാന്യത:** എല്ലാ അസ്തിത്വവാദികളും മനുഷ്യന്റെ മാന്യതയ്ക്ക് പ്രാധാന്യം നൽകുന്നു.

**നമുക്ക് മനസ്സിലാക്കാം**

**മറ്റു സവിശേഷതകൾ**

- ആദർശവാദത്തെ വിമർശിക്കുന്നു
- പ്രകൃതിവാദത്തെ വിമർശിക്കുന്നു
- ശാസ്ത്രീയ തത്ത്വശാസ്ത്രത്തെ വിമർശിക്കുന്നു
- നിരാശയിൽ നിന്നാണ് ഉദയം
- ആത്മനിഷ്ഠതയ്ക്ക് പ്രാധാന്യം നൽകുന്നു
- ആത്മസംഘർഷത്തിന് പ്രാധാന്യം നൽകുന്നു

കീർക്കഗോറിന്റെ പ്രധാന ആശയങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.



സോറൻ കീർക്കഗോർ

- **അസ്തിത്വത്തിന്റെ അർഥവും സ്വഭാവവും:** അസ്ഥിത്വം എന്നതുകൊണ്ട് കീർക്കഗോർ അർഥമാക്കുന്നത് ബോധത്തോടുകൂടി ഒരു വ്യക്തി ഒരു പ്രവർത്തനത്തിൽ പങ്കെടുക്കുക എന്നതാണ്. ബോധത്തോടുകൂടി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർ മാത്രമേ നിലനിൽക്കുന്നുള്ളൂ. അതുകൊണ്ട് മനുഷ്യൻ മാത്രമേ യഥാർഥത്തിൽ നിലനിൽക്കുന്നുള്ളൂ എന്ന് കീർക്കഗോർ അഭിപ്രായപ്പെടുന്നു.
- **ചിന്തയേക്കാൾ മുൻഗണന അസ്തിത്വത്തിനാണ്:** മനുഷ്യൻ ആദ്യം നിലനിൽക്കണം. അതിനുശേഷമേ ഏതെങ്കിലും പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് മനുഷ്യന്റെ കാര്യത്തിൽ സത്തയ്ക്ക് മുൻപേ അസ്തിത്വം വരുന്നു. 'ഞാൻ ചിന്തിക്കുന്നു അതുകൊണ്ട് ഞാൻ നിലനിൽക്കുന്നു' (cogito ergo sum) എന്നതിനു പകരം 'ഞാൻ നിലനിൽക്കുന്നു അതുകൊണ്ട് ഞാൻ ചിന്തിക്കുന്നു' (est, ergo, cogito) എന്നാണ് പറയേണ്ടത്.

- **സത്യമെന്നത് ആത്മനിഷ്ഠവും ആന്തരികവുമാണ്:** പരമമായ സത്യം തിരിച്ചറിയുന്നത് തന്റെ സ്വന്തം അനുഭവങ്ങളിലൂടെയാണ് എന്നാണ് കീർക്കെഗാഡ് പറയുന്നത്. സത്യമെന്നത് അസ്ഥിത്വമുള്ള വ്യക്തികളുമായി ബന്ധപ്പെട്ടുകിടക്കുന്നു.
- **അസ്തിത്വപരമായ ആത്മസാക്ഷാത്കാരം:** അസറിത്വത്തിൽ നിന്ന് സത്തയിലേക്കുള്ള ആത്മാവിന്റെ മുന്നേറ്റമാണ് ആത്മീയ വികസനം എന്ന് കീർക്കെഗാഡ് അഭിപ്രായപ്പെടുന്നു. ഇതിൽ മൂന്ന് ഘട്ടങ്ങളുണ്ട് –സൗന്ദര്യ ഘട്ടം, ധാർമിക ഘട്ടം, മതപരമായ ഘട്ടം. സൗന്ദര്യ ഘട്ടത്തിൽ ഇന്ദ്രിയങ്ങളും വികാരവിചാരങ്ങളും പ്രചോദനങ്ങളുമൊക്കെയാണ് മനുഷ്യനെ നിയന്ത്രിക്കുന്നത്. ധാർമിക ഘട്ടത്തിൽ മനുഷ്യൻ പെരുമാറ്റചട്ടങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. ധാർമികമായ ചോദ്യങ്ങൾക്ക് ഉറച്ച നിലപാടുകൾ എടുക്കുന്നു. മതപരമായ ഘട്ടത്തിൽ ദൈവവും ഓരോ വ്യക്തിയും തമ്മിലുള്ള ബന്ധം അതുല്യവും ആത്മനിഷ്ഠവുമാണെന്ന് മനുഷ്യൻ തിരിച്ചറിയുന്നു. കീർക്കഗോറിന്റെ അഭിപ്രായത്തിൽ ദൈവമെന്നത് തികച്ചും ആത്മീയമായ ഒരു തത്ത്വമാണ്. അതുകൊണ്ടുതന്നെ ബൗദ്ധിക നിലയിൽ ദൈവത്തെ മനസ്സിലാക്കാനാകില്ല.

### നമുക്ക് പരിശോധിക്കാം

കീർക്കഗോറിന്റെ ആത്മീയ വികസനം കാണിക്കുന്ന ശരിയായ പദം പൂരിപ്പിക്കുക.

1. ഒരു വ്യക്തി തന്റെ വികാരവിചാരങ്ങളുടെ അടിസ്ഥാനത്തിൽ പെരുമാറുന്നു ...........
2. ഒരു വ്യക്തി പെരുമാറ്റചട്ടങ്ങൾ അംഗീകരിക്കുന്നു ..........
3. ദൈവം ആത്മനിഷ്ഠമാണ്. ഒരു വ്യക്തി സ്വയം തിരിച്ചറിയുന്നു ...........

## ഴാങ് പോൾ സാർത്ര്


ഴാങ് പോൾ സാർത്ര്

അസ്തിത്വവാദം പ്രസിദ്ധിയാർജിച്ചത് ഴാങ് പോൾ സാർത്രിന്റെ (Jean Paul Sartre) ആകർഷകങ്ങളായ ചെറുകഥകൾ, നോവലുകൾ, നാടകങ്ങൾ എന്നിവയിലൂടെയാണ്. - 'സത്തയ്ക്ക് മുൻപാണ് അസ്തിത്വം' എന്ന പ്രമാണവാക്യം സാർത്രിന്റെതാണ്. ആദ്യം മനുഷ്യൻ നിലനിൽക്കണം അതിനുശേഷമേ നിശ്ചിത തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ എന്ന് സാർത്ര് അഭിപ്രായപ്പെട്ടു. ദൈവമില്ല എന്ന് സാർത്ര് വിശ്വസിച്ചിരുന്നു. മനുഷ്യസ്വഭാവം സൃഷ്ടിച്ചത് ദൈവമല്ല. മനുഷ്യസ്വഭാവം വിവരിക്കാൻ നമുക്ക് സാധ്യമല്ല. നിലവിലുള്ള കാര്യങ്ങൾ മാത്രമാണ് സത്യമായത്. വർത്തമാനകാലത്തിൽ ഇല്ലാത്ത ഒന്നും നിലനിൽക്കുന്നില്ല. നിലനിൽപ്പുള്ള വ്യക്തിക്ക് പിന്നിൽ യാതൊന്നുമില്ല. ദൈവമില്ല, സത്തയില്ല, മുൻകൂട്ടി ചിട്ടപ്പെടുത്തിയ മൂല്യങ്ങളില്ല.

സാർത്രിന്റെ അസ്തിത്വവാദം വ്യക്തിനിഷ്ഠമാണ്. മനുഷ്യൻ എന്താണ് ആഗ്രഹിക്കുന്നത് അത് സ്വയം നിർമിക്കുവാൻ അവന് സാധിക്കും. 'മനുഷ്യൻ സ്വതന്ത്രനായിരിക്കാൻ വിധിക്കപ്പെട്ടവനാണ്' എന്നാണ് സാർത്ര് പറയുന്നത്. കാരണം മനുഷ്യൻ എന്തായിരിക്കുന്നുവോ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം അവനുതന്നെയാണ്. അവൻ സ്വബോധമുള്ളവനാണ്. ഒരുവൻ എന്തു പ്രവർത്തിക്കുന്നുവോ അതിന്റെ ഉത്തരവാദിത്തം അവന് മാത്രമാണ്. ബാഹ്യശക്തികൾ ഒന്നുംതന്നെ അവന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നില്ല. സാർത്രിന്റെ അഭിപ്രായത്തിൽ ഒരാൾ ഒരു സാധ്യത തിരഞ്ഞെടുക്കുന്നത് അയാൾക്കു മാത്രം വേണ്ടിയല്ല ലോകത്തിന് മുഴുവൻ വേണ്ടിയാണ്. അതുകൊണ്ടുതന്നെ അയാളുടെ എല്ലാ തീരുമാനങ്ങൾക്കും അയാൾ ഉത്തരവാദിയാണ്. മനുഷ്യൻ സ്വതന്ത്രനാണ് പക്ഷേ അയാൾ പൂർണ്ണമായും ഉത്തരവാദിയുമാണ്. ഒരു മനുഷ്യൻ അയാളുടെ എല്ലാ പ്രവർത്തനങ്ങളിലും തന്റെ വ്യക്തിത്വം പ്രകടിപ്പിക്കണം. ആത്മവഞ്ചന ഒഴിവാക്കണം.

**നമുക്ക് പരിശോധിക്കാം**

**വ്യത്യാസം എഴുതുക**

| ആസ്തിക അസ്തിത്വവാദം | നാസ്തിക അസ്തിത്വവാദം |
|---|---|
| • | • |
| • | • |


## 7.3 പ്രാഗ്മാറ്റിസം



ചാൾസ് സാൻഡേഴ്സ് പിയേഴ്സ്



വില്യം ജെയിംസ്




ജോൺ ഡ്യൂവേ

പ്രായോഗിക ഉപയോഗം (Practical Utility) എന്നർത്ഥം വരുന്ന ഗ്രീക്ക് പദമായ 'pragma' യിൽ നിന്നാണ് 'പ്രാഗ്മാറ്റിസം' (pragmatism) എന്ന വാക്ക് രൂപം കൊണ്ടത്. അതിഭൗതികതാവാദത്തിന് എതിരായി 1870 കളിൽ

അമേരിക്കയിൽ ഉദയംചെയ്ത പ്രസ്ഥാനമാണ് പ്രായോഗികതാവാദം. ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉപകരണമാണ് സിദ്ധാന്തങ്ങൾ എന്നാണ് പ്രാഗ്മാറ്റിസം പറയുന്നത്. പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചാൽ മാത്രമേ ഒരു സിദ്ധാന്തം വിജയിക്കുകയുള്ളൂ. അല്ലെങ്കിൽ അവ പരാജയപ്പെടുന്നു. "ഈ പ്രപഞ്ചം കാലത്തിനുള്ളിലാണോ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്", "ഈ പ്രപഞ്ചം നിത്യമാണോ" തുടങ്ങിയ അതിഭൗതികതാ സിദ്ധാന്തങ്ങൾ ജീവിതത്തിലെ പ്രശ്നങ്ങളൊന്നും തന്നെ പരിഹരിക്കുന്നില്ല. അതുകൊണ്ട് അതിഭൗതികതാ സിദ്ധാന്തങ്ങൾ അർഥശൂന്യങ്ങളാണ് എന്നാണ് പ്രാഗ്മാറ്റിസ്റ്റുകൾ അഭിപ്രായപ്പെടുന്നത്. സി.എസ്. പിയേഴ്സ്, ജോൺ ഡ്യൂയി, വില്യം ജെയിംസ് തുടങ്ങിയവരാണ് യൂസ് വാല്യൂ (ഉപയോഗ-മൂല്യം) എന്ന ആശയത്തിന് പ്രാധാന്യം നൽകിയ പ്രാഗ്മാറ്റിസ്റ്റുകൾ. ജീവിത പ്രശ്നത്തെ നേരിടുമ്പോൾ വിജയിക്കുന്നുവോ പരാജയപ്പെടുന്നുവോ എന്ന് നോക്കിയാണ് ഒരു സിദ്ധാന്തത്തെ വിലയിരുത്തുന്നത്.

## 7.4 ലോജിക്കൽ പോസിറ്റിവിസം

ചിത്രം നിരീക്ഷിക്കുക.




വിവിധ മേഖലകളിൽ നിന്നുള്ള പണ്ഡിതന്മാരെ കാണാം.

ഇവരെല്ലാം ചേർന്ന് ഒരു തത്ത്വശാസ്ത്ര സിദ്ധാന്തം മുന്നോട്ടു വയ്ക്കുകയാണെങ്കിൽ അതിന്റെ സ്വഭാവം എന്തായിരിക്കും?

- അതിന് ഒരു ശാസ്ത്രീയ അടിസ്ഥാനം ഉണ്ടായിരിക്കും.
- ഇന്ദ്രിയ അനുഭവങ്ങൾക്ക് പ്രാധാന്യം കൊടുക്കും.
- ................................................................
- ................................................................

ശാസ്ത്രീയ അടിത്തറയുള്ള ഒരു ദാർശനിക ചിന്തയാണ് ലോജിക്കൽ പോസിറ്റിവിസം. സമകാലിക തത്വചിന്തയിൽ ലോജിക്കൽ പോസിറ്റിവിസം വളരെ ജനകീയമായ ചിന്തയാണ്. 1928 വിയന്ന യൂണിവേഴ്സിറ്റിയിൽ മോറിസ് ഷ്ളിക്കിന്റെ (Mortiz Schlick) നേതൃത്വത്തിൽ വിവിധ മേഖലകളിൽ നിന്നുള്ള ഒരു കൂട്ടം ചിന്തകർ ചേർന്ന് രൂപംകൊടുത്ത പ്രസ്ഥാനമാണ് ലോജിക്കൽ പോസിറ്റിവിസം. ഭാഷയെ വിശകലനം ചെയ്യുന്നതു കൊണ്ട് ലോജിക്കൽ എന്നു പറയുന്നു. അറിവിന്റെ അടിസ്ഥാനം ഗണിതം, തർക്കശാസ്ത്രം, ഇന്ദ്രിയ അനുഭവം എന്നിവയാണ് എന്ന് പറയുന്നതുകൊണ്ട് പോസിറ്റീവിസ്റ്റിക് എന്നും പറയുന്നു. ലോജിക്കൽ പോസിറ്റിവിസ്റ്റുകൾക്ക് രണ്ട് പ്രധാന ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു - പ്രകൃതിശാസ്ത്രത്തിന് ഉറച്ച അടിത്തറ പാകുക, അതിഭൗതികവാദത്തിന്റെ അർഥശൂന്യത പുറത്തുകൊണ്ടുവരിക എന്നിവ.




മോറിസ് ഷ്ളിക്ക്

ഇത് സമ്പ്രദായിക രീതിയിലുള്ള ദർശനമല്ല. സാമൂഹ്യ ശാസ്ത്രങ്ങളെയും, പ്രകൃതി ശാസ്ത്രങ്ങളെയും ഭാഷയുടെ പാതയിൽ വിശകലനം ചെയ്യാനുള്ള ഒരു ശ്രമമാണ്. തത്വശാസ്ത്രത്തിന് ശാസ്ത്രീയമായ ഒരു അടിത്തറ ഉണ്ടാവണമെന്ന് അവർ വിശ്വസിച്ചു. 'വിയന്ന സർക്കിൾ' ഈ തത്വചിന്തയുടെ വളർച്ചയ്ക്ക് നിർണായക പങ്കുവഹിച്ചു.

### അർഥത്തിന്റെ പരിശോധനാ സിദ്ധാന്തം

വാചകങ്ങളുടെ അർഥപൂർണത നിർണയിക്കാനുള്ള അടിസ്ഥാനമാനദണ്ഡമാണ് ലോജിക്കൽ പോസിറ്റിവിസ്റ്റുകൾ രൂപം കൊടുത്ത അർഥത്തിന്റെ സാധൂകരണ സിദ്ധാന്തം (Verification Theory of Meaning). ഈ സിദ്ധാന്തപ്രകാരം ഒരു വാചകം അർത്ഥപൂർണമാകണമെങ്കിൽ ഇന്ദ്രിയാനുഭവങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരിശോധിക്കാൻ സാധിക്കണം. ഒരു വാചകത്തെ പരിശോധനാ വിധേയമാക്കാൻ സാധിക്കുന്നില്ലെങ്കിൽ അവ അർഥശൂന്യങ്ങളാകുന്നു. ലോജിക്കൽ പോസിറ്റിവിസ്റ്റുകളുടെ അഭിപ്രായത്തിൽ അതിഭൗതികതാവാദം അർഥശൂന്യമാണ്. കാരണം അവയെ ഇന്ദ്രിയാനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കാൻ സാധ്യമല്ല. അതിഭൗതികതാവാദം തെറ്റുമല്ല ശരിയുമല്ല, കാരണം അവ ഒന്നും തന്നെ സമർഥിച്ച് പറയുന്നില്ല. അവ അറിവുമല്ല, അറിവില്ലായ്മയും അല്ല. കാരണം അവ അറിവിന്റെ മേഖലയിൽനിന്ന് പുറത്തു നിൽക്കുന്നവയാണ്. അതുകൊണ്ടുതന്നെ ലോജിക്കൽ പോസിറ്റിവിസം അതിഭൗതികവാദത്തെ നിരാകരിക്കുന്നു.

## 7.5 ലോജിക്കൽ ആറ്റോമിസം



ബർട്രൻഡ് റസ്സൽ

ബർട്രൻഡ് റസ്സൽ (Bertrand Russell) ആണ് ലോജിക്കൽ ആറ്റോമിസത്തിന്റെ പ്രധാന വക്താവ്. ഈ ലോകത്തെക്കുറിച്ച് വ്യക്തവും കൃത്യവുമായ അറിവ് നൽകാനാണ് തത്ത്വശാസ്ത്രം ശ്രമിക്കുന്നത്. വ്യക്തവും കൃത്യവുമായ ഒരു ഭാഷയിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. ഗണിത മീമാംസയ്ക്ക് മാത്രമേ ഇത്തരം ഒരു ഭാഷ പ്രധാനം ചെയ്യാൻ സാധിക്കുകയുള്ളൂ. റസ്സലിന്റെ അഭിപ്രായത്തിൽ വസ്തുക്കളെ പ്രതിനിധാനംചെയ്യുന്ന പദങ്ങളുടെ കൃത്യതയാണ് ഒരു ഭാഷയുടെ അർഥപൂർണത നിർണയിക്കുന്നത്. ഉദാഹരണം 'വെള്ളക്കുതിര' എന്ന് പറയുകയാണെങ്കിൽ യഥാർഥത്തിൽ ഒരു വെള്ളക്കുതിര ഇവിടെ നിലനിൽക്കണം.



### നമുക്ക് മനസ്സിലാക്കാം

*റസ്സലിന്റെ അഭിപ്രായത്തിൽ ഭാഷ എന്നുപറയുന്നത് പദങ്ങളുടെ ക്രമീകരണമാണ്. വസ്തുതകളെ പ്രതിനിധാനംചെയ്യുന്ന പദങ്ങളുടെ കൃത്യതയാണ് ഭാഷയുടെ അർഥപൂർണത നിർണയിക്കുന്നത്. യുക്തിസഹമായി പൂർണതയുള്ള ഒരു ഭാഷയിൽ ഒരു വാക്യത്തിലെ പദങ്ങൾക്ക് അത് പ്രതിനിധാനം ചെയ്യുന്ന വസ്തുതകളിലെ ഓരോ ഘടകവുമായി സാദൃശ്യം ഉണ്ടായിരിക്കണമെന്നാണ് റസ്സൽ അഭിപ്രായപ്പെടുന്നത്. ഒരു വാക്യം വസ്തുതയെക്കുറിച്ച് സംസാരിക്കുന്നു. ആറ്റോമിക് ഫാക്റ്റുകളെക്കുറിച്ചുള്ള വാക്യത്തിനെ ആറ്റോമിക് പ്രൊപ്പോസിഷൻ എന്നു പറയുന്നു. നമ്മുടെ ഭാഷയിൽ ആറ്റോമിക് പ്രൊപ്പോസിഷനുകൾ മാത്രമാണ് ഉള്ളതെങ്കിൽ ഈ ഭാഷ ബാധകമാവുക ആറ്റോമിക് ഫാക്റ്റുകളെക്കുറിച്ചുള്ള കാര്യങ്ങൾ പറയുന്നതിനു മാത്രമായിരിക്കും. എണ്ണമറ്റ ആറ്റോമിക് പ്രൊപ്പോസിഷനുകൾ അടങ്ങുന്നതാണ് ഒരു ഭാഷ. ഭാഷയുടെ വസ്തുതകളുമായുള്ള സാദൃശ്യം തീരുമാനിക്കുന്നത് അനുഭവസിദ്ധമായ രീതികളും സമ്പ്രദായങ്ങളും ആണ്.*

## 7.6 ഭാഷാതത്ത്വചിന്ത

ഇരുപതാം നൂറ്റാണ്ടിൽ ബ്രിട്ടനിലും അമേരിക്കയിലും ആധിപത്യം സമ്പാദിച്ച തത്ത്വശാസ്ത്രപ്രവണതയാണ് ഭാഷാതത്ത്വചിന്ത (Linguistic Philosophy). ഭാഷയിൽ വ്യക്തത കൊണ്ടുവരുക എന്നതാണ് ഭാഷാതത്ത്വശാസ്ത്രത്തിന്റെ പ്രധാന ജോലി. ഭാഷാ വിശ്ലേഷണത്തിന് ഈ ദർശനം വലിയ പ്രാധാന്യം കൊടുത്തുഭാഷാതത്ത്വശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ തത്ത്വചിന്തയിൽ ഉള്ള എല്ലാ തർക്കങ്ങൾക്കും കാരണം ഭാഷയിലുള്ള ആശയക്കുഴപ്പങ്ങളാണ്. ഭാഷയിലെ ആശയത്തിലും അർഥത്തിലും വ്യക്തത വരുത്തിക്കൊണ്ട് തത്ത്വചിന്തയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഭാഷാതത്ത്വശാസ്ത്രത്തിന്റെ ലക്ഷ്യം. വിവിധ ഭാഷാതത്ത്വചിന്തകർ പല കാര്യങ്ങളിലും വിയോജിക്കുകയാണ് ചെയ്തത്.



ലുഡ്വിഗ് വിഗെൻസ്റ്റെൻ

വിഗെൻസ്റ്റെനിന്റെ അഭിപ്രായത്തിൽ ഭാഷ എന്നു പറയുന്നത് അനുഭവ യാഥാർഥ്യങ്ങളുടെ പ്രതീകാത്മകമായ പ്രകടനമാണ്. തത്ത്വശാസ്ത്രം ഭാഷയുടെ വിശ്ലേഷണം മാത്രമാണ് എന്ന് അദ്ദേഹം വാദിച്ചു. ആദ്യ കാലഘട്ടത്തിലും അവസാന കാലഘട്ടത്തിലും രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ ആണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ആദ്യകാല വിഗെൻസ്റ്റെനിന്റെ പ്രധാന പുസ്തകമായിരുന്നു *ട്രാക്റ്റാറ്റസ് ലോജിക്കോ ഫിലോസഫിക്കസ്*. ഇതിലെ പ്രധാനപ്പെട്ട ആശയമായിരുന്നു അർഥത്തെക്കുറിച്ചുള്ള ചിത്ര സിദ്ധാന്തം (Picture Theory of Meaning). ചിത്രസിദ്ധാന്ത പ്രകാരം ഒരു പ്രസ്താവന എന്നത് വസ്തുതകളുടെ ഒരു ചിത്രമാകുന്നു. വസ്തുതകളുമായി യോജിച്ചു പോകുന്നുവെങ്കിൽ പ്രസ്താവന ശരിയും അല്ലെങ്കിൽ തെറ്റും ആകുന്നു. ഇതാണ് അർഥത്തെക്കുറിച്ചുള്ള ചിത്രസിദ്ധാന്തം.

### നമുക്ക് മനസ്സിലാക്കാം

*ഭാഷ രണ്ടുതരത്തിലുള്ള വാക്യങ്ങൾ ഉൾക്കൊള്ളുന്നവയാണ് - ലഘുവും സംയുക്തവും. ഭാഷ വാക്യങ്ങളുടെ ആകെത്തുകയാണ്. ഒരു ആറ്റോമിക് വാക്യം എന്നുള്ളത് ഒരു വസ്തുതയുടെ പ്രതിച്ഛായയാണ്. വിഗെൻസ്റ്റെനിന്റെ അഭിപ്രായത്തിൽ ഏതൊരു വാക്യവും ഒരു വസ്തുതയെ ചിത്രീകരിക്കുന്നു. ഭാഷ അനുഭവത്തിന്റെ വസ്തുതയെ പ്രതിനിധാനം ചെയ്യുന്നു. വസ്തുതകളും അവയുടെ ഭാഷാപരമായ പ്രസ്താവനകളും തമ്മിൽ അനുരൂപമായിരിക്കണം. ഒരു വാക്യം വസ്തുതയ്ക്ക് അനുരൂപമാകുമ്പോഴാണ് അത് സത്യമാകുന്നത്. അല്ലെങ്കിൽ അത് തെറ്റായി മാറുന്നു. അർഥത്തെക്കുറിച്ചുള്ള വിഗെൻസ്റ്റെനിന്റെ ദർശനം എന്തെന്നാൽ, "ഒരു വാക്യത്തിന്റെ അർഥം എന്നത് അതിന്റെ സംശോധന രീതിയാണ്."*

ഏറ്റവും രസാവഹമായ കാര്യം, ആദ്യ കാലഘട്ടത്തിലെ സ്വന്തം സിദ്ധാന്തത്തെ തിരുത്തി പുതിയതായി എഴുതിയ പുസ്തകമാണ് *ഫിലോസഫിക്കൽ ഇൻവെസ്റ്റിഗേഷൻ*. ഇതിൽ ഭാഷയുടെ വിവിധ ഉപയോഗത്തിന് പ്രാധാന്യം കൊടുക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭാഷയ്ക്ക് എണ്ണിയാലൊടുങ്ങാത്ത പ്രവർത്തനങ്ങളുണ്ട്. ഭാഷയുടെ പ്രവർത്തനം എന്നത് വസ്തുതകളുടെ വിവിധ ഉപയോഗങ്ങളാണ്. ഈ സിദ്ധാന്തമാണ് 'യൂസ് തിയറി ഓഫ് മീനിങ്'. 'ലാംഗ്വേജ് ഗെയിം' എന്ന പുതിയ ആശയത്തെ അദ്ദേഹം പരിചയപ്പെടുത്തുന്നു. ലാംഗ്വേജ് ഗെയിം ഭാഷയുടെ ലഘു മാതൃകയാണ്. സങ്കീർണമായ ഭാഷയെ വിശകലനം ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണമാണത്.

**നമുക്ക് മനസ്സിലാക്കാം**


ക എന്ന കെട്ടുപണിക്കാരനും ജി എന്ന സഹായിയും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക:

ജി എന്നയാൾ ഒരു കെട്ടിടം നിർമിക്കുന്നു. ഇഷ്ടിക, തൂണുകൾ, ബീമുകൾ, സ്ലാബുകൾ എന്നിവ അതിന് ഉപയോഗിക്കുന്നു. ക യ്ക്ക് ആവശ്യമുള്ള ക്രമത്തിലാണ് ഇഷ്ടികയും മറ്റു സാമഗ്രികളും ജി കൈമാറുന്നത്. ഇതിനുവേണ്ടി ഇഷ്ടിക, തൂണ്, സ്ലാബ് തുടങ്ങിയ പദങ്ങൾ അടങ്ങിയ ഭാഷ അവർ ഉപയോഗിക്കുന്നു.

**നമുക്ക് മനസ്സിലാക്കാം**

### ഘടനാവാദം

പാശ്ചാത്യ ചിന്തയിൽ അടുത്തകാലത്ത് ഉദയം ചെയ്ത ഒരു നൂതന സിദ്ധാന്തമാണ് ഘടനാവാദം (Stucturalism). സ്വിസ് ഭാഷാ ദാർശനികനായ ഫെർഡിനാഡ് ഡി സെസ്യൂറിന്റെ (Ferdinant De Saussure) ചിന്തകളിലാണ് ഘടനാവാദത്തിന്റെ പ്രഭവസ്ഥാനം കാണാൻ കഴിയുക. ഘടനാവാദസിദ്ധാന്തം അനുസരിച്ച് ഒരു ഘടനയ്ക്കുള്ളിൽ നിന്നാണ് ഏതൊരു വാക്കിന്റെയും പ്രവൃത്തിയുടെയും ചിഹ്നങ്ങളുടെയും അർഥം രൂപപ്പെടുന്നത്. ഏതൊരു വ്യവസ്ഥയ്ക്കും ഒരു ഘടന ഉണ്ടായിരിക്കും. ഘടനയാണ് ആ വ്യവസ്ഥയുടെ ഭാഗമായ ഘടകങ്ങളുടെ അർഥം നിർണയിക്കുന്നത്.




ഫെർഡിനന്റ് ഡി. സെസ്യൂർ

### അപനിർമാണ സിദ്ധാന്തം

സാഹിത്യത്തിലും തത്ത്വചിന്തയിലും തുടങ്ങി ശില്പശാസ്ത്രം, നിയമപഠനം വരെയുള്ള എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്തുന്ന വിശ്ലേഷണരീതിയാണ് അപനിർമാണം (Deconstruction). നിലവിലുള്ള വ്യാഖ്യാനങ്ങൾക്കും രീതികൾക്കും അപ്പുറത്തേക്കു പോകുന്ന പോകുന്ന പ്രക്രിയയാണിത്. ഈ സിദ്ധാന്തത്തിന്റെ സ്ഥാപകനായ ഴാക് ദെറിദയുടെ (Jacques

Derrida) അഭിപ്രായത്തിൽ ഭാഷയുടെ വായന വളരെ പ്രധാനപ്പെട്ട ഘടകമാണ്. രചയിതാവിനെക്കാൾ വായനയ്ക്കാണ് പ്രാധാന്യം. രചയിതാവ് അർഥമാക്കാത്ത തലങ്ങൾ പോലും ആവർത്തന വായനയിലൂടെ പുറത്തുവരും. പാരമ്പര്യ വായനക്കാരൻ കരുതുന്നത് ഭാഷ മാറ്റമില്ലാത്ത തരത്തിലുള്ള ആശയങ്ങളുടെ പ്രക്ഷേപം എന്നാണ്. ദെറിദ ഇത് നിഷേധിക്കുന്നു. ഓരോ പുതിയ വായനയും ആശയങ്ങളുടേയും അർഥങ്ങളുടെയും ഒരു പുതിയ തലം കൂടി തുറക്കുന്നു. ഒരു പുസ്തകവും മാറ്റത്തിന് അതീതമായ അർഥം ഉൾക്കൊള്ളുന്നില്ല.



ജാക്വിസ് ദെറിദ

## സ്ത്രീ സമത്വവാദം

ഇരുപതാം നൂറ്റാണ്ടിൽ സമൂഹത്തിലും ചിന്തയിലും വലിയ മാറ്റങ്ങൾ വന്നു. ആ കാലത്ത് ഉദയം ചെയ്ത പ്രധാന ചിന്താപദ്ധതിയാണ് സ്ത്രീ സമത്വവാദം (Feminism). സ്ത്രീകൾക്ക് പുരുഷനോടൊപ്പം രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ തുല്യ അവകാശങ്ങൾ വേണമെന്ന് ഈ പ്രസ്ഥാനം വാദിച്ചു. വിദ്യാഭ്യാസമേഖലയിലും തൊഴിൽമേഖലയിലും തുല്യ അവസരങ്ങൾ ഈ ചിന്താധാര ആവശ്യപ്പെടുന്നു. ഫ്രഞ്ച് അസ്തിത്വവാദചിന്തകനും നോവലിസ്റ്റുമായ സിമാൻ ഡി ബുവയാണ് (Simone De Beauvoir) ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗ അസമത്വം മനസ്സിലാക്കാനും പരിശോധിക്കാനും അതില്ലാതാക്കുന്നതിൽ സ്ത്രീകൾ വഹിക്കേണ്ട പങ്ക് മനസ്സിലാക്കാനും സ്ത്രീ സമത്വവാദം ആവശ്യപ്പെടുന്നു. വിവിധ മേഖലകളിൽ നിലനിൽക്കുന്ന ലിംഗ അസമത്വാധിഷ്ഠിതമായ പ്രശ്നങ്ങളെ സമീപിക്കുന്നതിനുള്ള സിദ്ധാന്തങ്ങൾ അവർ മുന്നോട്ടുവച്ചു. നിയമത്തിലും സ്വത്തിലും മറ്റും സ്ത്രീകൾക്കുള്ള അവകാശത്തിനുവേണ്ടി ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ മുന്നോട്ടുവന്നു. ഗാർഹിക പീഡനത്തിൽ നിന്നും ലൈംഗിക ചൂഷണത്തിൽനിന്നും സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനുവേണ്ടി ഈ പ്രസ്ഥാനം സജീവമായിരിക്കുന്നു.



സിമാൻ ഡി ബുവ

## ഉത്തരാധുനിക തത്ത്വചിന്ത

അതിഭൗതികവാദാനന്തര കാലഘട്ടത്തിലേക്കാണ് ആധുനിക പടിഞ്ഞാറൻ ചിന്ത ചരിക്കുന്നത്. അതിഭൗതികവാദം വിശ്വസിക്കുന്നത് പ്രപഞ്ചം നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും ഒരു തത്ത്വത്തിലേക്ക് ചുരുക്കി കൊണ്ടുവരാമെന്നാണ്. ദെറിദയെയും ലിയോറ്റാർഡിനെയും പോലുള്ള ചിന്തകർ ഇതിനെ ശക്തമായി വിമർശിക്കുന്നു. ഭൗതികവാദം മുന്നോട്ടുവയ്ക്കുന്ന ഏകത്വ സിദ്ധാന്തത്തെ ഇവർ തള്ളിക്കളയുന്നു. ഇവരുടെ ചിന്താപദ്ധതി തികച്ചും നവീനമായ ഒരു തത്ത്വചിന്താവൽക്കരണത്തിന് വഴിതുറന്നു. ഇവരുടെ രീതികൾ ഉത്തരാധുനികത, അപനിർമാണ സിദ്ധാന്തം എന്നിങ്ങനെ അറിയപ്പെടുന്നു.

**നമുക്ക് മനസ്സിലാക്കാം**

**ഉത്തരാധുനികചിന്ത**

നമ്മുടെ കാലഘട്ടത്തിലെ മുഖമുദ്രയായ സാംസ്കാരിക, രാഷ്ട്രീയ, ഭൗതികതലത്തിലെ വളർച്ച യുമായി ഉത്തരാധുനികതാ വാദം (Post modernism). ബന്ധപ്പെട്ടിരിക്കുന്നു. വിവിധതലത്തിലുള്ള ആവിഷ്കരണങ്ങൾ ഈ ചിന്താപദ്ധതിക്ക് ഉണ്ടായിട്ടുണ്ട് എന്നത് വ്യാപകമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അവരുടെ അഭിപ്രായത്തിൽ നമ്മുടെ ധാരണകൾ ലോകത്തിലും മനുഷ്യബോ ധത്തിലും നിലനിൽക്കുന്ന ചില കാര്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ഈ ചിന്താപദ്ധതി അവകാശ പ്പെടുന്നത് ഒരു മാനസിക ബിംബത്തിന് കൃത്യമായ സൂചിതം ഇല്ലെന്നാണ്. സ്ഥിരമായ സത്യമോ, സ്ഥിരമായ സംസ്കാരമോ ഇല്ല. എല്ലാ ആശയങ്ങളും ആപേക്ഷികമാണ് എന്നിവർ വാദിക്കുന്നു. ഴാക് ദെറിദ, റിച്ചാർഡ് റോത്തി, ഴാങ് ഫ്രാങ്കോയിസ്, ലിയോറ്റാർഡ് എന്നിവരാണ് പ്രമുഖ ഉത്തരാ ധുനിക ചിന്തകർ.

## സംഗ്രഹം

- വിഭിന്ന ചിന്തകൾ അടങ്ങിയതാണ് ഇരുപതാം നൂറ്റാണ്ടിലെ തത്ത്വശാ സ്ത്രപ്രസ്ഥാനം.
- അതിഭൗതികത, ആദർശം എന്നിവയെക്കാൾ മനുഷ്യപ്രകൃതം, നില നിൽപ്പ് തുടങ്ങിയ മാനുഷിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകി.
- പ്രായോഗികതാവാദവും അസ്തിത്വവാദവും ഭൗതികവാദത്തെ നിരാ കരിച്ചു.
- അധികം സിദ്ധാന്തങ്ങളും ശാസ്ത്രീയ അടിസ്ഥാനത്തിലുള്ളവയാണ്.
- ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉപകരണമാണ് സിദ്ധാന്ത ങ്ങൾ എന്ന് പ്രായോഗികതാവാദം പറയുന്നു .
- ഭാഷയിൽ വ്യക്തത കൊണ്ടുവരുക എന്നതാണ് തത്ത്വശാസ്ത്ര ത്തിന്റെ പ്രധാന പ്രവർത്തനമെന്ന് ഭാഷാശാസ്ത്രജ്ഞർ അഭിപ്രായ പ്പെട്ടു.
- ഭാഷയുടെ പ്രവർത്തനം എന്നത് വസ്തുതകളുടെ വിവിധ ഉപയോ ഗമാണ്.
- തത്ത്വചിന്തയിലെ പുതിയ പ്രവണതകൾ വ്യവസ്ഥാപിതമോ, സാമൂ ഹികമോ അല്ല. പക്ഷേ അതൊരു വിശ്ലേഷണരീതിയാണ്.

## നമുക്ക് വിലയിരുത്താം

1. അസ്തിത്വവാദം പ്രാധാന്യം നൽകുന്നത് ________ ആണ്.

   a. മനുഷ്യ അസ്തിത്വം　　b. മനുഷ്യ സത്ത
   c. പരമമായ സത്യം　　d. ഇതൊന്നുമല്ല

2. ആസ്തിക അസ്തിത്വ ചിന്തകനാണ് ________

   a. സാർത്ര്　　b. കമ്യു　　c. നീഷേ　　d. കീർക്കഗോർ

3. പ്രതിഭാസ വിജ്ഞാനത്തിൽ 'പ്രതിഭാസം' എന്നാൽ ________

   a. ബോധത്തിൽ നേരിട്ടല്ലാതെ പ്രത്യക്ഷപ്പെടുന്ന വസ്തു

   b. ബോധത്തിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്ന വസ്തു

   c. പ്രത്യക്ഷത്തിലുള്ള വസ്തു

   d. ഇതൊന്നുമല്ല

4. പ്രശ്നം പരിഹരിക്കാനുള്ള ഉപകരണമാണ് സിദ്ധാന്തം എന്ന് പറയുന്ന തത്ത്വശാസ്ത്ര പ്രസ്ഥാനം ഏതാണ്?

5. അതിഭൗതികവാദത്തെ തള്ളിക്കളയുന്ന തത്ത്വശാസ്ത്ര പ്രസ്ഥാനം ഏതാണ്?

6. 'അസ്തിത്വം സത്തയ്ക്ക് മുൻപ് വരുന്നു' എന്നത് അസ്തിത്വവാദത്തിന്റെ ഒരു സവിശേഷതയാണ്. മറ്റു സവിശേഷതകൾ എന്തെല്ലാം?

7. കീർക്കഗോറിന്റെ ചിന്തകളിൽ ആത്മനിഷ്ഠ എന്ന ആശയം പ്രതിഫലിക്കുന്നത് കാണാം. സമർഥിക്കുക.

8. 'മനുഷ്യൻ സ്വതന്ത്രനായിരിക്കാൻ വിധിക്കപ്പെട്ടവനാണ്'. ഇത് സാർത്രിന്റെ പ്രധാന പ്രമാണവാക്യമാണ്. എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്?

9. എഡ്മണ്ട് ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയരീതി വിവരിക്കുക.

10. പരിശോധന സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നത് ലോജിക്കൽ പോസിറ്റിവിസ്റ്റുകളാണ്. എന്താണ് അവർ ലക്ഷ്യമിടുന്നത്?

11. ഭാഷാതത്ത്വശാസ്ത്രത്തിന്റെ ലക്ഷ്യമെന്താണ്?

12. ചിത്ര സിദ്ധാന്തവും ഉപയോഗ സിദ്ധാന്തവും തമ്മിലുള്ള വ്യത്യാസം എഴുതുക.

8

# നീതിശാസ്ത്രം

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- ശരിയും തെറ്റും സംബന്ധിച്ച് വിധി പ്രസ്താവനകൾ നടത്തുന്നു.
- അവകാശങ്ങളും കടമകളും തരംതിരിക്കുന്നു.
- തീരുമാനങ്ങളെടുക്കുന്നതിൽ സ്വതന്ത്ര ഇച്ഛ ഉപയോഗപ്പെടുത്തുന്നു.
- നന്മയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുന്നു.
- പ്ലേറ്റോയുടെ മൗലികനന്മകളെക്കുറിച്ച് വിശകലനം ചെയ്ത് നിഗമനത്തിലെത്തുന്നു.
- വിവിധ തത്ത്വശാസ്ത്ര ചിന്തകളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

K8L4T5

## പ്രധാനാശയങ്ങൾ


8.1 നീതിശാസ്ത്രത്തിന്റെ നിർവചനം

8.2 സ്വഭാവവും പെരുമാറ്റവും

8.3 ശരിയും തെറ്റും, നല്ലതും ചീത്തയും

8.4 ഇച്ഛയുടെ സ്വാതന്ത്ര്യം

8.5 അവകാശങ്ങളും ചുമതലകളും

8.6 നന്മകൾ

8.7 പ്ലേറ്റോയുടെ മൗലിക നന്മകൾ

8.8 ശിക്ഷാ സിദ്ധാന്തങ്ങൾ


## ആമുഖം

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' (Les Miserables) എന്ന പുസ്തകത്തിൽനിന്നുള്ള ഒരു കഥ വായിക്കാം.

ജീൻ വാൽ ജീൻ (Jean Val Jean) ജനിച്ചത് ഒരു ദരിദ്ര കർഷക കുടുംബത്തിൽ ആണ്. അവന്റെ മാതാപിതാക്കൾ അവന്റെ ചെറുപ്രായത്തിൽത്തന്നെ മരണമടഞ്ഞു. അതിനുശേഷം തന്റെ മൂത്ത സഹോദരിയുടെയും അവരുടെ ഏഴ് മക്കളുടെയും സംരക്ഷണച്ചുമതല അവന് ഏൽക്കേണ്ടിവന്നു. അവന്റെ സഹോദരി ഒരു വിധവയായിരുന്നു. അവൻ ഒരു മരം വെട്ടുകാരനായി തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്തു. മഞ്ഞുകാലം ആരംഭിച്ചതോടെ ജീൻ വാൽ ജീന് പണിയെടുക്കാൻ സാധിക്കാതായി. അവരുടെ കുടുംബം പട്ടിണിയിലായി. കുട്ടികളുടെ ഭക്ഷണത്തിനായുള്ള കരച്ചിൽ അവനെ വിഷമത്തിലാക്കി. ആ രാത്രി സഹോദരിയുടെ മക്കളുടെ വിശപ്പകറ്റാനായി അവൻ ഒരു റൊട്ടി കടയിൽ കയറി ഒരു കഷണം റൊട്ടി മോഷ്ടിച്ചു. ശേഷം മോഷണക്കുറ്റം ചുമത്തി ജീൻ വാൽ ജീനെ പോലീസ് ജയിലിലടച്ചു.

ഈ കഥ ധാരാളം ചോദ്യങ്ങളിലേക്ക് നമ്മളെ കൊണ്ടുപോകുന്നു.

ഒരാൾ വിശന്നിരിക്കുമ്പോൾ ഭക്ഷണം മോഷ്ടിക്കുന്നത് ശരിയാണോ?

ശിക്ഷിക്കുന്നതിനു മുൻപ് സാഹചര്യങ്ങൾകൂടി പരിഗണിക്കേണ്ടത് ആവശ്യമാണോ?

ഈ സന്ദർഭത്തിൽ നമ്മൾ ആരെ കുറ്റപ്പെടുത്തും? മോഷണത്തിലേക്ക് നയിച്ച സാഹചര്യത്തെയോ? അതോ മോഷ്ടാവിനെയോ?

ഒരു സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യന്റെ വ്യത്യസ്ത പ്രവർത്തനങ്ങളിൽ വിധി പ്രസ്താവന നടത്തുന്നതിനായി ചില മാനദണ്ഡങ്ങൾ ആവശ്യമാണ് എന്നതിലേക്കാണ് ഈ ചോദ്യങ്ങളെല്ലാം നമ്മെ കൊണ്ടെത്തിക്കുന്നത്. ഇത്തരം വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന തത്വശാസ്ത്രശാഖയാണ് നീതിശാസ്ത്രം.

ഒന്നു മുതൽ ഏഴുവരെയുള്ള അധ്യായങ്ങളിൽ തത്വശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട രണ്ട് ശാഖകളായ അതിഭൗതികശാസ്ത്രം ജ്ഞാനസിദ്ധാന്തം എന്നിവയെക്കുറിച്ച് ചർച്ചചെയ്യുന്നു. നീതിശാസ്ത്രം എന്ന ഈ അധ്യായം തത്വശാസ്ത്രത്തിലെ മൂന്നാമത്തെ ശാഖയായ മൂല്യപഠന (Axiology) ത്തിൽ ഉൾപ്പെടുന്നു.

സാമൂഹ്യജീവി എന്ന നിലയിൽ സമൂഹം അംഗീകരിക്കുന്ന സദാചാര മൂല്യങ്ങളുമായി യോജിച്ചു പോവുക എന്നത് ഏതൊരു മനുഷ്യന്റെയും ഉത്തരവാദിത്തമാണ്. ഏതൊരു വ്യക്തിയും സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറ്റത്തെ നിയന്ത്രിക്കേണ്ടതാണ്. മനുഷ്യൻ ഏകാന്ത ജീവിതം നയിക്കുന്നവനല്ല. ഒരു സമൂഹത്തിലാണ് അവൻ ജീവിക്കുന്നത്. അതുകൊണ്ടുതന്നെ താൻ ജീവിക്കുന്ന സമൂഹത്തോടും പരിതസ്ഥിതിയോടും മനുഷ്യന് ഉത്തരവാദിത്തമുണ്ട്.

## 8.1 നീതിശാസ്ത്രത്തിന്റെ നിർവചനം

പ്രശസ്ത എഴുത്തുകാരനായ മക്കെൻസി (Mackenzie) നീതിശാസ്ത്രത്തിന് വിവിധ നിർവചനങ്ങൾ നൽകിയിട്ടുണ്ട്.

- മനുഷ്യ സ്വഭാവത്തിലെ ശരി, നന്മ എന്നിവയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രമാണ് നീതിശാസ്ത്രം.
- മനുഷ്യ ജീവിതത്തിൽ ഉൾപ്പെടുന്ന ആദർശങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രം ആണ് നീതിശാസ്ത്രം.

Ethics എന്ന പദം 'ethos' എന്ന പദത്തിൽ നിന്നാണ് വന്നത്. Ethos എന്ന പദത്തിന്റെ അർഥം 'ആചാരം' (custom) എന്നാകുന്നു. നീതിശാസ്ത്രത്തെ ധാർമിക തത്വചിന്ത (Moral Philosophy) എന്നും പറയുന്നു. Moral എന്ന

പദം 'mores' എന്ന പദത്തിൽ നിന്നാണ് വന്നത്. Mores എന്ന പദത്തിന്റെ അർത്ഥം 'custom' എന്നാണ്. ഒരു സമൂഹം അംഗീകരിക്കുകയും ശീലമാക്കുകയും ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെയാണ് ആചാരം എന്നു പറയുന്നത്. സമൂഹവാസിയായ മനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിധി പ്രസ്താവന നടത്തുന്നതിനു മുൻപ് നമ്മൾ നീതിശാസ്ത്രത്തിന്റെ തത്ത്വങ്ങളെയും മാനദണ്ഡങ്ങളെയും അറിഞ്ഞിരിക്കേണ്ടതാണ്. ചുവടെ ചേർത്തിരിക്കുന്നവ നീതിശാസ്ത്ര തത്ത്വങ്ങളിൽ ഉൾപ്പെടുന്നവയാണ്:

സ്വഭാവവും പെരുമാറ്റവും, ശരിയും തെറ്റും, നല്ലതും ചീത്തയും, ഇച്ഛയുടെ സ്വാതന്ത്ര്യം, അവകാശങ്ങളും കടമകളും, നന്മയും തിന്മയും, ശിക്ഷാ സിദ്ധാന്തങ്ങൾ.

## 8.2 സ്വഭാവവും പെരുമാറ്റവും

നിർദ്ദേശാത്മക ശാസ്ത്ര (Normative Science)ത്തെക്കുറിച്ച് പ്ലസ് വൺ ക്ലാസുകളിൽ നിങ്ങൾ പഠിച്ചിരിക്കുമല്ലോ. തർക്കവിദ്യയെപ്പോലെ നീതിശാസ്ത്രവും മാനദണ്ഡ ശാസ്ത്രമാണ്. അത് സമൂഹത്തിലെ മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്നു.

ഒരു സ്ഥാപനത്തിൽ നിന്ന് വിതരണംചെയ്ത ഒരു സ്വഭാവസാക്ഷ്യപത്രം നോക്കുക

**സ്വഭാവസാക്ഷ്യപത്രം**

ശ്രീ/ശ്രീമതി .................................................... യുടെ മകൻ/മകൾ ഉം ....................................................ൽ താമസിക്കുന്നതുമായ ശ്രീ/ശ്രീമതി.................................................... യെ കഴിഞ്ഞ .................... വർഷത്തോളമായി എനിക്ക് വ്യക്തിപരമായി അറിയാമെന്നും, ശ്രീ/ശ്രീമതി .................................................... ന്റെ സ്വഭാവവും പെരുമാറ്റവും നല്ലതാണെന്നും, സർക്കാർ സ്ഥാപനങ്ങളിലെ ജോലിക്ക് അനുയോജ്യമല്ലാത്ത രീതിയിൽ യാതൊരുവിധ സ്വഭാവദൂഷ്യവും ഇല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ശ്രീ/ശ്രീമതി .................................... എന്റെ ബന്ധുവല്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ..........................

തീയതി: .......................... ഒപ്പ്

(ഓഫീസ് സീൽ) (ഉദ്യോഗം)

"അവന്റെ സ്വഭാവവും (Character) പെരുമാറ്റവും (Conduct) നല്ലതാണ്."

സ്വഭാവം, പെരുമാറ്റം എന്നിവ പര്യായ പദങ്ങളാണോ?

സാധാരണയായി ഈ രണ്ടു പദങ്ങളെയും സമാനാർഥത്തിലാണ് ഉപയോഗിക്കുന്നതെങ്കിലും ഇവയുടെ അർഥത്തിൽ വ്യത്യാസങ്ങളുണ്ട്. ഒരു വ്യക്തിയുടെ ഉള്ളിലെ നിശ്ചിതമായ പ്രകൃതം അല്ലെങ്കിൽ സഹജഗുണത്തെയാണ് സ്വഭാവം എന്നു പറയുന്നത്. ഒരു വ്യക്തിയുടെ ഇച്ഛാനുസൃതമായ പ്രവൃത്തിയെയാണ് പെരുമാറ്റം എന്നു പറയുന്നത്. ഇത് സ്വമേധയാ ചെയ്യുന്ന പ്രവൃത്തിയാണ്.

ഉദാഹരണത്തിന്, പ്ലസ് വൺ ക്ലാസിലെ ആദ്യദിനത്തിൽ നിങ്ങൾ അനേകം പുതുമുഖങ്ങളെ കണ്ടിട്ടുണ്ടാകും. അതിൽ കുറച്ചുപേർ നിങ്ങളെ ആകർഷിച്ചിട്ടുണ്ടായിരിക്കും. എങ്ങനെയാണത്? അവരുടെ വർത്തമാന രീതി, വസ്ത്രധാരണം, പെരുമാറ്റരീതി, ഇടപെടൽ എന്നിവയൊക്കെ ആയിരിക്കാം നിങ്ങളെ ആകർഷിച്ച ഘടകങ്ങൾ. എന്നാൽ കുറച്ചുനാളുകൾക്ക് ശേഷം അവരെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായത്തിൽ മാറ്റം വരുന്നുവെങ്കിൽ കാരണം എന്തായിരിക്കും? കുറച്ചുനാൾ തുടർച്ചയായി അവരുടെ ശീലങ്ങളും പെരുമാറ്റരീതിയും നിരീക്ഷിച്ചപ്പോൾ അവരുടെ സ്വഭാവം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചു. അതാണ് അവരെക്കുറിച്ചുള്ള അഭിപ്രായത്തിന് മാറ്റം വരാൻ കാരണം.

നീതിശാസ്ത്രം മനുഷ്യസ്വഭാവത്തെ പരിഗണിക്കുന്നുണ്ട്. സ്വഭാവം എന്നാൽ ഒരു വ്യക്തിയുടെ ഇച്ഛയുടെ സ്ഥിരമായ ശീലമാണ്. പെരുമാറ്റം എന്നാൽ ഒരു വ്യക്തിയുടെ സ്വഭാവത്തിന്റെ പുറമേയുള്ള പ്രകടനമാണ്.

**നമുക്ക് പരിശോധിക്കാം**

സ്വഭാവവും പെരുമാറ്റവും തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ഒരു പട്ടിക തയാറാക്കുക.

| സ്വഭാവം | പെരുമാറ്റം |
|---|---|
| | |


## 8.3 ശരിയും തെറ്റും, നല്ലതും ചീത്തയും

എല്ലാ ശരിയായ പ്രവൃത്തികളും നല്ല പ്രവൃത്തികളാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ചചെയ്യുക. ഒരു കർഷകൻ നല്ല വിളവ് ആഗ്രഹിച്ച് കൃഷിയിറക്കുന്നു. പക്ഷേ കീടങ്ങളുടെ ശല്യം വർധിച്ചപ്പോൾ അദ്ദേഹം

നിരാശനായി. പരിഹാരമാർഗങ്ങൾ അന്വേഷിച്ച കർഷകൻ ഒടുവിൽ കീടങ്ങളെ നശിപ്പിക്കാനായി രാസകീടനാശിനി പ്രയോഗിച്ചു. കൃഷിയെ സംബന്ധിച്ച് നോക്കിയാൽ ഇത് ശരിയായ പ്രവൃത്തിയാണ്. പക്ഷേ പരിസ്ഥിതിയെ സംബന്ധിച്ച് നോക്കിയാൽ ഇത് ശരിയായ പ്രവർത്തിയാണോ?

നമുക്ക് മറ്റൊരു ഉദാഹരണം എടുക്കാം.

ഒരാൾ അമിതവേഗത്തിൽ റോഡ് നിയമങ്ങൾ തെറ്റിച്ചുകൊണ്ട് വാഹനമോടിച്ച് പോകുന്നു. തീർച്ചയായും ഇതൊരു തെറ്റായ പ്രവർത്തിയാണ്. പക്ഷേ അപകടത്തിൽപ്പെട്ട് ഗുരുതരമായി പരുക്കേറ്റ ഒരാളുടെ ജീവൻ രക്ഷിക്കാനാണ് ഇപ്രകാരം വാഹനമോടിച്ചത് എങ്കിൽ അതൊരു തെറ്റായ പ്രവർത്തിയാണെന്ന് നിങ്ങൾ പറയുമോ?



എങ്കിൽ എന്താണ് ശരി? എന്താണ് തെറ്റ്?

എന്താണ് നല്ലത്? എന്താണ് ചീത്ത?

റൈറ്റ് (ശരി) എന്ന പദം ലാറ്റിൻ പദമായ 'rectus' എന്ന പദത്തിൽ നിന്നാണ് വന്നത്. അതിനർത്ഥം 'നേരായ' (straight) അല്ലെങ്കിൽ 'നിയമാനുസൃതമായ' (according to rule) എന്നാണ്. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള പ്രവൃത്തിയെയാണ് ശരിയായ പ്രവൃത്തി എന്നു പറയുന്നത്. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങളെ ലംഘിച്ചുകൊണ്ടുള്ള പ്രവൃത്തിയെയാണ് തെറ്റായ പ്രവൃത്തി എന്ന് പറയുന്നത്. ശരിയും തെറ്റും ആപേക്ഷികങ്ങളാണ്. ഒരു സമൂഹത്തിലെ ശരിയായ പ്രവൃത്തി മറ്റൊരു സമൂഹത്തിലെ തെറ്റായ പ്രവൃത്തി ആവാം.

ഒരു സമൂഹത്തിൽ ശരിയായതും വേറൊരു സമൂഹത്തിൽ തെറ്റായതുമായ പ്രവൃത്തികളുടെ ലിസ്റ്റ് തയാറാക്കുക.

- 
- 

മനുഷ്യന്റെ പെരുമാറ്റത്തിലെ നല്ലതിനെയും ചീത്തയേയും കുറിച്ച് പഠിക്കുന്ന ശാസ്ത്രമാണ് നീതിശാസ്ത്രം. എല്ലാ പ്രവൃത്തിക്കും ഒരു ഫലമുണ്ട്. നമ്മൾ ആഗ്രഹിക്കുന്ന അഥവാ ഇഷ്ടപ്പെടുന്ന ഫലം നല്കുന്ന പ്രവൃത്തിയെയാണ് നല്ല പ്രവൃത്തി എന്നു പറയുന്നത്. നമ്മൾ ആഗ്രഹിക്കാത്ത അഥവാ ഇഷ്ടപ്പെടാത്ത ഫലം നൽകുന്ന പ്രവൃത്തിയെയാണ് ചീത്ത പ്രവൃത്തി എന്നു പറയുന്നത്.

സാധാരണ ലക്ഷ്യം അഥവാ ഫലത്തെ അപേക്ഷിച്ച് ഉയർന്ന നന്മയാണ് നീതിശാസ്ത്രം ലക്ഷ്യമിടുന്നത്. ഇതിനെ 'സമ്മം ബോണം' (summum bonum) എന്നു പറയുന്നു. ഉയർന്ന നന്മ ഒരു സമൂഹത്തിലെ ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ ഗുണം പ്രധാനം ചെയ്യുന്നു.

## 8.4 ഇച്ഛയുടെ സ്വാതന്ത്ര്യം

ഒരു മനുഷ്യന്റെ വിലാപം വായിക്കുക:

*ഞാൻ എന്താണ് ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നത് ഞാൻ ചെയ്യുന്നില്ല. ഞാൻ ചെയ്യാൻ ആഗ്രഹിക്കാത്തത് ചെയ്യുന്നു. ഞാൻ തെറ്റായ കാര്യങ്ങൾ ചെയ്യുന്നു. പക്ഷേ ഞാൻ അത് ആഗ്രഹിക്കുന്നില്ല. ആഗ്രഹിക്കാത്ത ഒരു കാര്യം ഞാൻ ചെയ്യുന്നുവെങ്കിൽ, ഞാനല്ല യഥാർഥത്തിൽ അത് ചെയ്യുന്നത്. എന്ത് നികൃഷ്ടനാണ് എന്റേത്!*

- ഇത്തരം ഒരു അവസ്ഥ നിങ്ങളെപ്പോഴെങ്കിലും അനുഭവിച്ചിട്ടുണ്ടോ? ഒരു കുറിപ്പ് തയാറാക്കുക.

വിവിധ സാധ്യതകളിൽ നിന്ന് തന്റെ പ്രവൃത്തി തിരഞ്ഞെടുക്കാനുള്ള യുക്തിസഹമായ മനുഷ്യന്റെ കഴിവിനെയാണ് ഇച്ഛയുടെ സ്വാതന്ത്ര്യം എന്നു പറയുന്നത്. ആഗ്രഹങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ തന്റെ പ്രവൃത്തി സ്വമേധയാ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമാണത്. മനുഷ്യൻ സ്വയം തിരഞ്ഞെടുക്കുന്നു, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യന് അതിൽ പൂർണ്ണ ഉത്തരവാദിത്തം ഉണ്ട്. സ്വന്തം പ്രവൃത്തിയുടെ സ്വയം നിർണയാവകാശം ആണ് ഇച്ഛയുടെ സ്വാതന്ത്ര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വയം നിർണയാവകാശം എന്നത് ഒരു നീതിശാസ്ത്ര സിദ്ധാന്തമാണ്. ഈ സിദ്ധാന്തം പറയുന്നത് മനുഷ്യന്റെ സ്വഭാവം നിർണയിക്കുന്നത് അവന്റെ സ്വതന്ത്ര ഇച്ഛയാണെന്നാണ്. ഒരു വ്യക്തിയുടെ പ്രവൃത്തിയുടെ ധാർമ്മിക ഉത്തരവാദിത്തം അയാൾക്ക് തന്നെയാവണമെങ്കിൽ ഇച്ഛയുടെ സ്വാതന്ത്ര്യം ഒഴിച്ചു കൂടാനാവാത്തതാണ്. ഇച്ഛയുടെ സ്വാതന്ത്ര്യം എന്നതുകൊണ്ട് യഥാർഥത്തിൽ അർഥമാക്കുന്നത് വിധിവാദത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

മനുഷ്യൻ ഒരേസമയം സ്വാതന്ത്ര്യത്തിലും നിർണയത്തിലും ആണ്. ഇത് രണ്ടും എങ്ങനെ സാധ്യമാകുന്നു എന്ന് മനസ്സിലാക്കുന്നതുവരെ നമ്മൾ വൈരുധ്യത്തിൽ ആയിരിക്കും. ഡേവിഡ് ഹ്യൂമിന്റെ അഭിപ്രായത്തിൽ സ്വാതന്ത്ര്യം എന്നാൽ സ്വന്തം ഇച്ഛയുടെ തീരുമാനപ്രകാരം പ്രവർത്തിക്കുകയോ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യാനുള്ള കഴിവാണ്.

## 8.5 അവകാശങ്ങളും ചുമതലകളും

'ശരി' എന്നാൽ 'നിയമാനുസൃതമായത്' എന്ന് മുൻ ക്ലാസുകളിൽ പഠിച്ചുവല്ലോ. അതായത് ശരി എന്നാൽ സമൂഹം അംഗീകരിച്ച അവകാശങ്ങൾ എന്നാണ്. ഇത്തരം അവകാശങ്ങൾ ഒരു സമൂഹത്തിലെ കൂട്ടുതലാളുകൾക്ക് നന്മ പ്രദാനം ചെയ്യുന്നു. അന്യാധീനപ്പെടുത്താൻ സാധ്യമല്ലാത്ത മൗലികമായ അവകാശങ്ങൾ നമുക്കുണ്ട്. ഒരു വ്യക്തിയുടെ അവകാശങ്ങൾ അവൻ അറിഞ്ഞാലും ഇല്ലെങ്കിലും അവനിൽ നിക്ഷിപ്തമായിരിക്കുന്നു. ഒരു വ്യക്തിയുടെ അവകാശങ്ങളെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന ധാർമിക ഉത്തരവാദിത്തം മറ്റുള്ളവർക്കുണ്ട്. ഉദാഹരണത്തിന് സ്വതന്ത്രരായിരിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഇത് ഒരാൾക്ക് പാരിതോഷികമായോ ഭാഗ്യമായോ ലഭിക്കുന്ന ഒന്നല്ല. പകരം മനുഷ്യനായിരിക്കുന്ന ഏതൊരാളിലും നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അവകാശമാണ്. യാതൊരു കാരണവശാലും ഒരാളുടെ അവകാശത്തെ അയാളിൽനിന്ന് എടുത്തുമാറ്റാൻ സാധ്യമല്ല. ഇത്തരം അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ എന്നു പറയുന്നു. എല്ലാ പുരോഗമന സമൂഹങ്ങളും അംഗീകരിച്ച മനുഷ്യാവകാശങ്ങളാണ് താഴെ പറയുന്നവ.

- ജീവിക്കാനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- സ്വത്തവകാശം
- ഉടമ്പടി ചെയ്യാനുള്ള അവകാശം (ഉടമ്പടിയിലേർപ്പെടാനുള്ള അവകാശം)
- വിദ്യാഭ്യാസത്തിനുള്ള അവകാശം

### ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യത്തിനുള്ള അവകാശവും

വിവിധ ദിനപത്രങ്ങളിൽ വന്ന വാർത്തകൾ താഴെ തന്നിരിക്കുന്നത് നോക്കുക.

- ബാലവേല
- നിയമവിരുദ്ധമായ തടവ്
- മനുഷ്യക്കടത്ത്

മുകളിൽ പറഞ്ഞവയെല്ലാം സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ ലംഘനങ്ങളാണ്.

- ➢ നിങ്ങളുടെ ചുറ്റുപാടിൽ നടന്ന സ്വാതന്ത്ര്യത്തിനുള്ള അവകാശ ലംഘനം സംബന്ധിച്ച് ഒരു കുറിപ്പ് തയാറാക്കുക.

ജീവിക്കാനുള്ള അവകാശം എന്നത് പ്രാഥമിക അവകാശമാണ്. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ പുരോഗതിക്കു വേണ്ടി നാം പ്രയത്നിക്കണം. ഒരാൾ സ്വന്തം ജീവനെയോ മറ്റുള്ളവരുടെ ജീവനെയോ നശിപ്പിക്കാൻ പാടില്ല.

- **ദയാവധം (euthanasia):** നരകയാതന അവസാനിപ്പിക്കുന്നതിനായി ഏതെങ്കിലും മൃഗത്തെയോ മനുഷ്യനെയോ മാനുഷിക കാരണങ്ങളാൽ വേദനിപ്പിക്കാതെ കൊല്ലുക
- **ശിശുഹത്യ (infanticide):** പ്രായപൂർത്തിയായ ആൾ അതേ വർഗത്തിലുള്ള കുഞ്ഞിനെ കൊല്ലുക
- **ഭ്രൂണഹത്യ (foeticide):** ഗർഭസ്ഥശിശുവിനെ കൊല്ലുക
- **നരഹത്യ (homicide):** മനപ്പൂർവ്വമോ അല്ലാതെയോ ഒരാൾ മറ്റൊരാളെ കൊല്ലുക
- **പരപീഡനം (sadism):** ദയയില്ലാതെ മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ ആഹ്ലാദം കാണുക
- **മസോക്കിസം (masochism):** സ്വയം പീഡിപ്പിക്കപ്പെടുന്നതിൽ ആഹ്ലാദം കാണുക
- **റാഗിങ് (ragging):** ഒരു സ്ഥാപനത്തിൽ നേരത്തെ ഉള്ളവർ പുതുതായി വരുന്നവരെ അവരുടെ ഇഷ്ടത്തിനെതിരായി ദ്രോഹിക്കുക


മുകളിൽ പറഞ്ഞവയെല്ലാം മനുഷ്യാവകാശ ലംഘനങ്ങളാണോ? ചർച്ച ചെയ്യുക.

## സ്വത്തവകാശം

*എല്ലാവർക്കും സ്വന്തമായിട്ടോ കൂട്ടായിട്ടോ സ്വത്ത് കൈവശം വയ്ക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ആർക്കും ഒരാളുടെയും സ്വത്തവകാശത്തെ സ്വേച്ഛാധികാരത്തോടെ ഇല്ലായ്മ ചെയ്യാൻ സാധ്യമല്ല.*

പ്രാചീനകാലം മുതൽ ആധുനിക കാലം വരെ മനുഷ്യന്റെ ജീവിതത്തിലെ പ്രധാന ഘടകമായിരുന്നു സ്വത്ത്. ലോകത്താകമാനം സ്വാതന്ത്ര്യത്തിനു വേണ്ടി നടന്ന യുദ്ധങ്ങളിലെല്ലാം സ്വത്ത് ഒരു പ്രധാനപ്പെട്ട വിഷയമായിരുന്നു. അതനുസരിച്ച് സ്വാതന്ത്ര്യവും, മഹത്വപൂർണവും, ഉത്തമവുമായ ജീവിതം നയിക്കാൻ സ്വത്തവകാശം എന്നത് ഒരു പ്രധാന അവകാശമായി അംഗീകരിക്കപ്പെട്ടു.. ജീവിക്കാനും, സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി സ്വത്തവകാശം മൗലികാവകാശമായി പരിഗണിക്കേണ്ടതാണ്.

നമ്മുടെ രാജ്യത്ത് സ്വത്തവകാശം നടപ്പിലാക്കിയാൽ നമ്മുടെ സമൂഹത്തിൽ എന്തെല്ലാം മാറ്റങ്ങൾ ദർശിക്കാനാവും?



**നമുക്ക് മനസ്സിലാക്കാം**

ഇന്ത്യയിൽ സ്വത്തവകാശം എന്നത് മൗലിക അവകാശം ആയിരുന്നു. 1978 ലെ നാൽപത്തിനാലാമത് ഭരണഘടന ഭേദഗതി പ്രകാരം സ്വത്തവകാശം ഭരണഘടനാവകാശമായി മാറി.

## ഉടമ്പടിയിൽ ഏർപ്പെടാനുള്ള അവകാശം

ഉടമ്പടി ചെയ്യാനുള്ള അവകാശം മറ്റൊരു പ്രധാനപ്പെട്ട അവകാശമാണ്. ഉടമ്പടി ചെയ്യാനുള്ള അവകാശത്തിന്റെ ഉത്ഭവത്തിന് കാരണം സ്വത്തവകാശമാണ്. ഒരാളുടെ സ്വത്തിന്റെ പൂർണ്ണനിയന്ത്രണം ആ വ്യക്തിക്ക് തന്നെയാണ്. ഒരാൾക്ക് തന്റെ സ്വത്ത് കൈവശം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാം. അതുകൊണ്ടുതന്നെ ഉടമ്പടിയിൽ ഏർപ്പെടാനുള്ള അവകാശം സ്വത്തവകാശത്തിൽ നിന്ന് ഉരുത്തിരിയുന്നതാണെന്നു പറയാം.

ഒരാൾ തന്റെ സേവനം വാഗ്ദാനം ചെയ്തുകൊണ്ട് ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ സേവനം ലഭിക്കാനുള്ള അവകാശം മറ്റേയാൾക്ക് ലഭിക്കുന്നു. വ്യക്തികൾക്ക് യാതൊരു അവകാശങ്ങളും ഇല്ലാതിരുന്ന പ്രാകൃതസമൂഹം അവകാശങ്ങളെ അംഗീകരിച്ചിരുന്നില്ല.

ഉത്തമമായ ഉടമ്പടികളിൽ ഏർപ്പെടുക എന്നത് ഏതൊരു വ്യക്തിയുടെയും ധാർമിക ഉത്തരവാദിത്തമാണ്. ഒരാൾ മറ്റൊരാളുടെ അടിമയായിക്കൊണ്ടുള്ള ഉടമ്പടിയിൽ ഏർപ്പെടരുത്. ഒരു വികസിത സമൂഹത്തിനു മാത്രമേ ഉത്തമമായ ഉടമ്പടി ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളൂ.

വിവാഹം ഒരു ഉടമ്പടി ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

നമ്മുടെ സമൂഹത്തിൽ വിവാഹക്കരാർ ലംഘനവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളുടെ അനന്തരഫലത്തെക്കുറിച്ച് ചർച്ച ചെയ്യുക.

## വിദ്യാഭ്യാസത്തിനുള്ള അവകാശം

എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും ആവണം. സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസം എല്ലാവർക്കും സാധ്യമാവുകയും, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും തുല്യമായി ലഭ്യമാവുകയും ചെയ്യണം. വ്യക്തിത്വ വികാസത്തിലേക്ക് നയിക്കുന്നതും മനുഷ്യാവകാശങ്ങളെയും അടിസ്ഥാന സ്വാതന്ത്ര്യത്തെയും ആദരിക്കുന്നതിൽ ഊന്നൽ നൽകുന്നതുമായിരിക്കണം വിദ്യാഭ്യാസം. ദേശങ്ങൾക്കിടയിലും സാമൂഹിക വിഭാഗങ്ങൾക്കിടയിലും പരസ്പരധാരണ,

സഹിഷ്ണുത, സൗഹൃദം എന്നിവ വളർത്താൻ സഹായിക്കുന്നവയാവണം വിദ്യാഭ്യാസം. സമാധാനം നിലനിർത്താനുള്ള യുണൈറ്റഡ് നേഷൻസിന്റെ പ്രവർത്തനത്തെ പരിപോഷിപ്പിക്കുന്നവയായിരിക്കണം വിദ്യാഭ്യാസം. തന്റെ മക്കൾക്ക് ഏതുതരം വിദ്യാഭ്യാസമാണ് നൽകേണ്ടതെന്ന് തിരഞ്ഞെടുക്കാനുള്ള അവകാശം മാതാപിതാക്കൾക്കുണ്ട്.



**നമുക്ക് മനസ്സിലാക്കാം**

2009 ലെ കുട്ടികൾക്കുള്ള സൗജന്യ നിർബന്ധിത വിദ്യാഭ്യാസ നിയമ (RTE Act) പ്രകാരം എല്ലാ കുട്ടികൾക്കും തൃപ്തികരവും നിഷ്പക്ഷവുമായ ഔപചാരിക വിദ്യാഭ്യാസം പ്രാഥമിക തലത്തിൽ ലഭിക്കുന്നു. 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നു.

## ചുമതലകൾ

നിങ്ങളുടെ അവകാശങ്ങൾ ഉറപ്പുവരുത്തേണ്ടത് ആരുടെ ഉത്തരവാദിത്തമാണ്?

ഒരു വ്യക്തിയുടെ നിയമപരവും ധാർമികവുമായ ഉത്തരവാദിത്തത്തെയാണ് ചുമതലകൾ (duties) എന്നു പറയുന്നത്. സാധാരണയായി ഉത്തരവാദിത്തം, ചുമതല എന്നീ പദങ്ങൾ സമാന അർഥത്തിലാണ് ഉപയോഗിക്കുന്നതെങ്കിലും ഇവ തമ്മിൽ വ്യത്യാസങ്ങളുണ്ട്. ചുമതല എന്നത് ഒരാളുടെ സ്ഥാനം, പദവി, ജോലി എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു അതുകൊണ്ടുതന്നെ ചുമതല എന്നത് അവകാശവുമായി ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ ഉത്തരവാദിത്വത്തിന് അവകാശവുമായി ബന്ധം ഉണ്ടാവണമെന്നില്ല.

ഉദാഹരണത്തിന്: കെ എന്നയാൾ ജി എന്ന തന്റെ സുഹൃത്തിനെ അത്താഴവിരുന്നിനു ക്ഷണിക്കുന്നു. മുടക്കം കൂടാതെ എത്താമെന്ന് ജി വാക്കു നൽകുന്നു. പക്ഷേ ജിയ്ക്ക് അത്താഴവിരുന്നിനു പങ്കെടുക്കാൻ സാധിക്കാതെ വരുന്നു. ഇവിടെ വിരുന്നിൽ പങ്കെടുക്കുക എന്ന ഉത്തരവാദിത്തം ജിയ്ക്ക് ഉണ്ടെങ്കിലും പങ്കെടുക്കാതിരുന്നതുകൊണ്ട് കെ യുടെ അവകാശങ്ങളെ ലംഘിക്കുന്നില്ല. ഇനി ഒരു സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്റെ കാര്യമെടുക്കാം. തനിക്ക് ഇഷ്ടമാണെങ്കിലും ഇല്ലെങ്കിലും തന്റെ ഉദ്യോഗവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്യുക എന്നത് അയാളുടെ ചുമതലയാണ്. ചുമതലകളുടെ ലംഘനം അവകാശലംഘനത്തിന് ഇടയാക്കും.

## 8.6 ഗുണങ്ങൾ

ധാർമിക മികവിനെയാണ് ഗുണം എന്നു പറയുന്നത്. ധാർമികമായ സദ്ഗുണം എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ 'യഥാർഥ ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ് എന്ന് തത്ത്വത്തിലും സ്വയേച്ഛയിലും അധിഷ്ഠിതമായ മനസ്സിന്റെ സ്ഥായിയായ അവസ്ഥയാണ് ഗുണം.' സ്വമേധയാ ശരിയായ പ്രവൃത്തി തിരഞ്ഞെടുക്കുന്ന ശീലത്തെയാണ് ഗുണം എന്നു പറയുന്നത്. ഗുണത്തിന്റെ വിപരീതമാണ് ദോഷം (vice) സ്വമേധയാ തെറ്റായ പ്രവൃത്തി തിരഞ്ഞെടുക്കുന്ന ശീലത്തെയാണ് ദോഷം എന്നു പറയുന്നത്.

## 8.7 പ്ലേറ്റോയുടെ മൗലികഗുണങ്ങൾ

പ്രാഥമിക ധാർമിക നന്മയെയാണ് മൗലികഗുണങ്ങൾ (cardinal virtues) എന്നു പറയുന്നത്. പ്ലേറ്റോ ഇവയെ നാലായി തരംതിരിക്കുന്നു. Cardinal എന്ന ഇംഗ്ലീഷ് പദം 'cardo' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് വന്നത്. Cardo എന്ന പദത്തിന്റെ അർഥം വിജാഗിരി (hinge) എന്നാണ്. മറ്റെല്ലാ ഗുണങ്ങളുടെയും ആധാരം ഈ നാലു മൗലികഗുണങ്ങളാണ്. ഇത് ആർക്കും പ്രാവർത്തികമാക്കാൻ സാധിക്കുന്നതാണ്. പ്ലേറ്റോയുടെ അഭിപ്രായത്തിൽ നാലു മൗലികഗുണങ്ങളാണ് ഉള്ളത്:

- വിവേകം (wisdom)
- ധൈര്യം (courage)
- ക്ഷമ (temperance)
- നീതി (justice)

**വിവേകം:** നീതിമാനും ഉത്തമനുമായ മനുഷ്യനിൽ ഉള്ള ഉയർന്ന മൂല്യമാണു വിവേകം. ഇത് ഒരാളെ സ്വയം നയിക്കാനും സമൂഹത്തെ മൊത്തം നയിക്കാനും സഹായിക്കുന്നു. വിവിധ സാഹചര്യങ്ങളിൽ നമ്മൾ ചെയ്യേണ്ട കർത്തവ്യങ്ങളിലേക്കും അത് കൃത്യമായി പ്രാവർത്തികമാക്കാനുള്ള മാർഗങ്ങളിലേക്കുമുള്ള ഒരു ഉൾകാഴ്ചയാണിത്.

**ധൈര്യം:** സ്വയം അതിജീവനം എന്നതിൽ നിന്നാണ് ധൈര്യത്തിന്റെ ഉത്ഭവം. ഇത് പ്രവർത്തിക്കുന്നത് സഹജവാസനയുടെ (ജന്മവാസന) അടിസ്ഥാനത്തിലാണ്. ഇവ രണ്ടിനും നീതിശാസ്ത്രം ഉണ്ട്. ഇവ രണ്ടും ചില നിയമങ്ങൾ പാലിക്കുന്നുണ്ട്.

**ക്ഷമ:** സ്വയം നിയന്ത്രണത്തിനെയാണ് പൊതുവായി ക്ഷമ എന്നു പറയുന്നത്. ഒരു സമൂഹത്തിന്റെ ഐക്യം, തുല്യത എന്നീ മൂല്യങ്ങളെ നീതി എന്ന് പറയുന്നതുപോലെ ഒരു വ്യക്തിയുടെ ഐക്യം, തുല്യത എന്നീ മൂല്യങ്ങളെയാണ് ക്ഷമ എന്നു പറയുന്നത്.

**നീതി:** ഒരു വ്യക്തിയെ രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന നിയമമാണ് നീതി. എന്താണ് ശരി, എന്താണ് തെറ്റ് എന്ന് തീരുമാനിക്കുന്നത് നീതിയാണ്.

## 8.8 ശിക്ഷാ സിദ്ധാന്തങ്ങൾ

നമ്മുടെ സമൂഹത്തിലുള്ള വിവിധതരം നിയമങ്ങളെ നമുക്ക് മനസ്സിലാക്കാം .

- പ്രകൃതി നിയമം (Natural Law)
- ധാർമിക നിയമം (Moral Law)
- പൗര നിയമം (Civil Law)

പ്രകൃതി നിയമങ്ങൾ എന്താണെന്ന് നോക്കാം.

മുൻവർഷത്തിൽ ആഗമനത്തിന്റെ (induction) അംഗീകൃതതത്ത്വം (postulates) പഠിച്ചിരിക്കുമല്ലോ. അവ പ്രകൃതി നിയമങ്ങളാണ്. പ്രകൃതി നിയമങ്ങളുടെ ലംഘനം പ്രപഞ്ചത്തിന്റെ ക്രമത്തെ പ്രതികൂലമായി ബാധിക്കും. ഒരാൾക്കും പ്രകൃതിനിയമങ്ങളെ ലംഘിക്കുവാൻ സാധ്യമല്ല. ശ്വസിക്കാതെയും ഭക്ഷിക്കാതെയും നമുക്കു ജീവിക്കാനാവില്ല.

ധാർമിക നിയമം എന്താണെന്ന് നോക്കാം.

സമൂഹത്തോടും അവനവനോടുമുള്ള ധാർമിക ഉത്തരവാദിത്തത്തിൽ നിന്നാണ് ധാർമികനിയമം ഉത്ഭവിക്കുന്നത്. ഇതിന്റെ ലംഘനം ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മറ്റുള്ളവരെ ബഹുമാനിക്കുക, അനുമോദിക്കുക, അനുകമ്പ കാണിക്കുക എന്നിവയെല്ലാം സമൂഹത്തിലെ ആചാരങ്ങളാണ്. ഒരാൾ ഇതെല്ലാം ലംഘിക്കുകയാണെങ്കിൽ അയാൾ ശിക്ഷിക്കപ്പെടുമോ? ധാർമിക നിയമങ്ങൾ സാർവത്രികമാകണമെന്നില്ല. കാരണം ഓരോ സമൂഹത്തിലെയും ആചാരങ്ങൾ വ്യത്യസ്തമാണ്.

പൗര നിയമം എന്താണെന്ന് നോക്കാം.

ഒരു സമൂഹത്തിലെ അംഗങ്ങളുടെ സുഗമവും സമാധാനപരവും ഐക്യത്തോടെയും ഉള്ള ജീവിതത്തിനായി മനുഷ്യൻ സൃഷ്ടിച്ചതാണ് പൗര നിയമം. എല്ലാവരും പൗര നിയമം നിർബന്ധമായും പാലിച്ചിരിക്കണം. പൗര നിയമം ലംഘിക്കുന്നവർക്ക് ശിക്ഷ അല്ലെങ്കിൽ പിഴ ലഭിക്കുന്നതായിരിക്കും.

എന്താണ് ശിക്ഷ?

നിയമം തെറ്റിക്കുമ്പോഴോ തെറ്റ് ചെയ്യുമ്പോഴോ ഒരാൾക്കുമേൽ ചുമത്തുന്ന പിഴയാണ് ശിക്ഷ.


ശിക്ഷക്ക് ന്യായീകരണം ആവശ്യമാണ്. തത്ത്വചിന്തകർ ശിക്ഷയുടെ

ന്യായീകരണത്തിന് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. ശിക്ഷയുടെ ന്യായീകരണമെന്നനിലയിൽ വിവിധ ശിക്ഷാ സിദ്ധാന്തങ്ങൾക്ക് (Theories of Punishment) അവർ രൂപം നൽകിയിട്ടുണ്ട്. അവയാണ്:

- പിൻതിരിപ്പിക്കൽ സിദ്ധാന്തം (Deterent Theory)
- പ്രതികാര സിദ്ധാന്തം (Retributive Theory)
- നവീകരണ സിദ്ധാന്തം (Reformatory Theory)

### പിൻതിരിപ്പിക്കൽ സിദ്ധാന്തം

പിൻതിരിപ്പിക്കൽ സിദ്ധാന്തത്തിന്റെ സ്ഥാപകൻ ജെ. ബെന്താം ആണ്. ശിക്ഷ നൽകുന്നതിന്റെ പ്രധാന ലക്ഷ്യം കുറ്റം ചെയ്യുന്നത് തടയുക എന്നതായിരിക്കണം എന്നാണ് ബെന്താം പറയുന്നത്. ഭാവിയിൽ ആരും സമാനമായ കുറ്റം ചെയ്യരുത് എന്നതാവണം ശിക്ഷ നൽകുന്നതിന്റെ ലക്ഷ്യം. ഒരു കുറ്റവാളിയെ ശിക്ഷിക്കാതെ വിടുമ്പോൾ അത് കുറ്റവാളിക്ക് മാത്രമല്ല മറ്റുള്ളവർക്കും അതേ കുറ്റം ചെയ്യാനുള്ള അവസരം തുറന്നു കൊടുക്കലാണ്. ഈ സാഹചര്യത്തിലാണ് അദ്ദേഹം പിൻതിരിപ്പിക്കൽ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നത്. ഈ സിദ്ധാന്തം പറയുന്നത് ശിക്ഷ നൽകുന്നതിന്റെ പ്രധാന ലക്ഷ്യം ഭാവിയിൽ അതേ കുറ്റം കുറ്റവാളിയോ മറ്റുള്ളവരോ ആവർത്തിക്കാതിരിക്കാൻ വേണ്ടി കുറ്റവാളികളുടെ മനസ്സിൽ ഭയം ഉളവാക്കുക എന്നതാണ്. ഈ സിദ്ധാന്തം വധശിക്ഷയെ ന്യായീകരിക്കുന്നു.



ജെ. ബെന്താം

**നമുക്ക് പരിശോധിക്കാം**

ഭയപ്പെടുത്തൽ സിദ്ധാന്തം ആരെയാണ് ലക്ഷ്യമിടുന്നത്. കുറ്റവാളിയെയോ? സമൂഹത്തിനെയോ? ഒരു സംവാദം സംഘടിപ്പിക്കുക.

### പ്രതികാര സിദ്ധാന്തം

ഹമ്മുറാബിയുടെ നിയമത്തിൽ 'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്ന് പറയുന്നുണ്ട്. ഈ പ്രാചീനശിക്ഷാനിയമത്തിന് വ്യാഖ്യാനം നൽകാമോ?

ആധുനിക ശിക്ഷാ സിദ്ധാന്തമായ പ്രതികാര സിദ്ധാന്തം മുകളിൽ പറഞ്ഞ നിയമവുമായി സാമ്യമുണ്ട്. പ്രതികാര സിദ്ധാന്തത്തിന്റെ ന്യായീകരണം ഇങ്ങനെയാണ്, കുറ്റം ചെയ്യപ്പെട്ടിട്ടുണ്ട് എങ്കിൽ കുറ്റവാളി അതിനുള്ള ശിക്ഷ അർഹിക്കുന്നു.

**നമുക്ക് മനസ്സിലാക്കാം**

കാന്റ് (Kant) ഒരു പ്രസിദ്ധമായ ഖണ്ഡികയിൽ പറയുന്നു, കോടതി ശിക്ഷ വിധിക്കുന്നത് കുറ്റവാളിക്കോ സമൂഹത്തിലെ മറ്റു പൗരന്മാർക്കോ ലഭിക്കുന്ന ഗുണം മാത്രം പരിഗണിച്ചു കൊണ്ടാവരുത് പകരം, കുറ്റവാളി ഒരു കുറ്റം ചെയ്തു എന്നതു മാത്രം പരിഗണിച്ചു കൊണ്ടാവണം. മറ്റാർക്കെങ്കിലും ഗുണം ലഭിക്കാനുള്ള മാർഗത്തിനു മാത്രമായി ഒരിക്കലും ഒരാളെ ദുരുപയോഗം ചെയ്യരുത്. ശിക്ഷ നൽകുന്നതുകൊണ്ട് കുറ്റവാളിക്കോ സമൂഹത്തിലെ മറ്റ് പൗരന്മാർക്കോ ലഭിക്കുവാൻ പോകുന്ന ഗുണം പരിഗണിക്കുന്നതിനുമുമ്പ് കുറ്റവാളി ശിക്ഷ അർഹിക്കുന്നു എന്നതിനാവണം പ്രഥമ പരിഗണന നൽകേണ്ടത്.

കാന്റ് പറയുന്നു പ്രതികാരം എന്നു പറയുന്നത് ശിക്ഷയുടെ അത്യാവശ്യ ഘടകം മാത്രമല്ല, മതിയായ ഘടകവുമാണ്. തെറ്റ് ചെയ്യുന്നവർ ശിക്ഷിക്കപ്പെടണം എന്നും, നല്ലത് ചെയ്യുന്നവർ ആദരിക്കപ്പെടണം എന്നും സ്വാഭാവികമായി എല്ലാ മനുഷ്യരും ചിന്തിക്കുന്ന കാര്യമാണ്. ഈ അർഥത്തിൽ നോക്കുകയാണെങ്കിൽ പ്രതികാരം എന്നത് സ്വാഭാവിക ന്യായീകരണം ആണെന്ന് പറയാം.

പ്രതികാര സിദ്ധാന്തവുമായി ബന്ധപ്പെട്ട ലേഖനം, ചിത്രങ്ങൾ, പത്രക്കുറിപ്പ് എന്നിവ ശേഖരിക്കുക.

## നവീകരണ സിദ്ധാന്തം

നവീകരണ സിദ്ധാന്തം പറയുന്നത് ശിക്ഷ നൽകുന്നതിന്റെ പ്രധാന ലക്ഷ്യം കുറ്റവാളിയുടെ സ്വഭാവത്തിന്റെ ഗുണകരമായ മാറ്റമാണ്. തുറന്ന ജയിൽ എന്ന പുതിയ ആശയം ഈ സിദ്ധാന്തത്തെ ന്യായീകരിക്കുന്നു.

**നമുക്ക് മനസ്സിലാക്കാം**

**ഴാങ്ഷാൻ ഷെനെയുടെ കഥ**

ഗുരുതരകുറ്റത്തിന് യുവാവായ ഷെനെ ജയിലിലായി. ഴാങ് പോൾ സാർത്രെയുടെ (Jean Paul Satre) നിരന്തര സന്ദർശനത്തിന്റെയും ഉദ്ബോധനത്തിന്റെയും ഫലമായി ഷെനെയുടെ വ്യക്തിത്വത്തിൽ ഗുണകരമായ മാറ്റം ഉണ്ടാവുകയും, പിന്നീട് ലോകപ്രശസ്ത നാടക എഴുത്തുകാരിൽ ഒരാളായി മാറുകയും ചെയ്തു.

### നമുക്ക് മനസ്സിലാക്കാം

തുറന്ന ജയിൽ (open jail) എന്നത് മിതമായ സുരക്ഷാസംവിധാനങ്ങളുള്ള ജയിലാണ്. നല്ല പെരുമാറ്റവും, ജയിൽ നിയമങ്ങൾ ശരിയായി പാലിക്കുന്നവരുമായ തടവുകാരെ മാത്രമേ ഇത്തരം ജയിലിൽ പ്രവേശിപ്പിക്കുകയുള്ളൂ. 14 സംസ്ഥാനങ്ങളിൽ തുറന്ന ജയിൽ പ്രവർത്തിക്കുന്നുണ്ട്. രാജസ്ഥാനിലാണ് ഏറ്റവും കൂടുതൽ തുറന്ന ജയിൽ ഉള്ളത് ( 23 എണ്ണം ). കേന്ദ്രഭരണ പ്രദേശങ്ങളിൽ തുറന്ന ജയിലുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതീവ സുരക്ഷാ ക്രമീകരണങ്ങൾ ഉള്ള ജയിലിലാണ് പ്രത്യേക ജയിൽ (special jail). തീവ്രവാദികൾ, കലാപകാരികൾ, അക്രമകാരികൾ തുടങ്ങിയവരെയാണ് പ്രത്യേക ജയിലിൽ പ്രവേശിപ്പിക്കുന്നത്. പ്രത്യേക ജയിലിൽ കഴിയുന്ന കുറ്റവാളികളെ താഴെപറയുന്ന രീതിയിൽ തരംതിരിക്കാം:

- ഗൗരവമായ ജയിൽ അച്ചടക്കലംഘനം നടത്തുന്ന കുറ്റവാളികൾ
- പ്രകോപനപരവും അക്രമവാസനയും ഉള്ള കുറ്റവാളികൾ
- പതിവായി കുറ്റകൃത്യം ചെയ്യുന്നവർ
- കുറ്റകൃത്യം തൊഴിലാക്കിയ സംഘടിത കുറ്റവാളികൾ

ഏറ്റവും കൂടുതൽ പ്രത്യേക ജയിൽ ഉള്ളത് കേരളത്തിലാണ് (9 എണ്ണം). തമിഴ്നാട്, പശ്ചിമബംഗാൾ, ഗുജറാത്ത്, കേരളം, ആസാം, കർണാടക എന്നീ സംസ്ഥാനങ്ങളിലെ പ്രത്യേക ജയിലുകളിൽ സ്ത്രീകൾക്ക് പ്രത്യേകം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചവയെല്ലാം ശിക്ഷാവിഭാഗത്തിലെ ചില പരീക്ഷണാനുഭവങ്ങളാണ്. ഈ രീതികളെല്ലാം പുനരധിവാസ സിദ്ധാന്തവും നവീകരണ സിദ്ധാന്തവും അടിസ്ഥാനമാക്കിയുള്ളതാണ്. ഈ സിദ്ധാന്തം പറയുന്നത് കുറ്റവാളികളെ ശിക്ഷിക്കുന്നതിലൂടെ അവൻ തെറ്റു മനസ്സിലാക്കുകയും അത് തിരുത്തുകയും ചെയ്യുമെന്നാണ്. കുറ്റവാളികളെ ചികിത്സിക്കുക എന്നതുമായി യോജിച്ചു പോകുന്നതാണ് ഈ സിദ്ധാന്തം. മനശ്ശാസ്ത്രജ്ഞർ, സാമൂഹ്യശാസ്ത്രജ്ഞർ, കുറ്റകൃത്യശാസ്ത്രജ്ഞന്മാർ, ക്രിമിനോളജിസ്റ്റുകൾ, നരവംശശാസ്ത്രജ്ഞർ എന്നിവർ പുനരധിവാസ സിദ്ധാന്തത്തെ പിന്തുണയ്ക്കുന്നു. മനശ്ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ കുറ്റവാളികൾ എല്ലാവരും രോഗികളാണ്. അവർക്ക് ചികിത്സ നൽകി അത് ഭേദമാക്കുകയാണ് വേണ്ടത്. ഭൂരിഭാഗം കുറ്റകൃത്യശാസ്ത്രജ്ഞരും ശിക്ഷയെ കുറ്റവാളികൾക്കുള്ള വിദ്യാഭ്യാസമായാണ് കാണുന്നത്. സാമൂഹ്യശാസ്ത്രജ്ഞരുടെ കാഴ്ചപ്പാടിൽ സാമൂഹിക സാഹചര്യങ്ങളാണ് ഒരാളെ കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് കുറ്റവാളികളോടൊപ്പം സമൂഹത്തെയും പരിഷ്ക്കരിക്കേണ്ടതാണ്. അടുത്തകാലത്തായി വളരെ പ്രചാരത്തിലുള്ള സിദ്ധാന്തമാണിത്.

➤ 'ശിക്ഷ ആഗോളതലത്തിൽ' എന്ന വിഷയത്തിന്റെ ഒരു ചാർട്ട് തയാറാക്കി, ശിക്ഷാസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുക.

## നമുക്ക് പരിശോധിക്കാം

| ഞാൻ മനസ്സിലാക്കിയ ആശയങ്ങൾ | ഒരു വലിയ പരിധി വരെ ആവശ്യമാണ് | ഒരു കുറഞ്ഞ പരിധി വരെ | കൂടുതൽ സഹായം ആവശ്യമുണ്ട് |
|---|---|---|---|
| • ശരിയും തെറ്റും | | | |
| • സ്വതന്ത്ര ഇച്ഛ | | | |
| • ഇച്ഛാനിർണയനിഷേധവാദം | | | |
| • അവകാശങ്ങളും ചുമതലകളും | | | |
| • ഗുണവും ദോഷവും | | | |
| • പ്ലേറ്റോയുടെ മൗലിക ഗുണങ്ങൾ | | | |
| • ശിക്ഷാസിദ്ധാന്തങ്ങൾ | | | |
| • നൈതിക തത്ത്വചിന്തയും ധാർമികതയും | | | |

## സംഗ്രഹം

- നൈതിക തത്ത്വചിന്തയോടുള്ള വിവിധ നിലപാടുകളും സമീപനങ്ങളും ഈ അധ്യായം ചർച്ച ചെയ്യുന്നു.
- ശരി, തെറ്റ്, സ്വതന്ത്ര ഇച്ഛ എന്നിവയെക്കുറിച്ച് കുട്ടികളിൽ ഒരു അവബോധം ഉണ്ടാക്കുന്നു.
- സ്വഭാവവും പെരുമാറ്റവും, ധാർമികതയും നീതിശാസ്ത്രവും, നല്ലതും ചീത്തയും, ഇച്ഛയുടെ സ്വാതന്ത്ര്യം. ഇച്ഛാനിർണ്ണയനിഷേധവാദം, അവകാശങ്ങളും ചുമതലകളും, പ്ലേറ്റോയുടെ മൗലിക ഗുണങ്ങൾ, ശിക്ഷാസിദ്ധാന്തങ്ങൾ തുടങ്ങിയ ആശയങ്ങൾ തത്ത്വശാസ്ത്ര പഠനത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

## നമുക്ക് വിലയിരുത്താം

1. Ethos (എത്തോസ്) എന്ന പദത്തിന്റെ അർഥം ....................... ആണ്.
   (ആചാരം, ചിന്ത, പ്രവർത്തി, വികാരം)
2. Right എന്ന പദം ലാറ്റിൻ പദമായ Rectus ൽ നിന്നാണ് വന്നത്. ഇതിന്റെ അർഥം ............................. അല്ലെങ്കിൽ ................... ആണ്.
3. എന്താണ് ഒരാളെ ശിക്ഷക്ക് വിധേയനാക്കുന്നത്?
4. 'മനുഷ്യൻ ചിന്തിക്കുന്ന ജീവി മാത്രമല്ല സദാചാര ജീവി കൂടിയാണ്'. ഈ ആശയവുമായി നിങ്ങൾ യോജിക്കുന്നുണ്ടോ?
5. ജീവിതത്തിൽ നൈതിക തത്ത്വചിന്തയ്ക്ക് എത്രത്തോളം പ്രസക്തിയുണ്ട്?
6. നൈതിക തത്ത്വചിന്തയുടെ വിവിധ തത്ത്വങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ ചിന്ത എന്താണ്?
7. അവകാശങ്ങളും ചുമതലകളും പരസ്പരബന്ധിതമാണ്. ഉദാഹരിക്കുക.
8. പ്ലേറ്റോയുടെ മൗലിക ഗുണങ്ങളെ പട്ടികപ്പെടുത്തുക.
9. ഇച്ഛാസ്വാതന്ത്ര്യ നിഷേധവാദം, ഇച്ഛാസ്വാതന്ത്ര്യം ഇവ തമ്മിൽ താരതമ്യം ചെയ്ത് വ്യത്യാസം കാണുക.
10. ചുമതലകളെയും ഉത്തരവാദിത്തത്തെയും നിങ്ങളെങ്ങനെ വേർതിരിക്കുന്നു?
11. പരസ്പര വിശ്വാസമാണ് സൗഹൃദത്തിന്റെ അടിസ്ഥാനം. ചർച്ച ചെയ്യുക.
12. വധശിക്ഷ ന്യായീകരിക്കത്തക്കതാണോ?

# 9 പ്രയുക്ത നൈതിക തത്ത്വചിന്ത

### പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- പ്രയുക്ത നൈതിക തത്ത്വചിന്തയുടെ പ്രാധാന്യം കണ്ടെത്തുന്നു.
- പല തൊഴിൽ മേഖലകളിലും പിൻതുടരുന്ന വ്യത്യസ്തമായ നൈതികതയുടെ തലങ്ങൾ തിട്ടപ്പെടുത്തുന്നു.
- തൊഴിലിൽ ധാർമികതയുടെ പ്രാധാന്യം അവലോകനം ചെയ്ത് അനുമാനങ്ങളിൽ എത്തുന്നു.
- സൈബർ ലോകത്തെ നൈതികതയുടെ തലത്തെ വിലയിരുത്തുന്നു.
- പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- ഇലക്ട്രോണിക്ക് മാലിന്യത്തിന്റെ ദൂഷ്യഫലങ്ങളെ അവലോകനം ചെയ്ത് ഉപസംഹരിക്കുന്നു.

B7H4L6

### പ്രധാനാശയങ്ങൾ

9.1 : പ്രയുക്ത നൈതികതയുടെ സാധ്യത

9.2 : ബയോ എത്തിക്സ്

9.3 : തൊഴിൽ നൈതികത

- നിയമ നീതിശാസ്ത്രം
- അധ്യാപക വിദ്യാർഥി ധാർമികത
- വൈദ്യശാസ്ത്രത്തിലെ നൈതികത
- വ്യവഹാര നീതിശാസ്ത്രം

9.4 : സൈബർ എത്തിക്സ്

9.5 : പരിസ്ഥിതി സംബന്ധിയായ നീതിശാസ്ത്രം

9.6 : ഇ-വേസ്റ്റ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ

## ആമുഖം

ഈ പാഠഭാഗം ദൈനംദിന ജീവിതത്തിലെ തൊഴിൽമേഖലകളിലും സൈബർ ലോകത്തും മറ്റും ഉയർന്നു വരുന്ന നീതിസംബന്ധിയായ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

## 9.1 പ്രയുക്ത നൈതിക തത്ത്വചിന്തയുടെ സാധ്യതകൾ

ചിത്രം നിരീക്ഷിക്കുക

നമുക്ക് കീടനാശിനികൾ ആവശ്യമുണ്ടോ?



*കീടനാശിനി ഉപയോഗത്തിന്റെ ഇര*

കർഷകർ പറയുന്നു, വിളകൾ സംരക്ഷിക്കാൻ കീടനാശിനികൾ ആവശ്യമാണെന്ന്.

ഉപഭോക്താക്കൾ പറയുന്നു, തലമുറയെ സംരക്ഷിക്കാൻ കീടനാശിനി വിമുക്ത വിളകൾ അനിവാര്യമാണെന്ന്.

പരിസ്ഥിതിവാദികൾ പറയുന്നു, കീടനാശിനികളുടെ പ്രയോഗം ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നുവെന്ന്.

കീടനാശിനികൾ ഉപയോഗിക്കണോ വേണ്ടയോ എന്നത് സങ്കീർണമായ ഒരു സ്ഥിതിവിശേഷമാണ്. നമുക്ക് ആഹാരവും ആരോഗ്യവും ആവശ്യമാണ്. എന്നാൽ പ്രകൃതിയെ സംരക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്. ഇത്തരം പ്രശ്നങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നു.

ഈ ചോദ്യങ്ങൾക്ക് ആരുത്തരം നൽകും? ആരെയാണിത് ബാധിക്കുന്നത്?

- ഉപഭോക്താവ്
- കർഷകൻ

തത്ത്വചിന്തയിൽ ഈ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു മേഖലയുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തത്ത്വശാസ്ത്രമേഖലയെപ്പറ്റി നമുക്ക് ചർച്ച ചെയ്യാം. ഇവയെല്ലാം നീതിസംബന്ധിയായ പ്രശ്നങ്ങളാണ്. നിങ്ങൾക്കറിയാവുന്നപോലെ നീതി എന്ന് പറയുന്നത് ശരിയായ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത സമയത്തെ പൊതുവായി കരുതപ്പെടുന്ന ശരി തെറ്റുകളെയാണ് ഇതിൽ പ്രതിപാദിക്കുന്നത്.

എന്നാൽ പരമ്പരാഗത രീതികളും മാറുന്ന മൂല്യങ്ങളും തമ്മിൽ സംഘട്ടനം നടക്കുന്നുണ്ട്. വർത്തമാന നീതിശാസ്ത്രം പരമ്പരാഗത സമ്പ്രദായത്തിലെ അനിവാര്യമായവയെ കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നു. അതിനോടൊപ്പം, മാറുന്ന കാലത്തിനൊപ്പം മൂല്യങ്ങൾക്കും മാറ്റം വരുന്നു. ഏവർക്കും അറിയാവുന്ന പോലെ, നമ്മൾ ജീവിക്കുന്നത് ശാസ്ത്രസാങ്കേതികരംഗത്ത് അതുല്യമായ പുരോഗതി നേടിയ ഒരു ലോകത്താണ്. എന്നാൽ നമുക്കറിയാം, ഇത്തരത്തിലുള്ള ഓരോ പുരോഗതിയും ചില ധാർമിക ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ഈ ചോദ്യങ്ങൾ എല്ലാം അടിയന്തിര ശ്രദ്ധ ആവശ്യപ്പെ

ടുന്നവയാണ്. ഇവയിൽ പലതും മനുഷ്യന്റെ ഇന്നത്തെയും വരും കാലങ്ങളിലെയും നിലനിൽപ്പിനെ വെല്ലുവിളിക്കുന്നു എന്നതാണ് കാരണം.


ഈ സാഹചര്യത്തിൽ, ധാർമികതയുടെ പ്രയോഗം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ധാർമിക തത്ത്വങ്ങൾ യഥാർഥ ജീവിതത്തിൽ പ്രയോഗിക്കാനുള്ള ഒരു ശ്രമമാണ് പ്രായോഗിക നീതിശാസ്ത്രം. വ്യക്തിജീവിതത്തിലും തൊഴിലിലും സാങ്കേതികവിദ്യയിലും മറ്റും ഉയർന്നുവരുന്ന ധാർമിക പ്രശ്നങ്ങൾ, വ്യവഹാരങ്ങൾ, നയങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ശാഖയാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് ഇത് വികസിച്ചത്. ആളുകൾ എങ്ങനെ പെരുമാറണം എന്നു നിഷ്കർഷിക്കുന്ന നിയമപരമായ നൈതീക തത്ത്വചിന്ത നിന്നും പ്രായോഗിക നീതിശാസ്ത്രം വ്യത്യസ്തമാണ്. ധാർമിക പ്രസ്താവനകളെക്കുറിച്ച് പ്രതിപാദിക്കുന്ന മെറ്റാ എത്തിക്സിൽ നിന്നും ഇത് വിഭിന്നമാണ്. പ്രായോഗിക നീതിശാസ്ത്രം എന്ന പദം മനുഷ്യജീവിതത്തിലെ പല മേഖലകളിലെയും ധാർമികമായ പ്രവർത്തനരീതി കണ്ടുപിടിക്കാൻ വേണ്ട മാർഗങ്ങൾ അറിയാനായി ഉപയോഗിക്കുന്നു.





മരങ്ങൾ വെട്ടിമുറിക്കുന്നത് ഉരുൾപൊട്ടലിലേയ്ക്ക് നയിക്കുന്നു.





വായു മലിനീകരണം ഓസോൺ പാളിയെ നശിപ്പിക്കുന്നു.

## 9.2 ബയോ എത്തിക്സ്

പ്രയുക്ത നൈതിക തത്ത്വചിന്തയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബയോ എത്തിക്സ് സിദ്ധാന്തവും പ്രയോഗവും തമ്മിൽ ബന്ധിപ്പിക്കുന്നു. വൈദ്യശാസ്ത്രം, വ്യവഹാരം, തൊഴിൽ, നിയമം, പ്രകൃതി, സാങ്കേതികവിദ്യ, സൈബർ എത്തിക്സ് മുതലായ എല്ലാ മേഖലകളിലും പ്രയോഗിക നീതിശാസ്ത്രം ഇടം നേടിയിട്ടുണ്ട്. പ്രയുക്ത നൈതിക തത്ത്വചിന്തയിലെ

പ്രശ്നങ്ങളെ വികസിപ്പിക്കുകയും വ്യക്തത നൽകുകയും വഴി മെച്ചപ്പെട്ട തിരഞ്ഞെടുപ്പു നടത്താനും, അതുവഴി നമ്മുടെ ജീവിതത്തെയും സമൂഹത്തെയും മെച്ചപ്പെടുത്താനും സാധിക്കും.

സാങ്കേതികവിദ്യയിലെ പ്രധാന സംഘട്ടന മേഖലകളെയും മനുഷ്യമൂല്യങ്ങളായ ജീവിതം, മരണം, ആരോഗ്യരംഗത്തെ ക്ലോണിങ്, മാധ്യമം, വിതരണം മുതലായ തലങ്ങളെയും ബയോ എത്തിക്സിലെ വിഷയങ്ങൾ പ്രതിപാദിക്കുന്നു. പ്രയുക്ത നൈതിക തത്ത്വചിന്തയിലെ മേഖലകളായ തൊഴിൽ നൈതികത, മെഡിക്കൽ എത്തിക്സ്, നിയമ നീതിശാസ്ത്രം, ബിസിനസ് എത്തിക്, പരിസ്ഥിതി നൈതികത മുതലായവയിലെ പുതിയ ധാർമികമായ സങ്കീർണതകൾക്ക് ജനശ്രദ്ധ എല്ലാ തലങ്ങളിലും ലഭിക്കുന്നുണ്ട്. ഈ യൂണിറ്റ് പ്രായോഗിക നീതിശാസ്ത്രത്തിലെ ഈ മേഖലകളെ പ്രതിപാദിക്കുന്നു.

**നമുക്ക് പരിശോധിക്കാം**

പ്രയുക്ത നൈതിക തത്ത്വചിന്തയിലെ വിവിധ മേഖലകളെക്കുറിച്ചും ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

..........................................................................................................

## 9.3. തൊഴിൽ നൈതികത

ഏതൊക്കെ തൊഴിലുകളെക്കുറിച്ചാണ് നിങ്ങൾക്കറിയാവുന്നത്?

- 
- 

നിങ്ങൾക്ക് ആരാകാനാണ് ആഗ്രഹം?

- 
- 

നിങ്ങൾ ആഗ്രഹിക്കുന്ന തൊഴിലിനു വേണ്ട ഗുണഗണങ്ങൾ എന്തൊക്കെയാണ്?

- 
- 
- 

ഒരു ഉദ്യോഗസ്ഥൻ പല സങ്കീർണതകളും അഭിമുഖീകരിക്കുന്നു. മനുഷ്യന്റെ സഹജമായ വാസന അവയൊക്കെ ഒഴിവാക്കുക എന്നതാണ്. എല്ലാ തൊഴിലുകളിലും ധാർമിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രവർത്തിക്കണോ വേണ്ടയോ എന്ന ആശങ്കകൾ എല്ലാ തൊഴിലിലും ഉണ്ട്. ഇവയൊക്കെ

ശരിക്കും വെല്ലുവിളികളാണ്. ഈ വെല്ലുവിളികളെ നമുക്ക് എങ്ങനെ തരണം ചെയ്യാം? എല്ലാ തൊഴിലുകളിലും ഇത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഇതിനൊരു പരിഹാരമെന്നോണം ഉദ്യോഗസ്ഥരുടെ ഇടയിൽ ഒരു പെരുമാറ്റച്ചട്ടം ഉണ്ടായിരിക്കണം. നൈതികതയുടെ ഈ ചട്ടങ്ങൾ ആരു നിർമിക്കും?

- ഉദ്യോഗസ്ഥർ സ്വയം നിർമിക്കും
- സാധാരണക്കാരൻ
- ഗവൺമെന്റ്

തൊഴിൽ നൈതികത പല തൊഴിലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ പ്രതിപാദിക്കുന്നു. ഒരു നിശ്ചിത തൊഴിലിലെ അംഗങ്ങളുടെ പ്രവൃത്തിയെ നിശ്ചയിക്കുന്ന നിശ്ചിത നിയമാവലികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥർക്ക് അവരുടെ മേഖലയിൽ അറിവും നൈപുണിയും ഉണ്ട്. സാധാരണ ജനങ്ങൾക്ക് തീരുമാനം എടുക്കാൻ പറ്റാത്ത സാഹചര്യങ്ങളിലും ഉദ്യോഗസ്ഥർ തീർപ്പ് കൽപ്പിക്കുകയും സ്വന്തം നൈപുണികൾ പ്രയോഗിക്കുകയും ശരിയായ തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. എന്നിരുന്നാലും തൊഴിൽ മേഖലയിൽ ചില പ്രശ്നങ്ങൾ ഉടലെടുക്കുന്നു. അതിനാൽ നിയമാവലികൾ നിലനിൽക്കുന്നു.

തൊഴിലുകളിലെ പ്രശ്നങ്ങളിലേയ്ക്കു കടക്കുന്നതിനു മുമ്പ്, നമുക്ക് ഇവയെക്കുറിച്ച് ചിന്തിക്കാം.

- എന്താണ് തൊഴിൽ?
- ആരാണ് തൊഴിലാളി/ഉദ്യോഗസ്ഥൻ?

ഒരു തൊഴിലിൽ ചില പ്രത്യേക നൈപുണികൾ സമ്പാദിച്ചവരും ഒരു ശരാശരി വ്യക്തിയയെക്കാൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ പറ്റുന്ന ഒരു കൂട്ടം വ്യക്തികളുമാണുള്ളത്. തൊഴിൽ ഒരു ജീവനോപാധിയാണ്. ഇത് ഒരാളെ സുഖമായി ജീവിക്കാനും അയാളുടെ തൊഴിൽ നന്നായി കൈകാര്യം ചെയ്യാനും വേണ്ട ഉപകരണങ്ങൾ സ്വായത്തമാക്കാനും സഹായിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ/തൊഴിലാളി ധനം ഉണ്ടാക്കുക എന്നതിലുപരി, ആരോഗ്യവും, അറിവും നല്ല നിയമങ്ങൾ എന്നിവ സമ്പാദിക്കാൻ ശ്രമിക്കുന്ന വ്യക്തിയാകണം.

തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങളിൽ ധാർമിക നിയമാവലികളാണ് വർഷങ്ങളായി മാർഗദർശികളായി വർത്തിക്കുന്നത്, പ്രത്യേകിച്ചു വൈദ്യശാസ്ത്രരംഗത്തും നിയമരംഗത്തും ഓരോ തൊഴിലിനും അതിന്റേതായ പ്രവർത്തന സങ്കീർണതകളുണ്ട്. മനുഷ്യവ്യവഹാരത്തിലെ ചില മേഖലകളിൽ നിയമം തൃപ്തികരമായി ഇടപെടുന്നില്ല. ഗ്രൂപ്പുകളുടെയും പൊതുജനത്തിന്റെയും സംരക്ഷണത്തിനുവേണ്ടി നിയമാവലികൾ വളരെ അനിവാര്യമാണ്.

തൊഴിൽ നൈതികതയുടെ നേട്ടങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

- സാമൂഹ്യ നിയന്ത്രണത്തിനുള്ള ഒരു പ്രധാന ഉപാധിയാണിത്
- ..........................................................
- ..........................................................

നമുക്ക് പരിചിതമായ തൊഴിലുകളും അവയിലെ നിയമാവലികളും ചർച്ച ചെയ്യാം.

## നിയമ നൈതിക തത്ത്വചിന്ത

'നിയമജ്ഞരാണ് സംസ്കാരത്തെ നയിക്കുന്നത്' എന്ന വാക്യത്തിൽ അൽപ്പം സത്യമുണ്ട്. ഈ വാക്യം സമൂഹത്തിൽ നിയമജ്ഞർക്കുള്ള പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. നിയമജ്ഞർ ഉണ്ടാക്കിയ പല നിയമങ്ങളും ഔപചാരികതകളും അനുസരിക്കാൻ നാം ബാധ്യസ്ഥരാണ്. നിയമ നൈതികത എന്നത് ധർമശാസ്ത്രത്തിന്റെ ഒരു ശാഖയാണ്. ഇതിൽ നിയമം തൊഴിലായിട്ടു ചെയ്യുന്ന വ്യക്തിക്ക് സമൂഹത്തോടും കോടതിയോടും, തൊഴിലിനോടുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും കടമയെക്കുറിച്ചും പ്രതിപാദിക്കുന്നു.

നിയമം തൊഴിലായി ഏറ്റെടുത്തവർ പിൻതുടരേണ്ട നിയമതത്ത്വങ്ങളെ ചർച്ച ചെയ്യാം.

- ഒരു നിയമജ്ഞന്റെ പ്രധാന കർത്തവ്യം നീതി നടപ്പാക്കുക എന്താണ്.
- വസ്തുതകളെ മറച്ചുവയ്ക്കുന്നതും സാക്ഷികളെ ഒഴിപ്പിക്കുന്നതും അപലപനീയമാണ്.
- ഒരു നിയമജ്ഞൻ തന്റെ വാദികളുമായി വിധിയെക്കുറിച്ചുള്ള ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കണം.
- മാന്യമായ ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ.
- 
- 
- 

നിയമ നൈതികതയിൽ പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. നിയമജ്ഞരുടെ അതിപ്രസരം, ജഡ്ജിയും നിയമജ്ഞരും തമ്മിലുള്ള ബന്ധം മുതലായവയാണ് ചില പ്രശ്നങ്ങൾ. നൈതികതയുടെ നിയമാവലികൾ പ്രയോഗിക്കുക വഴി വസ്തുനിഷ്ഠമായി ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാം.

## അധ്യാപക വിദ്യാർഥി ബന്ധത്തിലെ നൈതികത

എപ്പോഴൊക്കെ സമൂഹത്തിൽ പ്രശ്നങ്ങൾ (ഉദാഹരണമായി യുദ്ധവും സമാധാനവും, തൊഴിൽ പ്രശ്നങ്ങൾ, വർഗീയ ലഹളകൾ തുടങ്ങിയവ) പ്രശ്നങ്ങൾ ഉണ്ടാകുന്നുവോ അപ്പോഴൊക്കെ വിദ്യാഭ്യാസമാണ് അതിനുള്ള പരിഹാരമായി എടുത്തു പറയപ്പെടുന്നത്. സമൂഹത്തിനു നൽകുന്ന വിദ്യാഭ്യാസത്തേക്കാൾ പ്രധാനമായിട്ടുള്ളത് ധാർമിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയാണ്.

വിദ്യാഭ്യാസം ആളുകളെ ഭാവിയെ ഉൾക്കാഴ്ചയോടെ നേരിടാനും വിശാലമായ കാഴ്ചപ്പാടുണ്ടാക്കാനും സഹനശേഷി വളർത്താനും പ്രാപ്തരാക്കുന്നു. അധ്യാപകർ അറിവു പകർന്നു നൽകുകയും, വിദ്യാർഥികൾ നല്ല മത്സരാർഥികളാകാൻ പരിശീലനം നേടുകയും ചെയ്യുന്നു. അധ്യാപകർ ഇപ്പോൾ മാർഗദർശകരും വഴികാട്ടികളുമാണ്. വിദ്യാർഥികളെ പലതരം നൈപുണികൾ ആർജിക്കാനായി അവർ സഹായിക്കുന്നു. അതിനാൽ അധ്യാപകരുടെ ധാർമികമായ ആദർശങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. ദീർഘനാളത്തെ കഷ്ടപ്പാടിന്റെ ഫലമായി അധ്യാപകർക്കായിട്ട് ഒരു ധാർമിക നിയമാവലി വികസിപ്പിച്ചെടുത്തിട്ടുണ്ട്. 1929-ലാണ് നാഷണൽ എഡ്യൂക്കേഷൻ അസ്സോസിയേഷൻ ഇത് ഏറ്റെടുത്തത്.

അധ്യാപകർക്കുള്ള നിയമാവലികളെപ്പറ്റി നമുക്ക് ചിന്തിക്കാം.


- നല്ല ധാർമിക സംസ്കാരം
- നല്ല വ്യക്തിശീലങ്ങൾ
- വിദ്യാഭ്യാസത്തിൽ മുന്നോട്ടു കുതിക്കുന്ന വിദ്യാർഥിയായിരിക്കുക

## വൈദ്യശാസ്ത്രത്തിലെ നൈതികത

ദൈർഘ്യമേറിയതും അഭിമാനകരവുമായ ചരിത്രമുള്ള ഒരു തൊഴിൽ മേഖലയാണ് വൈദ്യശാസ്ത്രത്തിന്റേത്. വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിന്റെ ആകെയുള്ള ആരോഗ്യത്തിന്റെ വർധനവും സംരക്ഷണവും വീണ്ടെടുക്കലുമാണ് വൈദ്യശാസ്ത്രത്തിന്റെ പ്രധാനലക്ഷ്യം. തൊഴിൽ വിഭാഗങ്ങളിൽ ഭിഷഗ്വരന്മാർക്കുള്ള സ്ഥാനം മുൻപന്തിയിലാണ്. ശാസ്ത്രജ്ഞാനത്തിന്റെയും നൈപുണിയുടെയും പുരോഗതി, ഗവേഷണവും പ്രസിദ്ധീകരണവും, ശുചീകരണത്തിലെ മെച്ചപ്പെടൽ, രോഗങ്ങൾ നിയന്ത്രിക്കാനുള്ള പ്രയത്നങ്ങൾ മുതലായവയെല്ലാം വൈദ്യശാസ്ത്രത്തിൽ ഉൾപ്പെടുന്നു. ജീവിതമൂല്യങ്ങളായ ജീവിതം, ദുരിതം, മരണം എന്നിവയുമായി വളരെ അടുത്ത ബന്ധം പുലർത്തുന്ന ഭിഷഗ്വരന്മാർക്ക് ധാർമിക മൂല്യങ്ങളെക്കുറിച്ച് കൂടുതൽ അവഗാഹം ഉണ്ടായിരിക്കാം. ഈ മേഖലയിൽ നൈതികനിയമാവലികൾക്ക് വളരെ പ്രാധാന്യമുണ്ട്.

## മെഡിക്കൽ എത്തിക്സ്

വൈദ്യശാസ്ത്രത്തിൽ ഇന്ത്യയ്ക്ക് ഒരു ചരിത്രമുണ്ട്. ഇന്ത്യൻ സംസ്കാരത്തിൽ ധർമമെന്നത് വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. ചാരകസംഹിത പ്രകാരം ധനത്തിനുവേണ്ടിയോ സറിരതയില്ലാതെയോ അല്ലാതെ ജീവികളോടു ദയയോടുകൂടി ആചരിക്കുന്നതാരോ അയാളാണ് ഭിഷഗ്വരൻമാരിൽ അത്യുത്തമൻ.



വൈദ്യശാസ്ത്ര രംഗത്തെ പ്രധാന പ്രശ്നങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

- വഞ്ചന, അശ്രദ്ധ, അസാന്മാർഗിക പരസ്യങ്ങൾ
- മരുന്നുകളുടെ വിവേകരഹിതമായ ഉപയോഗം
- രഹസ്യം, സ്വകാര്യത
- ചിലവേറിയ സാങ്കേതികവിദ്യയുടെ ഉപയോഗം
- അവയവം മാറ്റിവയ്ക്കലുമായി ബന്ധപെട്ട പ്രശ്നങ്ങൾ
- ജീവിക്കാനുള്ള അവകാശം
- ജനനനിയന്ത്രണം, ഗർഭനിരോധനം, ഗർഭച്ഛിദ്രം
- മുൻകൂർ ലിംഗനിർണയം, ശിശുഹത്യ
- പ്രത്യുൽപ്പാദന സാങ്കേതികവിദ്യ, കൃത്രിമ ബീജസങ്കലനം, ഐ.വി. എഫ്, എംബ്രിയോ ട്രാൻഫർ, സറൊഗേറ്റ് മദർ തുടങ്ങിയവ.

**ദയാവധം**

ഒരു രോഗിയും ഡോക്ടറും തമ്മിലുള്ള ബന്ധം ഒരു ഉടമ്പടി പോലെയാണ്. എപ്പോഴാണോ രോഗി വൈദ്യശുശ്രൂഷയ്ക്കായി വരുന്നത്, അപ്പോൾ മുതൽ ഉടമ്പടിക്ക് തുടക്കമാകുന്നു. ഡോക്ടർ ചികത്സിക്കാൻ സമ്മതം നൽകുതോടു കൂടി ഉടമ്പടി പ്രാബല്യത്തിൽ വരുന്നു. തന്റെ അറിവും നൈപുണികളും ഉപയോഗിച്ച് അദ്ദേഹം രോഗിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നു. ഈ ബന്ധത്തിൽ പാലിക്കേണ്ടവ:

- സ്വകാര്യത, രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുക
- രോഗിയും ഡോക്ടറും തമ്മിലുള്ള നല്ല ബന്ധം
- സത്യം പറയുക മുതലായവ

വൈദ്യശാസ്ത്രരംഗത്തിന്റെ പ്രധാനലക്ഷ്യം മനുഷ്യവർഗത്തിന് സേവനം ചെയ്യുക എന്നതാണ്. ഭിഷഗ്വരൻമാർ മറ്റുള്ളവരുടെ ദുരിതങ്ങൾ മാറ്റാനായി ജീവിതം സമർപ്പിക്കണം. അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ ഏത് അപേക്ഷയോടും അദ്ദേഹം പ്രതികരിക്കണം. അദ്ദേഹത്തിന്റെ ജോലി യുടെ നിലവാരത്തിന് യോജിച്ചതായിരിക്കണം അദ്ദേഹത്തിന്റെ പെരുമാറ്റം.

### ബിസിനസ്സ് എത്തിക്സ്


ഒരു ബിസിനസ്സിന്റെ പശ്ചാത്തലത്തിൽ ഉയർന്നു വരുന്ന ധാർമിക തത്ത്വ ങ്ങളെയും പ്രശ്നങ്ങളെയും നിരീക്ഷിക്കുന്ന പ്രയുക്ത നൈതിക തത്ത്വചി ന്തയുടെ ഒരു രൂപമാണ് ബിസിനസ് എത്തിക്. വ്യവഹാര പ്രവർത്തിയിലെ എല്ലാ വശങ്ങളെയും വ്യക്തികളുടെയും സ്ഥാപനത്തിന്റെയും പ്രവർത്തന ത്തെയും ഇത് കണക്കിലെടുക്കുന്നു.

ബിസിനസ് എത്തിക്സിന് നിയമാനുസൃതവും വിവരണാത്മകവുമായ വശ ങ്ങളുണ്ട്. ഒരു തൊഴിൽ കേന്ദ്രീകൃതമേഖല എന്ന നിലയിൽ ഈ മേഖല തികച്ചും നിയമാനുസൃതമാണ്. ബിസിനസ് എത്തിക്സിലൽ ഉണ്ടാകുന്ന ധാർമിക പ്രശ്നങ്ങളുടെ തോതും അളവും പ്രതിഫലിപ്പിക്കുന്നത് ലാഭം ഉയർത്തുന്ന പെരുമാറ്റ രീതിയും സാമ്പത്തികമല്ലാത്ത ബാധ്യതകളും തമ്മിലുള്ള ഇടപെടലുകളാണ്. 1980 കളിലും 90 കളിലും ബിസിനസ് എത്തി ക്സിലുള്ള താൽപര്യം നാടകീയമായി വർദ്ധിച്ചു. ഇന്ന് പല പ്രമുഖവ്യവ സായ കോർപ്പറേഷനുകളും സാമ്പത്തികമല്ലാത്ത മൂല്യങ്ങളെ ധാർമിക നിയമാവലികൾ, സാമൂഹ്യ ഉത്തരവാദിത്ത ചാർട്ടറുകൾ എന്ന തലക്കെട്ടിൽ അവയോടുള്ള ഉത്തരവാദിത്തം പ്രോൽസാഹിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ വ്യവഹാരത്തിലുള്ള പെരുമാറ്റരീതികൾ മെച്ചപ്പെടുത്താൻ സർക്കാർ തല ത്തിൽ നിയമങ്ങളും മാനദണ്ഡങ്ങളും ഉപയോഗിക്കുന്നുണ്ട്. ചുരുങ്ങിയ ബന്ധങ്ങളുള്ള വലിയ സ്ഥാപനത്തിന്റെ ഉൽപ്പത്തി ഫോർമൽ എത്തി ക്സിന്റെ വികാസത്തിന് ആക്കം കൂട്ടി.

## 9.4 സൈബർ എത്തിക്സ്

നിങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കാറുണ്ടോ? നിങ്ങൾക്ക് നെറ്റ് സൗകര്യമുള്ള ഒരു കമ്പ്യൂട്ടർ നൽകിയാൽ നിങ്ങൾ എന്തു ചെയ്യും?

- 
- 



നിങ്ങൾ ചാറ്റിങ് ആരംഭിച്ചു എന്നു സങ്കൽപ്പിക്കുക. ചാറ്റിങ്ങിൽ നിങ്ങൾ നിങ്ങളുടെ പെരുമാറ്റത്തെ എങ്ങനെ നിയന്ത്രിക്കും?

- മറ്റുള്ളവരെ ബഹുമാനിക്കണം
- താഴ്മയുള്ള വാക്കുകൾ ഉപയോഗിക്കണം
- 
- 

ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ സദാചാരമൂല്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ നമ്മൾ സൈബർ കുറ്റകൃത്യം ചെയ്തവരായി മാറുന്നു.

ഈ മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പക്ഷേ, സൈബർ ലോകത്ത് ജീവിക്കുന്ന നമുക്ക് ഇൻർനെറ്റിനെ ഒഴിവാക്കാൻ സാധിക്കില്ല. അറിവ് നിർമാണത്തിൽ ഇന്റർനെറ്റ് ഒരു വലിയ പങ്ക് വഹിക്കുന്നു. എന്നാൽ അതിനോടൊപ്പം സൈബർ കുറ്റകൃത്യം എന്ന പ്രശ്നം ഒരു വലിയ സാമൂഹ്യ വിപത്തായി മാറിയിരിക്കുന്നു. കുട്ടികളും യുവാക്കളുമാണ് സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും വ്യാപൃതരാകുന്നത്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ ക്രൈം എന്നു വിളിക്കുന്നത്.

ഇത് സൈബർ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, അവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോൺ, ലാന്റ് ഫോൺ, സെർവറുകൾ, സാങ്കേതികവിദ്യ തുടങ്ങിയവയാണ് സൈബർ സ്പേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിൽ നടത്തുന്ന ഏതൊരു കുറ്റവും സൈബർ കുറ്റകൃത്യമാണ്. ഈ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന മേഖലയാണ് സൈബർ എത്തിക്സ്.

ഇന്റർനെറ്റിൽ പാലിക്കേണ്ട നിയമാവലികളാണ് സൈബർ എത്തിക്സ്. ഓൺലൈൻ പെരുമാറ്റവുമായി ബന്ധമുള്ള നിയമങ്ങൾ അനുസരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. സൈബർ എത്തിക്സ് പാലിക്കുമ്പോൾ നിങ്ങൾക്ക് ആനന്ദകരവും സുരക്ഷിതവുമായ ഓൺലൈൻ അനുഭവം കൈവരുന്നു.

യുവാക്കളുടെ ഇടയിൽ ഇന്റർനെറ്റിന്റെ ഉപയോഗം വർദ്ധിച്ചതിനാൽ ഇന്റർനെറ്റിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും അറിവ് നൽകേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. സൈബർ സ്പേസിന്റെ വെബ്ബിൽ മറ്റുള്ളവരുമായി ഇടപഴകുമ്പോൾ വേണ്ട നൈതികവും നിയമപരവുമായ നിയമങ്ങളെക്കുറിച്ച് അറിവുള്ളവരാക്കി മാറ്റാൻ കഴിയും.

സൈബർ എത്തിക്സിലെ ചില പ്രശ്നങ്ങൾ നമുക്ക് മനസ്സിലാക്കാം

- **ഹാക്കിങ്, ക്രാക്കിങ്** – കമ്പ്യൂട്ടർ സിസ്റ്റത്തിലേക്കുള്ള അനധികൃതമായിട്ടുള്ള കടന്നു കയറ്റം
- **കമ്പ്യൂട്ടർ വൈറസ്സ്** – കമ്പ്യൂട്ടർ പ്രോഗ്രാമിലേക്കോ എല്ലാ വിവരങ്ങളിലുമുള്ള ഒരു ഫയലിലേക്കോ ഉള്ള കടന്നുകയറ്റം
- **സൈബർ ഭീകരവാദം** – രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് എതിരായി സാങ്കേതികവിദ്യയുടെ ഉപയോഗം
- **ഫിഷിങ്** – ഇൻർനെറ്റ് ഉപയോഗിച്ചു കൊണ്ട് വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ അറിയാൻ ശ്രമിക്കുക.
- **സൈബർ ബുള്ളിയിങ്**- വ്യക്തികളെ സാങ്കേതികവിദ്യയിലെ പല മാർഗങ്ങളും ഉപയോഗിച്ച് മനപ്പൂർവ്വം ശല്യപ്പെടുത്തുന്നതിനെയാണ് സൈബർ ബുള്ളിയിങ് എന്നു പറയുന്നത്.



**നമുക്ക് മനസ്സിലാക്കാം**

**സൈബർ ഫോറൻസിക്:** സാങ്കേതിക മേഖലയിൽ സൈബർ കുറ്റവാളികളെ കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന സംവിധാനം.

സൈബർ കുറ്റകൃത്യങ്ങളെ ഒഴിവാക്കാനുള്ള മാർഗങ്ങൾ എന്തൊക്കെയാണെന്ന് ചിന്തിക്കാം:

- കമ്പ്യൂട്ടർ വൈറസ്സുകളെ നശിപ്പിക്കാൻ കഴിവുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കുക
- ആവശ്യമുള്ള പക്ഷം ഇമെയിൽ പ്രസിദ്ധീകരിക്കുക

- അനാവശ്യമായ ഇമെയിലുകളോട് പ്രതികരിക്കാതിരിക്കുക
- രാജ്യത്തിനും വ്യക്തികൾക്കും എതിരായിട്ടുള്ള മെയിലുകൾ അവഗണിക്കുക
- 
- 
- 

യുവാക്കളെ ഇന്റർനെറ്റിന്റെ നൈതികവും നിയമപരവുമായ നിബന്ധനകളെക്കുറിച്ച് ബോധവാൻമാരാക്കുന്നതു വഴി നമുക്ക് സുരക്ഷിതവും ആനന്ദകരവും ആയിട്ടുള്ള ഒരു ഇൻർനെറ്റ് അനുഭവം സ്വായത്തമാക്കാം.

**നമുക്ക് പരിശോധിക്കാം**

'സൈബർ രംഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ നടത്തുക.

## 9.5 പരിസ്ഥിതി നൈതിക തത്ത്വചിന്ത





മനുഷ്യൻ പരിസ്ഥിതിയോടും പ്രകൃതിയോടും നീതി ചെയ്യുന്നതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ? അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

ഇനി നമുക്ക് താഴെ പറയുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാം.

- കാടുകൾ വെട്ടിത്തെളിക്കുന്നത് ഇനിയും തുടരേണ്ടതുണ്ടോ?
- മണ്ണിനെയും വെള്ളത്തിനെയും വായുവിനെയും മലിനമാക്കുന്നത് മുല്യങ്ങൾക്കെതിരാണോ?

- ഗാസൊലിൻ കൊണ്ട് പ്രവർത്തിക്കുന്ന വാഹനങ്ങൾ ഇനിയും നിർമി ക്കേണ്ടതുണ്ടോ?
- മൃഗങ്ങളെ ഉപദ്രവിക്കുന്നത് ധാർമികതയ്ക്കെതിരാണോ?

നമ്മൾ സാധനങ്ങൾ നിർമിക്കുന്നുണ്ട്. നമുക്ക് എയർകണ്ടീഷൻ ഇഷ്ടമാണ്, നമുക്ക് കാറ് ഓടിച്ചുപോകാൻ ഹൈവേകൾ ഇഷ്ടമാണ്. ജലസേചനത്തിനും വൈദ്യുതിക്കും നമുക്ക് ഡാമുകൾ ആവശ്യമാണ്. പ്ലാസ്റ്റിക്കും ഡിസ്പോസിബിൾ വസ്തുകളും നൽകുന്ന സൗകര്യങ്ങൾ നമ്മൾ ഇഷ്ടപ്പെടുന്നു. ഇവയൊന്നും തന്നെ വേണ്ടെന്നുവയ്ക്കാൻ നമുക്കാവില്ല. പക്ഷെ, ആവാസവ്യവസ്ഥയുടെ ഒരു ഭാഗം നശിക്കുമ്പോൾ അത് സംഭവ പരമ്പരയുടെ ഒരു ചങ്ങലപോലെ പ്രകൃതിയുടെ നാശത്തിനു വഴിവയ്ക്കുന്നു. ഈ സന്ദർഭത്തിൽ പ്രായോഗിക നൈതികതയുടെ ഭാഗമായ പരിസറിതി നൈതികതത്ത്വചിന്തയ്ക്ക് ഒരു പ്രധാനപങ്ക് വഹിക്കാനുണ്ട്. പരിസറിതി തത്ത്വശാസ്ത്രത്തിന്റെ (ecophiosophy) ഒരു ഭാഗമാണ് പരിസ്ഥിതി നൈതികത. ഇത് മറ്റു ലോകങ്ങളെയും പരിഗണിക്കുന്നുണ്ട്.

## പരിസ്ഥിതി തത്ത്വചിന്തകന്റെ പങ്ക്

കൃഷി ചെയ്യുമ്പോൾ

- ഒരു കർഷകന്റെ ലക്ഷ്യം പരമാവധി വിളകൾ ഉൽപ്പാദിപ്പിക്കുക എന്നതാണ്.
- ഒരു വിഭക്താവിന്റെ ലക്ഷ്യം സാധനങ്ങൾ വിറ്റഴിച്ച് കുറഞ്ഞ ആഘാതത്തിൽ പരമാവധി ലാഭം നേടുക എന്നതാണ്.
- വളവും കീടനാശിനികളും ഉത്പാദിപ്പിക്കുന്ന വ്യവസായങ്ങളുടെ ലക്ഷ്യം പരമാവധി സാധനങ്ങളുടെ നിർമാണവും വിതരണവുമാണ്.
- ഒരു ശാസ്ത്രജ്ഞന്റെ ലക്ഷ്യം പുതിയ സാങ്കേതികവിദ്യകൾ കണ്ടെത്തി നിർമാണത്തെ ത്വരിതപ്പെടുത്തുക എന്നതാണ്.
- ഒരു ഉപഭോക്താവിന്റെ ലക്ഷ്യം ആരോഗ്യകരവും വൃത്തിയുള്ളതുമായ സാധനങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക എന്നതാണ്.

മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട എല്ലാപേരും സമൂഹത്തിൽ നിലനിൽക്കുന്നു. എല്ലാപേരും അവരവരുടെ കാര്യങ്ങളിൽ ഉൽകണ്ഠയുള്ളവരാണ്.

- ഇതിന്റെയൊക്കെ പാരിസറിതിക ആഘാതമെന്താണ്?

ഇവിടെയാണ് ഒരു പരിസ്ഥിതി തത്ത്വചിന്തകന്റെ പ്രാധാന്യം. അദ്ദേഹം ഒരു ദീപയഷ്ടിവാഹകനെപ്പോലെ ബന്ധപ്പെട്ട മേഖലകളിലെ ആവശ്യക്കാരെ തൃപ്തിപ്പെടുത്തുന്നു.

ഉദാഹരണമായി, കാർഷികവൃത്തിയും ആഹാരവസ്തുക്കളുടെ ഉപഭോഗവും

എടുക്കുക. കർഷകർ, തൊഴിലാളികൾ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, വ്യവസായികൾ, വിൽപനക്കാർ, ഉപഭോക്താക്കൾ എന്നിവരാണ് ഇതിലുൾപ്പെടുന്നത്. കൂടുതൽ മേന്മ ജനാധിപത്യപരമായി കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കാനായി മെച്ചപ്പെട്ട ഒരു ബദൽ പദ്ധതി പരിസ്ഥിതി തത്ത്വചിന്തകർക്ക് നിർദ്ദേശിക്കാനാവും. ഒരു വിഭാഗത്തിന്റെ താൽപര്യങ്ങൾ മറ്റൊന്നുമായി സംഘട്ടനത്തിലാവാത്തവിധം തന്ത്രങ്ങൾ നിർദ്ദേശിക്കാൻ അദ്ദേഹത്തിന് കഴിയും. സസ്യലതാദികളുടെയും മൃഗങ്ങളുടെയും അജൈവമായ മറ്റു പ്രകൃതി വസ്തുക്കളുടെയും ഇടയിലാണ് നമ്മൾ ജീവിക്കുന്നത്. മനുഷ്യന്റെ പ്രവൃത്തികളും മറ്റ് അജൈവ വസ്തുക്കളുമായിട്ടുള്ള ഇടപെടലുകളും പ്രകൃതിയെ ബാധിക്കുന്നുണ്ട്. നിലനിൽക്കുന്ന ജൈവവും അജൈവവുമായ എല്ലാത്തിനും നാം പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ട്. പരിസ്ഥിതി നൈതികത മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധവുമായിട്ട് ഇഴുകിച്ചേർന്നിക്കുന്നു. ഈ ബന്ധം ശരിയാം വിധം മനസ്സിലാക്കാത്തിടത്തോളം, നമുക്ക് പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകില്ല. പരിസ്ഥിതി തത്ത്വചിന്തകർ നമുക്ക് ഈ ബന്ധം മനസ്സിലാക്കിത്തരുന്നു.

സ്വാഭാവികമായ പരിസ്ഥിതിയുടെ സംരക്ഷണം മനുഷ്യന്റെ ഉപജീവനത്തിനും നിലനിൽപ്പിനും വളരെ ആവശ്യമാണ്. ശ്വസിക്കുന്ന വായുവിനും വെള്ളത്തിനും ആഹാരത്തിനുമായി നമ്മൾ പ്രകൃതിയെ ആശ്രയിക്കുന്നു. പരിസ്ഥിതിയെ മലിനമാക്കാതിരിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.


പരിസ്ഥിതി നൈതികതത്ത്വചിന്തയുടെ കാഴ്ചപ്പാടിൽ മനുഷ്യന് ജീവജാലങ്ങളോടും പ്രകൃതിവസ്തുക്കളോടും ചില കർത്തവ്യങ്ങൾ നിറവേറ്റേണ്ടതായിട്ടുണ്ട്. മൃഗങ്ങളോടും മരങ്ങളോടും കാടിനോടും നദികളോടും മറ്റ് പ്രകൃതി വസ്തുക്കളോടും നിയമപരവും ധാർമികവുമായ ചില കടപ്പാടുകൾ നമുക്ക് ഉണ്ടായിരിക്കണം. സ്വയം സംരക്ഷിക്കാനായി നമുക്ക് പ്രകൃതിയെ സംരക്ഷിക്കേണ്ടതുണ്ട്. മനുഷ്യനെയും പ്രകൃതിയെയും തുല്യപ്രാധാന്യത്തോടെ കണക്കാക്കുക എന്നത് ചിലവേറിയതും എല്ലാവർക്കും താങ്ങാൻ പറ്റുന്നതുമല്ല. എന്നാൽ മനുഷ്യന് പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക എന്നത് പരിസ്ഥിതി തത്ത്വചിന്തകരുടെ കർത്തവ്യമാണ്.

പരിണാമത്തിന്റെ അധികാരശ്രേണിയിൽ ബുദ്ധി, വിവേകം, ബോധം, എന്നിവ കൊണ്ട് ഏറ്റവും ഉയർന്ന സ്ഥാനം അലങ്കരിക്കുന്നത് മനുഷ്യനാണ്. പ്രകൃതി സംരക്ഷണത്തിനു വേണ്ടി നമ്മൾ എല്ലാ കഴിവുകളും പ്രയോഗിക്കേണ്ടതാണ്.

### നമുക്ക് മനസ്സിലാക്കാം

വലിയ തുക മുടക്കി വെനീസ് മുതലായ നഗരങ്ങളെയും കലയുടെ മകുടമായ താജ്മഹലിനെയും സംരക്ഷിക്കുന്നതുപോലെ, നമുക്ക് അടുത്ത തലമുറയ്ക്കായി കാടുകളെയും സംരക്ഷിക്കേണ്ടതുണ്ട്.

### നമുക്ക് പരിശോധിക്കാം






പ്ലാസ്റ്റിക്ക് നിർമാർജനത്തിനായുള്ള ഒരു ഉപകരണമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. പാഴ്‌വസ്തുക്കളെ നിർമാർജനം ചെയ്യുന്നതിനും പുനരുപയോഗം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ നിർദേശിക്കുക.

..........................................................................................................

..........................................................................................................

..........................................................................................................

### നമുക്ക് പരിശോധിക്കാം



മനുഷ്യന്റെ അധാർമികമായ മാലിന്യ നിർമ്മാർജനത്തെക്കുറിച്ചുള്ള കഥ നദി പറയുന്നു. നദികളെ മാലിന്യ മുക്തമാക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുക.

.................................................................


.................................................................

.................................................................

### നമുക്ക് പരിശോധിക്കാം

ഏതെങ്കിലും ഒരു പരിസ്ഥിതിപ്രശ്നത്തെ തിരഞ്ഞെടുത്ത് സുസ്ഥിരമായ പ്രകൃതിയ്ക്കുവേണ്ടി മാർഗങ്ങൾ നിർദേശിക്കുക.

## 9.6. ഈ–വേസ്റ്റ് ഉണ്ടാക്കുന്ന പ്രശ്നം



പല സ്രോതസ്സുകളിൽ നിന്നും മാലിന്യനിരയിലേയ്ക്ക് എത്തുന്ന ഉപേക്ഷിക്കപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് നൽകുന്ന സർവ്വനാമമാണ് ഈ-വേസ്റ്റ്. ഈ ഇലക്ട്രോണിക് വസ്തുക്കൾ അതിന്റെ തനതായ ഉപയോഗത്തിന് പാകമായിട്ടുള്ളവയല്ല.

ആളുകളുടെ അഭിരുചിയിലും ഫാഷനിലും ജീവിതരീതിയിലും വരുന്ന മാറ്റങ്ങൾ ഇ-വേസ്റ്റിന്റെ ഉത്പാദനത്തെയും ബാധിക്കുന്നു. ഇ-വേസ്റ്റിന്റെ ഉൽപ്പാദനത്തിനുള്ള മറ്റൊരു കാരണം സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതിയാണ്.

### ഇ – വേസ്റ്റ്എന്തുകൊണ്ടാണ് പ്രശ്നം?

തനതായ ഒരു ഇലക്ട്രോണിക്ക് വസ്തു ഉപേക്ഷിക്കപ്പെടുമ്പോൾ അതിൽ ആയിരത്തിലധികം പദാർഥങ്ങൾ കാണും. അവയിൽ ചിലത് മനുഷ്യന്റെയും പ്രകൃതിയുടെയും ആരോഗ്യത്തിന് ഹാനികരമാണ്. പഴയ ഉപകരണത്തെ ശരിയാംവണ്ണം പുനർനിർമാണം നടത്തിയില്ലെങ്കിൽ, ഈ വസ്തുക്കൾ മണ്ണിലേയ്ക്കും വെള്ളത്തിലേക്കും വായുവിലേക്കും അരിച്ചിറങ്ങുന്നു. ഈ അവസ്ഥ ഒരു പ്രധാനപ്പെട്ട വെല്ലുവിളിയാണ്.

### ഇന്ത്യയിലെ ഇ – വേസ്റ്റിന്റെ സ്രോതസുകളെ പരിശോധിക്കാം

പ്രധാനമായിട്ടും രണ്ടു സ്രോതസുകളാണുള്ളത്:

- സ്വദേശീയമായ സ്രോതസുകൾ ഉൾപ്പെടുന്നത്
  - വ്യക്തികളുടെ വീട്
  - ഗവൺമെന്റ് സ്ഥാപനം

- സ്വകാര്യപൊതുമേഖലസ്ഥാപനങ്ങൾ
- വിദേശ എംബസികൾ

• ഇറക്കുമതി സ്രോതസ്സുകൾ

- ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും തള്ളുന്ന മാലിന്യങ്ങൾ

പ്രിന്റഡ് സർക്യൂട്ട് ബോർഡ്, സ്വിച്ചുകൾ, ഫ്ളാറ്റ് സ്ക്രീൻ മോണിറ്ററുകൾ, കമ്പ്യൂട്ടർ ബാറ്ററികൾ, കേബിൾ ഇൻസുലേഷൻ തുടങ്ങിയവയിലുള്ളത് മാരക വിഷമായ മെർക്കുറി, കാഡ്മിയം, ലെഡ്, ക്രോമിയം മുതലായ പദാർഥങ്ങളാണ്.

## ഇ – വേസ്റ്റ് ഉയർത്തുന്ന വെല്ലുവിളികൾ

നാഷണൽ സേഫ്റ്റി കൗൺസിലിന്റെ കണക്കനുസരിച്ച് ഏതാണ്ട് നൂറു ദശലക്ഷം കമ്പ്യൂട്ടറുകളും മോണിറ്ററുകളും നിലവിലുണ്ട്. ഇന്നത്തെ മാലിന്യ നിർമാർജന സംവിധാനം 15 മുതൽ 20 ശതമാനം ഇ–വേസ്റ്റിനെയാണ് പ്രോസസ് ചെയ്യുന്നത്. ബാക്കിയുള്ളവ മാലിന്യകൂനകളിലേക്ക് വലിച്ചെറിയപ്പെടുന്നു. സാങ്കേതികവിദ്യയെയും ഇലക്ട്രോണിക്ക് സാധനങ്ങളെയും അമിതമായി ആശ്രയിക്കുന്നത് പുതിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴി വച്ചിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകരുടെ വാദത്തിൽ ഇന്ത്യ ഇന്ന് ലോകത്തിന്റെ ഇലക്ട്രോണിക് മാലിന്യങ്ങൾ തള്ളാനുള്ള സ്ഥലമാണ്. മാലിന്യങ്ങളെ കൈകാര്യം ചെയ്യുന്ന രീതി മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ പരിതാപകരമാണ്. അവബോധം, മനോഭാവം, സന്നദ്ധത, പുനർനിർമാണം എന്നിവയിലുള്ളള അജ്ഞതയാണ് പ്രധാന കാരണങ്ങൾ.

## ഇ – വേസ്റ്റിനുള്ള പരിഹാരങ്ങൾ

ഇ–വേസ്റ്റിന്റെ ശേഖരണവും ഗതാഗതവും സുഗമമായി നടപ്പാക്കണം. അതിനുവേണ്ടി ശേഖരണകേന്ദ്രങ്ങൾ ഉണ്ടാക്കണം. ശേഖരണകേന്ദ്രങ്ങളിലും റീസൈക്ലിങ് കേന്ദ്രങ്ങളിലും ശരിയായ സാങ്കേതികവിദ്യകൾ ഉപയോഗിക്കണം.

### നമുക്ക് പരിശോധിക്കാം

എന്തുകൊണ്ടാണ് ഇ–വേസ്റ്റ് ലോകത്തെ ഒരു പ്രധാനപ്രശ്നമായി പറയപ്പെടുന്നത്?

**നമുക്ക് മനസ്സിലാക്കാം**

### ഹരിതം വാങ്ങാം...

താഴെ പറയുന്ന ഇലക്ട്രോണിക്ക് സാധനങ്ങൾ വാങ്ങുക.

- കുറച്ചു വിഷപദാർഥങ്ങൾ കൊണ്ട് ഉണ്ടാക്കിയവ
- റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ
- ഊർജം നഷ്ടപ്പെടാത്തവ
- എളുപ്പം ഐ.പി. അപ്ഗ്രേഡിങ് ചെയ്യാവുന്നവയും അഴിച്ചെടുക്കാവുന്നവയും
- ഏറ്റവും എളുപ്പം പാക്ക് ചെയ്യാവുന്നവ

## സംഗ്രഹം

- ധാർമികപ്രശ്നങ്ങളെ പ്രതിപാദിക്കുന്ന തത്ത്വചിന്തയിലെ ഒരു മേഖലയാണ് പ്രയക്ത നൈതികത.
- പരിസ്ഥിതി പ്രശ്നങ്ങൾ, സൈബർ പ്രശ്നങ്ങൾ, പല ജോലികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഇ-വേസ്റ്റ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ മുതലായവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
- ഈ മേഖലകളിൽ പ്രയോഗിക്കുന്ന നൈതികതയുടെ പ്രാധാന്യം.
- പ്രായോഗിക നൈതികത സിദ്ധാന്തവും പ്രയോഗവും തമ്മിൽ ബന്ധിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇതിന് ഗൗരവമായ ശ്രദ്ധ ലഭിക്കുന്നുണ്ട്.

## നമുക്ക് വിലയിരുത്താം

1. കമ്പ്യൂട്ടർ പ്രോഗ്രാമിലേക്കുള്ള കടന്നു കയറ്റത്തെ __________ എന്നു വിളിക്കുന്നു.
2. പല തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന മേഖലയെ __________ എന്നു വിളിക്കുന്നു

3. ഒരു വ്യക്തിയെ മനപ്പൂർവ്വവും നിരന്തരവുമായി സാങ്കേതികവിദ്യ ഉപയോഗിച്ച് ശല്യപ്പെടുത്തുന്നതിനെ __________ എന്നു വിളിക്കുന്നു.
4. ഇന്റർനെറ്റിലെ പെരുമാറ്റത്തിൽ പാലിക്കേണ്ട നിയമാവലികളെ __________ എന്നു പറയുന്നു.
5. മാലിന്യനിരയിലേയ്ക്ക് എത്തപ്പെടുന്ന വലിച്ചെറിയപ്പെട്ട ഇലക്ട്രോണിക്ക് ഉപകരണങ്ങളെ __________ എന്നു വിളിക്കുന്നു.
6. പ്രായോഗിക നൈതികത എന്ന ആശയത്തെ നിർവചിക്കുക.
7. ജീവിതത്തിൽ പ്രയോഗിക നൈതികതയുടെ പ്രാധാന്യത്തെ വിശദീകരിക്കുക.
8. സൈബർ എത്തിക്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുക.
9. എന്താണ് സൈബർ കുറ്റകൃത്യം?
10. പരിസറിതി തത്ത്വചിന്തകൻ സമൂഹത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഒരുലേഖനം തയാറാക്കുക.
11. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
12. നിയമ നൈതികതയിൽ പാലിക്കേണ്ട ചില നിയമാവലികൾ നിർദേശിക്കുക.
13. ഇന്ത്യയിലെ ഇ-വേസ്റ്റിന്റെ സ്രോതസ്സുകളെ വിലയിരുത്തുക.
14. വൈദ്യശാസ്ത്ര തൊഴിൽമേഖലയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ എന്തൊക്കെ?
15. ഇ-വേസ്റ്റുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ചർച്ച ചെയ്യുക.

10

# മത - തത്ത്വചിന്ത

## പഠനനേട്ടങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ പഠിതാവ് ആർജിക്കുന്ന പഠനനേട്ടങ്ങൾ:

- മതത്തിന്റെ അർഥവും നിർവചനവും തിരിച്ചറിയുന്നു.
- ദൈവശാസ്ത്രവും മത - തത്ത്വശാസ്ത്രവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.
- മത - തത്ത്വശാസ്ത്രത്തിന്റെ പ്രകൃതവും സാധ്യതകളും മനസ്സിലാക്കുന്നു.
- വ്യത്യസ്ത മത - തത്ത്വങ്ങൾ വിശദീകരിക്കുന്നു.
- മതപരമായ അറിവിന്റെ സ്രോതസ്സുകളെ വർഗീകരിക്കുന്നു.
- മതപരമായ ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
- ആന്തരികവും ബാഹ്യവുമായ മൂല്യങ്ങളെ വേർതിരിച്ചറിയുന്നു.
- തിന്മ എന്ന പ്രശ്നത്തിന്റെ സമകാലിക ലോകത്തിലെ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
- ആധുനികലോകത്തിൽ മത - തത്ത്വപഠനത്തിന്റെ പ്രസക്തി ചൂണ്ടിക്കാട്ടുന്നു.

F1F5T5

## പ്രധാനാശയങ്ങൾ

10.1 മതം: അർഥവും നിർവചനവും

10.2 മതവും നൈതികതയും

10.3 മതത്തിന്റെ തത്ത്വചിന്ത

10.4 മത - തത്ത്വശാസ്ത്രത്തിന്റെ പ്രകൃതവും സാധ്യതകളും

10.5 മതവിജ്ഞാനം

10.6 മതത്തിലെ ഭാഷ

10.7 മതപരമായ മൂല്യങ്ങൾ

10.8 തിന്മയെന്ന പ്രശ്നം

10.9 ആധുനിക ലോകത്തിൽ മത - തത്ത്വചിന്താ പഠനത്തിന്റെ പ്രസക്തി

## ആമുഖം

*നമ്മുടെ ജീവിതത്തിൽ മതങ്ങളുടെ തത്ത്വചിന്തയെക്കുറിച്ച് പഠിക്കുന്നതിന്റെ പ്രാധാന്യത്തെ ഈ അധ്യായം പരിചയപ്പെടുത്തുന്നു. തത്ത്വചിന്തയുടെ മേഖലകളിലൊന്നാണ് മതങ്ങളുടെ തത്ത്വചിന്ത. മതതത്ത്വചിന്ത മതങ്ങളിലുള്ള ആശയങ്ങളെ തത്ത്വചിന്താപരമായി വിശകലനം ചെയ്യുന്നു. വ്യത്യസ്ത മത സിദ്ധാന്തങ്ങൾ, മതപരമായ അറിവുകൾ, ഭാഷകൾ, മൂല്യങ്ങൾ, ആധുനിക കാലത്ത് മത തത്ത്വചിന്താ പഠനത്തിന്റെ പ്രസക്തി എന്നീ കാര്യങ്ങളിലാണ് ഈ അധ്യായം സവിശേഷ ശ്രദ്ധ കൊടുക്കുന്നത്.*

## 10.1 മതം: അർഥവും നിർവചനവും



നമുക്കൊരു പദ്യം ശ്രദ്ധിക്കാം:

**മണൽത്തരികളിലെ കാൽപ്പാടുകൾ**

കടൽതീരത്തുടൊരു രാത്രി ദൈവവുമൊത്ത്
യാത്ര ചെയ്യുന്നതായി ഞാൻ കിനാവുകണ്ടു.
എന്റെ ജീവിത രംഗങ്ങൾ പലതും
വാനിൽ മിന്നിമറഞ്ഞു.
അതിൽ പലരംഗങ്ങളിലും മണൽ തരികളിൽ -
പതിഞ്ഞ കാല്പാടുകൾ കണ്ടു:
ചിലപ്പോൾ രണ്ടു ജോഡി കാല്പാടുകൾ,
മറ്റു ചിലപ്പോൾ ഒരു ജോഡിമാത്രം.
ജീവിതത്തിന്റെ വിഷമസന്ധികളിൽ മന-
പീഡയാലോ വ്യസനത്താലോ പരാജയ -
ത്താലോ വലഞ്ഞപ്പോഴെല്ലാം
ഒരു ജോടിക്കാൽപ്പാടുകൾ മാത്രം കണ്ടുള്ളൂ-
വെന്ന തെന്നെ ആശങ്കയിലാഴ്ത്തി.
ആകയാൽ ഞാൻ ദൈവത്തോടു പറഞ്ഞു:
അങ്ങെനിക്ക് ഉറപ്പുതന്നുവല്ലോ സദാ

എന്നോടൊപ്പം നടക്കാമെന്ന്?
എന്നിട്ടുമെന്തേ പരീക്ഷണവേളകളിലൊ-
ക്കെയും ഒരു ജോഡി കാല്പാടുകൾ മാത്രം?
ഏറ്റവും ആവശ്യമുള്ളപ്പോളെന്തേ എന്നോ-
ടൊപ്പം വരാഞ്ഞത്?
ദൈവം പറഞ്ഞു: "നീ ഒരു ജോഡി കാല്പാദം കണ്ടപ്പോ-
ഴൊക്കെയും ഞാൻ നിന്നെ ചുമലിൽ വഹിക്കുകയായിരുന്നു."

*- മേരി സ്റ്റീവൻസൻ*

ഈ പദ്യത്തിലെ ആശയം കണ്ടെത്തുക.

..........................................................

..........................................................


*പോൾ തില്ലിച്ച്*

ഒട്ടുമുക്കാൽ മതങ്ങളുടെയും കേന്ദ്ര ആശയം ദൈവമാണ്. 'കൂട്ടിയോജിപ്പിക്കുക' എന്നർഥം വരുന്ന re (back), ligare (bind) എന്നീ രണ്ടു ലത്തീൻ വാക്കുകളിൽ നിന്നാണ് religion എന്ന പദം രൂപപ്പെട്ടത്. സാമാന്യമായി പറഞ്ഞാൽ, മനുഷ്യകുലത്തെ ഏകീകരിക്കാനും അനുരഞ്ജിപ്പിക്കാനുമുള്ള തത്ത്വമാണ് മതം. ആയതിനാൽ വിശുദ്ധവും ദിവ്യവുമായി കരുതപ്പെടുന്ന ശക്തിയോടുള്ള ഒരാളുടെ സമർപ്പണബോധം അയാളുടെ മതവിശ്വാസത്തെ ആശ്രയിച്ചിരിക്കും.

പ്രശസ്തചിന്തകനായ പോൾ തില്ലിച്ചിന്റെ അഭിപ്രായത്തിൽ, 'പരമസത്യത്തെക്കുറിച്ചുള്ള മനുഷ്യന്റെ ആത്യന്തിക വിചാരമാണ് മതം.'

## 10.2 മതവും നൈതികതയും

മതവും നൈതികതയും അവിഭാജ്യവും പരസ്പരബന്ധിതവുമാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ 'നൈതികതയിലടിസ്ഥാനപ്പെടുത്താത്ത ഏതൊരു മതവും സമൂഹത്തെ വരിഞ്ഞ് മുറുക്കിക്കൊല്ലുന്ന വിഷസർപ്പത്തെ പോലെയാണ്'. മതത്തിന് നിശ്ചിത ധാർമിക കടമകൾ നിറവേറ്റുവാനുണ്ട്. മതത്തിൽ ധാർമിക വശങ്ങളുടെ ഉൾച്ചേരൽ അതിന് ഉയർന്നസ്ഥാനം

നൽകുന്നു. എല്ലാ മതത്തിലും ദൈവമാണ് ധാർമികതയുടെ മൂർത്തീകരണവും സംരക്ഷകനും.

തിയോളജി എന്ന വാക്ക് 'theos', 'logia' എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണ് രൂപപ്പെട്ടത്. theos എന്നാൽ 'ദൈവം' എന്നും 'logia' എന്നാൽ വ്യവസ്ഥാപിത പഠനമെന്നുമർത്ഥം. അതുകൊണ്ട്, theology (ദൈവശാസ്ത്രം) ദൈവത്തെക്കുറിച്ചുള്ള വ്യവസ്ഥാപിതപഠനമാണ്.

## 10.3 മത – തത്ത്വചിന്ത

മത-തത്ത്വചിന്ത ദൈവശാസ്ത്രത്തിൽ നിന്നും എപ്രകാരം വ്യത്യസ്തമാകുന്നു?

..........................................................................................................................................

മത-തത്ത്വചിന്ത മതപഠനങ്ങളുടെ ഭാഗമല്ല. മതത്തിന്റേതായ കാഴ്ചപ്പാടിൽ നിന്ന് പഠിക്കേണ്ടതല്ല അത്. ഒരു നിരീശ്വരവാദിക്കും വിശ്വാസിക്കും മതത്തെക്കുറിച്ച് ചിന്തിക്കാം. മതതത്ത്വചിന്ത ദൈവശാസ്ത്രത്തിന്റെ ഭാഗമല്ല, എന്നാലത് തത്ത്വചിന്തയുടെ മേഖലയാണ്. വിവിധ മതാനുഭവങ്ങളുടെയും മൂല്യങ്ങളുടെയും ബൗദ്ധികവും യുക്തിസഹവുമായ വ്യാഖ്യാനമാണ് മത-തത്ത്വചിന്ത.



അതുകൊണ്ട് മതാനുഭവങ്ങളെ വിശദീകരിക്കുന്ന ആശയങ്ങളായ ദൈവം, വിശ്വാസം, പ്രാർഥന, പാരമ്പര്യങ്ങൾ തുടങ്ങിയവയാണ് മത-തത്ത്വശാസ്ത്രത്തിലെ വിഷയങ്ങൾ. മതപാരമ്പര്യങ്ങളുടെ വളർച്ചയെയും സ്വാധീനത്തെയും കുറിച്ച് ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പഠനമാണ് മത-തത്ത്വശാസ്ത്രം. തത്ത്വചിന്തകർ വിശ്വാസങ്ങളെ വിവരിക്കുന്നതിലല്ല ഊന്നൽ കൊടുക്കുന്നത് മറിച്ച് അവയുടെ അർഥത്തെ വിശകലനം ചെയ്യുന്നതിനും മതത്തിന്റെ ന്യായവാദങ്ങളെ മൂല്യനിർണയം ചെയ്യുന്നതിനുമാണ്.

## 10.4 മത – തത്ത്വചിന്തയുടെ പ്രകൃതവും സാധ്യതകളും

- മത-തത്ത്വചിന്തയുടെ സമീപനം യുക്തിപരവും ബൗദ്ധികവുമാണ്.
- വൈകാരികതയെക്കാൾ ബുദ്ധിക്ക് മത-തത്ത്വചിന്ത പ്രാധാന്യം നൽകുന്നു.
- മത-തത്ത്വചിന്ത മതാനുഭവങ്ങളെ യുക്തിപരമായി വിശകലനം ചെയ്യുന്നു.
- ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം എന്നീ പ്രധാനമതങ്ങളുടെ പഠനം ഉൾക്കൊള്ളുന്നതാവണം മതത്തിന്റെ തത്ത്വചിന്ത.
- ദൈവം, ലോകം, മനുഷ്യൻ, മോക്ഷം, നൈതികസമസ്യകൾ എന്നീ മതപരമായ വ്യത്യസ്ത ആശയങ്ങളെ അത് വിശകലനം ചെയ്യണം.
- താത്ത്വികാന്വേഷണത്തിന്റെ ലക്ഷ്യം മാനുഷികമൂല്യങ്ങളാവണം.

### മതസിദ്ധാന്തങ്ങൾ

A, B, C, D എന്നീ നാല് വ്യക്തികൾ തമ്മിലുള്ള സംഭാഷണം നമുക്ക് വായിക്കാം

A: എന്റെ ജീവിതത്തിലെ എല്ലാ നന്മകൾക്കും കാരണം ദൈവാനുഗ്രഹമാണ്.

B: എന്നാൽ ഞാൻ വിശ്വസിക്കുന്ന വ്യത്യസ്ത ദൈവങ്ങളുടെ അനുഗ്രഹങ്ങളാണ് എന്റെ ജീവിതത്തിലെ എല്ലാ അഭിവൃദ്ധികളും.

C: പ്രിയ സുഹൃത്തേ, ദൈവത്തിന് രൂപമോ ആകൃതിയോ ഇല്ല. ഇതൊരു പ്രാപഞ്ചിക യാഥാർഥ്യം മാത്രമാണ്.

D: ദൈവമില്ല. എന്റെ ജീവിതത്തിൽ എന്ത് സംഭവിക്കണമെന്ന് തീരുമാനിക്കുന്നത് ഞാനാണ്.

ഈ സംഭാഷണങ്ങളിലുള്ള വ്യത്യസ്തമതവിശ്വാസങ്ങളെ അപഗ്രഥിക്കുക.

..........................................................................................................................................

**നമുക്ക് മനസ്സിലാക്കാം**

| | | |
|---|---|---|
| **deism** | : | ദൈവം ലോകസ്രഷ്ടാവായി പുറമെ നിലനിൽക്കുന്നു |
| **monism** | : | യാഥാർഥ്യം ഏകതത്വമാണെന്ന വാദം |
| **pantheism** | : | ദൈവം പ്രപഞ്ചത്തിൽ നിന്ന് വ്യത്യസ്തമല്ല; ദൈവവും പ്രകൃതിയുമൊന്ന് തന്നെ |
| **pan-en-theism** | : | ദൈവം ഒരേ സമയം സർവ്വാന്തര്യാമിയും ലോകത്തിനതീതമായവനുമാണ് |

ദൈവത്തെക്കുറിച്ച് വ്യത്യസ്ത സിദ്ധാന്തങ്ങളുണ്ട്. അവയിൽ പ്രധാനമായവ:

- ഏകദൈവ വിശ്വാസം (monotheism)
- ബഹുദൈവ വിശ്വാസം (polytheism)
- നിരീശ്വരവാദം (atheism)

## ഏകദൈവവിശ്വാസം

ദൈവം ഒരേയൊരു പരമയാഥാർഥ്യമാണെന്ന കാഴ്ചപ്പാടിനെയാണ് ഏകദൈവ വിശ്വാസമെന്ന് പറയുന്നത്. വ്യക്തിഗുണങ്ങളും ധാർമികതയുമുള്ള പരമോന്നതനായ ഏകദൈവമുണ്ടെന്ന വിശ്വാസമാണിത്. മനുഷ്യരുടെ പരിപൂർണ്ണവിധേയത്വം ആഗ്രഹിക്കുന്നവനാണീ ഏകദൈവം.

## ബഹുദൈവവിശ്വാസം

ഒന്നിലധികം ദൈവങ്ങളിലുള്ള വിശ്വാസവും ആരാധനയുമാണ് ബഹുദൈവവിശ്വാസം. ആത്മാക്കളിലും അലൗകികശക്തികളിലുമുള്ള പ്രാചീന വിശ്വാസത്തിൽ നിന്നുമാണ് ഈ വിശ്വാസം രൂപപ്പെട്ടത്.

## നിരീശ്വരവാദം

ഈശ്വരനെന്ന ഒരു യാഥാർഥ്യമില്ലെന്നോ ഈശ്വരന് യഥാർഥത്തിൽ അസ്തിത്വമില്ലെന്നോ നിരീശ്വരവാദം അർഥമാക്കുന്നു. ദൈവവിശ്വാസത്തിനെതിരായ തത്ത്വമാണിത്. ഈ തത്ത്വപ്രകാരം ദൈവത്തെക്കുറിച്ചുള്ള ആശയം യുക്ത്യനുസൃതമല്ല. സുനിശ്ചിതമായ നിയമങ്ങൾ പാലിക്കുന്ന ഒരു യാന്ത്രിക വ്യവസ്ഥയാണീ പ്രപഞ്ചം. ആയതിനാൽ ഒരു ദൈവത്തിന്റെ സഹായം കൂടാതെയും നമുക്കീ പ്രപഞ്ചത്തെ വിശദീകരിക്കാനാവും. നിരീശ്വരവാദം ഇരുപതാം നൂറ്റാണ്ടിൽ പ്രബലമായിരുന്ന ഒരു താത്ത്വിക പ്രവണതയാണ്. റസ്സിൽ, എ.ജെ.ഐയർ, മോറിഡ് സ്ലിക്, കാർണാപ് തുടങ്ങിയവരാണ് നിരീശ്വരവാദത്തിന്റെ പ്രധാന വക്താക്കൾ.

## 10.5 മതപരമായ അറിവ്

മതപരമായ സത്യങ്ങളെക്കുറിച്ചുള്ള അറിവ് നമുക്കെവിടെ നിന്ന് ലഭിക്കുന്നു?

ഏതെങ്കിലുമൊരു വ്യക്തിയിൽ അത്തരമറിവുകളുടെ കർത്തൃത്വം ഏർപ്പിക്കാനാവുമോ?

വിവിധ മതങ്ങളെക്കുറിച്ചുള്ള താരതമ്യപഠനത്തിൽ നിന്നും ഏതൊരു മതത്തിന്റെയും അടിസ്ഥാനം പൗരാണികസങ്കൽപ്പങ്ങളും വിശ്വാസങ്ങളും പ്രതീകങ്ങളുമാണെന്ന് കാണാം. ദൈവം മനോവ്യവഹാരാതീതനാണെന്നത് എല്ലാമതങ്ങളുടെയും കേന്ദ്രാശയമെന്ന്. അതിനാൽ ദൈവം മാനുഷിക വിജ്ഞാന സ്രോതസ്സുകൾക്ക് അപ്രാപ്യനാണ്. വിശുദ്ധ ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന ദിവ്യവെളിപാടുകളിലൂടെ ദൈവത്തെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു.

പ്രവാചകൻമാർക്കും വിശുദ്ധർക്കും അടിസ്ഥാനപരമായി വെളിപാട് ലഭിക്കുന്നു.

ദൈവത്തെക്കുറിച്ച് അറിവ് ലഭിക്കുന്ന മൂന്ന് മാർഗങ്ങൾ:

- അതീന്ദ്രിയമായ അനുഭവം (mystic experience)
- വെളിപാട് (revelation)
- വിശ്വാസം (faith)

രണ്ട് മാർഗങ്ങളിലൂടെയാണ് സാധാരണ അറിവ് ലഭിക്കുന്നത്. ഒന്നുകിൽ യുക്തിചിന്തയിലൂടെ, അല്ലെങ്കിൽ ഇന്ദ്രിയാനുഭവത്തിലൂടെ. എന്നാൽ മതപരമായ അറിവ് ഇവ രണ്ടിനുമതീതമാണ്.

### അതീന്ദ്രിയാനുഭവം

മതപരമായ അറിവിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് വ്യക്തിപരമായ അതീന്ദ്രിയാനുഭവം. മതാനുഭവങ്ങൾ ബാഹ്യമായതല്ല. നിരീക്ഷണവിധേയമായ ബാഹ്യമായവക്കപ്പുറം കടന്ന് ചെല്ലണം. മതാനുഭവങ്ങൾ നിഗൂഢമാണ്. ഇത് ഒരു വൈകാരിക തലത്തിലുള്ള അനുഭവമാണ്. ഇവിടെ യുക്തിക്ക് പ്രാധാന്യമില്ല. മതാനുഭവങ്ങൾ തികച്ചും ആത്മനിഷ്ഠവും മറ്റുള്ളവരോട് വിനിമയം ചെയ്യാനാവാത്തതുമാകയാൽ സാധാരണ അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമാണ്. മതപരമായ അടയാളങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും ബോധോദയത്തിലൂടെയുമാണ് അതീന്ദ്രിയമായി ദൈവത്തെ അറിയുന്നത്.

## വെളിപാട്

മതപരമായ അറിവിന്റെ ഒരു പ്രധാന സ്രോതസ്സാണ് വെളിപാട്. അസാധാരണമായ രീതിയിൽ ദൈവം മനുഷ്യനോട് അരുൾ ചെയ്യുന്ന ചില സത്യങ്ങളാണ് വെളിപാടുകൾ. ഈ വെളിപാടുകളെ മതം സാർവ്വത്രികമായി അംഗീകരിക്കുന്നു. മതഗ്രന്ഥങ്ങളിൽ അധികവും വെളിപാടുകളാണ്.

ഉദാ: ബൈബിളിലെ പഴയ നിയമത്തിൽ കാണുന്ന പത്ത് കൽപ്പനകൾ.

പ്രവാചകനായ മുഹമ്മദിന് മാലാഖമാരാൽ വെളിപ്പെടുത്തപ്പെട്ട വചനങ്ങളാണ് ഖുറാൻ.

ഹിന്ദുമതത്തിലെ വേദോപനിഷത്തുകളിൽ വെളിപാടുകളുടെ സ്വാധീനം കാണാം.

## വിശ്വാസം

വിശ്വാസത്തിലധിഷ്ഠിതമാണ് മതപരമായ അറിവുകൾ. വെളിപാടെന്ന ആശയത്തിന് അനുസൃതമായ കാഴ്ച്ചപ്പാടാണ് വിശ്വാസം. മനുഷ്യർ വെളിപാടായി ലഭിച്ച സത്യങ്ങളെ അനുസരണയോടെ അംഗീകരിക്കുന്നു. വിശ്വാസം മതപരമായ അറിവുകളുടെ ആത്യന്തികമായ സ്രോതസാണ്. ദൈവത്തിന്റെ സന്ദേശങ്ങളോടുള്ള മതപരമായ പ്രത്യുത്തരമാണിത്. വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും മതം നിലനിൽക്കുന്നത്. ആഴത്തിലുള്ള വിശ്വാസത്തെ യുക്തിരഹിതമായ അടിസ്ഥാനവിശ്വാസം (dogma) എന്നു പറയുന്നു.



### നമുക്ക് മനസ്സിലാക്കാം

പോൾ തില്ലിച്ചിന്റെ അഭിപ്രായത്തിൽ, 'വിശ്വാസത്തെ ഒരു വ്യക്തിയുടെ ആത്യന്തിക താൽപ്പര്യമെന്ന് നിർവചിക്കാം.' മനുഷ്യകുലത്തിന്റെ ദൈവവുമായുള്ള താദാത്മ്യമാണ് വിശ്വാസം.

ശാസ്ത്രീയമായ വിശ്വാസത്തിൽ നിന്നും വ്യത്യസ്തമാണ് മതപരമായ വിശ്വാസം. പരീക്ഷണത്തിലൂടെ ബോധ്യപ്പെടുമ്പോഴാണ് ശാസ്ത്രീയ വിശ്വാസത്തിന് പ്രസക്തിയുണ്ടാകുന്നത്. എന്നാൽ മതപരമായ വിശ്വാസം നിത്യമായ സാധുത എപ്പോഴും അവകാശപ്പെടുകയും മാറ്റങ്ങൾക്കുപരിയാണെന്ന് കരുതുകയും ചെയ്യുന്നു.

**നമുക്ക് പരിശോധിക്കാം**

വിശ്വാസത്തിനും വെളിപാടിനും മതത്തിലുള്ള പ്രസക്തിയെക്കുറിച്ച് നിങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുക.

## 10.6 മതത്തിലെ ഭാഷ

മതത്തിലെ ഭാഷയുടെ അവിഭാജ്യഘടകമാണ് മതചിഹ്നങ്ങൾ. പോൾ തില്ലിച്ചിന്റെ അഭിപ്രായത്തിൽ മതത്തിലെ ഭാഷ പദാനുപദമായല്ല മനസ്സിലാക്കേണ്ടത്, എന്നാൽ പ്രതീകാത്മകമായാണ്. അതായത് മതത്തിലെ ഭാഷ ജ്ഞാനേതരമാണ് (non-cognitive). യാഥാർത്ഥ്യത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് അറിവ് ലഭിക്കാൻ മതപരമായ ചിഹ്നങ്ങളും അടയാളങ്ങളും നമ്മെ സഹായിക്കുമെന്നാണദ്ദേഹം പറയുന്നത്. അവ അനുഭവസിദ്ധമായ വിശദീകരണങ്ങൾക്കതീതമാണ്. അവ ദൈവിക യാഥാർഥ്യത്തിന്റെ തലം തുറന്നുതരുന്നു.

**നമുക്ക് പരിശോധിക്കാം**

മതപരമായ ചിഹ്നങ്ങളും അവയെ സംബന്ധിക്കുന്ന ആശയങ്ങളും ശേഖരിക്കുക.

## 10.7 മതപരമായ മൂല്യങ്ങൾ

എല്ലാ മതാനുഭവങ്ങളും വൈവിധ്യമാർന്ന മൂല്യങ്ങളുടെ അനുഭവമാണെന്ന സത്യം മതത്തിന്റെ ദാർശനികമായ പരിശോധനയിൽ നിന്നും വ്യക്തമാകും. മതം മൂല്യങ്ങൾക്ക് പരിഗണന നൽകുന്നു. അത് തിന്മക്കെതിരെ നന്മക്ക് വേണ്ടി നിലകൊള്ളുന്നു. ആയതിനാൽ മൂല്യരാഹിത്യമെന്ന നിലപാടല്ല പൊതുവെ മതങ്ങൾക്കുള്ളത്. എന്നാൽ കാലാകാലങ്ങളിൽ മതം അംഗീകരിക്കുന്ന മൂല്യങ്ങൾക്ക് മാറ്റം വന്നേക്കാം. എല്ലാ മതങ്ങളും മൂല്യങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

ഒരു വ്യക്തി ഇഷ്ടപ്പെടുകയും പ്രശംസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നവയെയാണ് മൂല്യങ്ങളെന്ന് പറയുന്നത്. ആഗ്രഹിച്ച പ്രവർത്തി ആസ്വദിക്കുന്നതിന്റെ യഥാർഥ അനുഭവമാണിത്. നന്മ എന്ന പദം ചിലപ്പോൾ മൂല്യം എന്ന പദത്തിന് പര്യായമായുപയോഗിക്കുന്നു. നന്മയുടെ വിപരീതമാണ് തിന്മ. പല മതങ്ങളിലും മൂല്യങ്ങളിലേറ്റക്കുറച്ചിലുണ്ടാവാം. ഉദാഹരണമായി, ഹിന്ദു മതത്തിൽ മൂല്യങ്ങളെ സാധാരണ ധർമമെന്നും വിശേഷധർമം അഥവാ വർണാശ്രമധർമമെന്നും രണ്ടായി വർഗീകരി

ക്കുന്നു. സ്വധർമത്തെയും ഉയർന്ന തലത്തിലുള്ള മൂല്യമായി പരിഗണിക്കുന്നു. ഹിന്ദുമതം അംഗീകരിക്കുന്ന പരമമായ മൂല്യം മോക്ഷമാണ്.

ഇസ്ലാം മതത്തിൽ കലിമ, നമാസ്, സൗം, സക്കാത്ത്, ഹജ്ജ് എന്നിവയാണ് പരമനന്മകൾ. ഇവയെ ഇസ്ലാമിന്റെ അഞ്ച് നെടുംതൂണുകളെന്ന് പറയുന്നു.

ക്രിസ്തുമതത്തിൽ സ്നേഹം, കരുണ, സേവനം മുതലായവയെ മൂല്യങ്ങളായ് അംഗീകരിക്കുന്നു.

### വിവിധതരം മൂല്യങ്ങൾ

രണ്ട് തരം മൂല്യങ്ങളുണ്ട്:

- ആന്തരികമായ മൂല്യങ്ങൾ (intrinsic values)
- ബാഹ്യമായ മൂല്യങ്ങൾ (extrinsic values)


ആന്തരിക മൂല്യങ്ങളെന്നും ബാഹ്യ മൂല്യങ്ങളെന്നും രണ്ടായി പൊതുവിൽ മൂല്യങ്ങളെ വേർതിരിക്കാം. ആന്തരിക മൂല്യങ്ങൾക്ക് അവ ഉൾക്കൊള്ളുന്ന സ്വയം പൂർണതയുണ്ട്, മറ്റൊന്നിനും വേണ്ടിയുള്ളതല്ല. പരമമായ ലക്ഷ്യം അവ ഉൾക്കൊള്ളുന്നു. എന്നാൽ ബാഹ്യ മൂല്യങ്ങൾ സ്വയം പരിപൂർണത യുൾക്കൊള്ളുന്നില്ല. അവ മറ്റ് കാര്യങ്ങൾക്കുള്ള ഉപാധികൾ മാത്രമാണ്. ആത്യന്തിക ലക്ഷ്യങ്ങളല്ല. ഉദാഹരണം, മനുഷ്യന് ദൈവത്തോടുള്ള സ്നേഹം ആന്തരികമൂല്യമാണ്, എന്നാൽ അയാളുടെ ഭക്തി, മോക്ഷം നേടാനുള്ള ഉപാധി മാത്രമാണ്. അത് ബാഹ്യമായ മൂല്യമാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ബാഹ്യ മൂല്യങ്ങളും ആന്തരിക മൂല്യങ്ങളും പരസ്പര പൂരകമാകാറുണ്ട്.

## 10.8 തിന്മയെന്ന പ്രശ്നം

ചിത്രങ്ങളിലൂടെ വ്യത്യസ്ത തിന്മകളെക്കുറിച്ച് ചിന്തിക്കാം.








- നാമിന്നഭിമുഖീകരിക്കുന്ന തിന്മകൾ ഏതെല്ലാം?
- നമ്മുടെ ജീവിതത്തെ അവ ബാധിക്കുന്നത് എങ്ങനെ?

തിന്മയെന്ന പ്രശ്നത്തെ സംബന്ധിക്കുന്ന ചോദ്യങ്ങളിവയാണ്.

മൂന്ന് തരം തിന്മകളുണ്ട്:

- അതിഭൗതിക തിന്മകൾ (metaphysical evil)
- ഭൗതികമോ മാനസികമോ ആയ തിന്മകൾ (physical or mental evil)
- ധാർമിക തിന്മകൾ (moral evil)

### അതിഭൗതിക തിന്മകൾ

പ്രകൃത്യാലുള്ള തിന്മയെ അതിഭൗതിക തിന്മ എന്നു പറയുന്നു. മനുഷ്യേച്ഛയിൽ നിന്നും സ്വതന്ത്രമാണത്. അതിഭൗതിക തിന്മകൾ പ്രകൃതി നിയമങ്ങളെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന്റെ നിയന്ത്രണങ്ങൾക്ക് അതീതമാണവ.

### ഭൗതികമോ മാനസികമോ ആയ തിന്മകൾ

ശാരീരികവും മാനസികവുമായ എല്ലാ യാതനകളും വേദനകളും ഭൗതിക തിന്മകളിൽപ്പെടുന്നു. ശരീര-മനസ്സുകളുള്ള മനുഷ്യൻ വേദനകളനുഭവിക്കുക സ്വാഭാവികമാണ്. എന്നാലിത്തരം തിന്മകളെ മനുഷ്യന് നിയന്ത്രിക്കാൻ കഴിയും.

### ധാർമികമായ തിന്മകൾ

മനുഷ്യൻ ധാർമിക നിയമങ്ങൾ ലംഘിക്കുമ്പോഴാണ് ധാർമികമായ തിന്മകളുടലെടുക്കുന്നത്. ഇവ പാപങ്ങളാണ്. ധാർമിക പ്രശ്നങ്ങൾ മനുഷ്യസൃഷ്ടിയാകയാൽ അവയെ തീവ്രയത്നത്തിലൂടെയും ക്ഷമയിലൂടെയും അവൻ പരിഹരിക്കണം.

**നമുക്ക് പരിശോധിക്കാം**

വ്യത്യസ്ത തരം തിന്മകൾക്ക് ഉദാഹരണങ്ങളെഴുതുക.

## 10.9 ആധുനികകാലത്ത് മത – തത്ത്വചിന്താ പഠനത്തിന്റെ പ്രസക്തി



എല്ലാ മതങ്ങളുടെയും അന്തസത്ത ഒന്നു തന്നെയാകുന്നു.

വസ്തുതകളുടെയും മൂല്യങ്ങളുടെയും യുക്തിസഹമായ വ്യവസ്ഥാവൽക്കരണമാണ് തത്ത്വശാസ്ത്രം. എന്നാൽ ദൈവസാക്ഷാത്കാരത്തിലുള്ള വിശ്വാസമാണ് മതം. മതത്തിന്റെ ഭാഗമല്ല മത-തത്ത്വചിന്ത, എന്നാൽ, മതവിഷയങ്ങളിലുള്ള അതിന്റെ താൽപ്പര്യങ്ങൾ തികച്ചും താത്ത്വികമാണ്. ദൈവം, ധർമം, മോക്ഷം, ആരാധന മുതലായ വ്യത്യസ്ത ആശയങ്ങളെ അത് അപഗ്രഥിക്കുന്നു. മത-തത്ത്വശാസ്ത്രത്തിൽ മതമെന്ന വാക്കിന് ഒറ്റ അർഥമല്ല ഉള്ളത്.

വ്യത്യസ്തമാർഗങ്ങളിലൂടെ ലോകത്തിലെ വിവിധ മതങ്ങൾ അവരുടെ ചക്രവാളങ്ങൾ വിപുലപ്പെടുത്താൻ വെമ്പൽ കൊള്ളുന്നു. ഈ പ്രക്രിയയിൽ അവ മുഖാമുഖം ശത്രുക്കളെപ്പോലെ നിൽക്കുന്നു. എന്നാൽ അവ തമ്മിലുള്ള സമ്പർക്കങ്ങൾ അർഥവത്തായ സംവാദങ്ങളെക്കാൾ സംഘട്ടനങ്ങൾക്കിടയാക്കുന്നു. ലോകത്തിലെ ഒരു നിശ്ചിത സ്ഥലത്തോ കുടുംബത്തിലോ ജനിച്ചതിനാലാണ് ഒരുവൻ ക്രിസ്ത്യാനിയോ ഹിന്ദുവോ മുസൽമാനോ ബുദ്ധമത വിശ്വാസിയോ ആകുന്നത്. മതത്തിന്റെ ആത്യന്തിക പ്രശ്നങ്ങളെക്കുറിച്ച് വിരുദ്ധങ്ങളായ കാര്യങ്ങളാണ് വ്യത്യസ്ത മതങ്ങൾ പറയുന്നത്. വ്യതസ്ത മതങ്ങളെക്കുറിച്ചുള്ള വ്യവസ്ഥാപിതവും നിഷ്പക്ഷവുമായ പഠനത്തിലൂടെ വിവിധ മതങ്ങൾ തുല്യ പ്രാധാന്യമുള്ളവയാണെന്ന് ഒരാൾക്ക് ബോധ്യപ്പെടും.

ഈ ലക്ഷ്യത്തോടെ മതങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളെ താരതമ്യ പഠനവിധേയമാക്കുന്നത് ഗുണകരമാണ്. ഇത്തരം പഠനത്തിന്റെ ഫലം മതസഹിഷ്ണുതയായിരിക്കും.

യുക്തിയിലും സഹിഷ്ണുതയിലും അടിസ്ഥാനമായുള്ളതാണ് മതം. വ്യക്തിയുടെ സ്വയം കണ്ടെത്തലിന് പ്രാധാന്യം നൽകുന്നതിനാൽ ഒരു മതത്തിനും പൂർണത അവകാശപ്പെടാനാവില്ല. ഇത് മറ്റുള്ളവരുടെ മതത്തെക്കുറിച്ചറിവ് നേടുന്നതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. മറ്റു മതങ്ങളെക്കുറിച്ചറിഞ്ഞാൽ സ്വന്തം മതത്തെ കൂടുതൽ വ്യക്തമായറിയാൻ കഴിയും. മറ്റു മതങ്ങളോടുള്ള വെറുപ്പൊഴിവാക്കാനുള്ള മാർഗം കൂടിയാണിത്. മത-തത്ത്വചിന്താപഠനത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ. ഒരു മതം മറ്റൊരു മതത്തിന് തുല്യമോ അതിനേക്കാൾ മേന്മയുള്ളതോ ആകാം. പ്രപഞ്ചത്തെയും അതിൽവസിക്കുന്ന മനുഷ്യനെയും മനസ്സിലാക്കാനുള്ള ശ്രമത്തിലാണെല്ലാ മതങ്ങളും. മതങ്ങളെക്കുറിച്ചുള്ള താരതമ്യ സമീപനം നമ്മെ സ്വന്തം മതത്തിന്റെ ദർശനങ്ങളിലേക്ക് കൂടുതലടുപ്പിക്കും.

ചുരുക്കത്തിൽ, അന്യമതങ്ങളെക്കുറിച്ചുള്ള പഠനം സ്വന്തം മതത്തെക്കുറിച്ചുള്ള അവബോധത്തിന് അനിവാര്യമാണ്. ആധുനിക കാലത്ത്, മതസഹിഷ്ണുത പരിപാലിക്കുക എന്നതാണ് മത-തത്ത്വശാസ്ത്രത്തിന്റെ പ്രസക്തി.

## നമുക്ക് പരിശോധിക്കാം

ആധുനിക കാലത്ത് മത-തത്ത്വശാസ്ത്രപഠനത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവക്കുക.

## സംഗ്രഹം

- തത്ത്വശാസ്ത്രവും മതവും തമ്മിൽ വളരെ ദൃഢവും അനുരൂപവുമായ ബന്ധമുണ്ട്. അത് മത-തത്ത്വശാസ്ത്രമെന്ന തത്ത്വശാസ്ത്ര മേഖലയിലൂടെ വ്യക്തമാവും.
- മതത്തിലെ എല്ലാ അന്ധവിശ്വാസങ്ങൾക്കും യുക്തിരാഹിത്യത്തിനുമുള്ള മറുമരുന്നാണ് മത-തത്ത്വചിന്ത.
- തത്ത്വചിന്ത എപ്പോഴും യുക്തിഭദ്രവും ബൗദ്ധികവുമായിരിക്കും. ഈ അർഥത്തിൽ മത-തത്ത്വചിന്ത എന്നത് പലതരത്തിലുള്ള മതാനുഭവങ്ങളെ യുക്തിഭദ്രമായി വിശദീകരിക്കാൻ ശ്രമിക്കുന്നു.
- മത-തത്ത്വചിന്തകൻ ദൈവത്തെക്കുറിച്ച് സംസാരിക്കുന്നത് വൈകാരികമായ താൽപ്പര്യങ്ങളിൽ നിന്നും അടുപ്പത്തിൽനിന്നും അകന്നുനിന്നാണ്.
- ഇത്തരത്തിലുള്ള മത-തത്ത്വചിന്താപഠനത്തിന്റെ ഫലം മനുഷ്യമനസ്സുകളിൽ ഉദയം ചെയ്യുന്ന സഹിഷ്ണുത എന്ന ഭാവമാണ്. ഈ സഹിഷ്ണുതയാണ് മനുഷ്യവർഗത്തിനു ശാപമായുള്ള മതസ്പർദ്ധയ്ക്കും മതപരമായ അരക്ഷിതാവസ്ഥയ്ക്കുമുള്ള മറുമരുന്ന്.

## നമുക്ക് വിലയിരുത്താം

1. റിലീജിയൻ എന്ന വാക്കിന്റെ അർഥം .........ആകുന്നു.
   - a. ജ്ഞാനത്തെ സ്നേഹിക്കൽ
   - b. കൂട്ടിയോജിപ്പിക്കുക
   - c. വ്യവസ്ഥാപിതമായ പഠനം
   - d. യുക്തിചിന്ത
2. മത-തത്ത്വചിന്ത എന്നത് ........... എന്നും അറിയപ്പെടുന്നു.
   - a. ദൈവശാസ്ത്രം
   - b. അതീതദൈവശാസ്ത്രം
   - c. സാമൂഹ്യശാസ്ത്രം
   - d. ഇവയൊന്നുമല്ല
3. ഒരേ ഒരു പരമോന്നത ദൈവത്തിലുള്ള വിശ്വാസത്തെ .......................... എന്നു പറയുന്നു.
   - a. ഏകദൈവവിശ്വാസം
   - b. വിശ്വദൈവവാദം
   - c. ഏകതത്വ വിശ്വാസം
   - d. ബഹുദൈവവിശ്വാസം
4. മതത്തിലെ ഭാഷ .................. ആകുന്നു.
   - a. വ്യാവഹാരികഭാഷ
   - b. അതീതഭാഷ
   - c. ഭൗതികവാദപരം
   - d. ഇവയൊന്നുമല്ല
5. ആന്തരിക മൂല്യങ്ങൾ എന്നത് .................. ആകുന്നു.
   - a. മാർഗം
   - b. ലക്ഷ്യം
   - c. ഉപകരണവാദപരം
   - d. ഇവയൊന്നുമല്ല

6. മതം പ്രാഗ്മഭാഷാക്രമം എന്നറിയപ്പെടുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ന്യായീകരിക്കുക.

7. മത-തത്ത്വശാസ്ത്രത്തിന്റെ പ്രകൃതവും വ്യാപ്തിയും പട്ടികയാക്കുക.

8. എല്ലാ മതങ്ങളുടെയും അടിസ്ഥാനം മതപരമായ അറിവാണ്. അങ്ങനെയെങ്കിൽ മതപരമായ അറിവിന്റെ സ്രോതസ്സുകൾ കണ്ടെത്തുക.

9. മതത്തിലെ ഭാഷ അടയാള രൂപത്തിലാണ് മനസ്സിലാക്കേണ്ടത്. ഈ പ്രസ്താവനയെ ആസ്പദമാക്കി കുറിപ്പ് തയാറാക്കുക.

10. ആന്തരികമൂല്യവും ബാഹ്യമൂല്യവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

11. മനുഷ്യൻ നൈതിക നിയമങ്ങൾ ലംഘിക്കുമ്പോൾ തിന്മകൾ ഉടലെടുക്കുന്നു. തിന്മയെന്നതിന്റെ രണ്ട് പ്രശ്നങ്ങളെ കണ്ടെത്തി വിശദീകരിക്കുക.

12. 'എല്ലാ മതങ്ങളുടെയും അന്തസത്ത ഒന്നുതന്നെ.' ചർച്ച ചെയ്യുക.